കേരള സർക്കാർ

# ഹരിതകേരളം മിഷൻ

# വാർഷിക റിപ്പോർട്ട് 2018

ഹരിതകേരളം മിഷൻ

**ഹരിതകേരളം മിഷൻ**
**വാർഷിക റിപ്പോർട്ട് 2018**

തയ്യാറാക്കിയത്
**ഹരിതകേരളം മിഷൻ ടീം**

കവർ ഡിസൈൻ
**സുധീർ പി.വൈ.**

ലേ-ഔട്ട്
**ഫൗസിയ പി.എ.**

ഡി.ടി.പി.
**ബിന്ദു വി.**
**മനുജ വി.എം.**

പ്രസിദ്ധീകരിക്കുന്നത്
**ഹരിതകേരളം മിഷൻ**
റ്റി.സി. 2/3271(3)(4)
ഹരിതം, കുട്ടനാട് ലെയിൻ
പട്ടം പാലസ് പി.ഒ.
തിരുവനന്തപുരം 695004

അച്ചടി
**ഗ്രാമലക്ഷ്മി മുദ്രാലയം**

കോപ്പി : 2500
സൗജന്യ വിതരണത്തിന്
മേയ് 2019

# ഉള്ളടക്കം


അവതാരിക
1. മുഖവുര...... 7
2. പ്രവർത്തന നേട്ടങ്ങൾ-സംഗ്രഹം...... 12
3. ഏകോപിത പ്രവർത്തനങ്ങൾ...... 18
4. ഉപദൗത്യം - 1 : ശുചിത്വ - മാലിന്യ സംസ്കരണം...... 24
5. ഉപദൗത്യം - 2 : ജലസംരക്ഷണ പ്രവർത്തനങ്ങൾ...... 49
6. ഉപദൗത്യം - 3 : കൃഷി വികസനം-സുജലം സുഫലം...... 94
7. പ്രളയവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ...... 112
8. ശേഷി വികസനം - വിവര വിജ്ഞാന പ്രവർത്തനങ്ങൾ...... 123
9. പ്രവർത്തനങ്ങൾ ജില്ലകളിലൂടെ...... 129
10. ഉപസംഹാരം...... 142
അനുബന്ധം...... 147

# അവതാരിക

ഹരിതകേരളം മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ നൽകിയിട്ടുള്ളത്. ഹരിതകേരളം മിഷന്റെ മൂന്നു ഉപമിഷനുകളിലായി നടത്തിയ പ്രവർത്തനങ്ങൾക്ക് മുഖ്യമായും നേതൃത്വം നൽകിയത് സംസ്ഥാന മിഷൻ ചെയർമാനായ ബഹു. മുഖ്യമന്ത്രിയും സഹചെയർമാൻമാരായ തദ്ദേശഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, കാർഷിക വികസന കർഷക ക്ഷേമവകുപ്പ് എന്നിവയുടെ നേതൃത്വം വഹിക്കുന്ന മന്ത്രിമാരും ഉപമിഷനുകൾക്ക് നേതൃത്വം നൽകുന്ന വകുപ്പ് മേധാവികളുമാണ്. ഇക്കാലയളവിലെല്ലാം ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾക്ക് ദിശാബോധവും ഊർജ്ജവും നൽകുന്നതിൽ ഏറ്റവും പ്രധാന പങ്ക് വഹിച്ചത് മിഷന്റെ അധ്യക്ഷൻ കൂടിയായ ബഹുമാനപ്പെട്ട സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വമാണ്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമായും ജനകീയ പങ്കാളിത്തത്തോടെയും ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഗുണഫലങ്ങൾ എല്ലാ ജില്ലകളിൽ നിന്നും കാണാൻ കഴിയും. ആരോഗ്യകരമായ മത്സരം തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ ഇക്കാര്യത്തിൽ ഉണ്ടാവുന്നുണ്ട് എന്നത് എടുത്തു പറയേണ്ടതാണ്. ജനകീയാസൂത്രണം രണ്ടാംഘട്ടത്തിന്റെ ഉള്ളടക്കം എന്ന നിലയിൽ ഹരിതകേരളം മിഷന്റെ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വികസനത്തിലെ ജനകീയതയുടെയും ഗുണപരതയുടെയും ആവേശകരമായ മാതൃകകൾ തീർക്കാൻ നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ട്. എന്നാൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ ചുമതല ഏറ്റെടുക്കുന്ന അവസ്ഥ ഉണ്ടാകേണ്ടതുണ്ട്. വകുപ്പുകൾ തമ്മിലും വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലും ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലും പദ്ധതികളുടെ ആസൂത്രണ നിർവഹണ പ്രവർത്തനങ്ങളിൽ ഏകോപനവും സംയോജനവും ഉറപ്പാക്കുന്നതിൽ മുൻകാലങ്ങളേക്കാൾ പുരോഗതിയുണ്ടായിട്ടുണ്ട്. എന്നാൽ ഈ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടരേണ്ടതുണ്ട്.

സംസ്ഥാനതലത്തിൽ അതത് വകുപ്പ് മേധാവികൾ നേതൃത്വം നൽകുന്ന മൂന്ന് ഉപമിഷനുകളുടെ ഭാഗമായുള്ള കർമ്മ സേനകളാണ് ഏകോപനവും സംയോജനവും ഉറപ്പ് വരുത്തുന്നതിനുള്ള നിലവിലെ സംവിധാനം. നിർവഹിക്കേണ്ട പ്രവർത്തനങ്ങൾ ഈ കർമ്മസേനകളിൽ ചർച്ച ചെയ്തുകൊണ്ട് ഉപമിഷനുകളും ഹരിതകേരളം സംസ്ഥാന മിഷൻ ടീമും ചേർന്ന് നടപ്പാക്കുന്ന രീതിയാണുള്ളത്. മിഷൻ പ്രവർത്തനം ആരംഭിച്ചതിനു ശേഷം ശുചിത്വ ഉപമിഷൻ 6 തവണയും ജലഉപമിഷൻ 8 തവണയും കൃഷി -സുജലം സുഫലം-ഉപമിഷൻ 4 തവണയും അതത് കർമ്മസേ

നകളുടെ യോഗങ്ങൾ വിളിച്ചുചേർത്തിട്ടുണ്ട്. ജില്ലാതലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലം വരെയുള്ള കർമ്മസേനകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കേണ്ടതുണ്ട്.

കർമ്മസേനകളുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് അതത് വകുപ്പുകളുടെ കീഴിലുള്ള നിർവഹണ സംവിധാനങ്ങളായ ശുചിത്വമിഷൻ, ജലസേചന വകുപ്പ്, മണ്ണ്-സംരക്ഷണ മണ്ണ് പര്യവേക്ഷണ വകുപ്പ്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് എന്നിവർക്കാണ് ഉത്തരവാദിത്തം നൽകിയിട്ടുള്ളത്. ഹരിത കേരളം മിഷൻ സംസ്ഥാനതലം മുതൽ ശേഷി വികസനവും പ്രചാരണവും നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് പരിശീലനവും കാര്യശേഷി വികസനവും പ്രചാരണവും അത്യന്താപേക്ഷിതമാണ്. ശുചിത്വ-മാലിന്യ സംസ്കരണത്തിന്റെ ഭാഗമായുള്ള 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' ജലസംരക്ഷണത്തിന്റെ ഭാഗമായുള്ള ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പും നീർത്തട പദ്ധതികളും ആരോഗ്യ ജാഗ്രതാ പരിപാടിയുടെ ഭാഗമായി കിലയും ആരോഗ്യ വകുപ്പും കുടുംബശ്രീയുമായും ചേർന്നുള്ള ജാഗ്രതോത്സവം, പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്നുള്ള ഹരിതോത്സവം, സർക്കാർ-അർദ്ധ സർക്കാർ ഓഫീസുകളെ ഹരിത പെരുമാറ്റച്ചട്ടത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള ഗ്രീൻപ്രോട്ടോക്കോൾ തുടങ്ങിയ പദ്ധതികളെല്ലാം താഴെത്തട്ട് വരെ ബന്ധപ്പെട്ട മേഖലയിൽ ഉള്ളവർക്ക് ആവശ്യമായ പരിശീലനം നൽകിയാണ് നടപ്പാക്കിയത്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും വിദഗ്ദ്ധരും വിദ്യാർത്ഥികളും അടങ്ങുന്ന വിപുലമായ ജനവിഭാഗത്തിലേക്ക് ഹരിതകേരളം മിഷന്റെ സന്ദേശവും പ്രവർത്തനവും എത്തിക്കുന്നതിന് സഹായകരമായ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചത് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള കിലയാണ്. പരിശീലനങ്ങൾക്കാവശ്യമുള്ള പഠന സാമഗ്രികളും കൈപുസ്തകങ്ങളും തയ്യാറാക്കുന്നതിലും നല്ല പിന്തുണ കിലയുടെ ഭാഗത്തുനിന്ന് ലഭിച്ചിട്ടുണ്ട്. ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട പ്രചാരണങ്ങൾക്കും അച്ചടിക്കും പി.ആർ.ഡി.യുടെ സഹായം ലഭിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ കൈപ്പുസ്തകങ്ങളുടെ അച്ചടി സമയബന്ധിതമായി നിർവഹിച്ചത് കെ.ബി.പി.എസും, ഗ്രാമലക്ഷ്മി മുദ്രാലയവുമാണ്. ഹരിതകേരളം മിഷന്റെ വെബ്സൈറ്റും ഫേസ്ബുക്കും കൈകാര്യം ചെയ്യുന്നതിന് സി-ഡിറ്റിന്റെ പിന്തുണ ലഭിച്ചു. ജലസ്രോതസ്സുകളുടെ പുനരുജ്ജീവനമടക്കം ഇതുവരെ നടന്നിട്ടുള്ള ഹരിതകേരളം മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്യുന്ന പ്രവർത്തനം സി-ഡിറ്റ് ആണ് നിർവഹിക്കുന്നത്.

ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിതമായും സമയബന്ധിതമായും സംഘടിപ്പിക്കുകയാണ് ഈ ഘട്ടത്തിൽ പ്രധാനം. കഴിഞ്ഞ രണ്ട് വർഷത്തെ അനുഭവപാഠങ്ങൾ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് വഴികാട്ടിയാകും.

**ഡോ.ടി.എൻ.സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ
ഹരിതകേരളം മിഷൻ

# 1
# മുഖവുര

ഋതുഭേദങ്ങളുടെ കൃത്യത കേരളത്തിന്റെ കാലാവസ്ഥയുടെയും പ്രകൃതിയുടെയും അടയാളങ്ങളായിരുന്നു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തെ മറന്നുകൊണ്ടു നാം നടത്തിയ പ്രവർത്തനങ്ങൾ ഈ താളം തെറ്റിച്ചു. കാലം തെറ്റിയുള്ള മഴ, വരൾച്ച, പ്രളയം എന്നിവ നമുക്കിന്ന് സുപരിചിതമായി. മാത്രമല്ല സൂര്യാഘാതം, മേഘവിസ്ഫോടനം, ഉഷ്ണ തരംഗം തുടങ്ങിയ അസ്വാഭാവിക അന്തരീക്ഷ പ്രതിഭാസങ്ങൾ കഴിഞ്ഞ പതിറ്റാണ്ടു മുതൽ സംസ്ഥാനത്തു കണ്ടുതുടങ്ങി. പ്രകൃതിയുമായുള്ള മനുഷ്യന്റെ ജൈവ ബന്ധം അന്യംനിന്നു പോകാതെ നിലനിർത്തുകയാണ് ഇതിനു പോംവഴി. യുക്തിചിന്തയുടെയും ശാസ്ത്ര ബോധത്തിന്റെയും പിൻബലത്തിൽ ഇത് സാധ്യമാക്കണം. കേരളത്തിന്റെ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഹരിതസമൃദ്ധി വീണ്ടെടുക്കുക എന്ന കാലഘട്ടത്തിന്റെ ആവശ്യം പ്രസക്തമാകുന്നത് ഈ സാഹചര്യത്തിലാണ്. ഈ ലക്ഷ്യസാക്ഷാത്കാരത്തിനായാണ് സംസ്ഥാന സർക്കാർ ഹരിതകേരളം മിഷനെ വിഭാവനം ചെയ്തിരിക്കുന്നത്.

സംസ്ഥാനത്തിന്റെ സർവതല സ്പർശിയായ വികസനം ലക്ഷ്യമിട്ട് ഗവൺമെന്റ് ആവിഷ്ക്കരിച്ച നവകേരളം കർമ്മപദ്ധതിയിലെ നാലു മിഷനുകളിലൊന്നാണ് ഹരിതകേരളം മിഷൻ. ശുചിത്വ-മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി വികസനം എന്നീ മൂന്നു മേഖലകളിൽ യഥാക്രമം തദ്ദേശ സ്വയംഭരണ വകുപ്പ്, ജല വിഭവ വകുപ്പ്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മൂന്നു ഉപമിഷനുകൾ ഹരിതകേരളം മിഷനിലുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ പൗരസമിതികൾ, ബഹുജന സംഘടനകൾ, സർക്കാരിതര സംഘടനകൾ, വിദ്യാഭ്യാസ-ആരോഗ്യ സംരക്ഷണ -ക്ഷേമ പ്രവർത്തന രംഗങ്ങളിലെ ജനകീയ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മതസ്ഥാപനങ്ങൾ, കമ്പനികൾ, സാംസ്കാരിക

സ്ഥാപനങ്ങൾ എന്നിങ്ങനെ സമൂഹത്തിന്റെ സമസ്ത മേഖലകളിലും പ്രവർത്തിക്കുന്ന സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സാങ്കേതിക സഹായം, സന്നദ്ധ സേവനം, സാമ്പത്തിക സഹായം തുടങ്ങി ബഹുവിധ സഹായ സഹകരണങ്ങൾ സമാഹരിച്ചുകൊണ്ടാണ് ഹരിതകേരളം മിഷൻ പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടാനായി പ്രവർത്തിച്ചു വരുന്നത്.

## മിഷൻ പ്രവർത്തനങ്ങളുടെ തുടക്കം

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾക്ക് 2016 ഡിസംബർ 8 ന് തിരുവനന്തപുരം ജില്ലയിൽ കൊല്ലയിൽ പഞ്ചായത്തിലെ കളത്തറയ്ക്കൽ ഏലായിൽ എത്തിയ വൻജനാവലിയെ സാക്ഷി നിർത്തി കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വിത്തെറിഞ്ഞ് തുടക്കം കുറിച്ചു. തിരുവനന്തപുരത്ത് നടന്ന സംസ്ഥാനതല ഉദ്ഘാടനത്തോടൊപ്പം എല്ലാ ജില്ലകളിലും ശുചിത്വ-മാലിന്യ സംസ്കരണം, ജലസംരക്ഷണം, നെൽകൃഷി, പച്ചക്കറികൃഷി തുടങ്ങിയ പ്രവർത്തനങ്ങൾ അതതു ജില്ലകളുടെ ഉത്തരവാദിത്വം നൽകിയിട്ടുള്ള ബഹു.മന്ത്രിമാർ




ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഇതോടൊപ്പം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ വാർഡുകളിലും ജനപങ്കാളിത്തത്തോടെയുള്ള ശുചീകരണ, മാലിന്യസംസ്കരണം, ജലസംരക്ഷണം, കാർഷിക പ്രവൃത്തികൾ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ആരംഭിക്കുകയുണ്ടായി.

## ഒന്നാം വാർഷികം

ഒരു വർഷം കൊണ്ടുതന്നെ ഹരിതകേരളം മിഷൻ പ്രഖ്യാപിത ലക്ഷ്യങ്ങളിലൂന്നിയുള്ള പ്രവർത്തനങ്ങളുമായി ഏറെ ദൂരം മുന്നോട്ടുപോയി. ഒരു വർഷത്തെ മിഷൻ പ്രവർത്തനം ആധാരമാക്കിയുള്ള 'വാർഷിക റിപ്പോർട്ട് – 2017'ൽ ഇതു സംബന്ധിച്ച വിശദമായ പ്രതിപാദനമുണ്ട്. ഒന്നാം വാർഷികത്തിന്റെ ഭാഗമായി 'ഹരിതസംഗമം



2017' എന്ന പേരിൽ സംഘടിപ്പിച്ച സംസ്ഥാനതല സമ്മേളനത്തിൽ കേരളത്തിലെ തദ്ദേശഭരണ സ്ഥാപന അധ്യക്ഷന്മാരും ജനപ്രതിനിധികളും പങ്കെടുത്തു. ഭാവി പരിപ്രേക്ഷ്യം നിർണ്ണയിക്കുന്നതിന് മൂന്ന് ഉപദൗത്യങ്ങളുമായി ബന്ധപ്പെട്ട മൂന്ന് ശിൽപ്പശാലകളും സംഘടിപ്പിച്ചു. തിരുവനന്തപുരം ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന 'ഹരിതസംഗമം 2017' ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

കേരളം അഭിമുഖീകരിക്കുന്ന സാമൂഹ്യവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ നവകേരളം കർമ്മപദ്ധതി നടപ്പാക്കി വരുന്നതെന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞു. നവകേരളം കർമ്മപദ്ധതിയിലുൾപ്പെട്ട ഹരിതകേരളം മിഷൻ ആദ്യ ഒരു വർഷക്കാലത്തെ പ്രവർത്തനംകൊണ്ട് തന്നെ നമ്മുടെ സവിശേഷതകളായിരുന്ന പരിസര ശുചിത്വവും ജലസമൃദ്ധിയും വീണ്ടെടുക്കുന്നതിനും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ചില സുപ്രധാന ചുവടുവെയ്പുകൾ നടത്തിയിട്ടുണ്ട്. സമഗ്രമായ മാലിന്യ സംസ്കരണം, ജൈവ കൃഷിയുടെയും വീട്ടുവളപ്പിലെ പച്ചക്കറികൃഷിയുടെയും വ്യാപനം, കേരളത്തിന്റെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വനസമ്പത്തിന്റെയും ജലസമ്പത്തിന്റെയും സംരക്ഷണം, ഇവയുടെ വ്യാപ്തി വർധന തുടങ്ങിയ ഇന്നത്തെ കേരള സമൂഹത്തിന്റെ അടിയന്തര ആവശ്യങ്ങൾ കേവലം ഒരു സർക്കാർ പദ്ധതി എന്ന നിലയിലല്ല മറിച്ച് വികസന വകുപ്പുകളുടേയും പ്രാദേശിക ഭരണകൂടങ്ങളുടെയും നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ നാടിന്റെ പരിസ്ഥിതി സുരക്ഷ വീണ്ടെടുക്കാൻ ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷൻ രൂപീകരിച്ചിട്ടുള്ളതെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ചുരുങ്ങിയ കാലത്തിനുള്ളിലെ ശ്രദ്ധേയങ്ങളായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാന സർക്കാരിന്റെ ഹരിതകേരളം മിഷനെ കേരളം ഒരേ മനസ്സോടെ ഏറ്റെടുത്തുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

മുഖ്യമന്ത്രിയുടെ ഈ വാക്കുകൾ തുടർന്നുള്ള ദിവസങ്ങളിലെ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളെ കൂടുതൽ അന്വർത്ഥമാക്കി. സംസ്ഥാനത്തിന്റെയും സകല ജനവിഭാഗങ്ങളുടെയും സർവതലസ്പർശിയായ പുരോഗതിയാണ് ഇതുവരെയുള്ള ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളിലൂടെ സാധ്യമാവുന്നത്.

ഹരിതകേരളം മിഷന്റെ രണ്ടുവർഷത്തെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിന്റെ ഉള്ളടക്കം. പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലുകളും തുടർ സാധ്യതകളും ഭാവി പ്രവർത്തനങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കർമ്മനിരതം രണ്ടാം വർഷം

വ്യക്തമായ ലക്ഷ്യം മുൻനിർത്തി ദിശാബോധത്തോടെയുള്ള പ്രവർത്തനങ്ങളായിരുന്നു ഹരിതകേരളം മിഷൻ രണ്ടാം വർഷം നിർവഹിച്ചത്. അപ്രതീക്ഷിതമായുണ്ടായ പ്രളയം ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളെയും അനുബന്ധ നേട്ടങ്ങളെയും പ്രതികൂലമായി ബാധിച്ചുവെങ്കിലും പ്രളയം നേരിടാൻ കേരളീയർ സർവാത്മനാ ഒരുമയോടെ മുന്നിട്ടിറങ്ങിയപ്പോൾ ഹരിതകേരളം മിഷനും മുൻനിരയിൽ നിന്നു പ്രവർത്തിച്ചു. പ്രളയവുമായി ബന്ധപ്പെട്ടു നടത്തിയ പ്രവർത്തനങ്ങൾ പ്രത്യേകമായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശുചിത്വ-മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' കാമ്പയിനും അനുബന്ധ പ്രവർത്തനങ്ങളും സംസ്ഥാനത്ത് ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കി. 1032 തദ്ദേശസ്ഥാപനങ്ങളിൽ അജൈവ മാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേന രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചത് ഇതിനുദാഹരണമാണ്. എം.സി.എഫ്, ആർ.ആർ.എഫ്. എന്നിവ കൂടുതൽ ഇടങ്ങളിൽ സ്ഥാപിക്കാനായതും ഗൃഹതല സർവേ, അനുബന്ധ വിവര ശേഖരണം തുടങ്ങിയ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണം സംബന്ധിച്ച അവബോധം ജനങ്ങളിലെത്തിക്കുന്നതിനും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കാനും ഉപകരിച്ചു.

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ഹരിതപെരുമാറ്റച്ചട്ടം നടപ്പിലാക്കാനായി വൻമുന്നൊരുക്കങ്ങൾ നടത്തുകയും 2018 ജൂൺ 5 ന് ഇതു സംബന്ധിച്ച



പ്രഖ്യാപനം നടത്തുകയും ചെയ്തു. ഇതിനു പുറമേ പ്രധാന ഉത്സവങ്ങളിലും ആഘോഷങ്ങളിലും സമ്മേളനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ കർശനമാക്കാൻ വേണ്ട ഇടപെടലുകൾ നടത്തിയതും ഫലം കണ്ടു.

ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് കുറ്റകരവും ശിക്ഷാർഹവുമാക്കി നിയമത്തിൽ ഭേദഗതി വരുത്തിയത് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായി. പരിസ്ഥിതി മലിനീകരണം നടത്തുന്നവരെ നിയമത്തിനു മുന്നിൽ തുടർ നടപടികൾക്ക് വിധേയമാക്കാനായി നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും ക്രോഡീകരിച്ച് കൈപുസ്തകം തയ്യാറാക്കുകയും ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകുകയും ചെയ്തത് കഴിഞ്ഞ വർഷത്തെ ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൊന്നാണ്.

ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ശുചിത്വമാലിന്യ സംസ്കരണ ഉപമിഷൻ, ജലസംരക്ഷണ ഉപമിഷൻ എന്നിവയുടെ പ്രവർത്തനരേഖകളാണ് ആദ്യവർഷം സർക്കാർ ഉത്തരവിലൂടെ പ്രസിദ്ധീകരിച്ചത്. ഇതോടൊപ്പമുള്ള കൃഷി ഉപമിഷൻ, സുജലം-സുഫലം പ്രവർത്തനമാർഗ്ഗരേഖ രണ്ടാംവർഷം പ്രസിദ്ധീകരിച്ചു. ചിട്ടയായ ആസൂത്രണവും സൂക്ഷ്മമായ നിർവഹ ണവും ഉറപ്പാക്കി കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകാൻ ഈ മാർഗ്ഗരേഖ സഹായകരമാവുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പൊതുജന കൂട്ടായ്മയിലൂ ടെയും പങ്കാളിത്തത്തോടെയും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടി പ്പിച്ച പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളും ജലസ്രോതസ്സുകളുടെ ശുചീകരണ പ്രവർത്തനങ്ങളും ഏറെ ഫലം കണ്ടു. പുനരുജ്ജീവിപ്പിച്ച പുഴകളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങളും ആരംഭിച്ചു.

തരിശുനിലങ്ങളിലെ കൃഷി വ്യാപനം, കരനെൽകൃഷിയുൾപ്പെടെ അധികനെൽ കൃഷി, സാധ്യമായിടത്ത് ഒരുപൂവിള ഇരുപ്പൂവാക്കിയത്, ജൈവ പച്ചക്കറി കൃഷി




വ്യാപനം, സ്കൂൾ വളപ്പുകളിലും സ്ഥാപനങ്ങളുടെ ഭൂമിയിലും പച്ചക്കറി കൃഷി, സംയോജിത കൃഷി പ്രോത്സാഹനം എന്നിങ്ങനെ കൃഷി മേഖലയിൽ കാതലായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ വർഷം കഴിഞ്ഞു. ഇത് സംബന്ധിച്ച സ്ഥിതിവി വര കണക്കുകൾ തുടർ അധ്യായങ്ങളിൽ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ. ക്യാമ്പസുകളും ഹരിതക്യാമ്പസുകളാക്കുന്ന കർമ്മ പദ്ധതി, സംസ്ഥാനത്തെ പരമാവധി വീടുകൾ ഹരിതഭവനങ്ങളാക്കാൻ ലക്ഷ്യ മിട്ടുള്ള പദ്ധതി, പ്രാദേശിക ജൈവ വൈവിധ്യത്തിന്റെ പച്ചത്തുരുത്തുകൾ സൃഷ്ടി ക്കാനുള്ള പദ്ധതി എന്നിവ പുരോഗമിക്കുകയാണ്.

ഹരിതകേരളം മിഷൻ പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിത പുര സ്കാരങ്ങൾ നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

# 2
# പ്രവർത്തന നേട്ടങ്ങൾ
## സംഗ്രഹം

നാടിന്റെ പച്ചയും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരത്തിന്റെ വൃത്തിയും വീണ്ടെടുക്കാനുള്ള ജനകീയ തീവ്രയജ്ഞത്തിന്റെ അമരത്തു നിന്നു പ്രവർത്തിക്കുകയാണ് ഹരിതകേരളം മിഷൻ. കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുത്ത് സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുൻ നിർത്തിയാണ് മിഷൻ പ്രവർത്തിച്ചു വരുന്നത്.

ചെറുതും വലുതുമായ ഒട്ടേറെ നേട്ടങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെയും ഏജൻസികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിലായി ഹരിതകേരളം മിഷൻ കൈവരിച്ചിട്ടുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവ ചുരുങ്ങിയ വാക്കുകളിൽ താഴെപ്പറയും പ്രകാരമാണ്. കൂടുതൽ വിശദാംശങ്ങൾ പട്ടികയിലും തുടർന്നുള്ള അധ്യായങ്ങളിലും നൽകിയിട്ടുണ്ട്.

**പട്ടിക 2.1**

**ശുചിത്വ-മാലിന്യ സംസ്കരണം-ഭൗതിക നേട്ടം**

| ക്രമ നം | വിവരം | 2017 - 18 (എണ്ണം) | 2018-19 (എണ്ണം) | 2019 മാർച്ച് വരെ (എണ്ണം) |
|---|---|---|---|---|
| 1 | ഹരിതകർമ്മസേന രൂപീകരിച്ച തദ്ദേശ സ്ഥാപനങ്ങൾ | 521 | 511 | 1032 |
| 2 | ഹരിത കർമ്മസേനാംഗങ്ങളുടെ എണ്ണം | 22592 | 8813 | 31405 |

| | | | | |
|---|---|---|---|---|
| 3 | അജൈവ മാലിന്യശേഖരണ ത്തിനുള്ള മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ | 300 | 148 | 448 |
| 4 | റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ | 39 | 138 | 177* (99+78) |
| 5 | ഉറവിട മാലിന്യസംസ്കരണം സജ്ജമാക്കിയ വീടുകൾ | | | 31.19 ലക്ഷം |
| 6 | ശേഖരിച്ച പുനചംക്രമണത്തിനു കൈമാറിയ പ്ലാസ്റ്റിക് മാലിന്യം | 200 ടൺ | 9508 ടൺ | 9708 ടൺ |
| 7 | ശേഖരിച്ച പുനചംക്രമണത്തിനു കൈമാറിയ ഇ-മാലിന്യം | 400 ടൺ | 15272 ടൺ | 15672 ടൺ |

*78 എണ്ണം നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിൽ

- പ്രതിദിനം സംസ്ഥാനത്തുണ്ടാകുന്ന ജൈവ മാലിന്യത്തിന്റെ 45% വും ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളിലൂടെ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നു.
- 546 തദ്ദേശ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചു.
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സാങ്കേതിക സഹായം നൽകാനായി 37 ഹരിത സഹായസ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചു.
- 17 നഗരസഭകളിലായി 170 നഗരസഭാ വാർഡുകളിൽ സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതിക്ക് തുടക്കമായി.
- ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കി മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം കാമ്പയിൻ : ഒന്നാം ഘട്ടം പൂർത്തിയാക്കി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- എം.സി.എഫ്, ആർ.ആർ.എഫ്, ഹരിത കർമ്മസേന, ഗാർഹിക ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ, കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് ഉപാധികൾ, ഹരിത സഹായ സ്ഥാപനങ്ങൾ എന്നീ സംവിധാനങ്ങളിലൂടെ മാലിന്യ സംസ്കരണ ശൃംഖല യാഥാർത്ഥ്യമാക്കി.
- 69 ലക്ഷം വീടുകളിൽ മാലിന്യ സംസ്കരണ അവസ്ഥാപഠനം പൂർത്തിയാക്കി.
- 30.19 ലക്ഷം വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം സജ്ജമാക്കി.
- 15358 മാലിന്യസംസ്കരണ പ്രൊജക്ടുകൾ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യാഥാർഥ്യമാവുന്നു.
- 2020 കമ്മ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു.
- 1,320 വ്യവസായ സ്ഥാപനതല ബയോഗ്യാസ് പ്ലാന്റുകളും 97 കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചു.
- അജൈവ മാലിന്യ ശേഖരണത്തിന് 1032 തദ്ദേശ ഭരണ സ്ഥാപനങ്ങളിലായി 31405 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിത കർമ്മസേന രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു.

- 448 തദ്ദേശ ഭരണ സ്ഥാപങ്ങളിൽ മാലിന്യശേഖരണത്തിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.) സ്ഥാപിച്ചു.
- സംസ്ഥാനത്തുടനീളമായി 99 റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. 78 എണ്ണം നിർമ്മാണ ഘട്ടത്തിൽ.
- 9708 ടൺ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചു. അതിൽ 454 ടൺ റോഡ് ടാറിങ്ങിനും ബാക്കി പുനഃചംക്രമണത്തിനും കൈമാറി.
- 15674 ടൺ ഇ-മാലിന്യം ശേഖരിച്ചു; പുനചംക്രമണത്തിനു കൈമാറി.
- പാഴ്വസ്തു വ്യാപാരികൾക്ക് രജിസ്ട്രേഷൻ: ഇതുവരെ 2350 വ്യാപാരികൾ രജിസ്റ്റർ ചെയ്തു.
- പകർച്ചവ്യാധി പ്രതിരോധത്തിന് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് 15600 വാർഡുകളിൽ ജാഗ്രതോത്സവം സംഘടിപ്പിച്ചു. ഇതിൽ 4,90,830 പേരുടെ പങ്കാളിത്തം.
- സാമൂഹ്യ ജീവിതത്തിന്റെ ഭാഗമായി ഗ്രീൻപ്രോട്ടോക്കോൾ; ഉത്സവങ്ങളിലും ആഘോഷങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ.
- സംസ്ഥാന ജില്ലാതലങ്ങളിലായി 1400 ഓഫീസുകളിലും സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലായി.
- കില, ലീഗൽ സർവീസസ് അതോറിറ്റി, പോലീസ്, പഞ്ചായത്ത്-നഗരകാര്യ വകുപ്പ്, ഗ്രാമ-നഗരാസൂത്രണ വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യവകുപ്പ് എന്നിവയുമായി ചേർന്ന് ഹരിത നിയമ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

**പട്ടിക 2.2**

**ജലസംരക്ഷണം - ജലസമൃദ്ധി**

| ക്രമനം | വിവരം | 2017-18 | 2018-19 | നാളിതുവരെ |
|---|---|---|---|---|
| 1 | പുനരുജ്ജീവിപ്പിച്ച പുഴകൾ | 47 കി.മീ | 155 കി.മീ | 202 കി.മീ |
| 2 | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ/ തോടുകൾ | 1391 കി.മീ | 16747 കി.മീ | 18138 കി.മീ |
| 3 | റീച്ചാർജ്ജ് ചെയ്ത കിണറുകൾ | 16665 എണ്ണം | 32271 എണ്ണം | 48936 എണ്ണം |
| 4 | നിർമ്മിച്ച കിണറുകൾ | 10399 എണ്ണം | 4601 എണ്ണം | 15000 എണ്ണം |
| 5 | നവീകരിച്ച കുളങ്ങൾ | 3980 എണ്ണം | 5909 എണ്ണം | 9889 എണ്ണം |
| 6 | നിർമ്മിച്ച കുളങ്ങൾ | - | 8675എണ്ണം | 8675 എണ്ണം |
| 7 | നവീകരിച്ച കിണറുകൾ | - | 4625എണ്ണം | 4625 എണ്ണം |

- 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നീർത്തട നടത്തം പൂർത്തിയാക്കി.
- 843 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീർത്തടപ്ലാൻ തയ്യാറാക്കി.
- 202 കി.മീ. പുഴകൾ പുനരുജ്ജീവിപ്പിച്ചു.
- 18,138 കി.മീ. നീർച്ചാലുകൾ/ തോടുകൾ പുനരുജ്ജീവിപ്പിച്ചു.
- 48936 കിണറുകൾ റീചാർജ്ജ് ചെയ്തു, 4625 കിണറുകൾ നവീകരിച്ചു.
- 8675 കുളങ്ങൾ നിർമ്മിച്ചു, 9889 കുളങ്ങൾ നവീകരിച്ചു.
- 1,47,239 ഏക്കർ വൃഷ്ടി പ്രദേശ പരിപാലനം നിർവഹിച്ചു.
- കുട്ടമ്പേരൂർ പുഴ, കിള്ളിയാർ, കോലറയാർ, വടക്കേപുഴ, ചാലംകോട് തോട്, മുട്ടം പറപ്പാതോട്, കമ്പ്രയാർ, പെരുംതോട്, പൂനൂർപുഴ തുടങ്ങി മലിനമായി കിടന്ന ജലസ്രോതസുകൾ ശുദ്ധീകരിച്ചു; നീരൊഴുക്ക് സാധ്യമാക്കി.
- മീനച്ചിലാർ-മീനന്തറയാർ-കൊടുരാർ പുനസംയോജനം സാധ്യമാക്കി. 800 ഹെക്ടർ കൃഷി പുനരാരംഭിച്ചു.
- കൊല്ലം ജില്ലയിലെ കൊട്ടാരക്കര പാണ്ടിവയൽ തോട് പുനരുജ്ജീവിപ്പിച്ച് പ്രദേശത്തെ നെൽകൃഷി പുനരാരംഭിച്ചു.
- കാട്ടാക്കട മണ്ഡലത്തിൽ ജലസുരക്ഷയ്ക്ക് 'വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി' പദ്ധതി നടപ്പാക്കി.
- വരട്ടാർ നദി പുനരുജ്ജീവനം സാധ്യമാക്കി. ആദിപമ്പ-വരട്ടാർ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ രണ്ടാംഘട്ട മാസ്റ്റർപ്ലാൻ തയ്യാറായി.
- പുനരുജ്ജീവിപ്പിച്ച മറ്റ് നദികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.
- കാനാമ്പുഴ മാസ്റ്റർപ്ലാൻ തയ്യാറാക്കി തുടർപ്രവർത്തനങ്ങൾ ആരംഭിച്ചു. പെരും തോടിൽ പ്രത്യേക പദ്ധതിക്ക് അനുമതി നേടി.
- പുതിയ കുളങ്ങളുടെ നിർമ്മാണത്തിലൂടെയും നിലവിലുള്ള കുളങ്ങളുടെ പുന രുദ്ധാരണത്തിലൂടെയും 80,66,058 ഘനമീറ്റർ ജലസംഭരണ ശേഷി സാധ്യമാക്കി.
- ജലസംരക്ഷണ-സംഭരണ-പരിപാലനം ലക്ഷ്യമിട്ടു തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ ജല പാർല മെന്റുകൾ സംഘടിപ്പിച്ചു.
- നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നീർത്തട നടത്തം സംഘടിപ്പിച്ചു. തയ്യാറാക്കപ്പെട്ട മാസ്റ്റർപ്ലാനുകളുടെ അടിസ്ഥാ നത്തിൽ പദ്ധതി നിർവഹണമാരംഭിച്ചു.
- ജലമിതവ്യയ ബോധവത്കരണം ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളം 'ജലമാണ് ജീവൻ' എന്ന പേരിൽ കാമ്പയിൻ സംഘടിപ്പിച്ചു

പട്ടിക 2.3

## കൃഷി വികസനം- സുജലം സുഫലം

| വിവരം | 2016-17 | 2017-18 | 2018-19 ഫെബ്രുവരി വരെ |
|---|---|---|---|
| സുസ്ഥിര നെൽകൃഷി വികസനം | 1.96 ലക്ഷം ഹെക്ടർ | 2.20 ലക്ഷം ഹെക്ടർ | 1.39 ലക്ഷം ഹെക്ടർ |
| പച്ചക്കറി കൃഷി വിസ്തൃതി | 52850 ഹെക്ടർ | 69475 ഹെക്ടർ | 40 ലക്ഷം വിത്ത് കിറ്റുക ളും 90.9 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. |

## നെൽകൃഷിയിൽ വൻ മുന്നേറ്റം

- വിവിധ പദ്ധതികളിലൂടെ 24000 ഹെക്ടർ അധിക നെൽകൃഷി.
- 8800 ഹെക്ടർ തരിശു നിലങ്ങളിൽ കൃഷി വ്യാപിപ്പിച്ചു.
- 3136 ഹെക്ടർ ഒരുപൂ വിള ഇരുപൂവാക്കി.
- 2625 ഹെക്ടറിൽ കരനെൽകൃഷി.

## ജൈവകൃഷിക്ക് പ്രോത്സാഹനം

- 155 ക്ലസ്റ്ററുകളിലായി 5000 ഹെക്ടർ ജൈവപച്ചക്കറി കൃഷി.
- ജൈവ ഉൽപന്നങ്ങളുടെ വിപണനത്തിന് 149 ഇക്കോ ഷോപ്പുകൾ.
- ജൈവ ഉൽപന്നങ്ങളുടെ പാക്കിങ്ങിനും ലേബലിങ്ങിനുമായി 17 യൂണിറ്റുകൾ.
- കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് കർശന നടപടികൾ.
- നല്ലമുറ കൃഷിസമ്പ്രദായത്തിന് പ്രോത്സാഹനം.

## പച്ചക്കറിയിൽ സ്വയംപര്യാപ്തത

- 998 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി.
- 2500 സ്കൂൾ വളപ്പുകളിൽ പച്ചക്കറി കൃഷി.
- 279 സ്ഥാപനങ്ങളുടെ ഭൂമിയിൽ പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി.
- നാടൻ പച്ചക്കറി ഇനങ്ങളുടെ വ്യാപനത്തിന് പ്രത്യേക പദ്ധതി

## ഗാർഹിക പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം

- വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് 40 ലക്ഷം വിത്ത് കിറ്റുകൾ വിതരണം ചെയ്തു.
- 90.9 ലക്ഷം പച്ചക്കറി തൈകൾ കൃഷിവകുപ്പ് വിതരണം ചെയ്തു. 39227 യൂണിറ്റ് ഗ്രോബാഗുകൾ മട്ടുപ്പാവ് കൃഷിക്ക് നൽകി.
- പാറശ്ശാല, കാട്ടാക്കട, വാമനപുരം, ചിറയിൻകീഴ്, ചാത്തന്നൂർ, തളിപ്പറമ്പ്, കൊട്ടാരക്കര നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ തരിശ് രഹിത പദ്ധതി.
- കാർഷിക യന്ത്രവത്കരണത്തിന് പ്രത്യേക പരിപാടി.

- കൃഷിക്ക് സാധ്യമായ എല്ലായിടങ്ങളിലും അനുയോജ്യ കൃഷിക്ക് കാമ്പയിൻ പ്രവർത്തനങ്ങൾ.
- സംയോജിത കൃഷിക്ക് പ്രോത്സാഹനം.

### മറ്റ് പ്രവർത്തനങ്ങൾ

- സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ. ക്യാമ്പസുകളും ഹരിത ക്യാമ്പസുകളാക്കുന്ന കർമ്മ പദ്ധതി പുരോഗമിക്കുന്നു. കൊല്ലം ജില്ലയിലെ എല്ലാ ഐ.ടി.ഐ. കളും ഹരിത ക്യാമ്പസുകളായി പ്രഖ്യാപിച്ചു.
- പൊതുവിദ്യാലയങ്ങൾ ഹരിത വിദ്യാലയങ്ങളാക്കി മാറ്റുവാൻ ലക്ഷ്യമിട്ട് ശുചിത്വം - കൃഷി-ജലസംരക്ഷണം എന്നീ ലക്ഷ്യങ്ങളോടെ ഹരിതോത്സവം സംഘടിപ്പിച്ചു.
- പരമാവധി വീടുകൾ ഹരിതഭവനങ്ങളാക്കാൻ പ്രത്യേക പദ്ധതി.
- പ്രാദേശിക ജൈവ വൈവിധ്യത്തിന്റെ പച്ചത്തുരുത്തുകൾ സൃഷ്ടിക്കുന്നു.
- മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിത പുരസ്ക്കാരങ്ങൾ.

# 3
# ഹരിതകേരളം മിഷൻ ഏകോപിത പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷനിലെ മൂന്നു ഉപദൗത്യങ്ങളുൾപ്പെടെ വിവിധ സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി ചേർന്നാണ് സംസ്ഥാനത്തിന്റെ ഹരിതസമൃദ്ധി വീണ്ടെടുക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ജനകീയ പങ്കാളിത്തം ഉറപ്പാക്കിയും വിവിധ ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സഹകരണം ഫലപ്രദമായി ഏകോപിപ്പിച്ചുമാണ് പദ്ധതി നിർവഹണം സാധ്യമാക്കുന്നത്. പൊതു പരിപാടികളുൾപ്പെടെ വിവിധ പരിശീലന ബോധവൽക്കരണ പ്രവർത്തനങ്ങളിലും ഈ ഏകോപനം ഉറപ്പുവരുത്തുന്നു.

വൈവിധ്യങ്ങളായ നിരവധി പ്രവർത്തനങ്ങൾ കഴിഞ്ഞ വർഷം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. അവയിൽ ചിലതിനെക്കുറിച്ചുള്ള വിവരണമാണ് ചുവടെ നൽകുന്നത്.

### സംസ്ഥാനതല അവലോകനയോഗം

ഹരിതകേരളം മിഷന്റെ 5–ാ മത് സംസ്ഥാനതല അവലോകന യോഗം 2018 ഡിസംബർ 6 ന് സെക്രട്ടറിയേറ്റിൽ നടന്നു. ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ബഹു. മന്ത്രിമാരായ ഡോ. തോമസ് ഐസക്, എ.സി.മൊയ്തീൻ, കെ.കെ.ശൈലജ, വി.എസ്.സുനിൽകുമാർ, മാത്യു ടി.തോമസ്, ചീഫ് സെക്രട്ടറി ടോം ജോസ് എന്നിവർ പങ്കെടുത്തു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ.സീമ മിഷൻ പ്രവർത്തന പുരോഗതി വിവരിച്ചു. ജലസംരക്ഷണത്തിലും ജൈവ പച്ചക്കറി ഉത്പാദനത്തിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും കുട്ടികളിൽ ജൈവ കൃഷി അവബോധം



സൃഷ്ടിക്കാൻ പ്രത്യേക പരിപാടി വേണമെന്നും ഔഷധ സസ്യങ്ങൾ വ്യാപകമാക്കണമെന്നും യോഗത്തിൽ മുഖ്യമന്ത്രി നിർദ്ദേശിച്ചു.

## സംസ്ഥാന മിഷൻ യോഗത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കൽ

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന സംസ്ഥാനമിഷൻ യോഗതീരുമാനങ്ങളിൽ ചുവടെപ്പറയുന്നവ ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

1. **നെൽകൃഷി വ്യാപനം**-മിഷന്റെ പ്രവർത്തനാരംഭത്തിൽ 1.96 ലക്ഷം ഹെക്ടർ ഉണ്ടായിരുന്ന നെൽകൃഷി വിസ്തീർണം 2.24 ലക്ഷം ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. 3 ലക്ഷം ഹെക്ടർ എന്ന മിഷൻ ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയുന്നതിന് തെളിവായി ഇത് ചൂണ്ടിക്കാണിക്കാവുന്നതാണ്.
2. **തരിശ് രഹിത പഞ്ചായത്ത്**-സംസ്ഥാനത്തെ 86 ഗ്രാമപഞ്ചായത്തുകളെ ഇതിലേയ്ക്കായി തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്ത് സംസ്ഥാനത്തെ ആദ്യ തരിശ് രഹിത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. ഒരു ബ്ലോക്കിൽ ഒരു ഗ്രാമപഞ്ചായത്തെങ്കിലും തരിശ് രഹിതമാക്കുക എന്ന ലക്ഷ്യത്തിൽ (ആകെ 152 ഗ്രാമപഞ്ചായത്തുകൾ) രണ്ടു വർഷത്തിനുള്ളിൽ എത്തിച്ചേരാൻ കഴിയും എന്നതാണ് നിലവിലെ സ്ഥിതി.
3. **പച്ചത്തുരുത്ത്**-സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന പൊതു/സ്വകാര്യ ഭൂമികളിൽ ജൈവ വൈവിധ്യത്തിന്റെ പച്ചത്തുരുത്തുകൾ സൃഷ്ടിക്കുന്ന പ്രവർത്തനം ഏറെ മുന്നോട്ട് പോയിട്ടുണ്ട്. 2019 ജൂൺ 5 ന് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇത്തരത്തിൽ ഒരു പച്ചത്തുരുത്തെങ്കിലും സൃഷ്ടിക്കാനുള്ള പ്രവർത്തനം നടപ്പാക്കുകയാണ്.
4. **ജൈവവൈവിധ്യ രജിസ്റ്റർ നാളതീകരണം**-തദ്ദേശ സ്വയംഭരണ സ്ഥാപനതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ തയ്യാറാക്കിയിട്ടുള്ള ജൈവവൈവിധ്യ രജിസ്റ്ററുകൾ നാളതീകരിക്കുന്ന പ്രവർത്തനത്തിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. നിലവിലുണ്ടായിരുന്ന 872 ഗ്രാമപഞ്ചായത്ത്, 55 മുനിസിപ്പാലിറ്റി, 2 കോർപ്പറേഷൻ എന്നിവിടങ്ങളിലെ രജിസ്റ്ററുകൾ നാളതീകരിച്ചിട്ടുണ്ട്.
5. **പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യൽ**-ഹരിതകർമ്മ സേനയെ ഉപയോ

ഗിച്ച് ശേഖരിക്കുന്ന അജൈവമാലിന്യങ്ങളിൽ റീസൈക്ലിംഗ് സാധ്യമല്ലാത്ത പ്ലാസ്റ്റിക് പൊടിച്ച് റോഡ് ടാർ ചെയ്യുന്നതിനുള്ള തീരുമാനം നടപ്പാക്കുന്നതിൽ വലിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നാളിതുവരെ 454 ടൺ പ്ലാസ്റ്റിക് ഇപ്രകാരം ടാറിംഗിന് കൈമാറിയിട്ടുണ്ട്.

6. **കോഴി ഇറച്ചി മാലിന്യ സംസ്കരണം**-സംസ്ഥാനത്തെ കോഴി ഇറച്ചി മാലിന്യം സംസ്കരിക്കുന്നതിന് സ്വകാര്യ പങ്കാളിത്തത്തോടെ സംസ്കരണ ശാലകൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനം നടപ്പിലാക്കുന്നതിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. വിവിധ ജില്ലകളിൽ ഇതിനകം തന്നെ മൂന്ന് ചിക്കൻ വേസ്റ്റ് റന്ററിംഗ് പ്ലാന്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മൂന്നെണ്ണം നിർമ്മാണ ഘട്ടത്തിലാണ്.
7. **നിയമ നടപടികൾ കർശനമാക്കൽ**- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതു സംബന്ധിച്ച തീരുമാനം നടപ്പിലാക്കുന്നതിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ്, പോലീസ് വകുപ്പ്, ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഭക്ഷ്യസുരക്ഷ വകുപ്പ് തുടങ്ങിയവയുമായി സഹകരിച്ച് ഇതിനായി ഒരു കൈപ്പുസ്തകം ഉണ്ടാക്കുകയും അതുപയോഗിച്ചുള്ള പരിശീലന-ബോധവത്കരണ പരിപാടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഇരുപത് ലക്ഷത്തിലധികം പേർക്ക് 2019 ജൂൺ മാസത്തിനകം ഇത് സംബന്ധിച്ച ബോധവത്കരണം നടത്താൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ മുന്നേറുന്നു.
8. **കുട്ടികളിൽ തരംതിരിക്കൽ അവബോധം സൃഷ്ടിക്കൽ**-മാലിന്യം തരംതിരിക്കുന്നതും സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വരുന്ന മധ്യവേനൽ അവധിക്കാലത്ത് പെൻസിൽ എന്ന പേരിൽ കുടുംബശ്രീയുമായിച്ചേർന്ന് ക്യാമ്പുകൾ നടത്താനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതിനായി 2 കൈപ്പുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്.
9. **ശുചിത്വമികവുകൾ**-തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെനേതൃത്വത്തിൽനടന്നുവരുന്ന ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ അനുകരണീയമായ മാതൃകകൾ പ്രോത്സാഹിപ്പിക്കുന്നതിന്റ ഭാഗമായി മികച്ച പ്രവർത്തനങ്ങളുടെ അവതരണം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടത്താനുള്ള തീരുമാനം നടപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലാതല ശുചിത്വ മികവുകൾ എല്ലാ ജില്ലകളിലും പൂർത്തിയാക്കി കഴിഞ്ഞു. സംസ്ഥാനതല ശുചിത്വമികവ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.
10. **കുളങ്ങളിൽ സ്കെയിൽ സ്ഥാപിക്കൽ**-കുളങ്ങളിലും ജലസംഭരണകളിലും ജലശേഷി നിശ്ചയിക്കുന്നതിനായി സ്കെയിലുകൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ കുളങ്ങളിൽ സ്കെയിലുകൾ സ്ഥാപിച്ചു. ഈ പ്രവർത്തനം സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു.
11. **പാറമടകളെ ജലസ്രോതസ്സുകളാക്കി മാറ്റൽ**-വേനൽക്കാലത്തെ ജലക്ഷാമം നേരിടുന്നതിനായി പാറമടകളിലെ ജലം ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിനുള്ള പ്രവർത്തനം നടപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, മലപ്പുറം ജില്ലകളിലെ പാറമടകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## കൊല്ലം ജില്ലയിലെ പച്ച വിദ്യാലയം പദ്ധതി

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി കൊല്ലം ജില്ലയിലെ സ്കൂളുകളിൽ ആരംഭിച്ച പദ്ധതിയാണ് 'പച്ചവിദ്യാലയം'. പദ്ധതിയുടെ ഭാഗമായി ജലസംരക്ഷണ പ്രവർത്തനങ്ങൾ, ശാസ്ത്രീയമായ മാലിന്യ സംസ്കരണം, ഗ്രീൻ പ്രോട്ടോക്കോൾ എന്നിവ സ്കൂളുകളിൽ നടപ്പാക്കിത്തുടങ്ങി. ജൈവ മാലിന്യ



സംസ്കരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുക, പ്ലാസ്റ്റിക്കും മറ്റ് പാഴ്വസ്തു ക്കളും ശേഖരിക്കുന്നതിനായി പ്രത്യേകം ബിന്നുകൾ സ്ഥാപിക്കുക, ഉപയോഗം കഴിഞ്ഞ പേനകൾ ക്ലാസ്മുറികളിൽ വച്ചിരിക്കുന്ന ബിന്നുകളിൽ നിക്ഷേപിക്കുക, കിണർ റീച്ചാർജ്ജിംഗ് നടത്തുക, പരമാവധി ലഭ്യമായ ഇടങ്ങളിൽ കൃഷിയും പൂന്തോ ട്ടവും ഒരുക്കുക, ഡിസ്പോസബിൾ ഗ്ലാസ്സുകളും പാത്രങ്ങളും ഒഴിവാക്കുക, ഭക്ഷ ണവും കുടിവെള്ളവും സ്റ്റീൽ പാത്രങ്ങളിൽ കൊണ്ടുവരിക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. കൊല്ലം ജില്ലയിലെ പ്രാക്കുളം എൻ.എസ്.എസ് സ്കൂളി ലാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്. തുടർന്ന് മറ്റ് സ്കൂളുകളും പദ്ധതി വിജയകര മായി നടത്തിവരുന്നു.

## കാട്ടാക്കടയിലെ എല്ലാ സ്കൂളുകളും ഹരിത വിദ്യാലയങ്ങളായി

ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന വെള്ളം, വൃത്തി, വിളവ് എന്നീ ആശയങ്ങളിലധിഷ്ഠിതമായ ഹരിതവിദ്യാലയമെന്ന ലക്ഷ്യം കാട്ടാക്കട നിയോജക മണ്ഡലത്തിലെ എല്ലാ സ്കൂളുകളും കൈവരിച്ചു. ഇതോടെ മുഴുവൻ സ്കൂളുകളും ഹരിത വിദ്യാലയങ്ങളാകുന്ന സംസ്ഥാനത്തെ ആദ്യ നിയോജക മണ്ഡലമെന്ന ഖ്യാതിയും കാട്ടാക്കട നേടി. കൃഷി വകുപ്പ് മന്ത്രി ശ്രീ. വി.എസ്.സുനിൽകുമാർ 2018 ലെ കേരളപ്പിറവി ദിനത്തിൽ കാട്ടാക്കട മണ്ഡലത്തിനു കീഴിലെ സ്കൂളുകളെ ഹരി തവിദ്യാലയങ്ങളായി പ്രഖ്യാപിച്ചു. കൃഷി പുതുതലമുറയ്ക്ക് ആവേശമായി മാറണ മെന്നും കേരളത്തിന്റെ കാർഷിക സംസ്കാരം തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങ



ളിൽ വിദ്യാർത്ഥികൾ മുൻകൈയെടുക്കണമെന്നും മന്ത്രി പറഞ്ഞു. പേയാട് സെന്റ് സേവിയേഴ്സ് സ്കൂളിൽ നടന്ന ഹരിത വിദ്യാലയ പ്രഖ്യാപന ചടങ്ങിൽ ഐ.ബി. സതീഷ് എം.എൽ.എ. അധ്യക്ഷനായിരുന്നു.

## കോട്ടയ്ക്കൽ പച്ചപ്പള്ളിക്കൂടം പദ്ധതി

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ നഗരസഭാ പരിധിയിലെ എല്ലാ എൽ.പി. സ്കൂളുകളെയും സമ്പൂർണ്ണ ഹരിത വിദ്യാലയങ്ങളാക്കി മാറ്റുന്ന പച്ചപ്പള്ളിക്കൂടം പദ്ധതി വിജയത്തിലേക്ക്. ഹരിതകേരളം മിഷനും നഗരസഭയും ചേർന്നാണ് പദ്ധതി ആരംഭിച്ചത്. പരിസ്ഥിതി, ശുചിത്വം, ജലസംരക്ഷണം തുടങ്ങി മൂന്നു മേഖലകളിൽ ആധുനികവും ഗുണമേന്മയുള്ളതുമായ പദ്ധതികൾ നടപ്പാക്കിയാണ് പൊതുവിദ്യാലയങ്ങളെ ഹരിതവിദ്യാലയങ്ങളാക്കി മാറ്റുന്നത്. ഇതിനാവശ്യമായ സാങ്കേതിക സഹായം ഹരിതകേരളം മിഷനും സാമ്പത്തിക സഹായം നഗരസഭയും നൽകും. പദ്ധതിയുടെ മേൽനോട്ടത്തിനായി സ്കൂൾ തലത്തിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## ഹരിത സ്പർശത്തിനായി ഞാനും എന്റെ വിദ്യാലയവും

വിദ്യാർത്ഥികളിൽ മാലിന്യ പരിപാലനം സംബന്ധിച്ച അവബോധം വളർത്തുക, പാഴ്‌വസ്തുക്കളുടെ ശാസ്ത്രീയ പുനചംക്രമണം സാധ്യമാക്കുക, പ്രളയാനന്തര പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സമാഹരണം നടത്തുക എന്നീ



ലക്ഷ്യങ്ങളോടെ കാസർഗോഡ് ജില്ലയിലെ വിദ്യാലയങ്ങളിൽ ഹരിതകേരളം ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പരിപാടിയാണ് 'ഹരിതസ്പർശത്തിനായി ഞാനും എന്റെ വിദ്യാലയവും'. പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾ സ്കൂൾ കാമ്പസ് വൃത്തിയാക്കുന്നതിൽ സജീവമായി പങ്കാളികളായി. വിദ്യാർത്ഥികൾ അതാതു പ്രദേശങ്ങളിലെ വീടുകളിൽ നിന്നും ശേഖരിച്ച വില്പന മൂല്യമുള്ള പാഴ്വസ്തുക്കൾ വിറ്റുകിട്ടിയ തുക പ്രളയാനന്തര കേരള പുനർ നിർമ്മാണത്തിനായി നൽകി. നിരവധി സ്കൂളുകൾ ഇപ്രകാരം സമാഹരിച്ച തുക ജില്ലാ കളക്ടർക്ക് നേരിട്ട് കൈമാറുകയോ സി.എം.ഡി.ആർ.എഫ്. അക്കൗണ്ടിൽ നിക്ഷേപിക്കുകയോ ആണ് ചെയ്തത്. പരിപാടിയിൽ തദ്ദേശീയരുടെയും നിരവധി സന്നദ്ധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സഹകരണം ലഭിച്ചു. അധ്യാപകരും, പി.ടി.എ.കളും സജീവമായിരുന്നു.

## ഹരിതകേരളം മിഷന് യു.എൻ. സഹകരണം

ഹരിതകേരളം പദ്ധതിയുമായി സഹകരിക്കാൻ സന്നദ്ധമാണെന്ന് ഐക്യരാഷ്ട്രസഭ അധികൃതർ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ അറിയിച്ചു. യു.എൻ.ഇ.പി. റീജണൽ ഡയറക്ടർ ആന്റ് റെപ്രസെന്റേറ്റീവ് ഫോർ ഏഷ്യ ആന്റ് ദി പെസഫിക് ഡെച്ചൻസെറിങ്, എറിക്സോൽ ഹോം, സ്പെഷ്യൽ അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ മിച്ചിക്കോ ഒക്കുമുറ, യു.എൻ.ഇ.പി. ഇന്ത്യൻ മേധാവി അതുൽ ബഗായ് എന്നി



വർ തൃശൂർ രാമനിലയത്തിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനുമായി നടത്തിയ ചർച്ചയിലാണ് ഇക്കാര്യം അറിയിച്ചത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും പുഴസംരക്ഷണ പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് സംസ്ഥാന സർക്കാരുമായി സഹകരിച്ച് കൂടുതൽ പ്രവർത്തനം നടത്താൻ ഒരുക്കമാണെന്ന് യു.എൻ. പ്രതിനിധി സംഘം മുഖ്യമന്ത്രിയെ അറിയിച്ചത്. ഓർഗാനിക് ഫാമിംഗ്, ലിക്വഡ് വേസ്റ്റ് മാനേജ്മെന്റ്, വേസ്റ്റ് മാനേജ്മെന്റ്, പ്ലാസ്റ്റിക് റീസൈക്ലിംഗ് തുടങ്ങിയവ സംബന്ധിച്ച സാങ്കേതിക സഹായവും യു.എൻ. നൽകും.

# 4
# ശുചിത്വ – മാലിന്യ സംസ്കരണ ഉപമിഷൻ

പുതിയ നഗര ഖര-മാലിന്യ സംസ്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക, ഉത്തരവാദിത്ത മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ ഏറ്റെടുത്തിട്ടുള്ളത്. ശുചിത്വമിഷനാണ് ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നത്.

കേരള സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും രോഗാതുരതയിൽ കുറവു വരുത്തി പൊതുജനാരോഗ്യം മെച്ചപ്പെടുത്തുകയും പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളുമായി ചേർന്ന് ഹരിതകേരളം മിഷൻ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ശുചിത്വമിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, ക്ലീൻ കേരള കമ്പനി, തൊഴിലുറപ്പ് മിഷൻ, കുടുംബശ്രീ എന്നീ ഏജൻസികളേയും ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ



സംഘടനകൾ, റീ-സൈക്ലിംഗ് ഏജൻസികൾ, സ്ക്രാപ് മർച്ചന്റ് അസോസിയേഷൻ തുടങ്ങിയ സംഘടനകളേയും ഈ രംഗത്തെ പ്രവർത്തനങ്ങളിൽ ഏകോപിപ്പിച്ചു കൊണ്ട് പ്രവർത്തിച്ചുവരുന്നു. ഉറവിട മാലിന്യ സംസ്കരണം ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയാണ് ഹരിതകേരളം മിഷൻ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഇതുവരെ നടന്ന പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

## ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ

ജൈവ മാലിന്യ സംസ്കരണത്തിനായി 30.19 ലക്ഷം വീടുകളിലും 31075 സ്ഥാപനങ്ങളിലും 2117 സാമൂഹ്യതലത്തിലുമുള്ള കമ്പോസ്റ്റിംഗ് സംവിധാനം പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമേ 84,218 വീടുകളിലും 1320 സ്ഥാപനങ്ങളിലും 97 സാമൂഹ്യ തലത്തിലും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കപ്പെട്ടു. ഇവയിലൂടെ പ്രതിദിനം സംസ്ഥാനത്തുണ്ടാകുന്ന 6435 ടൺ ജൈവ മാലിന്യത്തിന്റെ 45%



(പ്രതിദിനം 3537.69 ടൺ ജൈവ മാലിന്യം) സംസ്കരിച്ചു വരുന്നു. കൂടുതൽ വിവരങ്ങൾ അനുബന്ധം (1) ൽ നൽകിയിട്ടുണ്ട്.

## ഹരിതകർമ്മസേന

സംസ്ഥാനത്തെ 1032 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന രൂപീകരണം സാധ്യമായി. 27159 അംഗങ്ങൾക്ക് പരിശീലനം ലഭ്യമാക്കി. 546 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചു. കുന്ദംകുളം, വടകര, ചാലിയാർ, കരുളായി, തളിപ്പറമ്പ തുടങ്ങിയ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഹരിത കർമ്മസേനയ്ക്ക് ആകർഷകമായ മാസ വരുമാനം ലഭിച്ചു തുടങ്ങി. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (2) ൽ നൽകിയിട്ടുണ്ട്.



## മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.)

ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യം താൽക്കാലികമായി സംഭരിക്കുന്നതിന് 448 എം.സി.എഫുകളുടെ നിർമ്മാണം പൂർത്തിയായി. ഇതിൽ



നാളിതുവരെ 430 എം.സി.എഫുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 144 എണ്ണം നിർമ്മാണ ഘട്ടത്തിലാണ്. പ്രാദേശികമായ എതിർപ്പുകൾ, സ്ഥലം ലഭിക്കാത്തത് തുടങ്ങിയ കാരണങ്ങൾ എം.സി.എഫ്. ആരംഭിക്കാൻ കഴിയാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇനിയുമുണ്ട്. ജില്ലകളിലെ എം.സി.എഫ്. സ്ഥാപന പുരോഗതി അനുബന്ധം (3) ൽ നൽകിയിട്ടുണ്ട്.

## റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.)

എം.സി.എഫിൽനിന്നും തരം തിരിച്ച് എത്തുന്ന പാഴ്‌വസ്തുക്കൾ ഷ്രെഡ്ഡിംഗ്/ബെയിലിംഗ് നടത്തി പുനഃചംക്രമണ വ്യവസായികൾക്കോ, ക്ലീൻകേരള കമ്പനി വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റോഡ് ടാറിംഗിനോ കൈമാറുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന് ബ്ലോക്ക്/നഗരസഭാ അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ സ്ഥാപിച്ചു വരുന്നു. നാളിതുവരെ ആകെ 263 ആർ.ആർ. എഫുകളാണ് സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ ആവശ്യമുള്ളത്. നാളിതുവരെ 99 എണ്ണം പ്രവർത്തനം ആരംഭിച്ചു. 78 എണ്ണം നിർമ്മാണ ഘട്ടത്തിലാണ്. 82 ആർ.ആർ. എഫുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ആർ.ആർ.എഫ്. ജില്ല തിരിച്ചുള്ള പുരോഗതി അനുബന്ധം (4) ൽ നൽകിയിട്ടുണ്ട്.




## ഹരിത സഹായ സ്ഥാപനങ്ങൾ

കേരള സർക്കാരിന്റെ 15.07.2017-ലെ 2420/2017/ത.സ്വ.ഭ.വ. നമ്പരായുള്ള ഉത്തരവനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിന് രൂപീകരിക്കാൻ നിർദ്ദേശിച്ചിരുന്ന ഹരിതസഹായ സ്ഥാപനങ്ങളെ ശുചിത്വ-മാലിന്യ ഉപമിഷനായ ശുചിത്വ മിഷന്റെ സഹായത്തോടെ തെരഞ്ഞെടുക്കുകയും 2018 ഏപ്രിൽ 26, 27 തീയതി

കളിൽ പരിശീലനം നൽകുകയും ചെയ്തു. 37 ഹരിതസഹായ സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഹരിതസഹായ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം (5) ൽ നൽകിയിട്ടുണ്ട്.

## പൊടിച്ച പ്ലാസ്റ്റിക് - റോഡ് ടാറിംഗ്

ആർ.ആർ.എഫിൽ സംഭരിക്കുന്ന 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് പൊടിച്ച് റോഡ് ടാറിംഗിന് ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഇതുവരെ റോഡ് ടാറിംഗിന് 4,54,025.41 കി.ഗ്രാം പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ സാധ്യതകൾക്ക് അനുസരിച്ച് പ്രയോജനപ്പെടുത്തിയിട്ടില്ല. ഇതിന്റെ വിനിയോഗം നിരന്തരം വിലയിരുത്തുന്നതിനായി പ്രത്യേക മോണിട്ടറിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.



## ഹരിതചട്ടം (Green Protocol)

'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന സന്ദേശം ഓരോ വ്യക്തിയിലും സമൂഹത്തിലും ഉറപ്പാക്കുന്നതിനുള്ള ശക്തമായ ഉപാധിയാണ് ഗ്രീൻ പ്രോട്ടോക്കോൾ. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുക, അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിച്ച് ശാസ്ത്രീയമായ രീതിയിലുള്ള സംസ്കരണം ഉറപ്പാക്കുക, മാലിന്യ ഉല്പാദനത്തിൽ കുറവ് വരുത്തുന്നതിനായി അജൈവ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുനഃചംക്രമണം പ്രോത്സാഹിപ്പിക്കുക എന്നിവ ജനജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ ഗ്രീൻ പ്രോട്ടോക്കോൾ പ്രയോജനപ്പെടുന്നു. ഉത്സവങ്ങൾ, ആഘോഷങ്ങൾ, വിവാഹങ്ങൾ, മതപരമായ ചടങ്ങുകൾ, രാഷ്ട്രീയ പാർട്ടികളുടേയും സംഘടനകളുടേയും സമ്മേളങ്ങൾ എന്നിവയെല്ലാം തന്നെ ഹരിതചട്ടം അനുസരിച്ച് നടപ്പിലാക്കാൻ ഫലപ്രദമായ ഇടപെടലുകൾ നടത്തി. സംസ്ഥാനത്തെ 145 സംസ്ഥാന ഓഫീസുകളിലും 1114 ജില്ലാതല ഓഫീസുകളിലും സംസ്ഥാനതലത്തിൽ നടന്ന 22 വലിയ ചടങ്ങുകളിലും ജില്ലാത



ലത്തിൽ നടന്ന 160 വലിയ ചടങ്ങുകളിലും ഹരിതചട്ടം പാലിച്ചിട്ടുണ്ട്. ഹരിതചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളിലും നോഡൽ ഓഫീസർമാർക്ക് ചുമതല നിശ്ചയിച്ച് നൽകുകയും ഓരോ ഓഫീസിലും 3 അംഗങ്ങൾ ഉള്ള കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും 1486 ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തു. കൂടാതെ സർവ്വീസ് സംഘടനയുടെ പങ്കാളിത്തവും പിന്തുണയും ഉറപ്പാക്കാൻ സംഘടനാ നേതാക്കളുടെ യോഗം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഗ്രീൻ പ്രോട്ടോക്കോൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (6) ൽ നൽകിയിട്ടുണ്ട്.

## പ്ലാസ്റ്റിക് ബദൽ ഉല്പന്നങ്ങൾ

പ്ലാസ്റ്റിക് ബദൽ ഉല്പന്നങ്ങളായ കയർ, കളിമൺ, പാള, ചിരട്ട, പേപ്പർ, മുള, ഈർക്കിൽ, തുണി തുടങ്ങിയവ കൊണ്ടുള്ള ഉല്പന്നങ്ങൾ വ്യാപകമാക്കുന്നു. ഇത്തരത്തിൽ 386 നിർമ്മാണ യൂണിറ്റുകളിലായി 2382 കുടുംബശ്രീ സംരംഭകർ പ്രവർത്തിക്കുന്നു. ബദൽ ഉല്പന്നങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം (7) ൽ നൽകിയിട്ടുണ്ട്.

## പാഴ്‌വസ്തു വ്യാപാരികളുടെ രജിസ്ട്രേഷൻ

കേരളത്തിലെ പാഴ്‌വസ്തു വ്യാപാരികളെ മാലിന്യ സംസ്കരണ ശൃംഖലയിലേക്ക് ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കേരള സ്ക്രാപ് മർച്ചന്റ്സ് അസോസിയേഷൻ കണ്ണൂർ, വയനാട്, മലപ്പുറം, ജില്ലകളിൽ സജീവ പങ്കാളിത്തം വഹിക്കുന്നു. സ്ക്രാപ് ഷോപ്പുകളുടെ പ്രവർത്തനം ശാസ്ത്രീയമാക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡും ഹരിതകേരളം മിഷനും സംയുക്തമായി പഠനം നടത്തിവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്ക്രാപ് ഷോപ്പുകൾക്ക് പ്രോട്ടോക്കോൾ, ലൈസൻസ് തുടങ്ങിയവ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.

പാഴ്‌വസ്തു വ്യാപാരികളെ ഔപചാരിക ധാരയിലെത്തിക്കുവാനും മാലിന്യ സംസ്കരണ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും ശുചിത്വമിഷൻ രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചു. നാളിതുവരെ 2350 പാഴ്‌വസ്തു വ്യാപാരികൾ രജിസ്റ്റർ ചെയ്യപ്പെട്ടു.

## ഖര-മാലിന്യ പരിപാലന കർമ്മപദ്ധതി

ഒരു വർഷത്തിനകം 93 നഗരസഭകളിലും ഖര-മാലിന്യ പരിപാലന ചട്ടം പൂർണ്ണമായും നടപ്പിലാക്കുന്നതിന് കരട് കർമ്മ പദ്ധതി ശുചിത്വമിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. നഗരസഭകൾ ഇവ പരിശോധിച്ച് മാറ്റം വരുത്തി കൗൺസിലുക ളുടെ അംഗീകാരത്തോടെ മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. 40 നഗരസഭകൾ അംഗീകരിച്ച കർമ്മപദ്ധതി മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

82 നഗരസഭകളിലെ ഖര-മാലിന്യ സംസ്കരണത്തിനുള്ള 295.09 കോടി അടങ്കലുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിച്ച പ്രകാരം സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ അനുമതി ലഭ്യമായി. അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാനായി 57 നഗരസഭകൾക്ക് 37.47 കോടി രൂപ വിത രണം ചെയ്തു.

## സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്

സംസ്ഥാനത്തെ 17 നഗരസഭകളിലെ തെരഞ്ഞെടുക്കപ്പെട്ട 170 വാർഡുകളിലെ മാലിന്യ പരിപാലനം 100 ശതമാനം ഉറപ്പാക്കുന്ന സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതി യ്ക്ക് തുടക്കം കുറിച്ചു. രണ്ട് നഗരസഭകൾ (ചിറ്റൂർ-തത്തമംഗലം, മട്ടന്നൂർ) ഇതിനോ ടകം സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ടായി സ്വയം പ്രഖ്യാപിച്ചു. മറ്റ് നഗരസഭകളും സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് ആയി പ്രഖ്യാപനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## ഇ-വേസ്റ്റ്, കുപ്പി, ചില്ല്

15674.80 ടൺ ഇ-വേസ്റ്റ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ക്ലീൻ കേരള കമ്പനി ശേഖരിച്ച് സംസ്കരണത്തിന് അയച്ചു. ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (8) ൽ ചേർത്തിട്ടുണ്ട്. അതോടൊപ്പം 20 ടൺ കുപ്പിയും ചില്ലും ക്ലീൻ കേരള കമ്പനി ശേഖരിച്ച് സംസ്കരണത്തിന് അയച്ചു.

## ദ്രവമാലിന്യ പരിപാലനം

സ്വീവേജ്/സെപ്ടേജ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ജർമ്മൻ വിദഗ്ധ ഏജൻസിയായ GIZ സഹായത്തോടെ മാർഗ്ഗനിർദ്ദേശ രേഖ തയ്യാറാക്കിയിട്ടുണ്ട്. കരട് നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. കൊച്ചിയിലുള്ള ബ്രഹ്മപുരം സെപ്ടേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ മാതൃകയിൽ പ്രതിദിനം 100 കിലോ ലിറ്റർ സെപ് റ്റേജ് സംസ്കരിക്കാവുന്ന പ്ലാന്റ് എറണാകുളം വെല്ലിംഗ്ടൺ ഐലന്റിൽ 2018-ൽ പ്രവർത്തനം ആരംഭിച്ചു. ബ്രഹ്മപുരം സെപ്സ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ പ്രവർത്തി പരിപാലനത്തിന് വേണ്ട സാമ്പത്തിക സഹായം നൽകിവരുന്നു.

എല്ലാ ജില്ലകളിലും ഒരു ആശുപത്രി തെരഞ്ഞെടുത്ത് സ്വീവേജ് സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശുചിത്വമിഷൻ ആരംഭിച്ചിട്ടുണ്ട്. അമൃത് പദ്ധതിയുടെ ഭാഗമായി കണ്ണൂർ, തൃശൂർ, കൊല്ലം, കോഴിക്കോട് കോർപ്പ റേഷനുകളിലും ഗുരുവായൂർ നഗരസഭയിലുമായി ആകെ പ്രതിദിനം 900 കിലോലിറ്റർ

സെപ്റ്റേജ് സംസ്കരിക്കാവുന്ന പ്ലാന്റുകളുടെ ഡി.പി.ആറിന് സാങ്കേതിക അനുമതി ലഭ്യമാക്കി.

തിരുവനന്തപുരം മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സംസ്കരണശേഷി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീവേജ് നെറ്റ്വർക്ക് ഇടാത്ത സ്ഥലങ്ങളിൽനിന്നും സെപ്റ്റേജ് മാലിന്യം ശേഖരിച്ച് എത്തിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം പൂർത്തീകരിച്ച് തിരുവനന്തപുരം നഗരസഭ പ്രവർത്തനക്ഷമമാക്കി.

ആലപ്പുഴ കനാലുകളുടെ നവീകരണത്തിന്റെ ഭാഗമായുള്ള പൈലറ്റ് പദ്ധതിയിൽ കനാലിന്റെ ഇരുവശവുമുള്ള വീടുകളിൽ നിന്നുള്ള മലിനജലം സംസ്കരിക്കുന്നതിനു വേണ്ടി വികേന്ദ്രീകൃത മാതൃകയിൽ 140 കെ.എൽ.ഡി., 150 കെ.എൽഡി. സംസ്കരണ ശേഷിയുള്ള രണ്ടു സ്വീവേജ് ട്രീറ്റ്മെന്റ് പദ്ധതികൾക്ക് അനുമതി ലഭ്യമാക്കി. ഇതിൽ 140 കെ.എൽ.ഡി. സംസ്കരണ ശേഷിയുള്ള പ്ലാന്റിന്റെ പണി 80 ശതമാനത്തേക്കാളും പൂർത്തിയാക്കിയിട്ടുണ്ട്.

സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്ക് സ്ഥലം ലഭിക്കാൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ കിലയുടെ കൊട്ടാരക്കരയിലേയും തളിപ്പറമ്പിലേയും എക്സ്റ്റൻഷൻ സെന്ററുകളിൽ മാതൃകാ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനായി കിലയും ശുചിത്വ മിഷനും ചേർന്ന് പദ്ധതി തയ്യാറാക്കി വരുന്നു.

## മാലിന്യ സംസ്കരണവും നിയമ നടപടിയും

കേരളത്തിലെ മാലിന്യ സംസ്കരണം സുസ്ഥിരമാക്കുന്നതിന് കർശന നിയമ നടപടി അനിവാര്യമാണ്. ഇക്കാര്യത്തിൽ ഒരു ഏകോപിത പ്രവർത്തനം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചു. മാലിന്യ സംസ്കരണത്തിൽ നിയമ നടപടി സ്വീകരിക്കാൻ ചുമതലപ്പെട്ട മലിനീകരണ നിയന്ത്രണ ബോർഡ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, ഗ്രാമ-നഗരാസൂത്രണ വകുപ്പ്, പോലീസ് വകുപ്പ് എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ തുടക്കമെന്ന നിലയ്ക്ക് ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലയും തുടർന്ന് നഗരസഭാ അധികൃതർക്ക് റീജിയണൽ അടിസ്ഥാനത്തിലും ഗ്രാമപഞ്ചായത്ത് അധികൃതർക്ക് ജില്ലാ അടിസ്ഥാനത്തിലും പരിശീലന ശില്പശാലയും നടത്തി. ഇതിന്റെ തുടർച്ചയായി നിലവിലുള്ള എല്ലാ നിയമങ്ങളും ചട്ടങ്ങളും ഉൾപ്പെടുത്തി ഹരിത നിയമങ്ങൾ എന്ന പുസ്തകം ഹരിത കേരളം മിഷൻ പ്രസിദ്ധീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വിപുലമായി ഹരിതനിയമ സാക്ഷരതാ പരിപാടിക്ക് തുടക്കം കുറിച്ചു.






## വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അണിനിരത്തി വ്യാപകമായ ബഹുജന പങ്കാളിത്തത്തോടെ 2018 മെയ് 25 മുതൽ 27 വരെ തീയതികളിൽ വിപുലമായ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. വാർഡുതല ശുചിത്വ ആരോഗ്യ സമിതികൾ വിപുലീകരിച്ച് ജനപങ്കാളിത്തത്തോടെ കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ശുചീകരണ പരിപാടി ഏറ്റെടുക്കുകയും ചെയ്തു. ശുചീകരണ പ്രവർത്തനത്തോടനുബന്ധിച്ച് ശേഖരിച്ച ജൈവ മാലിന്യങ്ങൾ പ്രാദേശികമായിത്തന്നെ സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെയും കേരള സ്ക്രാപ് മർച്ചന്റ്സ് അസോസിയേഷന്റെയും നേതൃത്വത്തിൽ സംസ്കരണത്തിന് കൈമാറുകയും ചെയ്തു.



അജൈവ മാലിന്യം ശേഖരിക്കുന്നതിനും അവ കൃത്യമായി റീസൈക്കിൾ ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളായ കേരള സ്ക്രാപ് മർച്ചന്റ്സ് അസോസിയേഷൻ, പ്ലാസ്റ്റിക് റീസൈക്ലിംഗ് ഇൻഡസ്ട്രീസ് അസോസിയേഷൻ, പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസോസിയേഷൻ എന്നീ സംഘടനകളുമായി സംയുക്ത പ്രവർത്തനങ്ങളും ആരംഭിക്കാൻ കഴിഞ്ഞു.

### ജാഗ്രതോത്സവം – 2018

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നതിനും കുട്ടികളിലൂടെ അതിന്റെ പ്രാധാന്യം മുതിർന്നവരിൽ എത്തിക്കുന്നതിനും ജാഗ്രതോത്സവം നടത്തി. വേനൽ അവധിക്കാലത്ത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ

ഭാഗമായാണ് ജാഗ്രതോത്സവം നടത്തിയത്. കൊതുകുകളുടെ ലോകം, എലിവാഴും കാലം എന്നിങ്ങനെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി, ഉറവിടത്തിൽ തന്നെ മാലിന്യം തരം തിരിക്കുന്നതിന്റെ പ്രസക്തി മനസ്സിലാക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പരിപാടിയായിട്ടാണ് ഇത് നടപ്പാക്കിയത്. കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ 2018 മെയ് മാസം 15,600 വാർഡുകളിൽ നടത്തിയ ജാഗ്രതോത്സവത്തിൽ 4,01,238



കുട്ടികളാണ് പങ്കെടുത്തത്.

പൊതു വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംഘടിപ്പിച്ച ഹരിതോത്സവത്തിലും മാലിന്യ സംസ്കരണ ശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. കൂടാതെ സ്കൂൾ അസംബ്ലികൾ ചേർന്ന് മാലിന്യം തരം തിരിക്കലിന്റെ പ്രാധാന്യം പ്രധാന സന്ദേശമായി നൽകി സ്വന്തം വീട്ടിലും അയൽപക്ക വീടുകളിലും തീവ്രശുചീകരണ പരിപാടിയുടെ സന്ദേശം എത്തിക്കുന്നതിനും കഴിഞ്ഞു.

മാർക്കറ്റുകൾ, പൊതു സ്ഥലങ്ങൾ, നീർച്ചാലുകൾ, നിലവിൽ മാലിന്യ കൂനകളായി മാറിയ സ്ഥലങ്ങൾ എന്നിവ കണ്ടെത്തി ഇവിടങ്ങളിൽ അടിഞ്ഞു കൂടിയിട്ടുള്ള മാലിന്യം നീക്കം ചെയ്യുന്നതിനും മാലിന്യ സംസ്കരണത്തിന് സ്ഥിരം സംവിധാനം ഉണ്ടാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ശുചീകരണത്തിന്റെയും മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുന്നതിന്റെയും പ്രാധാന്യം പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതോടൊപ്പം ഹരിതചട്ട പാലനം ജനകീയമാക്കുന്നതിനും നിയമ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനും ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ, സന്നദ്ധ സംഘങ്ങൾ, യുവജന സംഘടനകൾ, വ്യാപാരി-വ്യവസായി സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുമായി ചേർന്ന് ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, തൊഴിലുറപ്പ് മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ 2018 ഒക്ടോബർ 2 ന് സെമിനാറുകൾ നടത്തി.

# മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ മാതൃകകൾ

## കണ്ണൂർ ജില്ലയിലെ കോളയാട്ട് പഞ്ചായത്തിൽ ബോട്ടിൽ ബൂത്തുകൾ

കാട്ടുപാതകളിൽ ഉൾപ്പെടെ പ്ലാസ്റ്റിക് കൂമ്പാരം കാണപ്പെട്ടപ്പോൾ കോളയാട്ട് ഗ്രാമപഞ്ചായത്ത് ഇവയെല്ലാം സമ്പത്താക്കി മാറ്റുന്നതിന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു. ഈ ബൂത്തുവഴി ചില്ല്/പ്ലാസ്റ്റിക് കുപ്പികൾ എന്നിവ ശേഖരിക്കുകയാണ്. ഇതിനകം 25000/- രൂപ വിലയുള്ള പ്ലാസ്റ്റിക്കുകളാണ് ഗ്രാമപഞ്ചായത്തിന് വരുമാനമായി ലഭിച്ചിട്ടുള്ളത്. ഗ്രീൻപ്രോട്ടോക്കോൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 'മാലിന്യമില്ലാത്ത മംഗല്യം' എന്ന പദ്ധതി നടപ്പിലാക്കി രാജ്യാന്തര തലത്തിൽ ഈ ഗ്രാമപഞ്ചായത്ത് ശ്രദ്ധ നേടിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോൾ 5 ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണമെന്ന് നിബന്ധന വച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിൽ ജനിക്കുന്ന കുട്ടികൾ അവരോടുള്ള സ്നേഹത്തിന്റെ പ്രതീകമായി അവരുടെ വീട്ടിൽ ഒരു പ്ലാവ് മരം എത്തിച്ച് എല്ലാവരും ചേർന്ന് അത് നട്ടുപിടിപ്പിക്കുന്നു. കുട്ടി വളരുമ്പോൾ കുട്ടിയെക്കൂടി പരിചരണങ്ങളിൽ പങ്കാളിയാക്കി പരിസ്ഥിതിയോടുള്ള സ്നേഹം വളർത്താൻ സാധിക്കുന്നു.

## തളിപ്പറമ്പ് നഗരസഭ – മാലിന്യ സംസ്കരണത്തിന് ഡിജിറ്റൽ സാങ്കേതികവിദ്യ

നഗരപരിധിയിലെ മുഴുവൻ വീടുകൾക്കും സ്ഥാപനങ്ങൾക്കും സർവേ നടത്തി ക്യൂ.ആർ.കോഡ് നൽകി മാലിന്യ ശേഖരണം നടത്തുന്ന നഗരസഭയാണ് തളിപ്പറമ്പ. ഹരിതകർമ്മസേന വീടുകളിൽ എത്തിയാലുടൻ ക്യു.ആർ.കോഡ് സ്കാൻ ചെയ്ത് ഡാറ്റ ലഭ്യമാക്കും. വീട്ടിൽനിന്നും ശേഖരിക്കുന്ന മാലിന്യത്തിന്റെ തൂക്കവും ഈടാക്കുന്ന യൂസർഫീസും ഈ ഡാറ്റയിൽ ഹരിതകർമ്മസേന അടയാളപ്പെടുത്തുന്നു. വീട്ടുകാരുടെ സഹകരണ മനോഭാവവും വീട്ടുകാർക്കുള്ള പ്രതികരണവും ഈ ആപ്പിൽ രേഖപ്പെടുത്തുകയാണ്. ഹരിതകർമ്മസേനയ്ക്ക് ലഭിക്കുന്ന യൂസർഫീ രേഖപ്പെടുത്തുമ്പോൾ വീട്ടുടമയുടെ മൊബൈലിൽ കൺഫർമേഷൻ മെസേജ് ലഭിക്കും.

ഹരിതകർമ്മസേന അടുത്ത ദിവസം എത്തുന്ന വീടുകളിലെ ഉടമസ്ഥരുടെ ഫോണുകളിലേയ്ക്ക് മുൻകൂട്ടി മെസേജ് അയച്ച് അവിടെനിന്നും ശേഖരിക്കുന്ന വസ്തുക്കൾ എന്താണെന്ന് അറിയിക്കും. പെട്ടെന്ന് നീക്കം ചെയ്യേണ്ട മാലിന്യങ്ങൾ മാറ്റുന്നതിന് ഹരിത കർമ്മസേനയെ അറിയിക്കാനും ഈ സാങ്കേതിക വിദ്യയിൽ വ്യവസ്ഥയുണ്ട്.

## ക്ലീൻ ചാലിയാർ

മലപ്പുറം ജില്ലയിലെ ചാലിയാറിനെ മാലിന്യ വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2018 ജനുവരി 1 ന് ആരംഭിച്ച ക്ലീൻ ചാലിയാർ പദ്ധതി വിജയകരമായി മുന്നേറുന്നു. അജൈവ മാലിന്യങ്ങൾ വീടുകളിൽനിന്നും ശേഖരിച്ച് മെറ്റീരിയൽ

കളക്ഷൻ ഫെസിലിറ്റി സെന്ററിൽ എത്തിച്ച് തരംതിരിച്ച് സംസ്കരണ കേന്ദ്രങ്ങ ളിലേയ്ക്ക് അയയ്ക്കുന്ന പ്രവൃത്തിയാണ് നടക്കുന്നത്. കടകളിലും വീടുകളിലും നിന്നും കൃത്യമായി യൂസർഫീ പിരിച്ച് നടത്തുന്ന ഈ പദ്ധതി ലാഭകരമായാണ് നടത്തുന്നത്. കഴിഞ്ഞ ഒരു വർഷം ചാലിയാർ ഗ്രാമപഞ്ചായത്തിൽനിന്നും 185 ടൺ അജൈവ മാലിന്യങ്ങൾ കയറ്റി അയച്ചിട്ടുണ്ട്. ഇതിലൂടെ വീടുകളിലും സ്ഥാപനങ്ങ



ളിലും പൊതു സ്ഥലങ്ങളിലും അടിഞ്ഞുകൂടിയിരുന്ന എല്ലാ പാഴ്വസ്തുക്കളും നീക്കം ചെയ്തതിലൂടെ പരിസര മലിനീകരണം കുറയ്ക്കുന്നതിനും പകർച്ചവ്യാധി പടരുന്നത് തടയാനും ചാലിയാർ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

## തൂവൂർ പഞ്ചായത്തിന്റെ ഗ്രാമജ്യോതി ഖര-മാലിന്യ സംസ്കരണ പദ്ധതി

മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനുള്ള വിവര വിജ്ഞാന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിയാണ് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഹരിത കർമ്മസേന മുഖേന എല്ലാ വീടുക ളിലും സ്ഥാപനങ്ങളിൽനിന്നും അജൈവ മാലിന്യം ശേഖരിച്ച് പാഴ്വസ്തു വ്യാപാ രികളുമായി കരാറിൽ ഏർപ്പെട്ട് ഇവ വിറ്റഴിക്കുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്യുന്നത്. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി തരം തിരിച്ച് നൽകിയാണ് ലാഭകരമായ പ്രവൃത്തി നടത്തിക്കൊണ്ടിരിക്കുന്നത്. മാലിന്യ നിർമ്മാർജ്ജന സാക്ഷരത എന്ന പൊതുബോധം ഉണ്ടാക്കുന്നതിനും തൊഴിലുറപ്പ് തൊഴിലാളികൾ, ആശാ വർക്കർമാർ, ക്ലബ്ബുകൾ, എൻ.എസ്.എസ്. പ്രവർത്തകർ, മറ്റ് സംഘടനകൾ എന്നിവരെയും ഗ്രാമപഞ്ചായത്തിന്റെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയാണ്.

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ മേഖലയിൽ നടത്തുന്ന ശ്രദ്ധേ യമായ പ്രവർത്തനങ്ങൾ നോക്കിക്കാണുന്നതിനും പഠന വിധേയമാക്കുന്നതിനു ഇതിനകം 40-ഓളം ഗ്രാമപഞ്ചായത്തുകളും സ്കൂളുകളും മറ്റ് സ്ഥാപനങ്ങളും സന്ദർശനം നടത്തി. ഗ്രാമപഞ്ചായത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാതെ എം.സി.എഫിനായി വാടകയ്ക്ക് സ്ഥലമെടുത്താണ് ഈ നേട്ടം കൈവരിച്ചത്.

## സീറോ വേസ്റ്റ് ഓൺഗ്രൗണ്ട്, മട്ടന്നൂർ നഗരസഭ

കണ്ണൂർ ജില്ലയിൽ മട്ടന്നൂർ നഗരസഭയിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം പ്രദേശത്തെ മണ്ണും വായുവും നദിയും തോടുകളും ശുചിയായി സൂക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് എന്ന പദ്ധതി മട്ടന്നൂർ നഗരസഭയിൽ നടപ്പിലാക്കി വരുന്നത്. എല്ലാ വീടുകളിലും മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കാനും ജൈവ മാലിന്യങ്ങൾ സംസ്കരിക്കാനും സംവിധാനമൊരുക്കുകയും അജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും എം.സി.എഫുകളിൽ എത്തിക്കുകയും തോടുകളും ജലാശയങ്ങളും സംരക്ഷിക്കുകയും സ്ഥാപനങ്ങളിൽ ഹരിത പ്രോട്ടോക്കോൾ നടപ്പിലാക്കുകയും ചെയ്തു.

ഈ പ്രവർത്തനങ്ങൾ വാർഡ് സാനിട്ടേഷൻ കമ്മിറ്റികളെ ശക്തമാക്കി. വർദ്ധിച്ച ബഹുജന പങ്കാളിത്തത്തോടെ പൊതു ശുചീകരണം ശക്തമാക്കി. കുടുംബശ്രീ പ്രവർത്തകരുടെ പങ്കാളിത്തത്തോടെ വാർഡുകളിൽ ശുചിത്വ സന്ദേശമെത്തിച്ചു. മാലിന്യങ്ങൾ കത്തിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകൾ ജനങ്ങളെ ബോധ്യപ്പെടുത്തി. ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കി. വാർഡ് ജാഗ്രതാ സമിതികൾ രൂപീകരിച്ച് മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. പൊതു ഇടങ്ങളിൽ മാലിന്യം തള്ളുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടു വരുന്നതിന് ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നൈറ്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. കടകളിൽ വ്യാപക റെയ്ഡും പിഴ ചുമത്തലും വഴി പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിച്ചു. പ്ലാസ്റ്റിക് കത്തിക്കുന്നവരെ കണ്ടെത്തി പിഴ ചുമത്തുന്നു. എൻ.എസ്.എസ്./എൻ.സി.സി./സ്കൗട്ട് പ്രവർത്തകരുടെ സേവനം പ്രചാരണ പ്രവർത്തന ങ്ങൾക്ക് വിനിയോഗിക്കുന്നു. 5000-ത്തിലേറെ വീടുകളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റും 600 വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചു. കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വിന്റോ കമ്പോസ്റ്റിംഗ് യൂണിറ്റ് ഫലപ്രദമായി പ്രവർത്തിപ്പിച്ചു. നിർമ്മിക്കുന്ന ജൈവവളം കാർഷിക ആവശ്യത്തിനായി ഉപയോഗിക്കുന്നു. ഇവിടെ പൂന്തോട്ടവും പച്ചക്കറി കൃഷിയും ഉണ്ട്. എം.സി.എഫും ആർ.ആർ.എഫും നല്ല നിലയിൽ പ്രവർത്തിക്കുന്നു.

## ശുചിത്വ മാലിന്യ സംസ്കരണം - കൊല്ലം ജില്ല

ഹരിതകേരളം മിഷന്റെ ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കൊല്ലംജില്ലയിൽ 35% വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഒരുക്കിയിട്ടുണ്ട്. 27 പൊതു മാലിന്യ സംസ്കരണ ഉപാധികൾ, 3797 ബയോഗ്യാസ് യൂണിറ്റുകൾ, 9609 കമ്പോസ്റ്റിംഗ് യൂണിറ്റ് തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം നൂറ് ശതമാനം വീടുകളിലും ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കുകയാണ് ലക്ഷ്യം. അജൈവ മാലിന്യ ശേഖരണത്തിനായി 52 ഗ്രാമപഞ്ചായത്തുകളിലും 3 നഗരസഭകളിലും കൊല്ലം കോർപ്പറേഷനിലും ഹരിത കർമ്മസേനയെ സജ്ജമാക്കിയിട്ടുണ്ട്. ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യം തരം തിരിച്ച് സൂക്ഷിക്കുന്നതിനായി 43 തദ്ദേശ സ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് മാലിന്യം സംസ്കരിക്കുന്നതിനായി 12 റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കുകയും 30 ടണ്ണോളം പ്ലാസ്റ്റിക്ക് റോഡ് ടാറിംഗിനായി ക്ലീൻ കേരള കമ്പനി മുഖേന കൈമാറു

കയും ചെയ്തിട്ടുണ്ട്. കട്ടികൂടീയ പ്ലാസ്റ്റിക്ക് ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനായി പ്ലാസ്റ്റിക്ക് റീസൈക്ലിംഗ് യൂണിറ്റിനും/സ്ക്രാപ്പ് മെർച്ചന്റ്സിനും കൈമാറുന്നു. 10 ടണ്ണോളം ഇലക്ട്രോണിക് വേസ്റ്റ്, 5 ടൺ ട്യൂബ് ലൈറ്റ്, 7 ടൺ ചില്ലുകുപ്പി വേസ്റ്റ് തുടങ്ങിയവ ശേഖരിച്ച് സംസ്കരിക്കുന്നതിനായി ക്ലീൻകേരള കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. ജില്ലയിലെ മികച്ച റിസോഴ്സ് റിക്കവറി സെന്റർ പ്രവർത്തിക്കുന്നത് പുനലൂർ നഗരസഭയിലും ചവറ ബ്ലോക്കിലെ ചവറ ഗ്രാമപഞ്ചായത്തിലുമാണ്.

## ഇടുക്കി ജില്ല- കുമളി ഗ്രാമപ്പഞ്ചായത്ത്

ഹരിതകേരളത്തിലേക്കുള്ള പ്രയാണത്തിൽ ഒത്തുചേരാൻ കുമളി ഗ്രാമപ്പഞ്ചായത്തും. മാലിന്യ സംസ്കരണമെന്ന സാമൂഹിക പ്രശ്നത്തിൽ ഇടപെട്ട് നല്ല നിലയിൽ പരിഹരിച്ചാണ് ഇടുക്കി ജില്ലാ ഹരിതകേരളം മിഷനും കുമളി ഗ്രാമപ്പഞ്ചായത്തും മാതൃക കാട്ടുന്നത്. ലോകപ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ തേക്കടിയുൾപ്പെടുന്ന കുമളി ഗ്രാമപ്പഞ്ചായത്തിന് മാലിന്യസംസ്കരണം എന്നും വെല്ലുവിളിയായിരുന്നു. ശബരിമലയുടെ ഇടത്താവളമായ ഇവിടെ മണ്ഡലകാലത്ത് മാലിന്യം സങ്കീർണമായ പ്രശ്നമായിരുന്നു. ജില്ലാ ഹരിതകേരളം മിഷന്റെ നിശ്ചയദാർഢ്യത്തോടെയുള്ള ഇടപെടലിൽ കുമളി ഇന്ന് മാലിന്യ സംസ്കരണത്തിൽ അനുകരണീയ മാതൃകയായിരിക്കുന്നു. ദിവസവും നിശ്ചിത ഇടവേളകളിൽ തരംതിരിച്ചുള്ള ജൈവ-അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ആത്മാർപ്പണത്തോടെ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനയും കൃത്യമായി മേൽനോട്ടം വഹിക്കുന്ന ഗ്രാമപ്പഞ്ചായത്തും ശരിയായ ട്രാക്കിലെത്തിയത്  ഹരിതകേരളം ജില്ലാ മിഷന്റെ ഇടപെടലിന്റെ ഫലമായാണ്.

വർഷങ്ങൾക്കു മുമ്പ് പഞ്ചായത്തിനെ മാലിന്യ മുക്തമാക്കാൻ ആരംഭിച്ച 'ക്ലീൻ കുമളി ഗ്രീൻ കുമളി' പദ്ധതി എങ്ങുമെത്താതെ മരവിച്ചു കിടക്കുകയായിരുന്നു. കുമളിയിലെ  മാലിന്യ സംസ്കരണ കേന്ദ്രത്തിൽ രൂപം കൊണ്ട മാലിന്യമല പത്രങ്ങളിൽ നിറഞ്ഞ വാർത്തയായിരുന്നു മിക്ക ദിവസങ്ങളിലും. അതിനിടെ 2018 ഓഗസ്റ്റ് 18 ന് അതിശക്തമായ കാല വർഷത്തിലും ഉരുൾപൊട്ടലിലുമായി മാലിന്യമല  ഇടിഞ്ഞു വീണുണ്ടായ കൃഷിനാശവും മറ്റും വലിയ വിവാദവും വാർത്തയുമായി. ഇതേ തുടർന്നുണ്ടായ പ്രതിസന്ധിയാണ് കുമളിയുടെ മാലിന്യ പ്രശ്നത്തിൽ ഹരിതകേരളം മിഷന്റെ ഇടപെടൽ അനിവാര്യമാക്കിയത്. സംസ്ഥാന-ജില്ലാ ഹരിതകേരളം മിഷനുകളുടെ അതിശക്തമായ ഇടപെടലിലൂടെ മാലിന്യമല നീക്കം ചെയ്യാൻ സർക്കാരിൽ നിന്നും 1.71 കോടി രൂപ അനുവദിപ്പിക്കാനായി. മാലിന്യം നീക്കാനുള്ള നടപടികൾ ഊർജിതമായി മുന്നേറുകയാണ്. മൺസൂണിന് മുമ്പ് മാലിന്യം ഫലപ്രദമായി സംസ്കരിക്കാനാകുമെന്നാണ് കരുതുന്നത്. മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിന് ജില്ലാ ഹരിതകേരളം ഒരു റിസോഴ്സ് പേഴ്സനെ പ്രത്യേകം ചുമതല നൽകി കുമളിയിൽ നിയോഗിച്ചിട്ടുണ്ട്. 2018 ഒക്ടോബർ 2 ന് കുമളിയെ ഹരിത പ്രോട്ടോക്കോൾ ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കാനായത് മിഷന്റെ ഇടപെടലിന്റെ മുഖ്യ നേട്ടമായി.

മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ജൈവം, അജൈവം, മറ്റുള്ളവ എന്ന രീതിയിൽ തരംതിരിച്ചാണ് ശേഖരിക്കുന്നത്. ഹോട്ടലുകൾ, റിസോട്ടുകൾ, ഹോംസ്റ്റേ, ടെക്സ്റ്റൈൽസ്, തട്ടുകട, മറ്റ് വ്യാപാരികൾ എന്നിങ്ങനെ ഗ്രൂപ്പുകളായി

തിരിച്ച് വിപുലമായ ബോധവൽക്കരണ പരിപാടികൾ നടത്തി. കൂടാതെ എല്ലാ സ്കൂളുകളിലും ബോധവൽക്കരണം സംഘടിപ്പിച്ചു. 42 ഓളം ക്ലാസ്സുകളാണ് നടത്തിയത്. ഏറ്റവും അധികം മാലിന്യ പ്രശ്നമുള്ള റോസാപ്പൂക്കണ്ടം ഭാഗത്ത് റസിഡന്റ്സ് അസോസിയേഷനുകൾ രൂപീകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. കോഴിക്കോട് നിറവ് സംഘടനയുടെ സഹായവും ഇക്കാര്യത്തിൽ ലഭ്യമാക്കാനായി. കൂടാതെ പ്രധാന കുടിവെള്ള സ്രോതസ്സായ കുമളി അട്ടപ്പള്ളം തോട് പുനരുജ്ജീവന പദ്ധതിയും തുടങ്ങി. അതിന്റെ ഭാഗമായി ജനുവരി 9 ന് പുഴ നടത്തം സംഘടിപ്പിച്ചു.

ഏകദേശം 12 കിലോ മീറ്റർ ദൂരമുള്ള പുഴയിൽ സംഘടിപ്പിച്ച പരിപാടി വൻ വിജയമായിരുന്നു. നൂറുകണക്കിനാളുകൾ പുഴ നടത്തത്തിൽ ഭാഗഭാക്കായി. തുടർന്ന് ജനുവരി 26, 27 തീയതികളിൽ റോസാപ്പൂക്കണ്ടം കേന്ദ്രീകരിച്ച് ഓടകളും തോടുകളും ടാങ്കറുകളിൽ വെള്ളം എത്തിച്ച് കഴുകി വൃത്തിയാക്കി. ഈ പ്രവർത്തനങ്ങൾക്ക് തേക്കടി പെരിയാർ ടൈഗർ റിസർവിന്റെ സാമ്പത്തിക സഹായവും സഹകരണവും നല്ല നിലയിലുണ്ടായി.

പ്രതിദിനം 2500 കിലോ ജൈവ മാലിന്യമാണ് തരംതരിച്ച് ഇവിടെ ലഭ്യമാകുന്നത്. പ്ലാസ്റ്റിക് തരംതിരിച്ച് സൂക്ഷിക്കുന്നു. ഇതിന്റെ ഒരു ഭാഗം പ്ലാസ്റ്റിക്ക് പൊടിച്ച് ടാറിംഗിന് ഉപയോഗിക്കുന്നു. ഇതുവരെ 3000 കിലോഗ്രാം ടാറിംഗിന് നൽകി. പഞ്ചായത്തിലെ വെർമി കമ്പോസ്റ്റ് യൂണിറ്റിൽ നിന്നും 2018 ഡിസംബർ മുതൽ 2300 കിലോ ഗ്രാം കമ്പോസ്റ്റ് വളം വിൽപന നടത്തി. കുമളി ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'ക്ലീൻ കുമളി ഗ്രീൻ കുമളി' സൊസൈറ്റിക്കാണ് മാലിന്യ സംസ്കരണത്തിന്റെ ചുമതല. സൊസൈറ്റിയിലെ അംഗങ്ങളാണ് ഹരിത കർമ്മസേനയായി പ്രവർത്തിക്കുന്നത്.

മാലിന്യ സംസ്കരണം വിജയകരമായി നടത്തുന്നതിന് വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നും നിശ്ചിത നിരക്കിൽ യൂസർ ഫീ ഈടാക്കുന്നു. പ്രതിമാസം 1,10,000 രൂപ യൂസർ ഫീ ഇനത്തിൽ ലഭിക്കുന്നു. മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന്റെ ഭാഗമായുള്ള നിരന്തര പരിശോധനകളും രാത്രി കാല വാഹന പട്രോളിംഗ് നടന്നുവരുന്നു.

കുമളിയിലെ മാലിന്യ സംസ്കരണ യൂണിറ്റിനെ ഹരിതകേരളം വിഭാവനം ചെയ്യുന്ന വിധത്തിൽ സ്വയംപര്യാപ്ത തൊഴിൽ സംരംഭമായി വികസിപ്പിച്ചെടുക്കാനുള്ള പ്രയത്നമാണ് ഇനി ജില്ലാ മിഷൻ ലക്ഷ്യമിടുന്നത്. 42 ഓളം ഹരിതകർമ്മസേനാ അംഗങ്ങളുടെ ജീവിതം സുസ്ഥിരമായി കരുപ്പിടിപ്പിക്കുന്നതിനൊപ്പം കുമളിയുടെ മാലിന്യ പ്രശ്നത്തെ ശാശ്വതമായി പരിഹരിച്ച് സാക്ഷരകേരളത്തിന്റെ ഹരിത കേരളത്തിലേക്കുള്ള പ്രയാണത്തിൽ പങ്കാളിയാകാമെന്നുമാണ് കരുതുന്നത്.

## മാലിന്യ സംസ്കരണത്തിന്റെ കടത്തനാടൻ പെരുമ

ജനകീയ പങ്കാളിത്തത്തിന് മാതൃകാപരമായ ചരിത്രം സൃഷ്ടിച്ചുകൊണ്ട് മാലിന്യ സംസ്കരണത്തിന് മാതൃകയുമായാണ് കടത്തനാടൻ പെരുമയുള്ള വടകര നഗരസഭ. വാർഡ് തലങ്ങളിൽ മൊത്തം വീടുകളെ 40 വീതമുള്ള ക്ലസ്റ്ററുകളാക്കി തിരിച്ച് ഓരോ ക്ലസ്റ്ററിനും ക്ലസ്റ്റർ ലീഡർ 5 പേരുള്ള ശുചിത്വസേന വാർഡ്തല പ്രവർത്തന ഏകോപനത്തിന് ഗ്രീൻ വാർഡ് ലീഡർ, മുനിസിപ്പൽതല മോണിറ്ററിംഗ് സമിതി തുടങ്ങിയ ജനകീയ സംഘടനാ കരുത്താണ് പദ്ധതിയുടെ വിജയത്തിന് ആക്കം കൂട്ടുന്നത്.

കുടുംബശ്രീയുടെ 'ഹരിയാലി ഹരിത കർമ്മസേന'യാണ് അജൈവ മാലിന്യ ശേഖരണ പ്രവർത്തനങ്ങൾക്കും മറ്റ് അനുബന്ധ സംരംഭങ്ങൾക്കും നേതൃത്വം നൽകുന്നത്. 2018 ജനുവരി 1 ന് ആരംഭിച്ച പാഴ്‌വസ്തു ശേഖരണങ്ങളിലൂടെ 121.4 ടൺ ചില്ലു കുപ്പികൾ, 17.65 ടൺ പ്ലാസ്റ്റിക് ബോട്ടിലുകൾ, 19.25 ടൺ പ്ലാസ്റ്റിക് കവറുകൾ, 5.35 ടൺ ഇ-മാലിന്യങ്ങൾ, 15.35 ടൺ കാർഡ് ബോർഡ്, 1.15 ടൺ ടിന്നുകൾ, 7.16 ടൺ പേപ്പറുകൾ, 60896 തുണികൾ എന്നിവ റീസൈക്ലിങ്ങിനായി അയയ്ക്കുകയും ഇതുവഴി 722289 രൂപയുടെ വരുമാനം ഹരിത കർമ്മസേനയ്ക്ക് ലഭിക്കുകയുമുണ്ടായി. ഇതോടൊപ്പം തന്നെ 2018 വർഷത്തിൽ യൂസർഫീയായി 6569092 രൂപയും അനുബന്ധ സംരംഭങ്ങളിലൂടെ വരുമാനം 3.5 ലക്ഷം ഉൾപ്പെടെ ഹരിത കർമ്മസേനയുടെ ടേൺ ഓവർ 7641381 രൂപയാണ്. ഹരിത കർമ്മസേനാംഗങ്ങളുടെ ശമ്പളം ഉൾപ്പെടെ വിവിധ ഇനങ്ങളിലായി 7,142,832 രൂപയുടെ ചെലവും ഹരിത കർമ്മസേനയ്ക്ക് ഉണ്ടായിട്ടുണ്ട്.

കഴിഞ്ഞ 15 മാസങ്ങളായി പ്രവർത്തിക്കുന്ന ഹരിത കർമ്മസേനാംഗങ്ങൾക്ക് 8000 രൂപ മാസശമ്പളത്തിന് പുറമേ ബോണസ്, ഇൻഷ്വറൻസ്, ഇൻസെന്റീവ് തുടങ്ങിയ മറ്റ് ആനുകൂല്യങ്ങൾ നൽകി വരുന്നതോടൊപ്പം സാമ്പത്തിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി പരിസ്ഥിതി സൗഹൃദ ഉല്പന്ന നിർമ്മാണ യൂണിറ്റ്, റിപ്പയർ & സ്വാപ് ഷോപ്പ്, ജൈവ മാലിന്യ സംസ്കരണ ഉപാധികളുടെ വിൽപ്പന കേന്ദ്രം, സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ് വാടകയ്ക്ക് കൊടുക്കുന്ന റെന്റ് ഷോപ്പ്, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിത കർമ്മ സേനാംഗങ്ങൾക്കും മറ്റും പരിശീലനം നൽകുന്ന ഗ്രീൻ ടെക്നോളജി തുടങ്ങിയ അനുബന്ധ സംരംഭങ്ങളും ആരംഭിച്ചു കഴിഞ്ഞു.

നഗരസഭാ കൗൺസിലറിന്റെയും, ഉദ്യോഗസ്ഥരുടെയും ഹരിതകർമ്മ സേനാംഗങ്ങളുടേയും കഠിന പ്രവർത്തനമാണ് മാലിന്യ സംസ്കരണത്തിന് മാതൃകയാവാൻ നഗര സഭയ്ക്ക് കഴിഞ്ഞത്. ഹരിതകേരളം മിഷൻ, കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ തുടങ്ങിയ സർക്കാർ സംവിധാനങ്ങളുടെ അകമഴിഞ്ഞ പിന്തുണ പ്രവർത്തനങ്ങൾക്ക് കരുത്തേകി.

മലിനീകരണ നിയന്ത്രണ ബോർഡ് അവാർഡ്, നബാർഡ് മലയാള മനോരമ ജല പുരസ്കാരം, ജനപങ്കാളിത്തത്തോടെയുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള ജില്ലാ ഭരണകൂടത്തിന്റെ പുരസ്കാരം, ഇന്നവേറ്റീവ് ഉല്പ്പന്നത്തിനുള്ള ഒഡീഷ സർക്കാരിന്റെ അവാർഡ്, ഹരിത കർമ്മസേനയെ ഹരിത സഹായ സ്ഥാപനമാക്കി മാറ്റിയ ഹരിതകേരളം മിഷന്റെ ഉത്തരവ് എന്നിവ ചുരുങ്ങിയ കാലത്തെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരങ്ങളിൽ ചിലത് മാത്രം.

## മലപ്പുറം ജില്ല

| | |
|---|---|
| കരുളായി ഗ്രാമ പഞ്ചായത്ത് | ജില്ലയിൽ ആദ്യമായി MCF സ്ഥാപിച്ച ഗ്രാമ പഞ്ചായത്ത്. സംസ്ഥാന തലത്തിൽ ഹരിത കർമസേന രൂപീകരിക്കുന്നതിനു മുൻപേ ശുചിത്വസേന രൂപീകരിച്ചിരുന്നു. 15 സ്ഥിരം തൊഴിലാളികളുമായി ഹരിത കർമസേന പ്രവർത്തിക്കുന്നു. അജൈവ മാലിന്യത്തെ 52 തരത്തിലായി വർഗീകരിക്കുന്നു. |
| തുവ്വൂർ ഗ്രാമ പഞ്ചായത്ത് | സംസ്ഥാനത്താദ്യമായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടു കോർപ്പറേറ്റു കമ്പനി (ACC CEMENT, COIMBATORE) യുമായി കരാറുണ്ടാക്കിയ ആദ്യ ഗ്രാമ പഞ്ചായത്ത്. 6500 വീടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കുന്നു. അമ്പതോളം തരത്തിൽ അജൈവ മാലിന്യം തരംതിരിക്കുന്നു. 25 ലക്ഷത്തോളം പ്ലാസ്റ്റിക് കവർ വിപണനം ചെയ്തു. 2 ലോഡ് മാലിന്യം ACC യിലേക്ക് കയറ്റി അയച്ചു. പ്രവർത്തനം പഠിക്കാനായി അമ്പത്തി ഏഴോളം പഞ്ചായത്തുകൾ സന്ദർശനം നടത്തി. |
| ചാലിയാർ ഗ്രാമപഞ്ചായത്ത് | 2018 ജൂൺ മുതൽ സ്വയംപര്യാപ്തതയിൽ എത്തി. അജൈവ മാലിന്യം തരംതിരിക്കൽ നന്നായി ചെയ്യുന്നു. ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് എങ്ങനെ നല്ല എം.സി. എഫ്. സ്ഥാപിക്കാം എന്നതിന്റെ ഉദാഹരണം. യുസർ ഫീ ഇനത്തിൽ 9 ലക്ഷത്തോളം രൂപ ശേഖരിക്കാൻ കഴിഞ്ഞു. ഹരിത കർമസേന ഗ്രീൻ പ്രോട്ടോകോൾ പാലിച്ചു കൊണ്ടു ഇവന്റ് മാനേജ്മെന്റ് ആയി പ്രവർത്തിക്കുന്നു. വാണിജ്യ സ്ഥാപനങ്ങൾക്കു ലൈസൻസ് പുതുക്കാൻ മാലിന്യ സംസ്കരണ രസീത് നിർബ ന്ധമാക്കി. ഇതുവരെ 32 ലോഡ് മാലിന്യം കയറ്റി അയച്ചു. |
| മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് | പഞ്ചായത്ത് പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ ഹരിതസേനകൾ 8000 വീടുകളിൽ നിന്ന് പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ശേഖരിച്ച്, പ്ലാസ്റ്റിക് റീ സൈക്ലിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം നടത്തുന്നു. മാലിന്യ നിക്ഷേപ സ്ഥലത്തെ പൊതു വിനോദ പാർക്കായി പുനർ സൃഷ്ടിച്ചു. മാലിന്യം വലിച്ചെറിയുന്നത് തടയാനായി നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു. |
| മലപ്പുറം നഗരസഭ | അജൈവ മാലിന്യം സംസ്കരിക്കാനായി ഷ്രെഡിംഗ് മെഷീൻ, ബൈലിങ്ങ് യുണിറ്റ് എന്നിവ നഗരസഭാ ഓഫീസ് പരിസരത്ത് തന്നെ സ്ഥാപിച്ച് മറ്റുള്ളവർക്ക് മാതൃകയായി. 22 ടണ്ണോളം ഷ്രെഡഡ് പ്ലാസ്റ്റിക് 13.9കിലോമീറ്റർ റോഡ് ടാറിങ്ങിനു ഉപയോഗിച്ചു |

| | |
|---|---|
| പെരിന്തൽമണ്ണ നഗരസഭ | നഗരസഭയിലെ മാലിന്യ സംസ്കരണത്തിനായി ജീവനം എന്ന പദ്ധതി നടപ്പിലാക്കി യൂസർ ഫീ ഇനത്തിൽ 9 ലക്ഷം രൂപ വിറ്റുവരവ് ഉണ്ടാക്കാൻ കഴിഞ്ഞു. നഗരസഭയിലെ 90% വീടുകളും പദ്ധതിയിൽ അംഗമാണ്. കർശന ബോധവൽക്കരണവും ശിക്ഷാ നടപടികളിലൂടെയും പ്രവർത്തനം വിപുലീകരിക്കാൻ കഴിഞ്ഞു. സ്വന്തമായി R.R.F , M.C.F. സംവിധാനങ്ങൾ പ്രവർത്തിക്കുന്നു. |
| മങ്കടബ്ലോക്ക് പഞ്ചായത്ത് | ജില്ലയിൽ ആദ്യമായി M.C.F, നും R.R.F നും പുറമേ ഇ-വേസ്റ്റ് കളക്ഷൻ ഫെസിലിറ്റി യൂണിറ്റ് തുടങ്ങിയ തദ്ദേശ സ്വയം ഭരണ സ്ഥാപനം.350 കിലോയോളം ഷ്രെഡഡ് പ്ലാസ്റ്റിക് സപ്ലൈ ചെയ്തു. |

## തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

കേരളത്തിലെ ഏറ്റവും വലിയ മുനിസിപ്പൽ കോർപ്പറേഷനാണ് 100 വാർഡുകളും 214.86 ച.കി.മീറ്റർ വിസ്തൃതിയുമുള്ള തിരുവനന്തപുരം. സ്വച്ഛ്ഭാരത് മിഷൻ അംഗീകരിച്ച ഡി.പി.ആർ. പ്രകാരം 353 ടൺ മാലിന്യമാണ് തിരുവനന്തപുരം നഗരത്തിൽ പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്നത്. വിളപ്പിൽ ശാലയിലെ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് 2011 ഡിസംബർ 21 ാം തീയതി അടച്ചു പൂട്ടിയതിനുശേഷം വികേന്ദ്രീകൃത മാലിന്യ പരിപാലന സംവിധാനമാണ് തിരുവനന്തപുരം നഗരസഭ നടപ്പിലാക്കി വരുന്നത്. ഓവർഫ്ളോ വേസ്റ്റ് മാനേജ്മെന്റാണ് നഗരസഭാ പദ്ധതിയുടെ കാതൽ.

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം നഗരസഭ ഒരുക്കി നൽകുകയാണ് ചെയ്യുന്നത്. പൈപ്പ് കമ്പോസ്റ്റിംങ് സംവിധാനമാണ് നഗരസഭ ആദ്യം പ്രയോജനപ്പെടുത്തിയത്. 87000 പൈപ്പ് കമ്പോസ്റ്റിംങ് യൂണിറ്റുകൾ നഗരസഭാ സബ്സിഡിയോടുകൂടി വിതരണം ചെയ്തിട്ടുണ്ട്. പൈപ്പ് കമ്പോസ്റ്റിംങ് യൂണിറ്റുകളിലുണ്ടായിരുന്ന ചില സാങ്കേതിക പരിമിതികൾ മറികടക്കുന്നതിനുള്ള ഇടപെടലുകൾ നഗരസഭ നടത്തുകയുണ്ടായി. തുടർന്ന് കൂടുതൽ മെച്ചപ്പെട്ട എയ്റോബിക്ക് കമ്പോസ്റ്റിംങ് യൂണിറ്റായ കിച്ചൺ ബിന്നുകൾ പ്രയോജനപ്പെടുത്തി. നിലവിൽ തിരുവനന്തപുരം നഗരസഭ ഉറവിടമാലിന്യ പരിപാലന സംവിധാനം എന്ന നിലയിൽ ഉപയോഗിച്ച് വരുന്നത് ബയോകമ്പോസ്റ്റർ കിച്ചൺ ബിന്നുകളാണ്. നഗരസഭയുടെ മിനി പ്ലാന്റുകൾ എന്ന നിലയിൽ വിഭാവനം ചെയ്തിട്ടുള്ള ഈ ബിന്നുകൾ പൂർണ്ണമായും നഗരസഭയുടെ ചിലവിലാണ് സ്ഥാപിച്ചു നൽകുന്നത്. ഈ ബിന്നുകളുടെ ഉടമസ്ഥാവ കാശം നഗരസഭയ്ക്കായിരിക്കും. ബിന്നുകളുടെ പരിപാലനത്തിനായി നഗരസഭ അംഗീകൃത സേവനദാതാക്കളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വാർഷിക പദ്ധതി പ്രകാരം സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ച 15,833 ബയോകമ്പോസ്റ്ററുകളിൽ 8600 ബയോകമ്പോസ്റ്റർ യൂണിറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയാണ്. ഇതിനു പുറമേ 1,847 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും



നഗരസഭാ സബ്സിഡിയോടുകൂടി അനുവദിച്ചിട്ടുണ്ട്.

നഗരത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന മൊത്തം മാലിന്യത്തിന്റെ (353 ടൺ) ഏകദേശം 60 ശതമാനം ജൈവമാലിന്യമാണ്. അതായത് ഏകദേശം 210 ടൺ ഇതിൽ 126 ടണ്ണോളം ഗാർഹിക ജൈവമാലിന്യമാണ്. നഗരസഭ ഒരുക്കി നൽകിയിട്ടുള്ള ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങളിലൂടെ 80 മുതൽ 90 ടൺ വരെ ജൈവമാലിന്യം പ്രതിദിനം പരിപാലിക്കപ്പെടുന്നുണ്ട്. ബാക്കിയുള്ള ജൈവമാലിന്യം പരിപാലിക്കുന്നതിലേയ്ക്ക് കമ്മ്യൂണിറ്റി കമ്പോസ്റ്റിംങ് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

തുമ്പൂർമൂഴി മാതൃകയിലുള്ള എയ്റോബിക്ക് ബിന്നുകളാണ് കമ്മ്യൂണിറ്റി കമ്പോസ്റ്റിംങ് സംവിധാനമായി തിരുവനന്തപുരം നഗരസഭ പ്രധാനമായി പ്രയോജനപ്പെടുത്തുന്നത്. നിലവിൽ 44 കേന്ദ്രങ്ങളിലായി 358 എയ്റോബിക്ക് ബിന്നുകൾ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമേ തിരുവനന്തപുരം നഗരസഭ വികസിപ്പിച്ച പോർട്ടബിൾ എയ്റോബിക്ക് യൂണിറ്റുകൾ 153 എണ്ണവും പ്രവർത്തിക്കുന്നുണ്ട്. മാർക്കറ്റുകൾ, സ്കൂളുകൾ എന്നിവിടങ്ങളിലായി 23 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളും ഒരു റസിഡൻഷ്യൽ കോളനിയിൽ 2 ഓർഗാനിക്ക് വേസ്റ്റ് കൺവെർട്ടർ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. നിലവിലുള്ള കമ്മ്യൂണിറ്റി ഫെസിലിറ്റികളിലൂടെ പ്രതിദിനം ഏകദേശം 25 ടൺ ജൈവമാലിന്യം സംസ്ക്കരിക്കപ്പെടുന്നുണ്ട്.

ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി നടപ്പാക്കുന്നതിലൂടെ നഗരത്തിലെ മാലിന്യ ഉത്പാദനം ഗണ്യമായി കുറഞ്ഞു വരുന്നുണ്ട്. 2015 ലെ ആറ്റുകാൽ പൊങ്കാലയ്ക്ക് ശേഷം ഉണ്ടായ മാലിന്യത്തിന്റെ അളവ് 400 ടണ്ണിലധികമായിരുന്നു, 2016 മുതൽ പൊങ്കാല മഹോത്സവത്തിൽ ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കി തുടങ്ങിയതിന്റെ ഫലമായി മാലിന്യ ത്തിന്റെ അളവ് ക്രമമായി കുറഞ്ഞ് 2019 ലെ പൊങ്കാലയിൽ 65 ടണ്ണിലേയ്ക്കെത്തി.

പ്ലാസ്റ്റിക്ക്, നോൺവൂവൺ പോളിപ്രൊപ്പലീൻ ക്യാരിബാഗുകൾക്ക് നഗരസഭ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിസൗഹൃദ ബദലുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള യൂണിറ്റുകൾ നഗരസഭ നേരിട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തുണി/പേപ്പർബാഗ് യൂണിറ്റ്, കോട്ടൺ സാനിട്ടറി പാഡ് നിർമ്മാണ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

അജൈവ മാലിന്യങ്ങൾ തിരുവനന്തപുരം നഗരസഭ ശാസ്ത്രീയമായി തരം തിരിച്ചാണ് ശേഖരിക്കുന്നത്. ഇതിലേയ്ക്കായി നഗരസഭ അജൈവ മാലിന്യ ശേഖരണ കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അജൈവ മാലിന്യ ശേഖരണത്തിനായി 46 എം.സി.എഫുകൾ നഗരത്തിലെ വിവിധ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നു. രാവിലെ 5 മണി മുതൽ രാത്രി 9 മണിവരെയാണ് ഇവയുടെ പ്രവർത്തന സമയം. എം.സി.എഫുകൾ നിലവിലില്ലാത്ത സ്ഥലങ്ങളിലെ ജനങ്ങൾക്കായി സ്പെഷ്യൽ കളക്ഷൻ ഡ്രൈവുകൾ സംഘടിപ്പിച്ചു വരുന്നു. കഴിഞ്ഞ 3 വർഷങ്ങളിലായി 350 ടൺ പ്ലാസ്റ്റിക്ക്, 460 ടൺ ചില്ലു മാലിന്യം, 22 ടൺ ഇ-മാലിന്യം, 128 ടൺ പഴയ ചെരുപ്പും ബാഗും, 8 ടൺ റബ്ബർ മാലിന്യം, 5 ടൺ തുണി മാലിന്യം, 0.5 ടൺ മരുന്ന് സ്ട്രിപ്പുകൾ എന്നിവ ശേഖരിച്ച് പുനരുപയോഗത്തിനും പുന:ചംക്രമണത്തിനുമായി കൈമാറിയിട്ടുണ്ട്. നഗരസഭയുടെ 2 പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളിൽ ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്ക് റോഡ് ടാറിംഗിന് ഉപയോഗിച്ചു വരുന്നു.

നഗര പരിസ്ഥിതിയുടെ സംരക്ഷണത്തിലും നഗരത്തിലെ മാലിന്യ പരിപാലന പ്രവർത്തനങ്ങളിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി നഗരസഭ ഗ്രീൻ ആർമിക്ക് രൂപം നൽകിയിട്ടുണ്ട്. നിലവിൽ നഗരത്തിലെ 26 സ്കൂളുകളിൽ ഗ്രീൻ ആർമി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 2019-20 അദ്ധ്യയന വർഷത്തോടെ നഗരത്തിലെ മുഴുവൻ ഹൈസ്കൂളുകളിലും തിരഞ്ഞെടുക്കപ്പെട്ട കോളേജുകളിലും ഗ്രീൻ ആർമി യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നഗരത്തിലെ സന്നദ്ധ സംഘടനാ പ്രവർത്തകരും പരിസ്ഥിതി പ്രവർത്തകരുമാണ് ഗ്രീൻ ആർമിയുടെ മെന്റർമാർ.

തിരുവനന്തപുരം നഗരസഭയുടെ കമ്മ്യൂണിറ്റി ഫെസിലിറ്റികളുടെ സ്ഥാനം, പ്രവർത്തസമയം, അജൈവ മാലിന്യ ശേഖരണ കലണ്ടർ, സ്പെഷ്യൽ കളക്ഷൻ ഡ്രൈവുകൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ നഗരസഭയുടെ സ്മാർട്ട് ട്രിവാൻഡ്രം മൊബൈൽ ആപ്ലിക്കേഷനിൽ ലഭ്യമാണ്.



തിരുവനന്തപുരം നഗരസഭ തയ്യാറാക്കി സ്വച്ഛ് ഭാരത് മിഷൻ പദ്ധതി പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള 51,37,92,000 രൂപയുടെ ഡി.പി.ആർ. പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കുന്നതോടെ തിരുവനന്തപുരം നഗരത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മുഴുവൻ മാലിന്യവും ശാസ്ത്രീയമായും പ്രകൃതി സൗഹൃദമായും വികേന്ദ്രീകൃത മാർഗ്ഗങ്ങളിലൂടെ പരിപാലിക്കുന്നതിന് സാധിക്കും.

## പൊന്നാനി : ഹരിത ഭവനം

പൊന്നാനിയുടെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കാൻ നടപ്പാക്കിയ 'പൊന്നാര്യൻ കൊയ്യാം പൊന്നാനി' പദ്ധതിയുടെ തുടർച്ചയായാണ് നൂതന പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. 25 സെന്റ് സ്ഥലവും പുരയിടവുമാണ് അടിസ്ഥാന യോഗ്യത. ഇതിൽ ശാസ്ത്രീയമായ തെങ്ങിൻ തടം, മഴവെള്ള സംഭരണി എന്നിവയാണ് ഒരു ഘടകം. വളക്കുഴി, മാലിന്യ സംസ്കരണ ഉപാധികൾ എന്നിവ രണ്ടാമത്തെ ഘടകം. പത്തു സെന്റിൽ പച്ചക്കറി കൃഷി അല്ലെങ്കിൽ ടെറസ് കൃഷി, പശു, എരുമ, 2 ആട്, 30 കോഴി ഇവയിൽ ഏതെങ്കിലുമൊന്ന് വേണം. എൽ.ഇ.ഡി. ബൾബ്/സോളാർ ഒരു ഘടകമാണ്. ഇവയെല്ലാം ഉള്ള വീടുകളാണ് ഹരിത ഭവനമായി പ്രഖ്യാപിക്കുക. ഒന്നോ രണ്ടോ ഘടകങ്ങൾ കുറവുള്ളവയേയും പദ്ധതിയിൽ ഉൾപ്പെടുത്തും.

## പങ്കാളികളാകുന്ന ഏജൻസികളും വകുപ്പുകളും ശുചിത്വമിഷൻ

ഹരിതകേരളം മിഷനിലെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ നിർവഹണ ഏജൻസി ശുചിത്വമിഷനാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക പിന്തുണ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ശുചിത്വവും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നൽകുന്ന സാമ്പത്തിക പിന്തുണ ലഭ്യമാക്കുന്നതും ശുചിത്വമിഷൻ വഴിയാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്ന നടപടിയും ശുചിത്വമിഷൻ ചെയ്യുന്നുണ്ട്. ബഹുജന വിദ്യാഭ്യാസ പരിപാടി, ശുചീകരണ ക്യാമ്പയിനുകൾ, ഗ്രീൻപ്രോട്ടോക്കോൾ തുടങ്ങി വ്യത്യസ്ത പ്രവർത്തനങ്ങൾക്ക് നേതൃത്വവും നൽകുന്നു. 'സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്'- എന്ന പ്രവർത്തനാധിഷ്ഠിത കാമ്പയിൻ ഇതിനകം ശ്രദ്ധേയമായിട്ടുണ്ട്. വ്യത്യസ്ത മാധ്യമങ്ങൾ വഴി വിപുലമായ പ്രചരണ പരിപാടിയും ശുചിത്വമിഷൻ നടത്തിവരുന്നു. പ്രളയാനന്തര ശുചീകരണത്തിന് നേതൃത്വം നൽകി.

## ക്ലീൻ കേരള കമ്പനി

ശുചിത്വ-മാലിന്യ സംസ്കരണ പരിപാടിയിൽ അജൈവ മാലിന്യ സംസ്കരണത്തിന്റെ നേതൃത്വം ക്ലീൻകേരള കമ്പനി നിർവഹിക്കുന്നു. ആർ.ആർ.എഫുകളുടെ നടത്തിപ്പ് ചുമതല ക്ലീൻകേരള കമ്പനിയുടെ ചുമതലയാണ്. അപകടകരമായ

മാലിന്യങ്ങൾ, ഇ-വേസ്റ്റ്, കുപ്പി തുടങ്ങിയ മാലിന്യങ്ങളുടെ സമാഹരണത്തിനുള്ള ക്രമീകരണം ഉണ്ടാക്കിക്കഴിഞ്ഞു. ക്ലീൻ കേരള കമ്പനി പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രളയാനന്തര ശുചീകരണവുമായി ബന്ധപ്പെട്ട് അജൈവ മാലിന്യങ്ങൾ സമാഹരിച്ച് സമയബന്ധിതമായി സംസ്കരിക്കാൻ നേതൃത്വം നൽകി.

## മലിനീകരണ നിയന്ത്രണ ബോർഡ്

മാലിന്യ സംസ്കരണത്തിനുള്ള സാങ്കേതിക വശങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനൊപ്പം നിയമ നടപടികൾ സ്വീകരിക്കുന്നതിനും നേതൃത്വം നൽകുന്നു. ഇ-വേസ്റ്റ് കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച പരിശീലനങ്ങൾ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചും പരിശീലനങ്ങൾ തുടങ്ങിയവയ്ക്ക് നേതൃത്വം നൽകി. പ്രളയാനന്തര കാലഘട്ടത്തിൽ കുടിവെള്ള ഗുണനിലവാര പരിശോധനയ്ക്ക് നേതൃത്വം നൽകി. ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പഠനങ്ങൾ, ഇ.പി.ആർ. നടപ്പിലാക്കൽ എന്നീ പ്രവർത്തനങ്ങളുടേയും മുഖ്യ നേതൃത്വം മലിനീകരണ നിയന്ത്രണ ബോർഡിനാണ്.

## പോലീസ്

ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ നടപടികൾ സ്വീകരിക്കുന്നതിൽ സജീവമായി പ്രവർത്തിക്കുന്നു. ഇത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം ഡി.ജി.പി. പോലീസ് വകുപ്പിന് നൽകി. എസ്.പി.സി.യുടെ വാർഷിക പ്രവർത്തന കലണ്ടറിൽ ഒരു പ്രധാന ഘടകമായി ശുചിത്വ-മാലിന്യ സംസ്കരണം ഉൾപ്പെടുത്തി. നിയമ നടപടികളുമായി ബന്ധപ്പെട്ട പരിശീലനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നു. പോലീസ് സ്റ്റേഷനുകൾ മാലിന്യമുക്തമാക്കുന്ന തിനുള്ള നടപടികൾക്ക് പ്രത്യേക താൽപ്പര്യത്തോടെ മുന്നോട്ട് നീങ്ങുന്നു.

## തൊഴിലുറപ്പ് മിഷൻ

ഉറവിട മാലിന്യ സംസ്കരണ പരിപാടിയിൽ കമ്പോസ്റ്റ് പിറ്റ്, കമ്പോസ്റ്റ് യൂണിറ്റ്, സോക്കേജ് പിറ്റ് എന്നിവയുടെ നിർമ്മാണത്തിൽ തൊഴിലുറപ്പിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നു. ഇതിന് സഹായകമായ വിശദമായ മാർഗ്ഗരേഖ മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. കമ്പോസ്റ്റ് പിറ്റ് നിർമ്മാണം വിപുലമായ കാമ്പയിനായി ആരംഭിച്ചിട്ടുണ്ട്.

## കുടുംബശ്രീ മിഷൻ

ഉറവിട മാലിന്യ സംസ്കരണ സംവിധാനം, ബദൽ ഉല്പന്നങ്ങളുടെ നിർമ്മാണവും പ്രചാരണവും, ബഹുജന കാമ്പയിൻ, ബാലസഭാ കുട്ടികൾ വഴിയുള്ള പ്രചാരണം തുടങ്ങി വികേന്ദ്രീകൃത മാലിന്യ സംസ്കരണ പരിപാടിയിൽ മുഖ്യ ഏജൻസിയാണ് കുടുംബശ്രീ മിഷൻ. ഹരിത കർമ്മസേന ഏതാനും സ്ഥലങ്ങളിലൊഴികെ കുടുംബശ്രീയിൽ നിന്നാണ് സംരംഭകരായി മുന്നോട്ട് വന്നിട്ടുള്ളത്.

ഹരിത കർമ്മസേനയെ സംരംഭ ഗ്രൂപ്പാക്കി മാറ്റുന്നതിന് ശ്രമിച്ചുവരുന്നു. ബദൽ ഉല്പന്നങ്ങൾ നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനത്തിൽ സജീവമായി പ്രവർത്തിക്കുന്നു. ഗ്രീൻ പ്രോട്ടോക്കോൾ സേവനം നൽകുന്ന സംരംഭ ഗ്രൂപ്പുകളേയും രൂപീകരിക്കാൻ ശ്രമിക്കുന്നു. കുടുംബശ്രീ, ബാലസഭകൾ വഴി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കാമ്പയിൻ സംഘടിപ്പിക്കുന്നു. ഓരോ അയൽ ക്കൂട്ടത്തേയും മാലിന്യ രഹിത പ്രദേശമാക്കി മാറ്റുന്ന പ്രവർത്തനത്തിനായി ഹരിത അയൽക്കൂട്ട കാമ്പയിൻ പ്രവർത്തനങ്ങൾ ആരംഭിച്ചു.

## വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത്

വിജയകരമായ നിരവധി തുടർപ്രവൃത്തികളിലൂടെ എറണാകുളം ജില്ലയിൽ 'ഹരിത പഞ്ചായത്ത്' എന്ന ലക്ഷ്യത്തിലേക്ക് എത്തുകയാണ് കോതമംഗലം ബ്ലോക്ക് പഞ്ചായത്തിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്. 2018 ജൂലൈ ഒന്ന് മുതൽ 25 പേരടങ്ങുന്ന ഹരിത കർമ്മ സേന പ്രവർത്തനം ആരംഭിച്ചു. 200 ച. അടി വിസ്തീർണ്ണമുള്ള താത്കാലിക MCF പ്രവർത്തനം ആരംഭിച്ച്, പുതിയ 1200 ച. അടി വിസ്തീർണ്ണമുള്ള MCF ന്റെ പണി പൂർത്തീകരിച്ച് പ്രവർത്തനം വിപുലമാക്കി. നിലവിൽ പ്രതിമാസം ഏകദേശം 18,000 കിലോ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു.

പഞ്ചായത്തിലെ എല്ലാ വീടുകളിലും സ്പോൺസർഷിപ്പിലൂടെ തുണി സഞ്ചി, പഞ്ചായത്തിന്റെ ഭരണ നിയന്ത്രണത്തിൽ വരുന്ന അംഗൻവാടികൾ, സർക്കാർ ഓഫീസ് മുതലായ എല്ലാ സ്ഥാപനങ്ങളിലും ബയോ പോട്ടുകൾ, എല്ലാ അംഗൻവാടികളിലും സർക്കാർ സ്കൂളുകളിലും ഉച്ചഭക്ഷണത്തിന് സ്റ്റീൽപ്ലേറ്റുകൾ, പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലെ എല്ലാ പരിപാടികൾക്കും സ്റ്റീൽ പ്ലേറ്റും ഗ്ലാസ്സും എന്നിങ്ങനെ നിരവധി പ്രൊജക്ടുകളിലൂടെ പഞ്ചായത്തിലെ എല്ലാ പൊതു പരിപാടികളും ഹരിത പെരുമാറ്റചട്ടം പാലിച്ചു നടത്തുന്നു. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ബയോബിൻ സ്ഥാപിച്ച്, ഹരിതകർമ്മസേന മുഖേന മാലിന്യ നിർമ്മാർജ്ജനം പദ്ധതി ആരംഭിച്ചു.

2019 ജനുവരി മാസത്തിൽ മൂന്നു ദിവസങ്ങളിലായി എൻ.എസ്.എസ്. വിദ്യാർത്ഥി വാളന്റിയർമാരുടെയും പൊതു ജനങ്ങളുടെയും വിപുലമായ പങ്കാളിത്തത്തോടെ എല്ലാ റോഡുകളിലെയും പൊതു ഇടങ്ങളിലെയും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പാഴ്വസ്തു വ്യാപാരികൾക്ക് കൈമാറി. ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയായി മാറുന്ന വാരപ്പെട്ടി പഞ്ചായത്ത് വിപുലമായ പരിപാടികളോടെ 23/01/2019 ന് എം.പി., എം.എൽ.എ., എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഹരിതകേരളം മിഷൻ എക്സിക്യൂട്ടിവ് വൈസ് ചെയർപേഴ്സൺ 'ഹരിത പഞ്ചായത്തിലേക്ക്' എന്ന പ്രഖ്യാപനവും നടത്തി.

## പഞ്ചായത്ത്/നഗരസഭാ കാര്യവകുപ്പ്

പഞ്ചായത്ത്-നഗരകാര്യ വകുപ്പ് ശുചിത്വ-മാലിന്യ സംസ്കരണ പരിപാടി ത്രിതല പഞ്ചായത്ത്, നഗരസഭകളിൽ നടത്തുന്നതിനുള്ള ഏകോപനം നടത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിയമ നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ പിന്തുണയും മാർഗ്ഗനിർദ്ദേശവും നൽകുന്നു. നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകുന്നു. പ്രവർത്തന പുരോഗതി അവലോകനം ചെയ്യുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു.

## ഭക്ഷ്യ സുരക്ഷാ വകുപ്പ്

നിയമ നടപടി കർശനമാക്കുന്നതിന് ഹരിതകേരളം മിഷൻ ആരംഭിച്ചിരിക്കുന്ന ക്യാമ്പയിനിൽ സജീവ പങ്കാളിത്തം. പരിശീലനങ്ങൾ, നിയമ നടപടി സ്വീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. ഹരിത നിയമ വിദ്യാഭ്യാസ പരിപാടിയിൽ സജീവ പങ്കാളിത്തം.

## ആരോഗ്യ വകുപ്പ്

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ബഹുജന വിദ്യാഭ്യാസ പരിപാടിയിൽ, സജീവ പങ്കാളിത്തം. ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതിയിൽ വീഴ്ച വരുത്തുന്നവർക്ക് എതിരെ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പിന്തുണാ സംവിധാനമായി ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പകർച്ചവ്യാധി പ്രതിരോധവും മാലിന്യ സംസ്കരണവുമായി ബന്ധപ്പെടുത്തി മാലിന്യ സംസ്കരണ പരിപാടി സംബന്ധിച്ച ബഹുജന വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കുന്നു.

## ടൂറിസം വകുപ്പ്

വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചു. കുപ്പിവെള്ളം ഉപയോഗിക്കുന്നതിൽ മാറ്റം കണ്ടുവരുന്നു. ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി വരുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളെ സീറോ വേസ്റ്റിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തന പരിപാടിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.

## ഫിഷറീസ്

തീരദേശത്തെ പ്ലാസ്റ്റിക് മാലിന്യം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തീരദേശ യൂണിറ്റ് മത്സ്യബന്ധനത്തിന്റെ ഭാഗമായും കടലിൽ നിന്നും സമാഹരിക്കുന്ന പ്ലാസ്റ്റിക് സംസ്കരിക്കുന്നതിനുള്ള പ്രത്യേക പരിപാടിയ്ക്ക് രൂപം നൽകി. തീരദേശ ശുചിത്വം ഉറപ്പാക്കുന്നതിന് ശുചിത്വ സാഗര പരിപാടിക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു.

## കൃഷി വകുപ്പ്

ജൈവ മാലിന്യ സംസ്കരണം കൃഷിയുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഉല്പാദിപ്പിക്കുന്ന

ജൈവ വളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനും ഉറപ്പാക്കുന്നതിനുമുള്ള ക്രമീകരണം ഉണ്ടാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഉല്പാദിപ്പിക്കുന്ന ജൈവവളം കർഷകരിൽ എത്തിക്കുന്നതിനുള്ള പിന്തുണയും കൃഷി വകുപ്പിന്റെ ഭാഗത്തു നിന്നും ആരംഭിച്ചിട്ടുണ്ട്.

## വ്യവസായ വകുപ്പ്

റീ-സൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഈ രംഗത്തേയ്ക്ക് കൂടുതൽ സംരംഭകരെ കണ്ടെത്താനും പിന്തുണാ സംവിധാനങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

# 5

# ജലസംരക്ഷണ പ്രവർത്തനങ്ങൾ

വരും തലമുറയ്ക്കുകൂടി ജലസുരക്ഷ ഉറപ്പാക്കിക്കൊണ്ട് നമ്മുടെ ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കി, ജലസമൃദ്ധമാക്കി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം മിഷന്റെ ജല ഉപമിഷൻ പ്രവർത്തിക്കുന്നത്. ഒന്നാം വർഷത്തെ പ്രവർത്തനങ്ങളുടെ തുടർച്ചയായി ജലസംരക്ഷണത്തിനു വേണ്ട അനവധി പ്രവർത്തനങ്ങൾ രണ്ടാം വർഷത്തിലും നടത്താൻ മിഷന് കഴിഞ്ഞു. നീർത്തടാധിഷ്ഠിത വികസനം എന്ന അടിസ്ഥാന തത്വത്തിൽ ഊന്നി നിന്നുകൊണ്ട് ചെറുചാലുകളുടെയും തോടുകളുടെയും കുളങ്ങളുടേയുമൊക്കെ പുനരുജ്ജീവനം നടത്തുക, പരമാവധി ഭൂജല പരിപോഷണം സാധ്യമാക്കുക, കിണർ റീചാർജ്ജിംഗ് പോലെയുള്ള പ്രവർത്തനങ്ങൾ നടത്തുക എന്നിവ ഒന്നാം ഘട്ടമായി നിർവഹിക്കുകയായിരുന്നു ലക്ഷ്യം. ഈ പ്രവർത്തനങ്ങൾ നദികളുടെ വൃഷ്ടിപ്രദേശങ്ങളിൽ പൂർത്തിയാക്കിയശേഷം പുഴകളുടേയും കായലുകളുടേയും പുനരുജ്ജീവനം സാധ്യമാക്കുക എന്നതുമാണ് തുടർന്നുള്ള പ്രവർത്തനമായി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഹരിതകേരളം എന്ന ആശയത്തിൽ ആകൃഷ്ടരായി സംസ്ഥാനത്ത് അങ്ങോളമിങ്ങോളം പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ മിഷൻ രൂപീകരണ വർഷത്തിൽ തന്നെ ആരംഭിച്ചുവെന്നു മാത്രമല്ല ജനകീയ പ്രവർത്തനങ്ങളുടെ ഉത്തമ മാതൃകകളായി ഈ പ്രവർത്തനങ്ങൾ മാറുകയും ചെയ്തു.

ആവശ്യത്തിനു മഴ ലഭിക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഭൂജല പരിപോഷണ പ്രവർത്തനങ്ങൾ വളരെ ശാസ്ത്രീയമായി ആസൂത്രണം ചെയ്യുകയും യോജിച്ച സ്ഥലത്ത് അവ യഥാസമയത്ത് നിർവഹിക്കുകയും ചെയ്യുക എന്നത് വളരെ പ്രധാനമാണ്. തുലാവർഷത്തിനുശേഷം ലഭിക്കുന്ന വേനൽ മഴ മുഴുവൻ ഭൂമിയിൽ ഇത്തരത്തിൽ സംഭരിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഇതിനു സഹായകരമായ രീതിയിൽ



ശാസ്ത്രീയമായി നീർത്തട പ്ലാനുകൾ സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ ഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തിയാക്കുകയും നിർവഹണത്തിലേയ്ക്ക് കടക്കുകയും ചെയ്തിട്ടുണ്ട്. പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകൾ അത്തരത്തിൽ നിലനിർത്തുന്നതിന് പ്രദേശത്തെ കൃഷി വ്യാപനം വളരെ പ്രധാനപ്പെട്ടതാണ്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ പുഴ പുനരുജ്ജീവനത്തോടനുബന്ധിച്ച് ആരംഭിക്കുവാൻ പലസ്ഥലത്തും സാധിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് 2018 ആഗസ്റ്റിൽ ഉണ്ടായ സമാനതകൾ ഇല്ലാത്ത വെള്ളപ്പൊക്കം ഹരിതകേരളം മിഷന്റെ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ വേഗത താൽക്കാലികമായി കുറയുന്നതിനിടയാക്കി. എന്നാൽ ഹരിതകേരളം മുന്നോട്ടുവച്ച ലക്ഷ്യങ്ങളുടെ പ്രസക്തി ഇതോടെ വർദ്ധിക്കുകയാണ് ചെയ്തത്. നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ജലസ്രോതസ്സുകളും ശാസ്ത്രീയമായി പുനരുജ്ജീവിപ്പിക്കുക എന്നതാണ് നമ്മുടെ മുന്നിലുള്ള ലക്ഷ്യം. ഇതോടൊപ്പം തന്നെ പ്രളയം രൂപമാറ്റം വരുത്തിയ നമ്മുടെ തോടുകളിലും കുളങ്ങളിലും മറ്റു ജലസ്രോതസ്സുകളിലും അടിഞ്ഞുകൂടിയ ചെളിയും മണ്ണും മാറ്റി പഴയരീതിയിലാക്കുന്ന പ്രവർത്തനങ്ങൾക്കും നാം രൂപം കൊടുക്കേണ്ടതുണ്ട്. അതുപോലെ തന്നെ താഴ്ന്ന പ്രദേശങ്ങളിൽ മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന പുഴകളെ തമ്മിലും വലിയ തോടുകളെ തമ്മിലും ബന്ധിപ്പിക്കുന്ന നീർച്ചാലുകളുടെ ശൃംഖല പുനരുദ്ധരിക്കേണ്ടതുണ്ട്. അത്തരം പ്രവർത്തനങ്ങളുടെ തുടർച്ചയായി മുഴുവൻ പുഴകളും കായലുകളും മാലിന്യമുക്തമാക്കുകയും വീണ്ടും മലിനപ്പെടാതിരിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ നടത്തുകയും വേണം. അതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തുടർന്നും ശ്രദ്ധയിൽപ്പെടുന്ന മലിനീകരണ പ്രവർത്തനങ്ങൾക്കെതിരെ നിയമ നടപടികൾ ഉറപ്പാക്കേണ്ടതുമുണ്ട്.

## പ്രധാന പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ വകുപ്പുകളുടേയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി യുടെയും നേതൃത്വത്തിൽ ജനകീയ പങ്കാളിത്തം പരമാവധി ഉറപ്പാക്കിക്കൊണ്ട് ജല സ്രോതസ്സുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ രണ്ടാം വർഷത്തിലും നടത്തു ന്നതിന് സാധിച്ചിട്ടുണ്ട്. മുൻ വർഷം നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് ആവേശമായി. രണ്ടാം വർഷം സംസ്ഥാനത്ത് നടത്തിയ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത രൂപം താഴെ കൊടുക്കുന്നു.

**പട്ടിക 5.1**

**ജലസംരക്ഷണം ജലസമൃദ്ധി ഭൗതിക നേട്ടം രണ്ടാംവർഷം**

| ക്രമ നമ്പർ | പ്രവൃത്തി | നേട്ടം |
|---|---|---|
| 1 | പുനരുജ്ജീവിപ്പിച്ച പുഴകൾ | 155 കിലോമീറ്റർ |
| 2 | പുനരുജ്ജീവിപ്പിച്ച തോടുകൾ/നീർച്ചാലുകൾ | 16747 കിലോമീറ്റർ |
| 3 | റീചാർജ്ജ് ചെയ്ത കിണറുകൾ | 32271 എണ്ണം |
| 4 | നവീകരിച്ച കുളങ്ങൾ | 5909 എണ്ണം |
| 5 | നിർമ്മിച്ച കുളങ്ങൾ | 8675 എണ്ണം |
| 6 | നവീകരിച്ച കിണറുകൾ | 4625 എണ്ണം |
| 7 | വൃഷ്ടി പ്രദേശ പരിപാലനം | 147239 ഹെക്ടർ |

## നീർത്തട പ്ലാനുകൾ

സ.ഉ.(അച്ചടി)20/2017/ജ.വി.വ. നമ്പരിൽ 23.10.2017 നുള്ള സർക്കാർ ഉത്തരവ് പ്രകാരം ഹരിതകേരളം മിഷൻ ജലഉപമിഷന്റെ മാർഗ്ഗരേഖ നിലവിൽ വന്നു. ഈ ഉത്ത രവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി സാങ്കേതിക സമിതികൾ രൂപീ കരിച്ചിരുന്നു. ഈ സാങ്കേതിക സമിതികൾ യോഗം ചേർന്ന് നീർത്തട നടത്തം



സംഘടിപ്പിക്കുകയും അതിൽ നിന്നും കിട്ടിയ വിവരങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ ബഹുഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കി. ഈ നീർത്തട പ്ലാനുകൾ നീർത്തടാടിസ്ഥാനത്തിൽ കൂട്ടിയോജിപ്പിച്ച് ബ്ലോക്ക്തല നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട പ്രവൃത്തികൾ കുന്നിൻ മുകളിൽ നിന്നും താഴേയ്ക്ക് എന്ന മുൻഗണന നൽകിക്കൊണ്ട്, ഓരോ പ്രവൃത്തിയും ഏറ്റെടുക്കാൻ കഴിയുന്ന ഏജൻസിയെ/വകുപ്പിനെ തീരുമാനിച്ചുകൊണ്ട് നിർവഹണത്തിലേയ്ക്ക് പോകേണ്ടതുണ്ട്.സംസ്ഥാനത്ത് നീർത്തട നടത്തം പൂർത്തിയാക്കിയ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നീർത്തട പ്ലാൻ തയ്യാറാക്കിയ 843 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണുള്ളത്.

**പട്ടിക 5.2**

**ഹരിതകേരളവുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് ഏറ്റെടുത്ത പദ്ധതികൾ**

| പ്രവൃത്തികൾ | എണ്ണം | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| കുളം നവീകരണം | 153 | 1307.3 |
| ചെക്ക് ഡാം, വി.സി.ബി പുനരുദ്ധാരണം | 41 | 1485.79 |
| കാനാമ്പുഴ സംരക്ഷണം | - | 440 |
| മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനർ സംയോജനം | - | 500 |
| മഞ്ഞപ്പുഴ സംരക്ഷണം | - | 200 |

ഹരിതകേരളം മിഷന്റെ ഭാഗമായി ഒന്നാം വർഷം സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾക്ക് എല്ലാം തുടർച്ചയുണ്ടായി എന്നത് ശ്രദ്ധേയമാണ്.

## വരട്ടാർ പുനരുജ്ജീവനം - രണ്ടാംഘട്ടം

വരട്ടാറിന്റെ പുനരുജ്ജീവനം സാധ്യമാക്കിയതിന്റെ ഭാഗമായി പൊളിച്ചു മാറ്റിയ ചപ്പാത്തുകൾക്ക് പകരം പാലങ്ങൾ നിർമ്മിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനം ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാന സർക്കാർ ഈ പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രത്യേക ഫണ്ട് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. വരട്ടാറിന്റെയും ആദിപമ്പയുടെയും തീരത്തെ സർക്കാർ ഭൂമി അളന്നു തിട്ടപ്പെടുത്തി അതിരുകല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തനം റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഇത്തരത്തിൽ കണ്ടെത്തിയ സ്ഥലങ്ങളിൽ വൈവിധ്യമാർന്ന സസ്യങ്ങൾ നട്ടുപിടിപ്പിച്ചുകൊണ്ട് പച്ചത്തുരുത്തുകൾ ഒരുക്കുന്നതിനും വിനോദസഞ്ചാരവുമായി ഇതിനെ ബന്ധപ്പെടുത്തുന്നതിനും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജൈവവൈവിധ്യ ബോർഡ്, വിനോദ സഞ്ചാര വകുപ്പ് എന്നിവ സംയുക്തമായി പദ്ധതികൾ തയ്യാറാക്കുന്ന പ്രവർത്തനം അവസാന ഘട്ടത്തിലാണ്. വരട്ടാറിന്റെ മുഴുവൻ പ്രദേശങ്ങളേയും പ്രളയം ബാധിച്ചുവെങ്കിലും അതിന്റെ തീവ്രത കുറയ്ക്കുന്നതിനും വെള്ളം വളരെ വേഗം വാർന്നു പോകുന്നതിനും വരട്ടാർ പുനരുജ്ജീവനം സഹായിച്ചു.

## കിള്ളിയാർ മിഷൻ

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട 4 പഞ്ചായത്തുകളിലൂടെയും നെടുമങ്ങാട് നഗരസഭാ പ്രദേശത്തു കൂടിയും ഒഴുകി തിരുവനന്തപുരം നഗരസഭാ പരിധിയിലൂടെ കരമനയാറിൽ എത്തിച്ചേരുന്ന ഒരു ചെറുനദിയാണ് കിള്ളിയാർ. ആനാട് പനവൂർ പഞ്ചായത്തുകളിലെ കരിഞ്ചാണിമൂല യിൽ നിന്നും ഒറ്റക്കൊമ്പൻ മലയിൽ നിന്നും ആരംഭിക്കുന്ന പുഴ 222 കി.മീ. ഒഴുകി കരകുളം ഗ്രാമപഞ്ചായത്തിലെ വഴയിലയിൽ നഗരാതിർത്തിയിൽ പ്രവേശിക്കു ന്നു. ഒരു കാലത്ത് നിറഞ്ഞൊഴുകിയിരുന്ന, നാടിന്റെ ജീവജലസ്രോതസ്സായിരുന്ന കിള്ളിയാർ, മലിനീകരണം, മണ്ണിടിച്ചിൽ, തീരം നികത്തൽ, കൈയ്യേറ്റം തുടങ്ങി നിരവധി പ്രശ്നങ്ങളാൽ ഗുരുതര സ്ഥിതിയിലായിരുന്നു. കിള്ളിയാറിനെ ശുചീക രിച്ച് പരിപാലിക്കുന്നതിനുള്ള ജനകീയ സംരംഭം സമയബന്ധിതമായി നടപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിള്ളിയാർ മിഷൻ ആരംഭിച്ചത്. തോടുകൾ ശുചിയാ ക്കൽ, തടയണകൾ നിർമ്മിക്കൽ, കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പാർശ്വഭിത്തി




സംരക്ഷണം, മരംനടീൽ, മലിനീകരണ നിയന്ത്രണം തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്നോണം മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചു ചേർത്ത് ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും മന്ത്രിമാർ, എം.എൽ.എ, എം.പി. തുടങ്ങിയവരുമായി പദ്ധതിയെക്കുറിച്ച് ആശയവിനിമയം നടത്തുകയും ചെയ്തു. തുടർന്ന് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കിള്ളിയാറിന്റെ കൈവഴിക ളായ 30 തോടുകളിൽ പ്രാഥമിക സർവ്വേ നടത്തി തൽസ്ഥിതി സംബന്ധിച്ച വിവ രങ്ങൾ ശേഖരിച്ചു. ഇതേത്തുടർന്ന് പ്രാദേശികതലം മുതൽ സംഘാടക സമിതി വരെ വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുകയും പങ്കാളിത്തം ഉറപ്പിക്കു കയും ചെയ്തു. ഏപ്രിൽ 5 ന് വൻപങ്കാളിത്തത്തോടെ നടത്തിയ പുഴനടത്തത്തിന് ബഹു. ധനകാര്യമന്ത്രി ഡോ.തോമസ് ഐസക്, ജലവിഭവ വകുപ്പ് മന്ത്രി

അഡ്വ. മാത്യു. ടി. തോമസ് എന്നിവർ നേതൃത്വം നൽകി. തുടർന്ന് ഏപ്രിൽ 14 ന് ഏകദിന ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. മന്ത്രിമാരായ ശ്രീ. ടി.എം. തോമസ് ഐസക്, ശ്രീ. മാത്യു ടി. തോമസ്, ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. കെ. രാജു എന്നിവരും പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.കെ. മധു, എം.എൽ.എ. മാരായ ശ്രീ. ഡി.കെ.മുരളി, ശ്രീ. സി. ദിവാകരൻ, ഡോ. എ.സമ്പത്ത് എം.പി., ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ.സീമ, ഡി.ജി.പി. ശ്രീ. ലോക്നാഥ് ബെഹ്റ തുടങ്ങിയവരോടൊപ്പം വിവിധ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതാക്കളും വിവിധ സ്ഥലങ്ങളിൽ ശുചീകരണ പരിപാടി ഫ്ളാഗ്ഓഫ് ചെയ്തു. വളരെ ചിട്ട യോടെ സംഘടിപ്പിച്ച ഈ ഏകദിന ശുചീകരണത്തിൽ 15000 ഓളം പേർ പങ്കെടുത്തു. പുനരുജ്ജീവിപ്പിച്ച പുഴയുടെ പരിപാലനമാണ് കിള്ളിയാർ മിഷന്റെ തുടർ പ്രവർത്ത നത്തിൽ ലക്ഷ്യമിടുന്നത്. ഇതിനായി വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ വിവിധ ങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ നേതൃത്വത്തിൽ പുനരുജ്ജീവനത്തിന് ശേഷം പുഴയിലേയ്ക്ക് തുറന്നിരുന്ന 1200 ഓളം മാലിന്യ കുഴലുകൾ അടപ്പിക്കുന്നതിന് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. പുനരുജ്ജീവനത്തിന് ശേഷം കിള്ളിയാർ വിവിധ ആവശ്യങ്ങൾക്കായി ജനങ്ങൾ ഉപയോഗിച്ച് തുടങ്ങുകയും പ്രളയകാലത്ത് കരകവിയാത്ത കിള്ളിയാർ ജനങ്ങൾക്ക് പുതിയൊരു അനുഭവമാവുകയും ചെയ്തു.

## മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ

മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനർസംയോജന പദ്ധതിയുടെ ഭാഗ മായി തദ്ദേശഭരണ സ്ഥാപനങ്ങളുടേയും സർക്കാരിന്റേയും ഇടപെടൽ സാധ്യമാ ക്കിക്കൊണ്ടും മുൻകൂട്ടി തയ്യാറാക്കിയ പ്രവർത്തന പരിപാടിയിലെ സമയക്രമം പാലിച്ചുകൊണ്ട് ജലസ്രോതസ്സുകളുടെ സംരക്ഷണം, തരിശുനില കൃഷി, മാലിന്യ നിക്ഷേപം തടയൽ, ഗ്രാമീണ വിനോദ സഞ്ചാര സാധ്യതകൾ വിപുലപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. ഇതിന്റെ സംഘാടനത്തിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. മീനന്തറയാർ നദീതടത്തിൽ 540 ഏക്കർ പ്രദേശത്തും



കൊടൂരാർ നദീതടത്തിൽ 218 ഏക്കർ പ്രദേശത്തും തരിശുഭൂമി കൃഷിയോഗ്യമാക്കി കൃഷി പുനരാരംഭിച്ചു. 700 കിലോമീറ്റർ നീളം നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. നാല് ഗ്രാമീണ വിനോദ സഞ്ചാര പദ്ധതികൾക്ക് രൂപം നൽകി. 31 ഗ്രാമപഞ്ചായത്തുകളിലും 4 മുനിസിപ്പാലിറ്റികളിലുമായി 'എല്ലാവരും ജലാശയങ്ങളിലേയ്ക്ക്' എന്ന വിപുലമായൊരു ജനകീയ കാമ്പയിന് രൂപം നൽകി നടപ്പിലാക്കി. പുഴയുടെ അഴിമുഖത്ത് അടിഞ്ഞുകൂടിയിട്ടുള്ള എക്കലും മണ്ണും നീക്കം ചെയ്യൽ, പാടശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പിക്കൽ, ജലഗതാഗതം, കൃഷി എന്നിവയ്ക്ക് വേണ്ട സൗകര്യമൊരുക്കൽ, 2000 കിലോമീറ്റർ കൂടി നീളത്തിൽ നീർച്ചാലുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, നെൽകൃഷി 2100 ഏക്കറിലേയ്ക്ക് വ്യാപിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

## ജലസമൃദ്ധി കാട്ടാക്കട

ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ ഒരു വർഷക്കാലം നടപ്പിലാക്കിയ ജലസംരക്ഷണ പ്രവർത്തനങ്ങൾ പ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് ഉയർത്തുവാൻ സഹായിച്ചിട്ടുണ്ട്. തോട് പുനരുജ്ജീവനത്തിന്റെ മാതൃകാ പദ്ധതിയായി നിയോജക മണ്ഡലത്തിന്റെ മധ്യഭാഗത്തുള്ള ചെറുനീർത്തടത്തിലെ പ്രധാന തോടായ കടുവാക്കുഴി - കൊല്ലോട് -കല്ലുവരമ്പ് തോട് (6 കിലോമീറ്റർ) നീർത്തട നടത്തവും തുടർന്ന് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ച് 53 ചെറുതടയണകളും നിർമ്മിച്ചു. പാറ ക്വാറിയിൽ നിന്നുള്ള റീചാർജ്ജിംഗിലൂടെ പ്രദേശത്തെ 15 കിണറുകൾ ജലസമൃദ്ധമാക്കി കുടിവെള്ള ക്ഷാമം പരിഹരിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർമ്മിച്ച 150 കാർഷിക കുളങ്ങളിലൂടെ വലിയൊരളവ് സംഭരണം സാധ്യമാക്കിയതിലൂടെ പ്രദേശത്തെ ഭൂഗർഭ ജലവിതാനം ഉയർത്തുവാൻ കഴിഞ്ഞു. മഴവെള്ളം സംഭരിക്കാനായി ഒരു വാർഡിൽ കുറഞ്ഞത് ഒരു പുതിയ കുളം നിർമ്മിക്കുകയെന്ന ലക്ഷ്യമിട്ട് 122 വാർഡുകളിലായി 150 പുതിയ കാർഷിക കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി കുളങ്ങൾ നിർമ്മിച്ചു. വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ ചെറുകോട് കുഞ്ചുക്കോണം ഏലായുടെ സമീപത്തായി 50 വർഷത്തോളം മണ്ണ് മൂടി



കിടന്ന ചെറുകോട് കുഞ്ചുകോണം തോട് പുനരുജ്ജീവിപ്പിച്ചു. രണ്ടാം നിര, മൂന്നാം നിര തോടുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം കൃത്യ മായ ഇടവേളകളിൽ ജൈവ തടയണകൾ നിർമ്മിക്കുന്നതിന് തീരുമാനമെടുക്കു കയും ചെയ്തു. തൊഴിലുറപ്പ് പദ്ധതി പ്രകാരം എല്ലാ ചെറുതോടുകളിലും ജൈവ തടയണകളും കല്ലു തടയണകളും നിർമ്മിച്ചും ഇതിലൂടെ ജലത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്നതിനും തോടുകളിൽ മഴക്കാലത്തിന് ശേഷവും ജലത്തിന്റെ സാന്നിധ്യം ഉണ്ടാക്കുന്നതിനും സാധിച്ചു. 15 വിദ്യാലയങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട എൻ. എസ്.എസ്. വോളന്റിയർമാർ നിയോജക മണ്ഡലത്തിലെ 15 ജലസ്രോതസ്സുകളുടെ സമീപത്തായി ഓരോ വിദ്യാലയത്തിൽ ക്യാമ്പു ചെയ്ത് ജലസ്രോതസ്സുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തി.

## പുഴ പഠനം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പ്രളയത്തിന്റെ ഭാഗമായി പുഴകളിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ് എന്നത് സംബന്ധിച്ച് ഒരു ശാസ്ത്രീയ പഠനം പുരോഗമിക്കുന്നു. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺ മെൻറ് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ പമ്പയാറിന്റെ മൂന്നു മേഖലക ളിലും (മലനാട്, ഇടനാട്, തീരപ്രദേശം) ഉൾപ്പെട്ട പ്രദേശത്താണ് പ്രസ്തുത പഠനം നടത്തുന്നത്. ഈ പ്രദേശങ്ങളിലെ പുഴയുടെ ഭൗതിക ഘടനയോടൊപ്പം മണ്ണിന്റെ സ്വഭാവത്തിൽ വന്ന മാറ്റവും പഠനവിധേയമാക്കുന്നുണ്ട്.

## നദീപുനരുജ്ജീവനം

ഹരിതകേരളം മുന്നോട്ടുവച്ച ലക്ഷ്യങ്ങളിൽ തല്പരരായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പുഴ പുനരുജ്ജീവനത്തിനുള്ള അനവധി അനുകരണീയ ജന കീയ മാതൃകകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇവ ഓരോന്നും അവയുടെ സംഘാടനം, പ്രവർത്തനരീതി, തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മറ്റു ജനപ്രതിനിധികളുടെയും നേതൃത്വം, ജനകീയ പങ്കാളിത്തം, സർക്കാർ വകുപ്പുകളുടെ ഏകോപനം മുതലായ വയിൽ തനതും വ്യത്യസ്തവുമായ മാതൃകകളുമാണ്. ഇത്തരം പ്രവർ ത്തനങ്ങളിൽ ആകൃഷ്ടരായി പുഴ പുനരുജ്ജീവനത്തിൽ തല്പരരായ ജനകീയ സംഘങ്ങൾ



സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മുന്നോട്ടു വരുന്നുണ്ട്. ഇവർക്ക് മാർഗ്ഗ ദർശകമായി മാറത്തക്ക രീതിയിൽ സംസ്ഥാനത്ത് പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരേയും പുഴ പുനരുജ്ജീവനത്തിൽ തൽപ്പരരായവരെയും പങ്കെടുപ്പിച്ചുകൊണ്ട് 2018 ഒക്ടോബർ 25,26 തീയതികളിൽ തിരുവനന്തപുരത്ത് പുഴപുനരുജ്ജീവന ശിൽപ്പശാല സംഘടിപ്പിച്ചു. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവർ തങ്ങളുടെ അനുഭവം പങ്കുവെച്ചു. പുഴ പുനരുജ്ജീവന പ്രവർത്തനം രേഖയുടെ കരട് ശില്പശാലയിൽ അവതരിപ്പിച്ച് മൂർത്തമാക്കുകയും തുടർന്ന് അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

## നദീ പുനരുജ്ജീവന ശിൽപ്പശാല

2018 ഒക്ടോബർ 25, 26 തീയതികളിൽ തിരുവനന്തപുരം ശാസ്ത്ര-സാങ്കേതിക മ്യൂസിയം സെമിനാർ ഹാളിലാണ് പ്രസ്തുത ശിൽപ്പശാല സംഘടിപ്പിച്ചത്. ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ.സീമയുടെ



അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. മാത്യു ടി. തോമസ് ശില്പശാല ഉദ്ഘാടനം ചെയ്തു.

നവകേരളം കർമ്മപദ്ധതി ചീഫ് കോർഡിനേറ്റർ ശ്രീ. ചെറിയാൻ ഫിലിപ്പ്, സംസ്ഥാന സർക്കാരിന്റെ വികസന ഉപദേഷ്ടാവ് ശ്രീ. സി.എസ്. രഞ്ജിത്ത്, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ തുടങ്ങിയവർ സംസാരിച്ചു. സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നീർത്തട പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനം സംസ്ഥാനത്ത് ആദ്യമായി മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാതൃകാപരമായി പൂർത്തിയാക്കിയ കോട്ടയം ജില്ലയിലെ നീർത്തട പ്ലാനുകളുടെ പ്രകാശനവും ചടങ്ങിൽ ബഹു.മന്ത്രി നിർവഹിച്ചു.

പുഴ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ അവതരണങ്ങൾ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് തൽപരരായി ഇവിടെയെത്തിയിട്ടുള്ളവർക്ക് ആത്മ വിശ്വാസവും ശുഭാപ്തി വിശ്വാസവും നൽകുമെന്ന് നദീപുനരുജ്ജീവന ശിൽപ്പശാലയിൽ ഭാവി പരിപ്രേക്ഷ്യം അവതരിപ്പിച്ചുകൊണ്ട് ബഹു. ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് അഭിപ്രായപ്പെട്ടു.

പത്തനംതിട്ട ജില്ലാ ഡി.പി.സി. വൈസ് ചെയർപേഴ്സൺ അഡ്വ. രാജീവ്, സംസ്ഥാന ഭൂവിനിയോഗ കമ്മീഷണർ ശ്രീ. എ. നിസാമുദ്ദീൻ, മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രോഗ്രാം  ഓഫീസർ ശ്രീ.പി.ബാലചന്ദ്രൻ നായർ തുടങ്ങിയവർ വിദഗ്ദ്ധ പ്രതികരണം നടത്തി.

## പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ അനുഭവം പങ്കുവയ്ക്കൽ

സംസ്ഥാനത്ത് നടപ്പിലാക്കിയ പുഴപുനരുജ്ജീവനം സംബന്ധിച്ച അനുഭവങ്ങൾ അതിനു നേതൃത്വം നൽകിയവർ അവതരിപ്പിച്ചു. ഹരിതകേരളം മിഷൻ സാങ്കേതിക ഉപദേഷ്ടാവും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. ആർ. അജയകുമാർ വർമ്മ മോഡറേറ്ററായിരുന്നു.

പെരുംതോട് നവീകരണ പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീ. ടൈസൺ മാസ്റ്റർ എം.എൽ.എ., കാട്ടാക്കട നിയോജക മണ്ഡലത്തിലെ 'വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി' പദ്ധതി സംബന്ധിച്ച് ശ്രീ. ഐ.ബി.സതീഷ് എം.എൽ.എ., മണിമലയാർ പുനരുജ്ജീവന പ്രവർത്തനങ്ങളെക്കുറിച്ച് ഡോ.എൻ.ജയരാജ് എം.എൽ.എ., മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ സംയോജന പദ്ധതിയെക്കുറിച്ച് പദ്ധതിയുടെ കോർഡിനേറ്റർ അഡ്വ.കെ.അനിൽകുമാർ, ആദിപമ്പ-വരട്ടാർ സംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച് കോർഡിനേറ്റർ ശ്രീമതി ബീന ഗോവിന്ദ്, കാനാമ്പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളെക്കുറിച്ച് കാനാമ്പുഴ അതിജീവന സമിതി കൺവീനർ ശ്രീ. എൻ.ചന്ദ്രൻ, കുട്ടമ്പേരൂരാർ പുനരുജ്ജീവന പ്രവർത്തനങ്ങൾ സംബന്ധിച്ച് ബുധനൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി പുഷ്പലത, കിള്ളിയാർ മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബി.ബിജു, കോലറയാർ സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് നിരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലതാ പ്രസാദ് എന്നിവർ പുഴ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ അവതരണങ്ങൾ നടത്തി.

പുതുതായി ഏറ്റെടുത്തതും നിലവിൽ നടന്നുകൊണ്ടിരിക്കുന്നതുമായ പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ സംബന്ധിച്ച അവതരണങ്ങളും ശിൽപ്പശാലയിൽ നടന്നു. അടിമാലി-ദേവിയാർ പുനരുജ്ജീവന പ്രവർത്തനങ്ങൾ സംബന്ധിച്ച് അടിമാലി ഗ്രാമപഞ്ചായത്ത് മെമ്പർ തമ്പി ജോർജ്ജ്, ഭാരതപ്പുഴ-ഗായത്രി ഉപനദീതടം പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് സംസ്ഥാന ഭൂവിനിയോഗ ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ആർ.രുഗ്മിണി, ചെറുപുഴയിൽ നടക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് പുഴക്കാട്ടിൽ പഞ്ചായത്ത് അംഗം അബ്ദുൾ മുജീബ്, ചാലിയാർ സംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള ശ്രീ. സുഗതൻ പി.പി., കനോലി കനാൽ ശുചീകരണം സംബന്ധിച്ച് വേങ്ങര 'നിറവ്' സംഘടനയിലെ ശ്രീ. ബാബു, കേച്ചേരി പുഴപുനരുജ്ജീവന

പ്രവർത്തനങ്ങൾ സംബന്ധിച്ച് വടക്കാഞ്ചേരി നഗരസഭ വൈസ് ചെയർമാൻ ശ്രീ. അനൂപ് കിഷോർ, പതിക്കാൻ പുഴ പുനരുജ്ജീവന പ്രവർത്തനം സംബന്ധിച്ച് ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.മാധവൻ മണിയറ എന്നിവരാണ് അവതരണങ്ങൾ നടത്തിയത്.

## എല്ലാവരും ജലാശയങ്ങളിലേക്ക്

### രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ - പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷൻ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 2018 ഡിസംബറിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജനകീയ പുഴ സംരക്ഷണ പ്രവർത്തനങ്ങൾ സംഘടപ്പിച്ചു. കാർഷിക സമൃദ്ധിക്ക് അവിഭാജ്യ ഘടകമായ ജലസമൃദ്ധി ലക്ഷ്യമിട്ട് 'എല്ലാവരും ജലാശയങ്ങളിലേക്ക്' എന്ന സന്ദേശവുമായാണ് പരിപാടികൾ സംഘടിപ്പിച്ചത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ജനകീയ



കൂട്ടായ്മകളുടെയും നേതൃത്വത്തിൽ പുഴ ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങൾ നടന്നു. ആകെ 137 പുഴകൾ/നീർച്ചാലുകളിലായി 209.415 കി.മീ. ദൂരം ശുചീകരിച്ചു. 30510 ആളുകൾ ഈ പ്രവർത്തനത്തിൽ പങ്കെടുത്തു.

നദീപുനരുജ്ജീവന ശിൽപ്പശാലയിൽ നിന്നും പാഠവും ആവേശവും ഉൾക്കൊണ്ടുകൊണ്ടാണ് പിന്നീട് നടന്ന പുഴ പുനരുദ്ധാരണ പ്രവർത്തനങ്ങൾ. ഹരിതകേരളം മിഷൻ വാർഷിക ദിനമായ ഡിസംബർ 8 ന് എല്ലാവരും ജലാശയങ്ങളിലേയ്ക്ക് എന്ന പേരിൽ പുഴ പുനരുജ്ജീവന പരിപാടി സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി 137 പുഴകളുടെ/നീർച്ചാലുകളുടെ ശുചീകരണ പ്രവർത്തനമാണ് നടന്നത്. 30510 പേർ വിവിധ ദിവസങ്ങളിലായി നടന്ന പ്രവർത്തനങ്ങളിൽ പങ്കാളികളായി. ഇതിലൂടെ 209.415 കി.മീ. ദൂരത്താണ് പുഴ പുനരുദ്ധാരണ ശുചീകരണ പ്രവർത്തനങ്ങൾ നടന്നത്. (2018 ജൂൺ വരെ 17182 കി.മീ പുഴ/തോടുകളുടെ ശുചീകരണം നടന്നിട്ടുണ്ട്.)

ഇത് സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക 5.3**

| ജില്ല | പുനരുജ്ജീവനം നടത്തിയ പുഴകൾ/ നീർച്ചാലുകൾ (എണ്ണം) | ദൂരം (കി.മീ.) | പങ്കെടുത്തവർ (എണ്ണം) |
|---|---|---|---|
| തിരുവനന്തപുരം | 9 | 25.86 | 6265 |
| കൊല്ലം | 2 | 16 | 3000 |
| പത്തനംതിട്ട | 1 | 4 | 250 |
| ആലപ്പുഴ | 32 | 44 | 1600 |
| കോട്ടയം | 1 | 0.532 | 200 |
| ഇടുക്കി | 4 | 18 | 4000 |
| എറണാകുളം | 2 | 1.75 | 500 |
| തൃശ്ശൂർ | 2 | 16 | 536 |
| പാലക്കാട് | 4 | 5.25 | 755 |
| മലപ്പുറം | 3 | 1.8 | 1120 |
| കോഴിക്കോട് | 1 | 0.6 | 250 |
| വയനാട് | 17 | 53.6 | 4145 |
| കണ്ണൂർ | 32 | 1.823 | 4500 |
| കാസർഗോഡ് | 27 | 20.2 | 3389 |
| **ആകെ** | **137** | **209.415** | **30510** |

## ഹരിതകേരളം മിഷൻ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടന്ന പുഴപുനരുജ്ജീവന പ്രവർത്തനങ്ങളുടെ ജില്ലതിരിച്ചുള്ള വിശദവിവരം

### തിരുവനന്തപുരം

#### വാമനപുരം നദീ പുനരുദ്ധാരണം

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നദി പുനരുദ്ധാരണ കർമ്മ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം നന്ദിയോട് പഞ്ചായത്തിലെ പച്ച ശാസ്താക്ഷേത്രത്തിനു സമീപത്ത് നടന്നു. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബഹു. വാമനപുരം എം.എൽ.എ. ശ്രീ. ഡി.കെ. മുരളി നിർവഹിച്ചു. പച്ച ശാസ്താക്ഷേത്ര ബലിക്കടവ് മുതൽ പാലോട് വരെ 3 കി.മീ ശുചീകരണ പ്രവർത്തനമാണ് നടത്തിയത്. ശുചീകരണങ്ങൾക്ക് തൊഴിലുറപ്പ്, കുടുംബശ്രീ, എൻ.എസ്.എസ്. വോളണ്ടിയർമാർ, ഇതര സന്നദ്ധ പ്രവർത്തകർ എന്നിവർ ഉൾപ്പെടെ 1000 പേർ പങ്കെടുത്തു. ബ്ലോക്ക് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ജില്ലാ പ്ലാനിംഗ്



ഓഫീസർ, ഹരിതകേരളം ജില്ലാ കോ-ഓർഡിനേറ്റർ തുടങ്ങിയവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള മെഡിക്കൽ സംഘം ശുചീകരണ പ്രവർത്തകർക്കുള്ള രോഗപ്രതിരോധ നടപടികൾ സ്വീകരിച്ചു.

**വെള്ളംകുടി കോട്ടൂർ ഏലാതോട്- കല്ലറ ഗ്രാമപഞ്ചായത്ത്**

കല്ലറ ഗ്രാമപഞ്ചായത്ത് നീർച്ചാൽ പുനരുജ്ജീവനം പ്രവൃത്തി നടത്തുന്നതിനായി വെള്ളംകുടി വാർഡിലെ വെള്ളംകുടി കോട്ടൂർ ഏലാതോട് പുനരുജ്ജീവിപ്പിച്ചു. പുനരുജ്ജീവന പ്രവർത്തനം വാർഡ് മെമ്പർ ശ്രീ. സജു എസ്. ഉദ്ഘാടനം ചെയ്തു. മുന്നൊരുക്ക പ്രവർത്തനത്തിന്റെ ഭാഗമായി ജലസംരക്ഷണ സാങ്കേതിക സമിതി യോഗം നടത്തി. 600 മീറ്ററോളം പുനരുജ്ജീവന പ്രവർത്തനം നടത്തി.

**കൊല്ലംകോണം തോട് നവീകരണം-വിളപ്പിൽ ഗ്രാമപഞ്ചായത്ത്**

തുരുത്തുംമൂല മിണ്ണംകോട് വാർഡുകളിൽ 2 കി.മി. ദൂരം നടന്ന ശുചീകരണ പരിപാടിയുടെ ഉദ്ഘാടനം ബഹു.കാട്ടാക്കട നിയോജക മണ്ഡലം എം.എൽ.എ. ഐ.ബി. സതീഷ് നിർവഹിച്ചു.



കൊല്ലംകോണം തോടിന്റെ 2 കി.മി. ദൂരം വൃത്തിയാക്കുന്ന പരിപാടിയിൽ തൊഴിലുറപ്പ്, എൻ.എസ്.എസ്. വോളന്റിയർമാർ, കുടുംബശ്രീ, വിവിധ സന്നദ്ധ പ്രവർത്തകർ എന്നിവർ ഉൾപ്പെടെ ജനകീയമായിട്ടാണ് നദി ശുചീകരണ പ്രവർത്തനം നടന്നത്. അതോടൊപ്പം സ്കൂൾ വിദ്യാർത്ഥികൾ, എൻ.എസ്.എസ്. വോളന്റിയർ മാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ചുറ്റുപാടുമുള്ള വീടുകളിൽ വൃക്ഷതൈകൾ വിതരണം ചെയ്തു. തൊഴിലുറപ്പ് പ്രവർത്തകരെ തുരുത്തുമ്മൂല വാർഡ്, മിണ്ണുകോട് വാർഡിലുമായി വിന്യസിച്ചുകൊണ്ട് ശുചീകരണ പ്രവർത്തനം നടത്തി. മെഡിക്കൽ സഹായവുമായി വിളപ്പിൽ സാമൂഹിക ആരോഗ്യകേന്ദ്രവും ഒപ്പം ഉണ്ടായിരുന്നു.

**കല്ലിയോട് പുഴ-പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്**

പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ വാർഡുകളായ പന്തപ്ലാവിക്കോണം, വെള്ളു മണ്ണടി എന്നിവിടങ്ങളിലൂടെ ഒഴുകുന്ന കല്ലിയോട് പുഴയുടെ പുനരുജ്ജീവന പ്രവർ ത്തനങ്ങളാണ് നടന്നത്. സന്നദ്ധ സംഘടനാ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാ ളികൾ രാഷ്ട്രീയ പ്രതിനിധികൾ, പഞ്ചായത്ത് പ്രതിനിധികൾ എന്നിവർ ഉൾപ്പെടെ 160 ഓളം പേർ പങ്കെടുത്തു. തോടിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ടുകൊണ്ട് തടയണ നിർമ്മാണമാണ് ആദ്യമായി ഏറ്റെടുത്ത പ്രവൃത്തി. അതുകഴിഞ്ഞ് തോടിന്റെ ഇരുവ ശങ്ങളിലും മുളതൈകൾ വച്ച് പിടിപ്പിച്ചു.

**കവലൂർ പൂവത്തുമൂല തോട്-മണമ്പൂർ ഗ്രാമപഞ്ചായത്ത്**

മണമ്പൂർപഞ്ചായത്തിൽ കവലൂർ പൂവത്തുമൂല തോട് പുനരുദ്ധാരണം നടത്തി. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം ബഹു. പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.

**നിലവൻ മൂഴിയിൽ തോട്-കിളിമാനൂർ ഗ്രാമപഞ്ചായത്ത്**

കിളിമാനൂർ പഞ്ചായത്തിലെ 6-ാം വാർഡിലെ മുളയ്ക്കലത്തുകാവ് നിലവൻമു ഴിയിൽ തോടിൽ തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ തുടങ്ങിയവരുടെ സഹകരണത്തോടെ പുനരുദ്ധാരണം നടത്തി. പുനരു ദ്ധാരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കിളിമാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാജലക്ഷ്മി അമ്മാൾ കുളയ്ക്കലത്തുകാവ് സാംസ്കാരിക സമിതിയിൽ വച്ച് നടത്തി. ഇതിന്റെ ഭാഗമായി നിലവൻമൂഴി മുതൽ മുളയ്ക്കലത്തുകാവ് വരെ യുള്ള 100 മീറ്റർ ദൂരത്തിൽ 20 ബണ്ടുകൾ നിർമ്മിക്കുകയും എല്ലാതരം മാലിന്യങ്ങളും മാറ്റി തോട് ശുചീകരിക്കുകയും ചെയ്തു. ഏകദേശം 55 സന്നദ്ധ പ്രവർത്തകർ പങ്കെ ടുത്തു.

**പേടികുളം ഏലാത്തോട്-പുളിമാത്ത് ഗ്രാമപഞ്ചായത്ത്**

പേടികുളം ഏലത്തോട് പുനരുജ്ജീവനം നടത്തി. അതിന് മുന്നോടിയായി ജന പ്രതിനിധികൾ, കുടുംബശ്രീ, തൊഴിലുറപ്പ് വിഭാഗം, നാഷണൽ സർവ്വീസ് സ്കീം എന്നിവ മുഖേന വ്യാപകമായ പ്രചരണം നടത്തി. പുളിമാത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പുഴ നടത്ത പരിപാടി ഉദ്ഘാടനം ചെയ്തു. തോടിന്റെയും ചിറയുടേയും മാലിന്യങ്ങൾ നീക്കം ചെയ്യുകയും തോടിന്റെ സുഗമമായ ഒഴുക്കിന്റെ തടസ്സങ്ങൾ

നീക്കം ചെയ്യുകയും ചെയ്തു. 50 തൊഴിലുറപ്പ് തൊഴിലാളികൾ പരിപാടിയിൽ പങ്കെടുത്തു.

**ചാങ്ങയിൽ കോണംചിറ-മടവൂർ ഗ്രാമപഞ്ചായത്ത്**

മടവൂർ ഗ്രാമപഞ്ചായത്ത്തല ജലാശയ നവീകരണ പ്രവർത്തനങ്ങൾ 5-ാം വാർഡിൽ ചാങ്ങയിൽകോണം ചിറ ശുചീകരിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മറ്റ് ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി, തൊഴിലുറപ്പ് വിഭാഗം എഞ്ചിനീയർ, ഓവർസിയർ, തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ സേവകർ, യുവജന ക്ലബ്ബ് പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. മറ്റ് വാർഡുകളിലും ജലാശയ ശുചീകരണ പ്രവർത്തനങ്ങൾ മെമ്പർമാരുടെ നേതൃത്വത്തിൽ തൊഴിലുറപ്പ് തൊഴിലാളികളുടെയും പങ്കാളിത്തത്തോടെ നടക്കുകയുണ്ടായി.

**കണ്ണേറ്റിൽ പെരിങ്ങാം കോണം തോട്-ഒറ്റൂർ ഗ്രാമപഞ്ചായത്ത്**

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ നീരൊഴുക്ക് ഇല്ലാതിരുന്ന കണ്ണേറ്റിൽ പെരിങ്ങാം കോണം തോട് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. 60 മീറ്റർ പുഴ ശുചീകരണം നടത്തി. 35 തൊഴിലുറപ്പ് തൊഴിലാളികൾ പങ്കെടുത്തു.

## കൊല്ലം

**കല്ലടയാർ പുനരുജ്ജീവനം**

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ 121 കി.മി. നീളത്തിലൊഴുകുന്ന കല്ലടയാറും അതിന്റെ കൈവഴികളും 4 മേഖലകളായി തിരിച്ച് പുനരുജ്ജീവന പ്രവർത്തനം നടത്തുന്നതിന് തീരുമാനിച്ചിരുന്നു. പുനലൂർ, പത്തനാപുരം, കൊട്ടാരക്കര, ശാസ്താംകോട്ട തുടങ്ങിയവയാണ് നാല് മേഖലകൾ. ഇതിൽ പത്തനാപുരം മേഖലയിൽ പിറവന്തൂർ, വിളക്കുടി പഞ്ചായത്തുകളിൽ ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികമായ ഡിസംബർ 8ന് കല്ലടയാർ പുനരുജ്ജീവന പ്രവർത്തനം ആരംഭിച്ചു. പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എസ്. സജീഷിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹു. പത്തനാപുരം എം.എൽ.എ. ശ്രീ. കെ.ബി. ഗണേഷ്കുമാർ കല്ലടയാർ പുനരുജ്ജീവന പ്രവർത്തനം ഉദ്ഘാടനം ചെയ്തു. തൊഴിലുറപ്പ് പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ പ്രവർത്തകർ, ക്ലബ്ബുകൾ, എൻ.എസ്.എസ്. വോളണ്ടിയർമാർ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് തുടങ്ങി 2000 ത്തോളം പ്രവർത്തകർ ശുചീകരണ പ്രവർത്തനത്തിൽ പങ്കെടുത്തു.

## പത്തനംതിട്ട

**കോഴിത്തോട്**

കോഴിത്തോട് പുനരുജ്ജീവന പദ്ധതിയുടെ ആലോചനയോഗം 2018 ഡിസംബർ 1 ന് കളക്ടറേറ്റിലെ എ.ഡി.സി. ഓഫീസിൽ നടന്നു. തുടർന്ന് ഡിസംബർ 4 ന് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് സംഘാടക സമിതി രൂപീകരണ യോഗം ചേർന്നു. കോഴിത്തോട് പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി തോടിന്റെ

ഉത്ഭവസ്ഥാനമായ ചുണ്ടലംകാവ് ഊട്ടുപാറയിൽ നിന്നും ആരംഭിച്ചു കോഴിപ്പാലം വരെ ഏകദേശം 10 കിലോമീറ്റർ പുഴനടത്തം സംഘടിപ്പിച്ചു. എല്ലാ പ്രദേശങ്ങളിൽ നിന്നുമായി 250 പേർ പുഴ നടത്തത്തിൽ പങ്കെടുത്തു.

2018 ഡിസംബർ 8 ന് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം.ബി. സത്യന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബഹു. ആറൻമുള എം.എൽ.എ. ശ്രീമതി വീണാ ജോർജ്ജ് നിർവഹിച്ചു. തുടർന്ന് നാരങ്ങാനം പഞ്ചായത്തിലും ഇലന്തൂർ പഞ്ചായത്തിലും ഉൾപ്പെടുന്ന തോടിന്റെ ഭാഗങ്ങളിൽ കുടുംബശ്രീയുടെയും തൊഴിലുറപ്പ് പ്രവർത്തകരുടെയും നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. തോടിനെ പല ഭാഗങ്ങളായി തിരിച്ച് എല്ലായിടത്തും ഒരേ സമയം പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. നൂറോളം പേരുടെ നേതൃത്വത്തിൽ 4 കിലോമീറ്റർ ശുചികരണ പ്രവർത്തനങ്ങൾ നടത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടാതെ ജലസേചന വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെയും എം.ജി.എൻ.ആർ.ഇ.ജി.എസ്., കുടുംബശ്രീ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചത്.

## ആലപ്പുഴ

### എ.എസ്. കനാൽ-പ്ലാക്കുഴിതോട്

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ എ.എസ്. കനാൽ-പ്ലാക്കുഴി തോട് വെട്ടി വശങ്ങളിൽ തീറ്റപ്പുൽ വച്ച് പിടിപ്പിച്ചു കൊണ്ടാണ് തുടക്കം കുറിച്ചത്. പദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലീലാമ്മ ആന്റണി നിർവഹിച്ചു. പ്രവർത്തനത്തിൽ ഭരണസമിതി അംഗങ്ങൾ ജീവനക്കാർ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു.

### കരിപ്പയിൽ ചാൽ

ഹരിതകേരളം മിഷൻ പ്രവർത്തനം ആരംഭിച്ചതിന്റെ രണ്ടാം വാർഷികദിനമായ ഡിസംബർ 8 ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിപുലമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ജില്ലാതല പരിപാടികളുടെ



തുടക്കം കുറിച്ചുകൊണ്ട് കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്, ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത്, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ ചേർത്തല തെക്കിലെ കരിപ്പയിൽ ചാൽ ശുചീകരിച്ചുകൊണ്ട് ആരംഭിച്ചു. 11 കി.മീ. നീളമുള്ള കരിപ്പയിൽച്ചാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതം 55.5 ലക്ഷം, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ എന്നിവ സംയോജിപ്പിച്ച് പൊതുജന പങ്കാളിത്തത്തോടെയാണ് പുനരുജ്ജീവിപ്പിക്കുന്നത്. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പ്രഭാ മധു, ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വി.എ.സേതു ലക്ഷ്മി, വിവിധ ജനപ്രതിനിധികൾ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി ആരംഭിച്ചു.

**കാപ്പിത്തോട്**

പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴി ലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 11-ാം വാർഡിലെ കാപ്പിത്തോട് ആഴംകൂട്ടി മോടി പിടിപ്പിക്കൽ എന്ന പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കി. ഈ പ്രവൃത്തിയിൽ വർഷങ്ങളോളം മാലിന്യ കൂമ്പാരമായി കിടന്നിരുന്ന കാപ്പിത്തോട് പുനരുദ്ധരിപ്പി ക്കുകയും ആഴം കൂട്ടി മോടി പിടിപ്പിക്കുകയും നീരൊഴുക്ക് വർദ്ധിപ്പിക്കുകയും ചെയ്തു. നീർച്ചാലിലേയ്ക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതു മൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് പരിസരവാസികൾക്ക് ബോധവൽക്കരണം നടത്തി. ഏകദേശം 2100 മീറ്ററോളം നീളം വരുന്ന കാപ്പിത്തോടിന്റെ 450 മീറ്റർ ഈ പ്രവൃ ത്തിയിലൂടെ ആഴം കൂട്ടി മോടിപിടിപ്പിക്കുവാൻ കഴിഞ്ഞു. 985 തൊഴിൽദിന ങ്ങൾ ഈ പ്രവൃത്തിയിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**സാർക്ക് തോട്**

നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ 400 മീറ്റർ നീളമുള്ള സാർക്ക് തോട് പൂർണ്ണ മായും ശുചീകരിക്കുന്ന പ്രവർത്തനമാണ് നടത്തിയത്. പഞ്ചായത്തിലെ സാനിട്ടേഷൻ ചുമതലയുള്ള ഉദ്യോഗസ്ഥർ, ആരോഗ്യവിഭാഗം ജീവനക്കാർ, ആശാപ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, ഹരിത കർമ്മസേന പ്രവർത്തകർ, തൊഴിലുറപ്പ് പ്രവർത്തകർ, കുടുംബശ്രീപ്രവർത്തകർ, പ്രദേശവാസികൾ എന്നിവരുടെ പങ്കാളിത്തത്തിൽ തോട് ശുചീകരണ പ്രവർത്തനം നടത്തി. അതോടൊപ്പം തോടുകളും പുഴകളും ഉൾപ്പെടെ യുള്ള പൊതുജലാശയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന്റെ പ്രാധാന്യത്തെക്കു റിച്ചും അതിലൂടെ ജലജന്യ രോഗങ്ങളുടെ വ്യാപനം തടയുന്നതിനെക്കുറിച്ചുമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

**മുട്ടാർ ഗ്രാമപഞ്ചായത്ത്**

മുട്ടാർ ഗ്രാമപഞ്ചായത്തിൽ ശുചീകരണത്തിനായി പള്ളിപ്പാലം തോട്, ശ്മശാനം തോട്, പുറത്തേ ഇരുപത് തോട്, വള്ളപ്പുരതോട് എന്നിവ തെരഞ്ഞെ ടുത്തു. തോടുകളുടെ ശുചീകരണ ഉദ്ഘാടനം ബഹു.പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. നീരൊഴുക്കിന് തടസ്സമായി തോടുകളുടെ ഇരുവശവും തോടിനു ള്ളിലും തിങ്ങി വളർന്നു നിന്നിരുന്ന ചെടികൾ വെട്ടിമാറ്റി നീരൊഴുക്ക് സുഗമമാക്കി

കഴിയുന്നത്ര ചെറിയ തോടുകൾ ആഴം കൂട്ടി വൃത്തിയാക്കിയതുമൂലം ഒഴുക്കു വർദ്ധിപ്പിച്ച് തോട് ശുചിയായി നിലനിർത്തി. ഇതിന്റെ ഭാഗമായി 2.2 കി.മീ തോട് ശുചീകരിച്ചു.

## കോട്ടയം

### കുന്നുകുഴിച്ചിറത്തോട്

കോട്ടയം മുനിസിപ്പാലിറ്റിയിലെ കുന്നുകുഴിച്ചിറത്തോടിലെ മാലിന്യം നീക്കം ചെയ്തു നവീകരിച്ചു. ഈ തോടിനു 532 മീറ്റർ നീളവും 2.50 മീറ്ററോളം വീതിയുമുണ്ട്. കോട്ടയം നഗരസഭ അദ്ധ്യക്ഷ ഡോ. പി.ആർ. സോന നവീകരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു. നഗരസഭ അദ്ധ്യക്ഷ ഫ്ളാഗ് ഓഫ് ചെയ്തുകൊണ്ട് തോട് വൃത്തിയാക്കൽ ആരംഭിച്ചു. NSS വിദ്യാർത്ഥിനികളും, പ്രദേശവാസികളും പങ്കെടുത്തു. മണ്ണുമാന്തി യന്ത്രത്തിന്റെ കൂടി സഹായത്തോടെ 532 മീറ്റർ ശുചികരണം നടത്തി. ജലസേചന വകുപ്പ്, നഗരസഭ, കൃഷി വകുപ്പ്, ശുചിത്വമിഷൻ, ജില്ലാ ആസൂത്രണ ബോർഡ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ജില്ലാ പഞ്ചായത്ത്,



ഹരിതകേരളം മിഷൻ, ഹരിത കർമ്മസേന തുടങ്ങിയ സർക്കാർ വകുപ്പുകളും മൗണ്ട് കാർമൽ സ്കൂൾ NSS യൂണിറ്റ്, മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനർസംയോജന സമിതി, റസിഡൻസ് അസോസിയേഷൻ തുടങ്ങിയ ഏജൻസികളും പങ്കെടുത്തു.

## ഇടുക്കി

### മരിയാപുരം

ഇടുക്കി ജില്ലയിൽ പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റവും ശ്രദ്ധേയമായ മൂന്ന് പരിപാടികളാണ് സംഘടിപ്പിച്ചത്. ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിലെ പെരിയാറിൽ പുഴ നടത്തം സംഘടിപ്പിച്ചു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ പങ്കെടുത്ത യോഗം, CDS അംഗങ്ങൾ പങ്കെടുത്ത യോഗം,



വിവിധ വകുപ്പുദ്യോഗസ്ഥരുടെ യോഗം. പിന്നീട് 3 വിഭാഗങ്ങളെയും ഉൾപ്പെടുത്തിയുള്ള വിപുലമായ യോഗം എന്നിങ്ങനെയാണ് സംഘാടനം നടത്തിയത്. ജനങ്ങളിലേക്ക് നേരിട്ട് ഇറങ്ങിച്ചെന്ന് പുഴയുടെ പ്രാധാന്യവും പാരിസ്ഥിതിക മുൻഗണനയും പ്രദേശവാസികളെ ബോധ്യപ്പെടുത്താൻ പുഴ നടത്തത്തിലൂടെ സാധിച്ചു. അംഗണവാടി പ്രവർത്തകരും കുടുംബശ്രീ പ്രവർത്തകരുമെല്ലാം ഈ പുഴ സംരക്ഷണ പരിപാടിയുടെ പ്രചാരകരായി മാറുകയായിരുന്നു.

ഉദ്ഘാടനം നിർവഹിച്ചത് അഡ്വ. ജോയ്സ് ജോർജ് എംപിയായിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യ പൗലോസ്, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ ഡോ. ടി. എൻ. സീമ, മരിയാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡോളി ജോസ് മുതലായവർ പങ്കെടുത്തു. പരിപാടിയുടെ ഭാഗമായി പുഴയോരത്ത് വൃക്ഷത്തൈകളും നട്ടു. 1500 ഓളം പേർ പരിപാടിയിൽ പങ്കെടുത്ത് 3 കിലോമീറ്ററോളം ദൂരം പുഴയ്ക്കൊപ്പം നടന്നു. മരിയാപുരം പഞ്ചായത്തിന്റെ 'ഹരിതപുരം പദ്ധതി'ക്ക് പിന്തുണ നൽകുന്നതിനും വേണ്ടിയാണ് ജനകീയ പുഴനടത്തം സംഘടിപ്പിച്ചത്.

**തൊടുപുഴ-കുട്ടിത്തോട്**

തൊടുപുഴ നഗരസഭയിലെ കോലാനി 29-ാം വാർഡിന്റെ ഹരിതവാർഡ് രൂപീകരണ പ്രഖ്യാപനവും ഹരിതകേരളത്തിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടത്തി. പാറക്കടവ് ജംഗ്ഷനിലെ കുട്ടിത്തോട് വൃത്തിയാക്കിയാണ് ഹരിതവാർഡ് രൂപീകരണത്തിന് തുടക്കമിട്ടത്. ശുചിത്വം, മാലിന്യ പരിപാലനം, ജലസംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, സുരക്ഷിത ഭക്ഷ്യ ഉത്പാദനം തുടങ്ങിയവയിൽ സ്വയം പര്യാപ്തരാകുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. പി.ജെ. ജോസഫ് MLA, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ എന്നിവർ ചേർന്നാണ് ഹരിതവാർഡ് രൂപവത്ക്കരണ പ്രഖ്യാപനം നടത്തിയത് വാർഡ് കൗൺസിലർ ആർ. ഹരി അധ്യക്ഷനായി.

**അടിമാലി ദേവിയാർ**

അടിമാലി പഞ്ചായത്തിൽ ദേവിയാർ പുഴയുടെ വീണ്ടെടുക്കൽ പരിപാടി നടന്നു. ക്ലീൻ ദേവിയാർ ക്ലീൻ അടിമാലി പദ്ധതിയുടെ ഭാഗമായി പുഴ ശുചീകരിക്കാൻ നൂറ് കണക്കിന് സന്നദ്ധ പ്രവർത്തകരാണ് രംഗത്തു വന്നത്. 18 കിലോ മീറ്ററോളം വരുന്ന ഭാഗം ശുചീകരിക്കുകയാണ് ലക്ഷ്യം. തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ അയൽക്കൂട്ടം അംഗങ്ങൾ, ഹരിതസേന, സ്വയംസഹായ സംഘങ്ങൾ, പൊതു പ്രവർത്തകർ, പ്രദേശവാസികൾ എന്നിവർ അടക്കം 2500 ഓളം പേരാണ് പങ്കെടുത്തത്.

## എറണാകുളം

**പുഞ്ചക്കുഴിത്തോട്**

എറണാകുളം ജില്ലയിലെ മുളക്കുഴ, വേങ്ങൂർ പഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന പുഞ്ചക്കുഴിത്തോട് ശുചീകരണം നടത്തി. ബഹു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി.വർഗീസ് ഉദ്ഘാടനം നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ, സ്ഥലംവിട്ടു നൽകേണ്ടവരുടെ വീടുകളിൽ സ്കാഡ് പ്രവർത്തനം, നോട്ടീസ് വിതരണം എന്നിവ സംഘടിപ്പിച്ചു. പെരിയാറിൽ അവസാനിക്കുന്ന ഈ തോട് അറ്റകുറ്റപ്പണികളുടെ അഭാവവും മൂലവും മാലിന്യ നിക്ഷേപം മൂലവും ചെളിയും കാടും നിറഞ്ഞ് നാശോന്മുഖമായ അവസ്ഥയിലായിരുന്നു. കൂടാതെ തോടിന്റെ ഇരുകരകളിലും മണ്ണിടിച്ചിലും കയ്യേറ്റവുംമൂലം 8 മീറ്റർ വീതിയുണ്ടായിരുന്ന തോട്, പലയിടങ്ങളിലും 4 മീറ്ററായി കുറഞ്ഞിരിക്കുന്നു. ഇതോടെ വെള്ളപ്പൊക്കം മൂലം സമീപത്തെ നൂറേക്കറോളം വരുന്ന പാടശേഖരത്തിലെ കൃഷി നാശം പതിവായി. ഇതുകൊണ്ട് കർഷകർ കൃഷി ഉപേക്ഷിക്കേണ്ട സാഹചര്യമുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായി തോടിന്റെ 750 മീറ്ററോളം വരുന്ന ഭാഗത്തിന്റെ നവീകരണം ജനപങ്കാളിത്തത്തോടെ നടന്നു. പാടശേഖരസമിതിയുടെ സഹായത്തോടെ ഇരുവശത്തുമുള്ള കർഷകരെ പറഞ്ഞു ബോധ്യപ്പെടുത്തി തോടിന്റെ വീതി 8 മീറ്ററാക്കി വർദ്ധിപ്പിച്ച്, മാലിന്യങ്ങൾ, ചെളി എന്നിവ നീക്കം ചെയ്ത് ആഴം കൂട്ടാൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. 3 കി.മീറ്ററോളം പുഴ നടത്തം ഉണ്ടായിരുന്നു. എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, കോടനാട് പാടശേഖര സമിതി എന്നിവ രുടെ സഹകരണത്തോടെയാണ് പ്രവർത്തനം സംഘടിപ്പിച്ചത്. 300 ഓളം പേർ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

## തൃശ്ശൂർ

**പെരിങ്ങാട് പുഴ**

പാവറട്ടി പഞ്ചായത്തിൽ ഉൾപ്പെടെ പെരിങ്ങാട് പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ഡിസംബർ 8 ന് ആരംഭിച്ചു. ജില്ലാതല പ്രവർത്തനോൽഘാടനം ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് നിർവഹിച്ചു. മുമ്പ് ഇവിടെ ബണ്ട് കെട്ടി ചെമ്മീൻ കൃഷി നടത്തിയിരുന്നു. മത്സ്യബന്ധനവും നടത്തിയിരുന്നു. ഇവ തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങളാണ് ലക്ഷ്യം.

### കനോലി കനാൽ

തൃശൂർ ജില്ലയിലെ എടത്തുരുത്തി – കനോലി കനാൽ സംരക്ഷണ പ്രവർത്തനങ്ങൾ 2018 ഡിസംബർ 8–ാം തീയതി രാവിലെ ബഹു. എം.എൽ.എ. ഇ.ടി. ടൈസൺ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. കനോലി കനാലിന്റെ ശുചീകരണ പ്രവർത്തനങ്ങൾ അതത് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ഇരുന്നൂറോളം പേർ വരുന്ന തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾ നടത്തി. കടലിൽ നിന്നും ഉപ്പുവെള്ളം കനോലികനാലിലേക്ക് കയറാതിരിക്കാൻ വേണ്ടിയുള്ള സ്ലൂയിസുകളുടെ നിർമ്മാണവും, ഇരുപതോളം കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും മൈനർ ഇറിഗേഷൻ 2018 –19 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ തന്നെ ഏകദേശം പുഴയുടെ ഒരു കിലോമീറ്ററോളം വൃത്തി യാക്കാൻ സാധിച്ചു.

## പാലക്കാട്

### മംഗലംപുഴ

പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ മംഗലം പുഴയോരം ശുചീകരണം നടത്തി. മാലിന്യം കുന്നുകൂടിയിട്ടുള്ള മംഗലം പുഴയോരത്ത് 8 ഏക്കർ സ്ഥലം പൂർണ്ണമായും ശുചീകരിച്ചു. 8 മുതൽ 10 മീറ്റർ വരെ പുഴതീരം വൃത്തിയാക്കി ഒരു നിരയായി മുളകളും ശേഷിക്കുന്ന ഭാഗങ്ങളിൽ പുഴയോരവൃക്ഷങ്ങളും വച്ചുപിടിപ്പിച്ചു. പുഴയോരത്തെ കയ്യേറിയ 8 ഏക്കർ സ്ഥലം തിരിച്ചു പിടിക്കാൻ കഴിഞ്ഞു. പഞ്ചായത്തിനകത്ത് വരുന്ന പുഴയുടെ 8 മീറ്റർ തീരം ഭരണസമിതി അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ജില്ലാ പഞ്ചായത്ത് അംഗം, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ വലിയ ജനപങ്കാളിത്തത്തോടെ ശുചീകരിച്ചു.

മംഗലംപുഴ വീണ്ടെടുക്കുന്നതിന്റെ ഭാഗമായി ആലത്തൂർ പഞ്ചായത്തിലെ കാവത്തുകുളം മുതൽ കുട്ടംമുച്ചി വരെ ഏതാണ്ട് 11 ഏക്കർ വിസ്തീർണ്ണത്തിൽ പുഴയുടെ തീരം വൃത്തിയാക്കി. ദേശീയ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ ഉൾപ്പെടെ 106 പ്രവർത്തകർ ശുചീകരണത്തിലും വൃക്ഷവൽക്കരണത്തിലും പങ്കെടുത്തു.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ കൊളയക്കാട് പ്രദേശത്താണ് മംഗലംപുഴയുടെ തീരസംരക്ഷണ പ്രവർത്തനങ്ങൾ നടന്നത്. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾ ഉൾപ്പെടെ 89 പേർ പുഴ തീര സംരക്ഷണ പ്രവർത്തനത്തിൽ പങ്കെടുത്തു. ഏതാണ്ട് 5.5 ഏക്കർ സ്ഥലം പുഴയുടേതായി കണ്ടെത്താനും സംരക്ഷിക്കാനും കഴിഞ്ഞു.

### ഗായത്രീ നദീതടം

പാലക്കാട് ജില്ലയിലെ നെന്മാറ ഗ്രാമ പഞ്ചായത്ത് കണ്ണോട് പ്രദേശത്തുള്ള അഞ്ചാം വാർഡിലെ ഗായത്രീ നദീതടത്തിലുള്ള ഒന്നും രണ്ടും നിര നീർച്ചാൽ പുനരുജ്ജീവനം നടത്തി വീണ്ടെടുക്കുന്നതിന് വിപുലമായ പരിപാടികൾ നടന്നു. ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ.കൃഷ്ണൻകുട്ടിയാണ് വീണ്ടെടുക്കൽ പ്രവർത്തനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. ബഹു. നെന്മാറ എം.എൽ.എ. ശ്രീ. കെ. ബാബു അധ്യക്ഷനായിരുന്നു. മണ്ഡലത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും, കൊല്ലങ്കോട്, നെന്മാറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും ഉൾപ്പെടെ 560 പേർ പങ്കെടുത്തു. നദീ തീരത്തിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് ഹരിതകേരളം മിഷൻ വിഭാ

വനം ചെയ്യുന്ന പച്ചത്തുരുത്തായി മുഴുവൻ പ്രദേശത്തെ മാറ്റുക എന്നതാണ് ലക്ഷ്യം. 20 ഹെക്ടർ ഭൂമി ജനകീയ പങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ തിരിച്ചുപിടിച്ചാണ് ഈ പച്ചത്തുരുത്ത് രൂപം കൊള്ളുന്നത്.

## മലപ്പുറം

### വേരിങ്ങാവ് മണക്കടവ്  തോട്

പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വിമല പാറക്കണ്ടതിൽ രാവിലെ ഉദ്ഘാടനം വെരിങ്ങാവ് കണക്കടവ് തോട് ശുചീകരണം നിർവഹിച്ചു. തുടർന്ന് നടന്ന ബോധവൽക്കരണ പരിപാടിയിൽ 112 പേർ പങ്കെടുത്തു. 3.5 കിലോമീറ്റർ പുഴനടത്തം സംഘടിപ്പിച്ചു. 1 കിലോമീറ്റർ ശുചീകരണം നടത്തി. കൃഷിവകുപ്പ് കുടുംബശ്രീ, ദേശിയ തൊഴിലുറപ്പു പരിപാടി എന്നിവയുടെ പങ്കാളിത്തം ഉണ്ടായിരുന്നു. ആകെ 110 പേർ പങ്കെടുത്തു.

### മുണ്ടപ്പാടം -വൈപ്പിനി നീർത്തടം

ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജില്ലാ കളക്ടർ ശ്രീ. അമിത്മീണ ഐ.എ.എസ്. നിർവഹിച്ചു. ഉദ്ഘാടന ചടങ്ങിന് ശേഷം ശുചീകരണ പ്രവർത്തനം നടന്നു.  500 മീറ്റർ ശുചീകരണ പ്രവർത്തനമാണ് നടന്നത്. ദേശീയ തൊഴിലുറപ്പ്, കുടുംബശ്രീ എന്നിവയിൽ നിന്നുൾപ്പെടെ 310 പേർ ഈ പ്രവർത്തനത്തിൽ പങ്കെടുത്തു.

### മാടമ്പത്ത് തോട് - പുഴക്കാട്ടിരി പഞ്ചായത്ത്

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി പഞ്ചായത്തിൽ ശുചീകരണത്തിനായി ഏറ്റെടുത്തത് മാടമ്പത്ത് തോടാണ്. ശുചീകരണ പ്രവർത്തനങ്ങളുടെ പദ്ധതി രൂപീകരണത്തിനായി പഞ്ചായത്ത്തല യോഗങ്ങളും, പ്രാദേശിക യോഗങ്ങളും, ഒപ്പം കർഷകരുടെ യോഗങ്ങളും നടത്തി. പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ



ഉദ്ഘാടനം ബഹു. എം.എൽ.എ. ശ്രീ. അഹമ്മദ് കബീർ നിർവഹിച്ചു. തോടിന്റെ കൈവഴികൾ ശുചീകരിക്കുകയും പ്ലാസ്റ്റിക് മാലിന്യങ്ങളും ചെളിയും നീക്കം ചെയ്യുകയും ചെയ്തു. കയ്യേറിയ സ്ഥലങ്ങളിൽ സർവേ കല്ല് സ്ഥാപിക്കുകയും തോടിന്റെ കൈവഴികൾ ആഴം കൂട്ടുകയും ചെയ്തു. എൻ.എസ്.എസ്. വോളന്റീയർ മാർ ശുചീകരണത്തിൽ സജീവമായി പങ്കെടുത്തു. 450 മീറ്റർ നീളുന്ന തോടിന്റെ 300 മീറ്റർ ശുചീകരിച്ചു. എഴുന്നൂറോളം പേർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

## കോഴിക്കോട്

### പെരുവൻമാട് തോട്

കോഴിക്കോട് ജില്ലയിലെ പെരുവൻമാട് തോട് ശുചീകരണ വീണ്ടെടുക്കൽ പ്രവർത്തനങ്ങൾ നടത്തി. തോട് ശുചീകരണവും വീണ്ടെടുക്കൽ പ്രവർത്തന ഉദ്ഘാടനവും ബഹു. എം.എൽ.എ. ശ്രീ. വി.കെ.സി. മമ്മദ് കോയ നിർവഹിച്ചു. ഉദ്ഘാടനത്തിനു ശേഷം ഹരിതകർമ്മസേന അംഗങ്ങൾ, പ്രദേശവാസികൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ ചേർന്ന് ശുചീകരണം ആരംഭിച്ചു. അതോടൊപ്പം തന്നെ ഫറോക്ക് സ്കൂളിലെ ഏകദേശം 100 ഓളം എൻ.എസ്.എസ്. വോളന്റീയർമാരും ഈ ദൗത്യത്തിൽ പങ്കാളികളായി.

## വയനാട്

വയനാട് ജില്ലയിൽ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തത് കബനി നദിയും അതിന്റെ കൈവഴികളുമായിരുന്നു. ശുചീകരണത്തിന് മുന്നോടിയായി 5 കി.മീ നീളത്തിൽ പുഴനടത്തം നടത്തി. 04.12.2018 ന് വൈത്തിരി പുഴയിൽ മാതൃക പുഴ പഠനം കിലയുടെ സഹകരണത്തോടെ സംഘടിപ്പിച്ചു. നദീപുനരുജ്ജീവന പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനം പൊഴുതന ഗ്രാമപഞ്ചാ



യത്തിൽ സി.കെ. ശശീന്ദ്രൻ എം.എൽ.എ.യും മന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രനും നിർവഹിച്ചു. പഞ്ചായത്ത് നഗരസഭാതലങ്ങളിൽ പ്രസിഡന്റ്, ചെയർപേഴ്സൺ എന്നിവരും ഉദ്ഘാടനം ചെയ്തു. ജില്ലയിലെ 15 പഞ്ചായത്തുകളിലും 3 നഗരസഭ

കളിലുമായി ബഹുജന പങ്കാളിത്തത്തോടെയാണ് ഹരിതകേരളം മിഷൻ പ്രവർത്ത നങ്ങൾ ഏകോപിപ്പിച്ചത്. കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് പ്രവർത്തകർ, എൻ.എസ്.എസ്. വിദ്യാർത്ഥികൾ, കോളേജ് വിദ്യാർത്ഥികൾ, രാഷ്ട്രീയ, സാമൂ ഹിക, സാംസ്കാരിക പ്രതിനിധികൾ തുടങ്ങിയവർ പങ്കാളികളായി. ആകെ 49.6 കി.മീ. നീളത്തിൽ ശുചീകരണം നടത്തി.

## കണ്ണൂർ

### കക്കാട് പുഴ

അനധികൃത കയ്യേറ്റങ്ങളും മലിനീകരണവും കാരണം നാശോന്മുഖമായ കക്കാട് പുഴയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കണ്ണൂർ കോർപ്പറേഷൻ മേയർ ഇ.പി. ലതയുടെ നേതൃത്വത്തിൽ ആരംഭിച്ച മലബാർ അവയർനസ് ആന്റ് റെസ്ക്യൂ സെന്റർ ഫോർ വൈൽഡ് ലൈഫ് (MARC) എന്ന സംഘടനയുടെ സഹകരണ ത്തോടെയാണ് പ്രവർത്തനം നടത്തിയത്. അതിന്റെ ഭാഗമെന്നോണം 6 മത്സ്യത്തൊ



ഴിലാളികൾ 4 ബോട്ടുകളിലായി പുഴയുടെ 400 മീറ്ററോളം ശുചീകരിച്ചു. ഈ പ്രവർ ത്തനങ്ങളിൽ 27 ഓളം കോർപ്പറേഷൻ തൊഴിലാളികളും 4 ഫൈബർ ബോട്ടുക ളിലുമായി മൽസ്യ തൊഴിലാളികളും പങ്കാളികളായി. പുഴയുടെ നവീകരണോദ് ഘാടനം ബഹുമാനപ്പെട്ട ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രി ശ്രീമതി കെ.കെ. ശൈലജ നിർവഹിച്ചു. ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ എം.പി., ശ്രീ. പി.കെ. ഷാജി എം.എൽ.എ. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.വി. സുമേഷ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ തുടങ്ങിയവർ പങ്കെടുത്തു. പുഴ മാസ്റ്റർ പ്ലാനിന്റെ ഉദ്ഘാടനവും ചടങ്ങിൽ നടന്നു.

### കോളയാട് പഞ്ചായത്ത്

കോളയാട് പഞ്ചായത്തിൽ 14 വാർഡുകളിലായി 378 താൽക്കാലിക തടയ ണകളും ഒരു കുള നവീകരണവും 11 ചെക്ക് ഡാം നവീകരണവും എടയാർപുഴ

ശുചീകരണവും നടത്തി. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.സുരേഷ്കുമാർ ഉദ്ഘാടനം നിർവഹിച്ചു. വാർഡ് മെമ്പർമാരും മറ്റ് പൊതുപ്രവർത്തകരും നേതൃത്വം നൽകി. തൊഴിലുറപ്പുപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, നാട്ടുകാർ തുടങ്ങി 1375 പേർ പങ്കെടുത്തു.

**അഞ്ചരക്കണ്ടിപ്പുഴ**

42 കിലോമീറ്ററോളം വരുന്ന 11 ഗ്രാമപഞ്ചായത്തുകളിലൂടെയും ഒരു നഗരസഭയിലൂടെയും കടന്നുപോകുന്ന അഞ്ചരക്കണ്ടിപ്പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് മാങ്ങാട്ടിടം പഞ്ചായത്തിലെ ആയിത്തറ മാമ്പറം ഭാഗത്ത് തുടക്കമിട്ടു. എഴുപതോളം പേർ പങ്കെടുത്തു. രാമച്ചം, ഈറ്റ തുടങ്ങിയവ പുഴയോരത്ത് സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ചു.

**പായം പഞ്ചായത്ത്**

പായം പഞ്ചായത്തിലെ കർമ്മപരിപാടികൾക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ. അശോകൻ നേതൃത്വം നൽകി. ബഹു. എം.എൽ.എ. സണ്ണി ജോസഫ് വള്ളിത്തോടും ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എൻ.ടി. റോസമ്മ കോളിക്കടവിലും ശ്രീ. എൻ. അശോകൻ മാടത്തിലും ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് 18 വാർഡുകളിലും തടയണ നിർമ്മാണം ആരംഭിച്ചു. പഞ്ചായത്തിലെ ചെറുതും വലുതുമായ 32 തോടുകൾ 2343 ആളുകൾ ചേർന്ന് വൃത്തിയാക്കി. 550 ഓളം തടയണകൾ നിർമ്മിച്ചു. കുടുംബശ്രീ, ഹരിതകർമ്മസേന, തൊഴിലുറപ്പ് തൊഴിലാളികൾ യുവജന സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ തുടങ്ങിയവർ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

**തില്ലങ്കരി പഞ്ചായത്ത് – തടയണ നിർമ്മാണം**

തില്ലങ്കരി പഞ്ചായത്തിലെ തടയണ നിർമ്മാണോദ്ഘാടനം വഞ്ഞേരി തോടിൽ പഞ്ചായത്ത് പ്രസിഡന്റ് പി.പി.സുഭാഷ് നിർവഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് മറ്റ് ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു. കുടുംബശ്രീ, തൊഴിലുറപ്പ് പ്രവർത്തകർ തുടങ്ങി ആയിരത്തോളം പേർ തടയണ നിർമ്മാണത്തിൽ പങ്കെടുത്തു. ഇതിന്റെ ഭാഗമായി 400 താത്കാലിക തടയണകൾ നിർമ്മിച്ചു.

**പേരാവൂർ പഞ്ചായത്ത് –തടയണ നിർമ്മാണം**

പേരാവൂർ പഞ്ചായത്തിൽ തൊണ്ടിഡാം, മാവടി പാടശേഖരം, നംബിയോട് തോട്, ഗോശാലപുരം തോട്, മുരിങ്ങാടി തോട്, തെറ്റുവഴി പുഴ, പോത്തുകുഴിപ്പുഴ, ഗണപതിയാട് പുഴ എന്നിവിടങ്ങളിൽ 12 തടയണകൾ നിർമ്മിച്ചു. ഇതിന്റെ ഉദ്ഘാടനം വൈസ് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ജിജി ജോയ് നിർവഹിച്ചു. കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവയിൽ നിന്നുൾപ്പെടെ എഴുപത്തഞ്ചോളം പേർ പങ്കെടുത്തു.

**കാടാച്ചിറ വലിയതോട്**

കാടാച്ചിറ വലിയതോട് ശുചീകരണ പ്രവൃത്തി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.

കെ.കെ.ഗിരീശൻ ഉദ്ഘാടനം ചെയ്തു. 70 ഓളം പേർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. 250 മീറ്റർ നീളത്തിൽ തോട് ശുചീകരണം പൂർത്തിയാക്കി.

**മുണ്ടേരി പഞ്ചായത്ത് വയൽ തോട്**

മുണ്ടേരി പഞ്ചായത്ത് വയൽതോട് പുനരുജ്ജീവന പ്രവർത്തനം പഞ്ചായത്ത് പ്രസിഡന്റ് എ. പങ്കജാക്ഷൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് മെമ്പർമാർ, വികസന സ്റ്റാൻഡിംഗ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. 50 ഓളം പേർ പങ്കെടുത്തു. 700 മീറ്റർ വരുന്ന തോടിന്റെ 50 മീറ്ററോളം അന്നേ ദിവസം ശുചീകരിച്ചു.

**കീച്ചേരികുളം**

പാപ്പിനിശ്ശേരി പഞ്ചായത്തിൽ 600 സ്ക്വയർ മീറ്ററോളം വിസ്തീർണ്ണം വരുന്ന കുളത്തിന്റെ നവീകരണ പ്രവർത്തനം നടത്തി. തൊഴിലുറപ്പ് പദ്ധതി അംഗങ്ങളുൾപ്പെടെ നിരവധി പേർ പങ്കെടുത്തു. പഞ്ചായത്ത് പ്രതിനിധികൾ, വാർഡ് മെമ്പർമാർ തുടങ്ങിയവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**ഹരിതീർത്ഥക്കര വെള്ളച്ചാട്ടം**

കാക്കോൽ - ആലപ്പടമ്പ പഞ്ചായത്തിലെ ഹരിതീർത്ഥങ്കര വെള്ളച്ചാട്ട പുനർജ്ജനി പ്രവർത്തനങ്ങളൾ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.പി.ഉഷ ഉദ്ഘാടനം ചെയ്തു. ടൂറിസം സാധ്യതകൾ ലക്ഷ്യമിട്ട് ഏകദേശം 13 ലക്ഷം രൂപയുടെ പദ്ധതികളാണ് വെള്ളച്ചാട്ട പ്രദേശത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നത്.

**നടുക്കണ്ടം വയൽക്കുളം**

കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ പറവന്നൂരിൽ ജലം സംരക്ഷിക്കുന്നതിനായി നടുക്കണ്ടം വയലിൽ കുളത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് ഹരിതകേരളം മിഷൻ വാർഷികത്തിന്റെ ഭാഗമായി തുടക്കം കുറിച്ചു. ബ്ലോക്ക് തല ഉദ്ഘാടനം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.വസന്തകുമാരി നിർവഹിച്ചു. ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ പ്രദേശവാസികൾ തുടങ്ങി ഒട്ടനേകം പേർ പങ്കെടുത്തു.

**തള്ളിയിൽ കുഞ്ഞുകുളം**

ആന്തൂർ നഗരസഭയിലെ തളിയിൽ കുഞ്ഞുകുളം ശുചീകരണ പ്രവർത്തനങ്ങളുടെ പ്രചാരണ പ്രവർത്തനങ്ങൾ 2018 ഡിസംബർ അഞ്ചിന് വാർഡ് തലത്തിൽ നടത്തുകയുണ്ടായി. പ്രവർത്തനങ്ങളളുടെ ഉദ്ഘാടനം നഗരസഭാ ചെയർപേഴ്സൺ ശ്രീമതി പി.കെ. ശ്യാമള ടീച്ചർ നിർവഹിച്ചു. കുടുംബശ്രീ അംഗങ്ങൾ, ഹരിതകർമ്മ സേനാംഗങ്ങൾ, തൊഴിലുറപ്പ് പദ്ധതിയിലെ അംഗങ്ങൾ, പൊതുപ്രവർത്തകർ തുടങ്ങി 56 പേർ ശുചീകരണത്തിൽ പങ്കെടുത്തു.

**കല്ലുമ്പ്രം തോട്**

കതിരൂർ പഞ്ചായത്ത് വിവിധ വാർഡുകളിലായി കല്ലുമ്പ്രം തോട് ശുചീകരണ

പ്രവൃത്തികൾ നടന്നു. കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീബ ഉദ്ഘാടനം നിർവഹിച്ച ശുചീകരണ പ്രവർത്തനത്തിൽ പൊന്ന്യം കതിരൂർ ഏരിയ ക്ലബ്ബുകൾ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങി 50 ഓളം പേർ പങ്കെടുത്തു.

**മുണ്ടപ്പുറം മൂലക്കുളം നവീകരണം**

ചെറുകുന്ന് പഞ്ചായത്തിലെ മുണ്ടപ്പുറം മൂലക്കുളം നവീകരണ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വി.അസ്സൻ കുഞ്ഞ് മാസ്റ്റർ ഉദ്ഘാടനം നിർവഹിച്ചു. തൊഴിലുറപ്പ് തൊഴിലാളികൾ ഉൾപ്പെടെ നിരവധി പേർ നവീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

**തടയണ നിർമ്മാണവും കുളം നവീകരണവും-മൊകേരി പഞ്ചായത്ത്**

മൊകേരി പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച നാലു കുളങ്ങളുടെ നവീകരണവും തടയണകളുടെയും നിർമ്മാണവും നടത്തി. പത്തിപ്പാലത്ത് വള്ളിയാൽ ചിറമ്മൽ, ഈസ്റ്റ് വള്ളിയായി, മഞ്ചക്കുണ്ട് എന്നിവിടങ്ങളിലും പാടാലപ്പുഴയിലും ആണ് നിർമ്മിച്ചത്. പ്രസ്തുത പ്രദേശങ്ങളിലെ തടയണ സംരക്ഷണ കമ്മിറ്റി അംഗങ്ങൾ, ജനപ്രതിനിധികൾ, നാട്ടുകാർ തുടങ്ങിയവർ അടങ്ങിയ 15 ഓളം പേർ നിർമ്മാണത്തിൽ പങ്കു ചേർന്നു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. വിമല ഉദ്ഘാടനം നിർവഹിച്ചു. കൂടാതെ പഞ്ചായത്തിലെ കല്ലിക്കുളം, താഴെത്തരവത്ത് കുളം, മൊകേരി വയലിലെ രണ്ടു കുളങ്ങൾ തുടങ്ങിയവയുടെ നവീകരണവും ഹരിതകേരളം മിഷൻ വാർഷികത്തോടനുബന്ധിച്ചു നടത്തി.

**മണ്ണോറക്കുളം**

2018 ഡിസംബർ 8 ന് നഗരസഭയിലെ മുപ്പതാം വാർഡിലെ മണ്ണോറക്കുളത്തിൽ ജനകീയ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. നഗരസഭാ ചെയർമാൻ, വൈസ് ചെയർമാൻ, കൗൺസിലർമാർ, നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ശുചീകരണ പ്രവർത്തനങ്ങൾ നടന്നത്.

## കാസറഗോഡ്

**മാനൂരി - അരയിപ്പുഴ**

മടിക്കൈ ഗ്രാമപഞ്ചായത്തിൽ മാനൂരി അരയിപ്പുഴയിൽ പുനരുജ്ജീവന പ്രവർത്തനവും തടയണ നിർമ്മാണവും നടന്നു. തടയണ നിർമ്മാണത്തിലൂടെ കൃഷിയുടെ പരിപാലന സുഗമമാക്കി. പുഴയുടെ ശുചീകരണാർത്ഥം 3 കി.മീ. പുഴനടത്തം സംഘടിപ്പിക്കുയും അതിൽ 2 കി.മീ. ശുചീകരണം നടത്തുകയും ചെയ്തു.

**പാലക്കുന്ന് തോട്, ഏച്ചിലാങ്കയം - വരമ്പുപാറ തോട്**

വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ പാലക്കുന്ന് തോട്, ഏച്ചിലാങ്കയം - വരമ്പുപാറ തോട് എന്നിവയാണ് ശുചീകരണത്തിനായി തിരഞ്ഞെടുത്തത്. അതോടൊപ്പം ഏച്ചിലാങ്കയം-വരമ്പുപാറ തോട് 65 മീറ്റർ ശുചീകരണവും നടത്തുകയുണ്ടായി. ഈ പ്രവർത്തനത്തിൽ 28 പേർ പങ്കെടുത്തു.

### പാലായി വള്ളിക്കുന്നുമ്മേൽ കുളം

നീലേശ്വരം നഗരസഭയിലെ പാലായിവള്ളിക്കുന്നുമ്മേൽ കുളം ശുചീകരണത്തിനായി ഏറ്റെടുത്തു. ശുചീകരണത്തിന്റെ ഉദ്ഘാടനം ബഹു. നഗരസഭാ ചെയർമാൻ പ്രൊഫ കെ.പി. ജയരാജൻ നിർവഹിച്ചു. 400 ച.മീ. വിസ്തീർണ്ണമുള്ള കുളം ഒരു ദിവസംകൊണ്ട് ശുചീകരിച്ചു. പ്രവർത്തനത്തിൽ 96 പേർ പങ്കെടുത്തു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കൊപ്പം ആരോഗ്യവകുപ്പും മറ്റു സന്നദ്ധ സംഘടനകളും ശുചീകരണത്തിൽ പങ്കാളികളായി.

### മുഴക്കോം പാടശേഖര തോട്

കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിൽ ശുചീകരണത്തിനായി മുഴക്കോം പാടശേഖര തോട് തിരഞ്ഞെടുത്തു. പ്രവർത്തനോദ്ഘാടനം ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. 2.50 കി.മീ. നീളമുള്ള തോട് 150–ലേറെ പേർ ചേർന്ന് ശുചീകരിച്ചു. കൃഷിവകുപ്പും കലാ-സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തകരും മുഖ്യ പങ്കാളിത്തം വഹിച്ചു.

### പരുത്തിപ്പുഴ

കാഞ്ഞങ്ങാട് നഗരസഭ പരിധിയിലെ പരുത്തിപ്പുഴ ബഹുജന പങ്കാളിത്തത്തോടുകൂടി ശുചീകരിക്കുകയുണ്ടായി. ബഹു. നഗരസഭ ചെയർമാൻ ശ്രീ. വി.വി. രമേശൻ നേതൃത്വം നൽകുകയും വാർഡ് കൗൺസിലർമാർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെ 100 ലധികം പേർ പ്രവർത്തനത്തിൽ പങ്കാളിയാകുകയും ചെയ്തു. ആകെ 150 മീറ്റർ ഭാഗം പായലുകളും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് ഉപയോഗയോഗ്യമാക്കി. ഇതിലൂടെ നഗരസഭാ പരിധിയിലെ ഉപയോഗ ശൂന്യമായ കിടന്നിരുന്ന ജലനിർഗമന മാർഗം പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുംവിധം മാറ്റിത്തീർക്കുന്ന തിന് നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്.

### കുണ്ടുകൊളകെ തോട്

കുണ്ടുകൊളകെ തോട് ശുചീകരണം ബഹു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അബ്ദുൾ അസീസ് ഹാജി നിർവഹിച്ചു. തൊഴിലുറപ്പ് പ്രവർത്തരും അംഗൻവാടി ജീവനക്കാരും ശുചീകരണ പ്രവർത്തനത്തിൽ മുഖ്യപങ്കുവഹിച്ചു. 150 മീറ്ററിൽ ശുചീകരണം നടത്തി. ശുചീകരണത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ ജലം മലിനമാകാതെ സംരക്ഷിക്കേണ്ടതിനെപ്പറ്റി പ്രദേശവാസികൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനം നടന്നു. ഇതിൽ ജനപ്രതിനിധികൾക്കൊപ്പം കുടുംബശ്രീ സി.ഡി.എസും മുഖ്യ പങ്ക് വഹിച്ചു. ആകെ 25 പേർ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

### അമ്പലത്തറ പേരൂർ തോട്

കാസർഗോഡ് ജില്ലയിലെ അമ്പലത്തറ പേരൂർ തോട് നവീകരണ പ്രവർത്തനങ്ങൾ നടത്തി. തൊഴിലുറപ്പ് തൊഴിലാളികൾ, പുരുഷ സ്വയം സഹായ സംഘങ്ങൾ, ക്ലബ്ബുകൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ നടന്നു. തോടിൽ തടയണ നിർമ്മിച്ച് കൃഷിക്ക് ഉപയോഗപ്രദമാക്കുക എന്ന ലക്ഷ്യത്തോടെ യാണ് പ്രവർത്തനം ആരംഭിച്ചത്. സർക്കാർ സർക്കാരിതര

ഏജൻസികളുടെ പങ്കാളിത്തത്തോടെ ജനകീയമായി തടയണ നിർമ്മാണം നടന്നു. പ്രവർത്തനത്തിൽ 110 പേർ പങ്കെടുത്തു.

**നെല്ലിയടുക്കം കൂവാറ്റിച്ചാല്**

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികവുമായി ബന്ധപ്പെട്ട് കാസർഗോഡ് കരിന്തളം ഗ്രാമപഞ്ചായത്തിൽ നെല്ലിയടുക്ക കൂവാറ്റ ചാലാണ് ശുചീകരണത്തിന ായി ഏറ്റെടുത്തത്. വ്യക്തമായ പദ്ധതികളോടെ ശുചീകരണ പ്രവർത്തനം ആരംഭിച്ചു. ശുചീകരണ പ്രവർത്തന ങ്ങളുടെ തുടക്കം 2 കി.മീ. നീളുന്ന പുഴ നടത്തത്തിലൂടെ ആരംഭിച്ചു. തുടർന്ന് ചാലിന്റെ ശുചീകരണം ആരംഭിച്ചു. ഹരിതകേരളം മിഷനെ കൂടാതെ തൊഴിലുറപ്പ് പദ്ധതി നല്ല പങ്കാളിത്തം നടത്തി. രാഷ്ട്രീയ പാർട്ടികൾക്ക് അതീതമായി സമൂഹത്തിന്റെ നാനാ ഭാഗത്തുനിന്നും ശുചീകരണ പ്രവർത്തനങ്ങൾക്ക് പിന്തുണ ലഭിച്ചു.

**ചിത്താരിപ്പുഴ**

കാസർഗോഡ് ജില്ലയിലെ പൂണൂർ-ഇരിയയിൽ നിന്നുമുള്ള ചിത്താരിപ്പുഴയാണ് ശുചീകരിച്ചത്. 2018 ഡിസംബർ 8-ാം തീയതി രാവിലെ 10 മണിക്ക് ചിത്താരി പ്പുഴയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് ചിത്താരിപ്പുഴ സംരക്ഷണ പ്രവർത്തന ങ്ങൾക്ക് തുടക്കം കുറിച്ചത്. ജില്ലാതല ഉദ്ഘാടനം ചിത്താരി അള്ളങ്കോട് പാലത്തിനു



സമീപം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എം. ഗൗരി നിർവഹിച്ചു. 400-ൽ പരം ആളുകൾ സംബന്ധിച്ചു. തുടർന്ന് പുഴയിൽ അടിഞ്ഞുകൂടിയ ജൈവമാലി ന്യങ്ങൾ നീക്കം ചെയ്തു. ഏകദേശം 2 കി.മീ. നീളത്തിലാണ് പ്രവർത്തനം നടന്നത്. ജൈവ-അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരി ക്കുകയും അജൈവ

മാലിന്യങ്ങൾ കഴുകി വൃത്തിയാക്കി റീസൈക്ലിംഗിന് നൽകാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു.

**കളൂർ കരിപ്പാർ കളായി കട്ട തോട്**

കാസർഗോഡ് ജില്ല, മഞ്ചേശ്വരം ബ്ലോക്ക്, മീഞ്ച ഗ്രാമപഞ്ചായത്തിലെ ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ രണ്ടാം വാർഷികം ആഘോഷവുമായി ബന്ധപ്പെട്ട് 9-ാം വാർഡിൽ തോട് ശുചീകരണ പ്രവർത്തനം നടത്തി. ഈ തോടിന് ഏകദേശം മൂന്ന് കിലോമീറ്റർ നീളമുണ്ട്. ഈ തോടിന്റെ കരിപ്പാർ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വി.സി.ബി. ശുചീകരണം നടത്തി. 14.12.2018 ന് കരിപ്പാർ എന്ന സ്ഥലത്തും ശുചീകരണ പ്രവർത്തനം നടത്തി. ശുചീകരണ പ്രവർത്തനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷംഷാദ് ഷുക്കൂർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് സെക്രട്ടറി, മറ്റ് ജീവനക്കാർ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ, പ്രദേശത്തുള്ള ജനങ്ങൾ ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളായി. പ്രസ്തുത തോടിന്റെ ഒരു ഭാഗത്തെ ശുചീകരണ പ്രവർത്തനം നടത്തി.

**കുഴിഞ്ഞടികുളം**

മാലിന്യം നിറഞ്ഞു കിടന്ന കുഴിഞ്ഞടിക്കുളം ശുദ്ധീകരിക്കാൻ പഞ്ചായത്ത് തലത്തിൽ തീരുമാനമെടുത്തു. കുളം നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബഹു. പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. മറ്റു ജന പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ സന്നിഹിതരായി. പ്രവർത്തനത്തിന്റെ ഭാഗമായി നടന്ന സന്ദർശന ക്യാമ്പയിനുകളിൽ ഏകദേശം 200-ലധികം പേർ പങ്കെടുത്തു. 24 മീറ്റർ നീളമുള്ള കുളത്തിലെ മാലിന്യങ്ങൾ ഒരു ദിവസംകൊണ്ട് നീക്കം ചെയ്തു. ശുചീകരണ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടേയും ഹരിത കർമ്മസേനാംഗങ്ങളുടേയും സജീവമായ പങ്കാളിത്തം പൂർണ്ണമായും ഉറപ്പാക്കാൻ കഴിഞ്ഞു. കുളം നവീകരണ പ്രവർത്തനങ്ങളിൽ 394 പേർ പങ്കെടുത്തു.

**പൈവളികെ പള്ളങ്ങൾ**

ഹരിതകേരളം മിഷന്റെ ഭാഗമായി പൈവളികെ ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിലെ ബായിക്കട്ടെ, പൈവളികെ പള്ളങ്ങൾ പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് 10.12.2018 ന് തുടക്കം കുറിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഭാരതി ജെ. ഷെട്ടി, വൈസ് പ്രസിഡന്റ് ശ്രീമതി സുനിതി വൾട്ടി ഡിസൂസ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. എം.കെ. അമീർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. പ്രസാദ് റായ്, വാർഡ് മെമ്പർമാരായ ശ്രീമതി റാബിയ, സുജാത ബി. റായ്, ശ്രീ. ചനിയ കൊമ്മങ്കള, ജില്ലാ പഞ്ചായത്ത് ജീവനക്കാരനായ ശ്രീ. മൂസ ബായിക്കട്ടെ സി.ഡി.എസ്. ചെയർപേഴ്സൺ, സി.ഡി.എസ്./എ.ഡി.എസ്. മെമ്പർമാർ, മറ്റ് പഞ്ചായത്ത് ജീവനക്കാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എസ്. ജോലിക്കാരും ചേർന്ന് പുനരുജ്ജീവന പ്രവർത്തനങ്ങൾ തുടങ്ങി.പ്ലാസ്റ്റിക് ഖര മാലിന്യങ്ങൾ നീക്കി പ്രത്യേകം പ്രത്യേകം വേർതിരിച്ചു ശേഖരിച്ചു വച്ചു. ഏകദേശം നാല് ഏക്കറോളം വരുന്ന പള്ളം പുനരുജ്ജീവന ഉദ്യമത്തിൽ 120-ഓളം ആളുകൾ പങ്കെടുത്തു.

**എ.ജി. കുളം നവീകരണം**

തൃക്കരിപ്പൂർ പഞ്ചായത്തിൽ എ.ജി. കുളം ആണ് ശുചീകരണത്തിനായി തിരഞ്ഞെടുത്തത്. കുളം നവീകരണം ഉദ്ഘാടനം ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വി.പി. ഫൗസിയ നിർവഹിച്ചു. ജനപ്രതിനിധികൾ, കൃഷി ഓഫീസർ, തൊഴിലുറപ്പ് എഞ്ചിനീയർ തുടങ്ങിയവർ പങ്കെടുത്തു. 12 മീറ്റർ നീളവും 12.10 മീറ്റർ വീതിയുമുള്ള കുളം പ്ലാസ്റ്റിക് മാലിന്യവും ചെളിയും പായലുകളും കോരിക്കളഞ്ഞ് വൃത്തിയാക്കി. കൃഷിവകുപ്പും കുടുംബശ്രീയും തൊഴിലുറപ്പ് പദ്ധതിയും പ്രവർത്തനങ്ങളിൽ മുഖ്യ പങ്ക് വഹിച്ചു. 74 പേർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

**പെട്ടുംകുഴി കേളു ഗുഡ്ഡെ കുളം**

മധൂർ ഗ്രാമപഞ്ചായത്തിൽ ശുചീകരണതിനായി തിരഞ്ഞെടുത്തത് ചെട്ടുംകുഴി കേളു ഗുഡ്ഡെ കുളമാണ്. ഇവിടെ പുതിയ കുളം നിർമ്മിച്ചു. ഉദ്ഘാടനം ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മാലതി സുരേഷ് നിർവഹിച്ചു. പ്രവർത്തനത്തിൽ തൊഴിലുറപ്പ് പദ്ധതിക്ക് ഒപ്പം ആരോഗ്യ വകുപ്പും മുഖ്യ പങ്ക് വഹിച്ചു. കുളം നിർമ്മാണത്തിൽ 20 പേർ പങ്കെടുത്തു.

**പൊയ്നാച്ചിമൊട്ട കുളം**

കാസർഗോഡ് ജില്ലയിലെ പൊയ്നാച്ചിമൊട്ട കുളം പുനരുജ്ജീവന പരിപാടി നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വൈസ് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. കുളത്തിന്റെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട ഫാം പോണ്ട് നിർമ്മിച്ചു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രവർത്തകരുടെ സഹകരണവും ഏകദേശം 35-ഓളം ആളുകളുടെ പങ്കാളിത്തവും ഉണ്ടായിരുന്നു.

**കരുവാക്കോട് ചരൽക്കടവ് തോട്**

പള്ളിക്കര ഗ്രാമപഞ്ചായത്തിൽ ശുചീകരണത്തിനായി തിരഞ്ഞെടുത്തത് കരുവാക്കോട് ചരൽക്കടവ് തോട് ആണ്. ശുചീകരണ പരിപാടി കേരള സംസ്ഥാന ജൈവ വൈവിധ്യബോർഡ് മെമ്പർ സെക്രട്ടറി ഡോ. വി. ബാലകൃഷ്ണൻ അവർകൾ ഉദ്ഘാടനം ചെയ്തു. ശുചീകരണ പ്രവർത്തനത്തിന്റെ പ്രാരംഭ ഘട്ടമെന്നോണം 400 മീറ്റർ 122 പേരുടെ പങ്കാളിത്തത്തോടെ ശുചിയാക്കി. കുടുംബശ്രീ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സന്നദ്ധ പ്രവർത്തകർ എന്നിവർ പരിപാടിയുമായി സഹകരിച്ചു.

**മാണിയാട് തോട്**

കാസർഗോഡ് ജില്ലയിലെ മാണിയാട് തോടിന് തടയണ നിർമ്മിക്കാൻ തീരുമാനിച്ചു. ഉദ്യോഗസ്ഥതല യോഗങ്ങളും വാർഡ് സമിതി യോഗങ്ങളും നടന്നു. തടയണ നിർമ്മാണ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. ഏകദേശം 600 മീറ്ററോളം പുഴ നടത്തവും ശുചീകരണവും നടന്നു. തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും സഹകരണം ലഭിച്ചു. 54 പേർ പങ്കെടുത്തു.

**ദേരഡക്ക ശാന്തനഡക്ക കനാൽ**

കാസറഗോഡ് ജില്ലയിലെ ദേരഡക്ക ശാന്തനഡക്ക കനാൽ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് ചെളി നീക്കം ചെയ്ത് ആഴം കൂട്ടി. പുത്തിഗെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അരുണ ഉദ്ഘാടനം നിർവഹിച്ചു. രണ്ട് കി.മീറ്റർ പുഴ നടത്തവും, 1.5 കി. മീറ്റർ ശുചീകരണവും നടത്തി. 55 പേർ പങ്കെടുത്തു.

**എടനീര് മധുവാഹിനിപ്പുഴ**

ചെങ്കള ഗ്രാമപഞ്ചായത്തിലെ എടനീര് മധുവാഹിനിപ്പുഴ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് തടയണ നിർമ്മിച്ചു. പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാഹിന സലീമിന്റെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർ ഡോ. ഡി. സജിത് ബാബു ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. 500-ഓളം പേർ പങ്കെടുത്ത പരിപാടി നാടിനെ ഉത്സവാന്തരീക്ഷത്തിലാക്കി. പൊതുജനങ്ങൾ, യുവജന ക്ലബ്ബുകൾ, സ്കൂൾ വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.

പലകയിടൽ പ്രവർത്തനത്തിന് നാട്ടുകാരോടൊപ്പം കളക്ടറും പഞ്ചായത്ത് പ്രസിഡന്റും മുന്നിട്ടിറങ്ങി. എടനീരിലെയും പരിസര പ്രദേശങ്ങളിലെയും ഹെക്ടർ കണക്കിന് തോട്ടങ്ങൾക്കും വയലുകൾക്കും ജലലഭ്യത ഉറപ്പുവരുത്തുന്നതിന് തടയണ നിർമ്മാണത്തിലൂടെ സാധിക്കുമെന്ന് പ്രസിഡന്റ് ഷാഹിന സലിം അറിയിച്ചു. കൂടാതെ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും പച്ചപ്പ് നിലനിർത്തുന്നതിനും തടയണ ഉപകാരപ്രദമാകും തടയണ നിർമ്മാണത്തിന്റെ ഭാഗമായി ചെങ്കള ഗ്രാമപഞ്ചായത്തിലെ വാർഡ് മെമ്പർമാരും 200-ഓളം തൊഴിലുറപ്പ് പ്രവർത്തകരും നാട്ടുകാരും സജീവമായി മധുവാഹിനി പുഴയിൽ ശുചീകരണ യജ്ഞം നടത്തി. 5 കി.മീറ്ററോളം പുഴ നടത്തവും, 800 മീറ്റർ ശുചീകരണവും നടത്തി.

**പാടി കോളനി കുളം നവീകരണം-ബളാൽ ഗ്രാമപഞ്ചായത്ത്**

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ബളാൽ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലെ പാടി എസ്.ടി. കോളനി കുളം നവീകരിച്ചു. പ്രവൃത്തിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാധാമണി എം. നിർവഹിച്ചു. മെമ്പർമാർ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, മറ്റ് സന്നദ്ധപ്രവർത്തകർ തുടങ്ങിയവരുടെ പങ്കാളിത്തത്തോടുകൂടി കുളംനവീകരണം പൂർത്തീകരിച്ചു. കാടുമൂടി ചപ്പുചവറുകൾ നിറഞ്ഞ് ഉപയോഗശൂന്യമായ കുളത്തെ 25-ഓളം പ്രവർത്തകർ 3 ദിവസങ്ങളിലായി നവീകരിച്ച കുളത്തിന് 6 ലക്ഷത്തോളം ലിറ്റർ സംഭരണ ശേഷി ഉണ്ട്. ഈ പ്രവൃത്തി പൂർത്തീകരിച്ചതിലൂടെ കോളനിയിലെ 36-ഓളം കുടുംബങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സാധിച്ചു.

**ചൈത്രവാഹിനി**

ബളാൽ പഞ്ചായത്തിലുള്ള ചൈത്രവാഹിനി എന്ന നീർച്ചാലിന്റെ ശുചീകരണ പരിപാടി നടത്തി. ബഹു. ബളാൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എം. രാധാമണി പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. 1.5 കി. മീറ്റർ പുഴ നടത്തവും 1.5 കി.മീറ്റർ ശുചീകരണവും നടത്തി. കൃഷിഭവന്റെ പങ്കാളിത്തത്തിനോടൊപ്പം 114

പേരുടെ സഹായം ലഭിച്ചു. ഇതുകൂടാതെ പഞ്ചായത്ത് പരിധിയിലുള്ള പാടി എസ്.ടി. കോളനി കുളവും ഇതിന്റെ ഭാഗമായി നവീകരിച്ചു.

**ദേലംപാടി ഗ്രാമപഞ്ചായത്ത്**

ദേലംപാടി ഗ്രാമപഞ്ചായത്ത് ഹരിതകേരളം മിഷന്റെ 2-ാം വാർഷികവുമായി ബന്ധപ്പെട്ട് 3 ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. കാട്ടികളെയിൽ എസ്.ടി. ഫാമിലിക്ക് കിണർ നിർമ്മിച്ചു. പ്രവർത്തനത്തിന്റെ ഉദ്ഘാടനം അസി. സെക്രട്ടറി നിർവഹിച്ചു. 8 പേർ പങ്കെടുത്തു. അധൂർ പെരിയടുക്കയിൽ മഴക്കുഴി നിർമ്മാണം ആശാവർക്കർ നിർവഹിച്ചു. 18 പേർ പങ്കെടുത്തു. മൺകയ്യാല ബളവനടക്കയിൽ പ്രവർത്തനോദ്ഘാടനം വർക്കിംഗ് ഗ്രൂപ്പ് വൈസ് ചെയർമാൻ നിർവഹിച്ചു. 12 പേർ പങ്കെടുത്തു.

**കൊട്ടംകുഴി കുളം**

കാറഡുക്ക ഗ്രാമപഞ്ചായത്ത് ഹരിതകേരളം മിഷൻ രണ്ടാം വാർഷികത്തോട നുബന്ധിച്ച് പഞ്ചായത്ത്തല പരിപാടിയുടെ ഉദ്ഘാടനം 13-ാം വാർഡ് കൊട്ടംകുഴിയിൽവച്ച് 12.12.2018 രാവിലെ 10 മണിക്ക് കാറഡുക്ക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അനസൂയ റൈ നിർവഹിച്ചു. 200-ഓളം പേർ പങ്കെടുത്ത പരിപാടിയിൽ ഒരു നാടിനാകെ കുടിവെള്ളം തരുന്ന ശുദ്ധജല സ്രോതസ്സായ കൊട്ടംകുഴിയിലെ വലിയ കുളവും പരിസരവും രണ്ടര മണിക്കൂർ നേരത്തേ പ്രയത്നം കൊണ്ട് ശുദ്ധീകരിക്കുവാൻ സാധിച്ചു.

**നീളംകയം, മഞ്ഞങ്ങാനം, ഒരള തോടുകൾ**

കാസറഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിലെ നീളംകയം, മഞ്ഞങ്ങാനം, ഒരള എന്നിവിടങ്ങളിലെ തോടുകൾ വൃത്തിയാക്കുന്ന പ്രവർത്തനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ത്രേസ്യാമ്മ ജോസഫ് ഉദ്ഘാടനം ചെയ്തു. ഭരണസമിതി അംഗങ്ങളും 60-ഓളം തൊഴിലാളികളും പ്രസ്തുത പ്രവൃത്തിയിൽ പങ്കെടുത്തു. ശുചീകരണത്തോടൊപ്പം തടയണ നിർമ്മിക്കുകയും ചെയ്തു.

## മറ്റ് പ്രധാന പുഴപുനരുജ്ജീവന ജലസംരക്ഷണ പ്രവർത്തനങ്ങൾ

**കുട്ടമ്പേരൂരാർ പുനരുജ്ജീവനം**

പമ്പാ നദിയേയും അച്ചൻകോവിൽ ആറിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന 12 കിലോ മീറ്റർ നീളമുള്ള നദിയാണ് കുട്ടമ്പേരൂരാർ. ബുധനൂർ, മാന്നാർ, ചെന്നിത്തല പഞ്ചായത്തുകളുടെ അതിർത്തിയിലൂടെ ഒഴുകുന്ന ഈ പുഴ ഈ പഞ്ചായത്തുകളുടെ പ്രധാന ജലസ്രോതസ്സാണ്. പമ്പയാറ്റിൽ ജലം ഉയരുമ്പോൾ അച്ചൻകോവിലാറിലേയ്ക്കും അച്ചൻകോവിലാറിൽ ജലമുയരുമ്പോൾ തിരിച്ചും ഇരുദിശകളിലും മാറിമാറിയൊഴുകുന്ന പ്രത്യേകതയും ഈ നദിക്കുണ്ട്. എന്നാൽ ഈ നദിയുടെ ശുചീകരണ പൂർവ്വ അവസ്ഥ വളരെ പരിതാപകരമായിരുന്നു. പായലും പോളയും കടപുഴകിയ വൃക്ഷങ്ങളും കൈതച്ചെടികളും നിറഞ്ഞതും വിവിധതരം മാലിന്യങ്ങളുടെ നിക്ഷേപ കേന്ദ്രവുമായിരുന്നു ഈ നദി. മുൻകാലങ്ങളിലെ നദിയുടെ

## ഉൾനാടൻ മത്സ്യകൃഷിയിലും കാട്ടാക്കട മാതൃക



ഹരിതകേരളം മിഷന്റെ ഭാഗമായി വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി എന്ന പേരിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി അനവധി കുളങ്ങൾ പുനരുജ്ജീവിപ്പിച്ചിരുന്നു. ഇത്തരത്തിൽ പുനരുജ്ജീവിപ്പിച്ച 5 കുളങ്ങളിൽ 3 പേർ മുതൽ 6 പേർ വരെ അംഗങ്ങളായ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പിന്റെ കൂടി സഹകരണത്തോടെ വിജയകരമായി നടപ്പിലാക്കിയ മത്സ്യകൃഷി മാതൃകാപരമായി. പുനരുജ്ജീവിപ്പിക്കുന്ന കുളങ്ങൾ പുനരുപയോഗമില്ലെങ്കിൽ വളരെ വേഗത്തിൽ പഴയ അവസ്ഥയിലേക്ക് മടങ്ങും എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ആദ്യഘട്ടമെന്ന നിലയിൽ പുനരുജ്ജീവിപ്പിച്ച 5 കുളങ്ങളിൽ മത്സ്യകൃഷി നടത്താൻ തീരുമാനമെടുത്തത്. ഇതിനുവേണ്ട സാങ്കേതിക സഹായം ഫിഷറീസ് വകുപ്പ് ലഭ്യമാക്കി. ഓരോ കുളത്തിനും ഓരോ ഗ്രൂപ്പുകൾ രൂപീകരിച്ച് അവരുടെ നേതൃത്വത്തിലാണ് മത്സ്യകൃഷി നടത്തിയത്. 5 കുളങ്ങളിൽ നിന്നുമായി 9.74 ലക്ഷം രൂപ വിലവരുന്ന 4,870 കിലോഗ്രാം മത്സ്യം ലഭിച്ചു. ഇതിൽ പങ്കാളികളായവർക്ക് വലിയ ആവേശം നൽകുന്ന പ്രവർത്തനമായിരുന്നു ഇത്. ഇത് സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

| ക്രമ നം. | കുളം | നിക്ഷേപിച്ച മത്സ്യകുഞ്ഞുങ്ങളുടെ എണ്ണം | ലഭിച്ച മത്സ്യം (കിലോഗ്രാം) | ലഭിച്ച തുക | ഗ്രൂപ്പ് അംഗങ്ങൾ |
|---|---|---|---|---|---|
| 1 | വേലൻചിറ കുളം | 4000 | 2600 | 520000 | 6 |
| 2 | മാത്രക്കോണം | 12000 | 1000 | 200000 | 6 |
| 3 | പുന്നോട്ടുകോണം | 4000 | 650 | 130000 | 3 |
| 4 | ആലംകോട് | 1600 | 450 | 90000 | 4 |
| 5 | പൊട്ടൻചിറ | 1600 | 170 | 34000 | 3 |
| | ആകെ | 23200 | 4870 | 974000 | 22 |

ആദ്യഘട്ട വിജയത്തിന്റെ അടിസ്ഥാനത്തിൽ 50 കുളങ്ങളിലേയ്ക്ക് നടപ്പുവർഷം മത്സ്യകൃഷി വ്യാപിപ്പിച്ചിരിക്കയാണ്. കുളങ്ങൾ മലിനമാക്കുന്ന തരത്തിലുള്ള തീറ്റകൾ ഉപയോഗിക്കരുത്, കുളം വറ്റിച്ച് മീൻ പിടിക്കരുത്, തുടങ്ങി കർശനമായ ഉപാധികളോടെയാണ് ഈ മത്സ്യകൃഷിയ്ക്ക് അനുവാദം നൽകിയിട്ടുള്ളത് എന്നതും ശ്രദ്ധേയമാണ്.

മെച്ചപ്പെട്ട അവസ്ഥയെക്കുറിച്ച് അറിയാവുന്നവർക്കും ഈ നദിയെ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്നവർക്കും ഈ ശോച്യാവസ്ഥ വിഷമമുണ്ടാക്കുന്നതായിരുന്നു. പഞ്ചായത്തുതലത്തിൽ ഹരിതകേരളം മിഷന്റെ ഭാഗമായി പ്രസ്തുത പുഴയുടെ പുനരുജ്ജീവന പ്രവർത്തനം ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു. അതിൻപ്രകാരം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, സാമൂഹിക, രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകർ എന്നിവരുടെ വിപുലമായ യോഗം വിളിച്ചുചേർത്ത് പദ്ധതി അവതരിപ്പിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ആവേശം നിറഞ്ഞ പിന്തുണ പദ്ധതി നിർവഹണത്തിനുള്ള ആത്മവിശ്വാസം നൽകി.

ഭൂരിപക്ഷവും സ്ത്രീകളടങ്ങുന്ന 700-ൽ പരം തൊഴിലാളികൾ നിസ്വാർത്ഥമായി പണിയെടുത്ത് പുഴയെ പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് പുനഃസ്ഥാപിച്ചു. 14 ഗ്രൂപ്പുകളായി തിരിഞ്ഞാണ് ഇവർ പണിയെടുത്തത്. 30000-ൽ അധികം മനുഷ്യാധ്വാന ദിനങ്ങൾ ഇതിനായി വിനിയോഗിച്ചു. 40 ദിവസത്തെ അക്ഷീണ പ്രവർത്തനം മുഴുവൻ മാലിന്യങ്ങളും മാറ്റി അച്ചൻ കോവിലാറിൽ നിന്നും പമ്പയിലേയ്ക്ക് ജലം ഒഴുകുന്നതിന് വഴിവച്ചു. ഒരു ജനതയുടെ സ്വപ്ന സാക്ഷാത്കാരമായി പുഴ പുനർജനിച്ചു. പുഴയുടെ 5 കിലോമീറ്റർ ചുറ്റളവിലുള്ള കിണറുകളിലേയും കുളങ്ങളിലേയും ജലത്തിന്റെ ഗുണനിലവാരം വർദ്ധിച്ചു. കുളിക്കാനും വസ്ത്രമലക്കാനും പുഴയുടെ വെള്ളം വീണ്ടും ഉപയോഗിച്ചു തുടങ്ങി. ശുദ്ധജലത്തിൽ മത്സ്യങ്ങൾ വളരാൻ തുടങ്ങി.

**ആദിപമ്പ-വരട്ടാർ സംരക്ഷണം**

പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലൂടെ ഒഴുകുന്ന പമ്പയുടെ പൂർവ്വകാല നീർച്ചാലായ ആദിപമ്പയും ആദിപമ്പയിൽ നിന്ന് ആരംഭിച്ച് മണിമലയാറിൽ അവസാനിക്കുന്ന വരട്ടാർ നദിയും കഴിഞ്ഞ കുറെ വർഷങ്ങളായി ഒഴുക്ക് നിലച്ച് നാശോന്മുഖമായിരുന്നു. വഞ്ചിപ്പോട്ടിൽ കാവിൽ നിന്നാരംഭിച്ച് പത്തനംതിട്ട ജില്ലയിലെ കോയിപ്രം, ഇരവിപേരൂർ പഞ്ചായത്തുകളിലൂടെയും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ഇടനാടിനെയും വലംവച്ചൊഴുകുന്ന 4 കി.മീ നീളമുള്ള നദിയാണ് ആദി പമ്പ (പൂർവ്വപമ്പ). വരട്ടാർ പുതുക്കുളങ്ങരയിൽ നിന്നും ആരംഭിച്ച് 9.4 കിലോ മീറ്റർ ഒഴുകി മണിമലയാറിൽ ചേരുന്നു.

ആദിപമ്പ, വരട്ടാർ പുനരുജ്ജീവനത്തിനായി അനേകം ആവശ്യങ്ങൾ പല കാലത്തായി ഉയർന്നുവന്നിരുന്നുവെങ്കിലും ഇതിന് മുൻപില്ലായിരുന്ന ഒരു പ്രാധാന്യം കൈവന്നത് ഹരിതകേരളം മിഷന്റെ പ്രഖ്യാപനത്തോടെയാണ്. ഇരവിപേരൂർ പഞ്ചായത്തിന്റെ ആവശ്യപ്രകാരം ഹരിതകേരളം മിഷൻ ഉപാദ്ധ്യക്ഷ സ്ഥലം സന്ദർശിച്ച് പ്രശ്നം പഠിക്കുകയും ബഹു. ധനകാര്യമന്ത്രിയോട് സഹായം അഭ്യർത്ഥിക്കുകയുമുണ്ടായി. ജലവിഭവ മന്ത്രിയും ധനകാര്യ മന്ത്രിയും പ്രദേശം സന്ദർശിച്ചതോടെയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. പൂർണ്ണമായും നഷ്ടപ്പെട്ടിരുന്ന ഈ നദിയെ വമ്പിച്ച ജനപങ്കാളിത്തത്തോടെയാണ് പുനരുജ്ജീവിപ്പിച്ചത്. ധനകാര്യം, ജലവിഭവം എന്നീ വകുപ്പുകളുടെ ബഹു. മന്ത്രിമാർ, പ്രവർത്തനങ്ങളുടെ നേതൃത്വം ഏറ്റെടുത്തു. റവന്യൂ, കൃഷി, വനംവകുപ്പുകളുടെ ബഹു.മന്ത്രിമാർ ഒപ്പം നിന്ന് സഹായിച്ചു. ചെങ്ങന്നൂർ എം.എൽ.എ, ആറന്മുള എം.എൽ.എ, തദ്ദേശസ്വയം

ഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, ജനപ്രതിനിധികൾ ഇവർ പ്രാദേശിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. റാന്നി എം.എൽ.എ. യും സജീവമായി രംഗത്തുണ്ടായിരുന്നു. ഹരിതകേരളം എന്ന ആശയത്തെ ഉൾക്കൊണ്ട് മിഷന് വേണ്ടി സന്നദ്ധസേവനം നടത്തുന്ന ശ്രീമതി ബീനാ ഗോവിന്ദനാണ് പ്രവർത്ത നങ്ങളുടെ ഏകോപനം നിർവഹിച്ചത്. പ്രദേശത്തെ നിയമസഭാ സാമാജികരു ടേയും നേതൃത്വത്തിൽ പുനരുജ്ജീവനത്തിന് ആവശ്യമായ മനുഷ്യ-ധന വിഭ വങ്ങൾ പൂർണമായും പ്രാദേശികമായി സമാഹരിക്കാൻ ഈ ജനകീയ മുന്നേറ്റത്തിന് കഴിഞ്ഞു. പ്രാദേശികമായി സ്വരൂപിച്ച 27 ലക്ഷത്തിലധികം രൂപ ഉപയോഗപ്പെടുത്തി മാത്രമാണ് ഒന്നാംഘട്ട പുനരുജ്ജീവന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്.

**പെരുംതോട് നവീകരണം**

ചെളിവന്ന് മൂടിയും മാലിന്യങ്ങൾ വലിച്ചെറിഞ്ഞ രീതിയിലുമായിരുന്നു തോടിന്റെ അവസ്ഥ. പല സ്ഥലത്തും കക്കൂസ് മാലിന്യങ്ങൾ വരെ തോടിലേക്ക് ഒഴു ക്കിവിട്ടിരുന്നു. തുടക്കത്തിൽ ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, സഹകരണ സംഘം പ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങി സമസ്ത മേഖലയിലും പെട്ടവരെ ഉൾപ്പെടുത്തി വിപുലമായ യോഗം ചേർന്നു സംഘാടകസമിതി രൂപീക രിച്ചു. തോട് ശുചീകരണമാണ് ആദ്യമായി നടത്തിയ പ്രവർത്തനം. ഓരോ 50-100 മീറ്റർ പ്രദേശവും സന്നദ്ധസംഘടനകൾ, ഓട്ടോ തൊഴിലാളികൾ, തൊഴിലുറപ്പ് തൊഴിലാളികൾ മുതലായവരുടെ ഓരോ ഗ്രൂപ്പുകൾക്ക് വീതിച്ച് കൊടുക്കുകയും ഒരു ദിവസം കൊണ്ട് ശുചീകരണം നടത്തുകയുമാണ് ചെയ്തത്. മനുഷ്യനെക്കൊണ്ട് ശുചീകരണ പ്രവർത്തനം നടത്താൻ കഴിയാത്ത സ്ഥലങ്ങളിൽ യന്ത്രസഹായ ത്തോടെ ശുചിയാക്കി. നിലവിൽ ഉണ്ടായിരുന്ന കണ്ടൽകാടുകളെ സംരക്ഷിച്ചുകൊ ണ്ടാണ് ഈ പ്രവർത്തനങ്ങൾ നടത്തിയത്. ജനകീയ പ്രവർത്തനങ്ങൾക്ക് പുറമേ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 25632 തൊഴിൽ ദിനങ്ങൾ കൂടി ഇതിനായി



# ഉപേക്ഷിക്കപ്പെട്ട പാറമട ജലസംഭരണിയായ വിജയ കഥ

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ മയിലാടിയിൽ ഉപേക്ഷിക്കപ്പെട്ട ഒരു പാറമട കൃത്യമായ ആസൂത്രണത്തോടെ നടപ്പാക്കിയ ഒരു പദ്ധതിയുടെ ഭാഗമായി ജലസംഭരണിയായി മാറിയ കഥയാണ് മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന് പറയാനുള്ളത്. റവന്യൂ വകുപ്പിന്റെ അധീനതയിൽ ഉള്ള 6 ഏക്കറോളം വിസ്തൃതമായതും പാറ ഖനന ശേഷം ഉപേക്ഷിക്കപ്പെട്ടതുമായ പാറമടയിൽ ഈ പദ്ധതിയുടെ ഭാഗമായി ഒരു ചെറിയ തടയണ നിർമ്മിച്ചുകൊണ്ടാണ് 5 കോടി ലിറ്റർ ജലസംഭരണം സാധ്യമാക്കിയത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയാണ് ഈ തടയണ നിർമ്മാണം നടത്തിയത്. നിർമ്മാണത്തിനുമുമ്പ് പദ്ധതി പ്രദേശത്ത് വിദഗ്ധ സമിതി പരിശോധന നടത്തി, പ്രസ്തുത പ്രദേശത്തിന്റെ ഭൂഘടന അത്തരത്തിൽ ഒരു നിർമ്മിതിയ്ക്ക് യോജിച്ചതാണ് എന്ന് ഉറപ്പാക്കി. പാറമട സ്ഥിതി ചെയ്യുന്ന സ്ഥലം പുറത്തേയ്ക്ക് തുറക്കുന്ന ഒരു ചെറിയ ഭാഗം ഒഴിച്ച് ചുറ്റിലും ഉയരത്തിൽ നിൽക്കുന്ന പാറയുടെ ഭാഗങ്ങൾ ഉള്ളതും അടിത്തട്ട് ഉറച്ച പാറയോട് കൂടിയതുമായിരുന്നു. അതുകൊണ്ട് തന്നെ ഈ ഭാഗത്ത് ഒരു ചെറിയ തടയണ നിർമ്മിച്ചുകൊണ്ട് വലിയ ഒരു ഭൂപ്രദേശത്ത് ജല സംഭരണം നടത്താൻ കഴിയും എന്നതായിരുന്നു ഈ പദ്ധതിയുടെ സവിശേഷത. 15 മീറ്റർ നീളത്തിലും 2.9 മീറ്റർ ഉയരത്തിലും കോൺക്രീറ്റ് ഉപയോഗിച്ച് ഒരു തടയണ ഇതിനായി നിർമ്മിച്ചു. 10.45 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തി 9,11,972 രൂപയ്ക്ക് പൂർത്തിയാക്കാൻ കഴിഞ്ഞു. പ്രളയം എല്ലാ സ്ഥലത്തും ദുരിതങ്ങൾ വിതച്ചപ്പോൾ ആർത്തലച്ചു പെയ്ത മഴ മയിലാടിയിലെ ജല സംഭരണി നിറച്ച് സഹായിക്കുകയായിരുന്നു. കൃത്യമായ ആസൂത്രണത്തോടെയുള്ള നിർവഹണത്തിന്റെ ഉദാഹരണമാണ് മയിലാടി പാറമട ജലസംഭരണി. ഏറെ അഭിമാനത്തോടെയും ചാരിതാർത്ഥ്യത്തോടെയുമാണ് പ്രദേശവാസികൂടിയായ മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സലീന കോരക്കണ്ടനും തൊഴിലുറപ്പ് പ്രവർത്തകരും ഈ പദ്ധതിയെക്കുറിച്ച് പറയുന്നത്. അടുത്ത ഘട്ടമായി ഇതിൽ ശേഖരിച്ചിട്ടുള്ള ജലം ശുദ്ധത ഉറപ്പാക്കി വിതരണം നടത്തുന്നതിനായി ജല ശുദ്ധീകരണ സംവിധാനം ഒരുക്കുന്നതിന്റെ പണിപ്പുരയിലാണ് ഇവർ ഇന്ന്. നമ്മുടെ സംസ്ഥാനത്ത് അനേകം ഉപേക്ഷിക്കപ്പെട്ട പാറമടകളും കല്ലുവെട്ടം കുഴികളുമുണ്ട്. ഇവയൊക്കെത്തന്നെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുന്ന ജലസ്രോതസ്സുകളാക്കി മാറ്റാൻ കഴിഞ്ഞാൽ വേനൽകാല ജല ലഭ്യതയുടെ കാര്യത്തിൽ നമുക്ക് ഏറെ മുന്നിലെത്താൻ കഴിയും എന്നാണ് പൂക്കോട്ടൂരിലെ ഈ വിജയകഥ നമ്മെ പഠിപ്പിക്കുന്നത്.



ഉപയോഗിച്ചു. ഉപ്പ് വെള്ളത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തടയണകൾ നിർമ്മിച്ചു. ശുചിയാക്കിയ പുഴയിൽ പല മത്സ്യങ്ങളും ജലജീവികളും തിരിച്ചു വരുന്നത് കാണാൻ കഴിഞ്ഞു. തോട് പുനരുജ്ജീവനം സാധ്യമാക്കിയതിന്റെ ഫലമായി ഇരുകരകളിലും അതാതു പ്രദേശങ്ങൾക്കിണങ്ങിയ കൃഷികൾ പുനരാരംഭിക്കാൻ കഴിഞ്ഞു. ജൂൺ 5 പരിസ്ഥിതിദിനത്തിൽ കുട്ടികളുടെ നേതൃത്വത്തിൽ തോടിന്റെ പാർശ്വങ്ങളിൽ വൃക്ഷത്തൈകൾ നടുന്ന പ്രവർത്തനം നടത്തി. തോട് പുനരുജ്ജീവിപ്പിച്ചതിന്റെ ഫലമായി പ്രദേശത്തെ പകർച്ചാവ്യാധികൾ പടരുന്നത് വലിയ അളവിൽ കുറയുന്നതായി കാണാൻ കഴിഞ്ഞു.

**കോലറയാർ സംരക്ഷണം**

പമ്പാ നദിയിൽ അറക്കൽ മുഖപ്പിൽ നിന്നും ഉദ്ഭവിച്ച് നീരേറ്റുപുറം അരീത്തോടിൽ വച്ച് തിരികെ പമ്പാനദിയിൽത്തന്നെ കൂടിച്ചേരുന്ന ഒരു ചെറു നദിയാണ് കോലറയാർ. ഈ നദിയുടെ നീളം 12 കിലോമീറ്ററും ശരാശരി വീതി 18 മീറ്ററുമാണ്. ഈ പുഴയ്ക്ക് 59 കൈത്തോടുകൾ ഉണ്ട്. ഈ പ്രദേശത്തെ പാടശേഖരങ്ങളുടെ നാഡീഞരമ്പുകൾ പോലെയുള്ള ഈ തോടുകൾ ജലസേചനവും ജല നിർഗ്ഗമനവും സാധ്യമാക്കി കൃഷി ഒരുക്കുന്നതിൽ വലിയ പ്രാധാന്യമുള്ളവയാണ്. പമ്പാനദിയിൽ ചേരുന്നതിനു മുമ്പ് ഈ നദി രണ്ട് കൈവഴിയായി പിരിഞ്ഞാണ് നദിയിലേയ്ക്ക് ചേരുന്നത്. കടപ്ര, നിരണം പഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന ഈ ചെറുനദി 1600 ഏക്കറോളം വിസ്തൃതിയിലുള്ള പാടങ്ങളുടെ ജലസ്രോതസ്സാണ്. ഏകദേശം 20 വർഷമായി നീരൊഴുക്ക് നഷ്ടപ്പെട്ട് പോളകേറി മാലിന്യം നിറഞ്ഞ് മൃതാവസ്ഥയിലായിരുന്നു ഈ പുഴ. പുഴയൊഴുകുന്ന പ്രദേശങ്ങൾ ഉൾപ്പെട്ട കടപ്ര പഞ്ചായത്തിലെ മൂന്നു വാർഡുകളിൽ നിന്നും നിരണം ഗ്രാമപഞ്ചായത്തിലെ 8 വാർഡുകളിൽ നിന്നുമുള്ളവരെ ഉൾപ്പെടുത്തി കടപ്ര, നിരണം ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ സംഘാടക സമിതി രൂപീകരിച്ചു. തുടർന്ന് എല്ലാ വാർഡുകളിലും ജലപ്രതിനിധികൾ അദ്ധ്യക്ഷനായി വാർഡുതല കമ്മിറ്റികളും രൂപീകരിച്ചു. പ്രാദേ



ശിക ജനസമൂഹത്തിന്റെ സഹകരണത്തോടെയാണ് ആദ്യഘട്ട പുനരുജ്ജീവന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. വാർഡ്തല കമ്മിറ്റികളുടെ പ്രവർത്തന ഫലമായി 15 ലക്ഷത്തിലധികം രൂപ ജനകീയമായി സ്വരൂപിച്ചു. 1000ലേറെ തൊഴിലാളികളുടെ സേവനം സൗജന്യമായി ലഭ്യമാക്കാൻ കഴിഞ്ഞു. ഇതിന്റെ രണ്ടാം ഘട്ടപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. 6000 മീറ്റർ നീളത്തിൽ കയർ ഭൂവസ്ത്രമുപയോഗിച്ചുള്ള പാർശ്വ സംരക്ഷണം ഉൾപ്പെടെയുള്ള പ്രവൃത്തികളാണ് ജലസേചനവകുപ്പിലൂടെ നിർവഹിക്കാൻ ഉദ്ദേശിക്കുന്നത്. 4 കോടി രൂപ ആകെ അടങ്കൽ പ്രതീക്ഷിക്കുന്ന പ്രവൃത്തിയുടെ നിർവഹണ നടപടികൾ ജലസേചന വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

**കാനാമ്പുഴ പുനരുജ്ജീവനം**

കണ്ണൂർ പട്ടണത്തിന്റെ ഹൃദയഭാഗത്തു കൂടി ഒഴുകുന്ന കാനാമ്പുഴ പതിറ്റാണ്ടുകളായി സ്വാഭാവിക നീരൊഴുക്കു നിലച്ച അവസ്ഥയിലായിരുന്നു. കാനാമ്പുഴ അതി ജീവന സമിതിയുടേയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിലാണ് കാനാമ്പുഴ വീണ്ടെടുക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടത്.

കാനാമ്പുഴ ആരംഭിക്കുന്നത് മുണ്ടേരി പഞ്ചായത്തിലെ അയ്യപ്പൻ മലയിൽ നിന്നാണ്. ഈ നദി 10 കിലോ മീറ്റർ ദൂരം സഞ്ചരിച്ച് ആദികടലായി അഴിമുഖത്ത് അറബിക്കടലിൽ പതിക്കുന്നു. ഈ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ ഒഴുക്കു നിലച്ച് നഗരത്തിന്റെ കുപ്പത്തൊട്ടിയായ മാലിന്യ കൂമ്പാരമായിരുന്നു ഈ പുഴ. അറബിക്കടലിൽ ചേരുന്നിടം മണൽക്കൂമ്പാരവും. കാനാമ്പുഴ അതിജീവന സമിതിയ്ക്ക് പുറമേ വിവിധ സ്ഥലങ്ങളിലായി സ്വമേധയാ സംഘടിപ്പിക്കപ്പെട്ട 9 കമ്മിറ്റികളും ചേർന്നാണ് ഈ നദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ക്ക് നേതൃത്വം നൽകിയത്.

അയ്യായിരത്തിലേറെ സന്നദ്ധ പ്രവർത്ത കരും കുടുംബാംഗങ്ങളും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ കാനാമ്പുഴയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. കണ്ണൂർ നഗരസഭ ലഭ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കി ഈ സംരംഭത്തെ പിന്തുണച്ചു. ഈ പ്രവർത്തനത്തിന്റെ ഭാഗമായി കാനാമ്പുഴ പൂർണ്ണമായും മാലിന്യമുക്തമാക്കാനും നീരൊഴുക്ക് പുനസ്ഥാപിക്കാനും കഴിഞ്ഞു. 'പുഴയോര പച്ചപ്പ്' എന്ന പദ്ധതിക്ക് രൂപം നൽകി പുഴയോരത്ത് 6000ത്തോളം വൃക്ഷത്തൈകൾ നട്ടു പിടിപ്പിച്ചു. വിശദമായ പഠനത്തിന്റെയും വിവിധ കൂടിയിരിക്കലുകളുടെയും കർഷകരും പൊതു ജനങ്ങളുമായുള്ള ആശയ വിനിമയത്തിലൂടെയും ജനകീയമായി വിവിധ വകുപ്പുകളിലെ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ വകുപ്പുകൾ സംയുക്തമായി പുഴ നവീകരണത്തിനും സംരക്ഷണത്തിനുമായി 73.75 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**മണിമലയാർ പുനരുജ്ജീവനം**

ഇടുക്കി, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലൂടെ കടന്നു പോകുന്ന 121 കി.മീ നീളമുള്ള പുഴയാണ് മണിമലയാർ. മീനച്ചിലാർ – മീനന്തറയാർ – കൊടൂരാർ പുനർ സംയോജന പദ്ധതിയിൽ നിന്നും പ്രചോദനമുൾക്കൊണ്ടാണ് മണിമലയാർ പുനരുജ്ജീവന പദ്ധതിയ്ക്ക് തുടക്കമിട്ടത്. മണിമലയാറിൽ വന്നുചേർന്ന 4540 കി.മീ. തോടുകളാണുള്ളത്. മണിമലയാർ സംരക്ഷിക്കുന്നതിന്

## ഉപേക്ഷിക്കപ്പെട്ട പാറമടയിൽ നിന്നും 25 കുടുംബങ്ങൾക്ക് കുടിനീർ



കാട്ടാക്കട നിയോജക മണ്ഡലത്തിൽപ്പെട്ട പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ കണ്ണൻകോട് വേനൽകാലത്ത് അതിരൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശമായിരുന്നു. വേനൽ കടുത്തു തുടങ്ങുമ്പോൾ തന്നെ എല്ലാ വർഷവും ഈ പ്രദേശത്തെ കിണറുകൾ വറ്റി വരളുക സാധാരണമായിരുന്നു. ഈ അവസരത്തിലാണ് ഹരിതകേരളം മിഷന്റെ ഭാഗമായി കാട്ടാക്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി എന്ന പദ്ധതി ആരംഭിക്കുന്നത്. ഇതിന്റെ ഭാഗമായിട്ടാണ് പ്രദേശത്തെ ഉപേക്ഷിക്കപ്പെട്ട ഒരു പാറമടയിലെ ജലം ഉപയോഗിച്ച് കിണർ റീചാർജ്ജ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പ്രവൃത്തി നിർവഹിച്ചത്. പ്രദേശത്തെ താമസക്കാരനായ ശ്രീ. ജോർജ്ജിന്റെ കിണറിനു സമീപമായി 2.10 മീറ്റർ നീളവും 1.80 മീറ്റർ വീതിയും 1.50 മീറ്റർ താഴ്ചയുമുള്ള ഒരു കുഴി നിർമ്മിച്ച് അത്യാവശ്യം വേണ്ട പാർശ്വ സംരക്ഷണം ഉറപ്പാക്കി 500 മീറ്റർ അകലെയുള്ള പാറമടയിൽ നിന്നും ജലം എത്തിച്ച് റീചാർജ്ജ് ചെയ്യുകയായിരുന്നു. പ്രത്യേകം പമ്പുകളോ മറ്റുസംവിധാനങ്ങളോ ഒന്നുമില്ലാതെ തന്നെ ഭൂമിയുടെ ചരിവിനനുസരിച്ച് ഒരിഞ്ച് വ്യാസമുള്ള പി.വി.സി. പൈപ്പിലൂടെ സ്വാഭാവികമായിട്ടാണ് ജലം ഒഴുക്കിക്കൊണ്ടു വന്നത്. ആവശ്യമില്ലാത്ത സമയങ്ങളിൽ ജലം നിയന്ത്രിക്കുന്നതിനായി വാൽവും ഘടിപ്പിച്ചിട്ടുണ്ട്. ഈ കുഴിയിൽ ജലം റീചാർജ്ജ് ചെയ്യുക വഴി പ്രദേശത്തെ 25 ലധികം കുടുംബങ്ങൾ ഉപയോഗിക്കുന്ന 16 കിണറുകളിലെ ജലനിരപ്പ് ഗണ്യമായ അളവിൽ ഉയർത്തുവാനും വർഷം മുഴുവൻ ജലലഭ്യത ഉറപ്പാക്കാനും സാധിച്ചു. കൂടാതെ ഇതിനു താഴ്ന്ന പ്രദേശങ്ങളിലെ കിണറുകളിലെ ജലലഭ്യതയിലും ഈ റീച്ചാർജ്ജിംഗിന്റെ ഗുണഫലം ലഭ്യമാകും എന്ന് ഉറപ്പാണ്. കേവലം 8000 രൂപ ചെലവ് ചെയ്ത് നിർമ്മിച്ച ഈ സംവിധാനം ക്വാറികളിലെ ജലം ഫലപ്രദമായി ഉപയോഗിക്കുന്നതിന് ഉത്തമ മാതൃകയാണ്.



പ്രധാനമായും തോടുകൾ ആണ് സംരക്ഷിക്കപ്പെടേണ്ടത്. ഇതിന് മുന്നോടിയായി 2018 ഒക്ടോബർ 2 ന് ഒരു പുഴയാത്ര സംഘടിപ്പിച്ചു. ഇതിന് തുടർച്ചയായി തോടുകൾ പുനരുജ്ജീവിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ച് ഒരാഴ്ചയിൽ ഒരു തോടെങ്കിലും ജനകീയ പങ്കാളിത്തത്തോടെ പുനരുജ്ജീവിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. എല്ലാ പ്രദേശത്തും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വ്യാപാരികളുടെയൊക്കെ യോഗങ്ങൾ വിളിച്ചുചേർത്ത് മലിനീകരണം ഒഴിവാക്കുന്നതിന് വേണ്ട തീരുമാനങ്ങൾ എടുക്കാൻ കഴിഞ്ഞു. പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിയുമായി ചേർന്ന് കൂടിയാലോചനകൾ നടത്തി. പുഴ പുനരുജ്ജീവനം ശാസ്ത്രീയമായ കാഴ്ചപ്പാടോടെ ജനകീയമായി നിർവഹിക്കാനാണ് ലക്ഷ്യമിടുന്നത്.

**അടിമാലി-ദേവിയാർ**

ഒരുകാലത്ത് അടിമാലി ഭാഗങ്ങളിലെ നെൽകൃഷിയുടെ ഊർജം ദേവിയാർ ആയിരുന്നു. എന്നാൽ ദേവിയാർ മലിനീകരിക്കപ്പെട്ടതോടെ നെൽകൃഷിയും നശിച്ചു പോയി. അതുകൊണ്ട് തന്നെ ദേവിയാറിന്റെ സ്വാഭാവികത

## പുഴ മലിനമാക്കുന്ന മാലിന്യക്കുഴലുകൾ അടപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

കിള്ളിയാർ പുനരുജ്ജീവനത്തിന്റെ തുടർച്ചയായി ശുചീകരണം പൂർത്തിയാക്കിയ പുഴയുടെ ഭാഗത്ത് പുഴയിലേയ്ക്കും പുഴയുടെ കൈവഴികളിലേയ്ക്കും തുറന്നിരുന്ന 1200 ഓളം മാലിന്യക്കുഴലുകൾ ജനകീയമായി അടപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാതൃകയായി. നെടുമങ്ങാട് നഗരസഭയുടെയും കരകുളം, അരുവിക്കര, പനവൂർ, ആനാട് എന്നീ ഗ്രാമപഞ്ചായത്തുകളുടേയും നേതൃത്വത്തിലാണ് ഈ പ്രവർത്തനം നടത്തിയത്. പുഴയും കൈവഴികളും ശുചീകരിച്ചതിന് പിറകേ പുഴയുടെ തീരവാസികൾക്കിടയിൽ മാലിന്യം പുഴയിലേയ്ക്ക് ഒഴുക്കുന്നതിനെതിരെ വലിയ ജനകീയ ബോധവൽക്കരണ പരിപാടിയാണ് നടത്തിയത്. ഇതിനെത്തുടർന്ന് ഭൂരിപക്ഷം പേരും സ്വമേധയാ തന്നെ പുഴയിലേയ്ക്കും കൈവഴികളിലേയ്ക്കും തുറന്നിരുന്ന മാലിന്യക്കുഴലുകൾ അടച്ചു. തുടർന്നും മാലിന്യം ഒഴുക്കുന്നത് ശ്രദ്ധയിൽപ്പെട്ട സ്ഥലങ്ങളിൽ അതിനു കാരണക്കാരായവർക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നോട്ടീസ് നൽകുകയും തുടർന്നും മലിനജലം ഒഴുക്കുന്നത് ശ്രദ്ധയിൽപ്പെട്ട ഇടങ്ങളിൽ നിയമ നടപടികൾ സ്വീകരിക്കുകയാണ് ഉണ്ടായത്. തദ്ദേശ സ്ഥാപനതല അദ്ധ്യക്ഷൻമാർ മുനിസിപ്പൽ സെക്രട്ടറി, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, ഭരണ സമിതിയംഗങ്ങൾ എന്നിവർ നേരിട്ടെത്തിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. പുഴയിലേയ്ക്കും ജലസ്രോതസ്സുകളിലേയ്ക്കും മലിനജലമൊഴുക്കുന്നത് നിയമ ലംഘനമാണ് എന്ന ബോധം തീരവാസികളിൽ സൃഷ്ടിക്കുന്നതിന് ഈ പ്രവർത്തനം സഹായിച്ചുവെന്നുമാത്രമല്ല പല സ്ഥലത്തും ഇവർ തന്നെ നിരീക്ഷണ സമിതികളായി മാറിയിട്ടുമുണ്ട്.

തിരികെകൊണ്ട് വരേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കിയതോടെ പഞ്ചായത്ത് തലത്തിൽ പുഴപുനരുജ്ജീവന ആലോചനായോഗം കൂടുകയും ആ വർഷം തന്നെ 2 കിലോമീറ്റർ ശുചീകരിക്കുകയും ചെയ്തു.

ശുചീകരണത്തിൽ മാലിന്യ സേന ഉണ്ടാക്കുകയും ശേഖരിച്ച പ്ലാസ്റ്റിക് വസ്തുക്കൾ പ്ലാസ്റ്റിക് ഷ്രെഡിംങ് സെന്ററിലേക്ക് മാറ്റുകയും ചെയ്തു. ഇതിനകം രണ്ട് ഏറോബിക് കമ്പോസ്റ്റിംഗ് സെൻററും ബയോ ഗ്യാസ് പ്ലാന്റുകളും ഉണ്ടാക്കിയിട്ടുണ്ട്. നദിയിൽ മാലിന്യം തള്ളുന്നവർക്കു 2000 രൂപ പിഴയിടാനും പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

**ഭാരതപ്പുഴ**

**ഗായത്രി ഉപനദീതടം**

ഭാരതപ്പുഴയുടെ പ്രധാന കൈവഴിയായ ഗായത്രിപ്പുഴ ശോചനീയാവസ്ഥയിലായിരുന്നു. പുഴയുടെ പുനരുദ്ധാരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയതോടെ പുനരുജ്ജീവന പ്രവർത്തങ്ങൾക്ക് തുടക്കമായി. ഇതിന്റെ ആരംഭമായി, ഗായത്രി നദീതടത്തെ മൂന്ന് ക്ലസ്റ്ററുകളാക്കി തിരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പദ്ധതി രൂപീകരണം നടന്നു. അതോടൊപ്പം നീർത്തടങ്ങൾ, ഭൂവിനിയോഗം എന്നിവയുടെ മാപ് തയ്യാറാക്കി. തുടർന്ന് നീർചാലുകളിൽ പുഴനടത്തം നടത്തുകയും ജലാശയങ്ങളുടെ സർവ്വേ നടത്തുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു പുഴ ശുചീകരണം ആരംഭിച്ചു. അതിന്റെ ഫലമായി പുഴയിൽ അടിഞ്ഞുകൂടി കിടന്ന മാലിന്യങ്ങൾ നീക്കം ചെയ്യാനും അതു വഴി പുഴയുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കാനും സാധിച്ചു.

**ചെറുപുഴ**

ഒരു കാലത്തു സമൃദ്ധിയായി ഒഴുകിയിരുന്ന ചെറുപുഴ കഴിഞ്ഞ മുപ്പതുവർഷത്തോളമായി ശോചനീയാവസ്ഥയിലായിരുന്നു. പുഴ സംരക്ഷിക്കാനായി പുഴ നടത്തം നടത്തി. തുടർന്ന് പഞ്ചായത്ത് തലത്തിൽ പുഴ സംരക്ഷണസമിതി രൂപീകരിച്ചു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു ശില്പശാല നടത്തുകയുണ്ടായി. പുഴയ്ക്ക് ഭീഷണിയായിരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തു. അതോടൊപ്പം പുഴനഴ്സറി ഉണ്ടാക്കി. ജലസംരക്ഷണത്തെ സഹായിക്കുന്ന വൃക്ഷതൈകൾ പഞ്ചായത്തുകളിൽ ഉടനീളം വിതരണം ചെയ്തു. ചെറുപുഴയുടെ പ്രധാന കൈവഴിയായ കുതിരപ്പാടം തോട് വൃത്തിയാക്കി, പ്രളയം പുതിയൊരു അനുഭവവും അതോടൊപ്പം പുഴ ശുചീകരണം സുഗമമാക്കുകയും ചെയ്തു. ഇത് ചെറുപുഴയുടെ 7 കിലോമീറ്റർ വരുന്ന കൈവഴി ശുചീകരിക്കാൻ സഹായിച്ചു. പൂർണ്ണമായും ജനപങ്കാളിത്തത്തോടെയാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്.

**ചാലിയാർ**

ചാലിയാർ 6 പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്നു. ചാലിയാറിന്റെ ശോചനീയാവസ്ഥയ്ക്കു കാരണമായത് അടിഞ്ഞു കൂടിയ മാലിന്യങ്ങൾ ആയിരുന്നു. പുഴയുടെ ശോചനീയാവസ്ഥ കൃഷിയെയും ബാധിച്ചു. അതുകൊണ്ടു തന്നെ പുഴയുടെ ശുചീകരണം ഒരു ഗുരുതര വിഷയമായി. ഈ വിഷയം ഭരണ സമിതിക്കു മുന്നിൽ

അവതരിപ്പിക്കപ്പെട്ടു. തുടർന്ന് ജനകീയ സമിതിയുണ്ടാക്കി. IRTC യുമായി ചേർന്ന് വിശദമായ റിപ്പോർട്ട് തയ്യാറാക്കി. ഈ റിപ്പോർട്ട് ഭരണസമിതി അംഗീകരിച്ചതോടെ പുഴ ശുചീകരണത്തിന് അംഗീകാരം ലഭിച്ചു. തുടർന്ന് MCF സ്ഥാപിക്കാൻ ഏർപ്പാട് ചെയ്യുകയും മാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേന രൂപീകരിക്കുകയും ചെയ്തു. ഒപ്പം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങ ളിലും ജൈവ കമ്പോസ്റ്റ് നിർമ്മിക്കുവാൻ തീരുമാനമായി. അതോടൊപ്പം തന്നെ സംഘാംഗങ്ങൾക്കു 5 വ്യത്യസ്ത മേഖലകളിൽ കുടുംബശ്രീയുടെ മേൽനോട്ടത്തിൽ പരിശീലനം നൽകി. ഗ്രീൻപ്രോട്ടോക്കോൾ എല്ലാ സ്ഥാപനങ്ങളിലും പാലിക്കപ്പെടാനുള്ള കർശന നിർദ്ദേശങ്ങൾ അധികാരികൾക്ക് നൽകി. മണ്ണ്-ജല സംരക്ഷണം ലക്ഷ്യം വച്ച് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് വെള്ളം തടഞ്ഞു നിർത്തുന്നതിനുള്ള പദ്ധതി രൂപീകരണം നടത്തി.

**കനോലികനാൽ ശുചീകരണം**

10 പഞ്ചായത്തിലും ഒരു കോർപ്പറേഷനിലുമായി വ്യാപിച്ചു കിടക്കുന്നതാണ് കനോലി കനാൽ. പുഴയുടെ ശോചനീയാവസ്ഥ മനസിലാക്കുന്നതിനായി ഉദ്ഭവ സ്ഥാനം വരെ പുഴ നടത്തം സംഘടിപ്പിച്ചു. കനാലിന്റെ ശുചീകരണാരംഭം 3 വാർഡുകളിലായി നടന്നു. ശുചീകരണം പൂർത്തിയായ ഉടൻ തന്നെ പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തു. പുഴയിൽ നിന്ന് ശേഖരിച്ച പാഴ് വസ്തുക്കൾ പ്ലാസ്റ്റിക് ഷ്രെഡിംഗിനായി സംസ്കരണ പ്ലാന്റിലേക്ക് അയച്ചു. പ്രാരംഭഘട്ടത്തിലെ വിജയം 58 കി.മീ. നീളമുള്ള പുഴ ശുചീകരണത്തിനുള്ള പിന്തുണ നൽകി. ഓരോ 200 മീറ്ററിനും 17 പേരടങ്ങുന്ന സംഘത്തെ ഏൽപ്പിച്ചു. പ്രവർത്തനത്തിൽ ആകെ 2900 പ്രവർത്തകരും 2100 വിദ്യാർത്ഥികളും പങ്കെടുത്തു.

**കേച്ചേരി പുഴ പുനരുജ്ജീവനം**

പത്ത് പഞ്ചായത്തും ഒരു നഗരസഭയും ചേർന്ന പ്രദേശത്തുകൂടി ഒഴുകുന്ന 72 കിലോമീറ്റർ നീളമുള്ള പുഴയാണിത്. കില, മുംബൈ ഐ.ഐ.ടി.എന്നിവ ഇതിന്റെ സംഘാടനത്തിലും സാങ്കേതിക പ്രവർത്തനങ്ങളിലും സഹായിക്കുന്നു. മൈത്രി എന്ന സർക്കാരിതര സംഘടനയും സാങ്കേതിക പിന്തുണ നൽകുന്നുണ്ട്. വടക്കാഞ്ചേരി നഗരസഭയുടെ കീഴിലുള്ള ഗ്രീൻ ആർമിയും ഈ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നു. 24 സർക്കാർ വകുപ്പുകൾ സഹകരിച്ച് പ്രവർത്തിക്കുന്നു. 72 കി.മീ. നീളമുള്ള പുഴയുടെ പ്രാരംഭ ഘട്ടത്തിൽ പുനരുജ്ജീവനം നടത്തി. 456 മാലിന്യക്കുഴലുകൾ ഈ പുഴയിലേയ്ക്ക് വരുന്നു. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ റാവേ ക്യാമ്പിനോടനുബന്ധിച്ച് മുഴുവൻ നീർച്ചാലുകളും ജി.ഐ.എസ്. സാങ്കേതിക വിദ്യ ഉപയോഗിച്ച് അടയാളപ്പെടുത്തി. നഗരസഭയുടെ ഭാഗമായ 9.18 കി.മീ. ദൂരം സർവ്വേ നടത്തി 10.32 ഹെക്ടർ തിരിച്ചു പിടിച്ചു കല്ലിട്ട് തിരിച്ചു. ഇതിന്റെ ഭാഗമായി 5200 ഏക്കറിൽ നെൽക്കൃഷി പുനരാരംഭിച്ചു. തുടർന്ന് പുഴ ശുചീകരണം നടത്തി. താൽക്കാലിക തടയണകൾ നിർമ്മിച്ചു.

**പതിക്കാൻ പുഴ**

5 വാർഡുകളിലായി വ്യാപിച്ച് കിടക്കുന്ന പതിക്കാൻ പുഴയുടെ 3.5 കി.മീ.

ശുചീകരണത്തിനായി തെരഞ്ഞെടുത്തു. മുൻകാലങ്ങളിൽ ചരക്ക് ഗതാഗതം ഉണ്ടായിരുന്ന പുഴയിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും കക്കൂസ് മാലിന്യങ്ങളും അടിഞ്ഞു കൂടി ശോചനീയാവസ്ഥയിലായിരുന്നു. മലിനീകരണം കാരണം പുഴയുടെ ഒഴുക്ക് നിലച്ചിരുന്നു. പതിക്കാൻ പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുത്തു. ഇതിന്റെ മുന്നോടിയായി 2018 ജനുവരി 18 ന് യോഗം കൂടി സംരക്ഷണ സമിതി രൂപീകരിച്ചു. തുടർന്ന് ഫെബ്രുവരി 14 ന് പുഴനടത്തം നടത്തി. ശുചീകരണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി കുടുംബശ്രീയുടെ സഹ കരണത്തോടെ ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിച്ചു. മുന്നൂറോളം പേർ പങ്കെ ടുത്തു. തുടർന്ന് പതിക്കാൻ പുഴയുടെ ശുചീകരണ യജ്ഞം ആരംഭിച്ചു. 1000 ത്തോളം പേർ പങ്കെടുത്തു. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹായത്തോടു കൂടി കയർ ഭൂവസ്ത്രം വിരിച്ചു.

**പാണ്ടിവയൽ തോട് പുനരുജ്ജീവനം**

കൊട്ടാരക്കര നഗരസഭാ പരിധിയിലൂടെ ഏകദേശം 17 കിലോമീറ്ററോളം നീള ത്തിൽ ഒഴുകുന്ന പാണ്ടിവയൽ തോട് ഒരു കാലത്ത് പ്രദേശത്തെ പാടശേഖരങ്ങ ളുടെ പ്രധാന ജലസ്രോതസ്സായിരുന്നു. നെൽകൃഷിയിൽ നിന്നുമുള്ള ജനങ്ങളുടെ പിന്മാറ്റവും പട്ടണപ്രദേശത്തെ മലിനജലം ഒഴുകിയെത്തുന്ന പ്രധാന ജലസ്രോത സ്സായി പാണ്ടിവയൽ തോട് മാറിയതും തോടിന്റെ നാശത്തിന് കാരണമായി. അതോടൊ ാപ്പം തന്നെ ജലസ്രോതസ്സിലെ ജലം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുകൊ ണ്ടിരിക്കുന്നവർക്കിടയിൽ പലതരം രോഗങ്ങൾക്കും ഈ മലിനാവസ്ഥ കാരണമായി. കൊട്ടാരക്കര നഗരസഭയുടേയും എം.എൽ.എ. ശ്രീമതി ഐഷാ പോറ്റിയുടേയും നേതൃത്വത്തിൽ പാണ്ടിവയൽതോട് പുനരുജ്ജീവിപ്പിക്കുന്നതിന് വളരെ ചിട്ടയായ പ്രവർത്തനം ആണ് സംഘടിപ്പിച്ചത്. ഇതിനായി വിപുലമായ കൺവെൻഷൻ ചേർന്ന് നഗരസഭാ ചെയർപേഴ്സൺ അധ്യക്ഷയായും ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും ഒരു സംഘാടക സമിതി രൂപീകരിക്കുകയും തുടർന്ന് 6 പ്രാദേശിക കൺവെൻഷനുകൾ സംഘടിപ്പിച്ച് പ്രാദേ ശിക സമിതികൾക്കും രൂപം നൽകി. വിപുലമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ നട ത്തി. തോടിന്റെ കരയിലൂടെ സഞ്ചരിച്ചുള്ള അവസ്ഥാ പഠനം, ജനകീയ സദസ്സുകൾ എന്നിവ സംഘടിപ്പിച്ചു. പത്ര മാധ്യമങ്ങൾ, സോഷ്യൽ മീഡിയ, നോട്ടീസ്, ബാനർ, ബോർഡുകൾ എന്നിവ വഴി വ്യാപക പ്രചാരണം സംഘടിപ്പിച്ചു. എല്ലാ വകുപ്പുക ളുടേയും സർക്കാർ ഏജൻസികളുടേയും സഹകരണം ഉറപ്പാക്കി. തോടിന്റെ ശുചീ കരണ പൂർവ്വാവസ്ഥ കൃത്യമായി ഡോക്യുമെന്റ് ചെയ്തു. ജലഗുണനിലവാര പരി ശോധന നടത്തി. തുടർന്ന് ഹരിതകേരളം വാർഷികദിനമായ 2018 ഡിസംബർ 8 ന് പാണ്ടിവയൽ തോടിന്റെയും കൈവഴികളുടേയും പുനരുജ്ജീവന പ്രവർത്തനം സംഘടിപ്പിച്ചു. രാവിലെ 8 മണിക്ക് ശ്രീമതി ഐഷാ പോറ്റി എം.എൽ.എ.യുടെ അധ്യ ക്ഷതയിൽ ചേർന്ന യോഗത്തിൽ ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ.കൃഷ്ണൻകുട്ടി പുനരുജ്ജീവന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. മുൻ എം.എൽ.എ. ശ്രീ. രാമചന്ദ്രൻ, ജില്ലാ കളക്ടർ, ഇറിഗേഷൻ ചീഫ് എഞ്ചിനീയർ, റൂറൽ എസ്.പി, വിവിധ വകു പ്പ് ഉദ്യോഗസ്ഥർ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. നവകേരളം കർമ്മ പദ്ധതി കോർഡിനേറ്റർ ശ്രീ. ചെറിയാൻ ഫിലിപ്പിന്റെ നേതൃത്വത്തിൽ പ്രതിജ്ഞ

ചൊല്ലിക്കൊണ്ടാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. കാഴ്ചക്കാരില്ലാതെ എല്ലാ വരും പങ്കാളികളായ പ്രവർത്തനങ്ങളിൽ 6 പ്രാദേശിക സമിതികളുടെ നേതൃത്വ ത്തിൽ 3000 പേർ പങ്കെടുത്തു. വിവിധ വകുപ്പുകളെ കൂടാതെ എൻ.സി.സി, എസ്. പി.സി, എൻ.എസ്.എസ്. വോളണ്ടിയർമാർ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേ ഷനുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ളവരുടെ പങ്കാളിത്തം ഈ പ്രവർത്തനത്തിൽ ഉണ്ടാ യി. മനുഷ്യ സാധ്യമല്ലാത്തിടങ്ങളിൽ മണ്ണുമാന്തിയന്ത്രങ്ങൾ ഉപയോഗിച്ച് ശുചീകരണം നടത്തി. തോടിലേയ്ക്ക് മലിനജലം ഒഴുക്കിവിടുന്ന മാലിന്യക്കുഴ ലുകൾ അടയ്ക്കുന്നതിനു വേണ്ട പ്രവർ ത്തനങ്ങൾ നടക്കുന്നു. തോടിന്റെ സമീപ ത്തെ ഏകദേശം 200 ഏക്കറോളം സ്ഥലത്ത് നെൽകൃഷി ഉൾപ്പെടെയുള്ള കൃഷികൾ പുനരാരംഭിക്കാൻ കഴിഞ്ഞു. കൃഷിയ്ക്കാവശ്യമായ വെള്ളം തോടിൽ നിന്നുമാത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ കല്ലട ജലസേചന പദ്ധതിയുടെ കനാൽ വഴി കൃ ഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കാനും സംഘാടക സമിതിക്ക് കഴിഞ്ഞു.



# 6
# കൃഷി വികസനം – സുജലം സുഫലം

ജൈവ കൃഷിയെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള സുരക്ഷിത ഭക്ഷ്യോൽപ്പാദനം സംസ്ഥാനത്ത് വ്യാപകമാക്കുകയെന്ന ശ്രമകരമായ ദൗത്യമാണ് കൃഷി ഉപമിഷൻ നടത്തിവരുന്നത്. സംസ്ഥാനത്ത് നെൽകൃഷിയിലും തരിശുനില കൃഷിയിലും നേടിയ അധിക കൃഷി വ്യാപനം ഇത്തരം ശ്രമങ്ങളുടെ ഫലമാണ്. സുജലം-സുഫലം-കൃഷി ഉപമിഷൻ കഴിഞ്ഞ കാലത്ത് നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായി വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിലാണ് ഈ പരിപാടികൾ മുഖ്യമായും നിർവഹിക്കപ്പെട്ടിട്ടുള്ളത്.

നെൽകൃഷി വിസ്തൃതി വ്യാപനത്തിന് തരിശുനിലകൃഷി, ഒരുപ്പൂകൃഷി ഇരുപ്പൂ ആക്കൽ, കരനെൽകൃഷി എന്നീ മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളത്. നടപ്പുവർഷം നെൽകൃഷി വിസ്തൃതി കഴിഞ്ഞ വർഷത്തെ 2.20 ലക്ഷം ഹെക്ടറിൽ നിന്ന് 2.24 ഹെക്ടറിലേക്ക് എത്തിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പച്ചക്കറികൃഷി രംഗത്ത് കഴിഞ്ഞ വർഷം 10.01 ലക്ഷം ടൺ ഉൽപ്പാദനം കൈവരിച്ചിടത്ത് ഈ വർഷം 12.71 ലക്ഷം ടൺ ഉൽപ്പാദനമാണ് പ്രതീക്ഷിക്കുന്നത്.

അപ്രതീക്ഷിതവും അതിരൂക്ഷവുമായ പ്രളയം സംസ്ഥാനത്തെ കാർഷിക രംഗത്തെ എടുത്തുലച്ച വർഷമാണ് കടന്നുപോയത്. ഈ പ്രകൃതി ദുരന്തം കാർഷിക മേഖലയിലെ ഏറ്റവും മുഖ്യഘടകമായ മണ്ണിന്റെ ഭൗതിക ഘടനയെയും സ്വഭാവത്തെയും കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. മലനാട്ടിലും ഇടനാട്ടിലും തീരപ്രദേശത്തും പ്രളയത്തിന്റെ അനന്തരഫലങ്ങൾ വ്യത്യസ്തമായ രീതിയിൽ കാർഷിക മേഖലയുടെ മുന്നോട്ടുപോക്കിനെ ബാധിച്ചിട്ടുണ്ട്. മലമ്പ്രദേശങ്ങളിൽ കൃഷിക്ക് അനുയോജ്യമായ മേൽമണ്ണ് പൂർണ്ണമായും ഒലിച്ചുപോയ അവസ്ഥയും ഇടനാട്ടിലും തീരപ്രദേശങ്ങളിലും പല ഭാഗങ്ങളിലും കൃഷിക്കനുയോജ്യമല്ലാത്ത മണ്ണ് കൂടുതലായി



അടിഞ്ഞതും കൃഷിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. എന്നാൽ നെൽപ്പാടങ്ങളിൽ എക്കൽ മണ്ണ് കൂടുതലായി അടിഞ്ഞത് നെൽകൃഷിയുടെ വിളവ് വർദ്ധിപ്പിച്ചത് എടുത്തു പറയേണ്ടതാണ്.

ഈ പ്രതിസന്ധിയെ തരണം ചെയ്യുന്നതിന് കാർഷിക സർവ്വകലാശാലയുടെയും മറ്റു ഗവേഷക സ്ഥാപനങ്ങളുടെയും സഹായത്തോടെ കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ദേശീയ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സഹായത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് യുദ്ധകാല അടിസ്ഥാനത്തിൽ പ്രതിസന്ധി മറികടക്കുന്നതിനുള്ള തീവ്രമായ ശ്രമത്തിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രളയത്തിന്റെ ദൂഷ്യ വശങ്ങളെ അതിജീവിച്ചുകൊണ്ട് സുജലം സുഫലം ഉപമിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പരിപാടികൾ പുതിയൊരു ഊർജ്ജത്തോടെ സംസ്ഥാനത്തൊട്ടാകെ നടന്നുവരികയാണ്.

## നടത്തിയ പ്രവർത്തനങ്ങൾ

### നെൽകൃഷി വിസ്തൃതി വ്യാപനം

സംസ്ഥാനത്തെ നെൽക്കൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടർ ആക്കുക എന്നതാണ് മിഷൻ ലക്ഷ്യം. തരിശുനിലങ്ങളിൽ കൃഷിയിറക്കിലും ഒരു പൂകൃഷി ചെയ്യുന്ന നിലങ്ങളിൽ ചുരുങ്ങിയത് ഒരു പൂ എങ്കിലും അധികമായി വിളയിറക്കിയും കരനെൽ കൃഷി വ്യാപനത്തിലൂടെയും ആണ് ഈ ലക്ഷ്യം കൈവരിക്കാൻ സാധിക്കുക. 2016-17 വർഷത്തിൽ 1,96,870 ഹെക്ടറായിരുന്ന നെൽകൃഷി മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ 2017-18 വർഷത്തിൽ 2,20,449 ഹെക്ടർ വിസ്തൃതി കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. നടപ്പുവർഷം ഒന്നാം വിളയ്ക്ക് 23,579 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വിളവിറക്കിയിരുന്നു. ഇതിൽ നല്ലൊരു ഭാഗത്തെ പ്രളയം ബാധിച്ചു. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ കൃഷിവകുപ്പ് കാര്യക്ഷമമായി ഇടപെട്ട് പരമാവധി സ്ഥലത്ത് വീണ്ടും കൃഷിയിറക്കുകയും അതിൽ പ്രളയത്തിൽ അടിഞ്ഞ എക്കലിന്റെ സ്വാധീനം കൊണ്ട് റെക്കോർഡ് ഉത്പാദനം കൈവരിക്കാനും സാധിച്ചു. കൃഷി വകുപ്പിലെ



വിവിധ പദ്ധതികളിലൂടെ 2,24,000 ഹെക്ടർ വിസ്തൃതി ഈ വർഷം നെൽകൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതു കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവ മുഖേന ഇതിലും കൂടുതൽ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കാനാവുമെന്നാണ് കരുതുന്നത്.

**പട്ടിക 6.1**

**നെൽകൃഷി വിസ്തൃതി വ്യാപനം**

| വിവരണം | **2016-17** | **2017-18** | **2018-19 (ഫെബ്രുവരി വരെയുള്ള നേട്ടം)** |
|---|---|---|---|
| സുസ്ഥിര നെൽകൃഷി വികസനം | 1.96 ലക്ഷം ഹെക്ടർ | 2.20 ലക്ഷം ഹെക്ടർ | 1.39 ലക്ഷം ഹെക്ടർ |
| പച്ചക്കറി കൃഷി വിസ്തൃതി | 52850 ഹെക്ടർ | 69475 ഹെക്ടർ | 40 ലക്ഷം വിത്ത് കിറ്റുകളും 90.9 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. |

**പട്ടിക 6.2**

**തരിശുനിലങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നടന്ന അധിക പ്രവർത്തനങ്ങൾ (മുഖ്യമായത്)**

| ക്രമ നം. | പേര് | വിസ്തീർണ്ണം |
|---|---|---|
| 1. | മെത്രാൻകായൽ | 160 ഹെക്ടർ |
| 2. | തൊടിയൂർ വട്ടക്കായൽ | 130 ഹെക്ടർ |
| 3. | ആറന്മുള | 55 ഹെക്ടർ |
| 4. | കോട്ടയം മീനച്ചിലാർ- മീനന്തറയാർ-കൊടൂരാർ സംയോജന പദ്ധതി | 800 ഹെക്ടർ |
| 5. | കോട്ടയം കടുത്തുരുത്തി | 130 ഹെക്ടർ |
| 6. | കവിയൂർ പുഞ്ച (പത്തനംതിട്ട) | 245 ഹെക്ടർ |
| 7. | പുന്നയൂർ (തൃശൂർ) | 110 ഹെക്ടർ |
| 8. | വെളിയന്നൂർ ചെല്ലി, പാക്കവയൽ പന്തീരായിപ്പറ, ആവളപ്പാണ്ടി, കരിയോട് ചിറ, ചെറുവാടി, ചെറുവണ്ണൂർ (കോഴിക്കോട്) | 398 ഹെക്ടർ |
| 9. | പുന്നെക്കുന്നം, ആമച്ചൽ, പരശുവയ്ക്കൽ, മേക്കൊല്ല, കളത്തറയ്ക്കൽ, ആറയൂർ, ആനാട്, നെടുമങ്ങാട്, തുമ്പോട്, ചെറുന്നിയൂർ, കിഴുവിലം, കാട്ടാക്കട (തിരുവനന്തപുരം) | 83.415 ഹെക്ടർ |
| 10 | മനക്കര, ശാസ്താംകോട്ട (കൊല്ലം) | 298.2 ഹെക്ടർ |
| 11 | ഭരണിക്കാവ് പൂവത്തൂർചിറ, ഇലഞ്ഞിമേൽ പാടം, കണ്ടങ്കരി പാടം, പള്ളിപ്പാട്-മണക്കാട്ട് കിഴക്ക്, മുപ്പത്ത് വടക്ക്, ചുനക്കര മഠത്തിൽകുളങ്ങര, ചൂരല്ലൂർ, കൊട്ടപ്പാട്, നൂറനാട് കരിങ്ങാലിയിൽ പുഞ്ച, വള്ളിക്കുന്നം പുഞ്ച, തഴക്കര പെരുവേലിച്ചാൽ പുഞ്ച (ആലപ്പുഴ) | 380.18 ഹെക്ടർ |
| 12 | തോട്ടറ പുഞ്ച, കീഴ്മാട് ബ്ലോക്ക്, മുളന്തുരുത്തി- ചോറ്റാനിക്കര, വടവുകോട് (എറണാകുളം) | 442.5 ഹെക്ടർ |
| 13 | കുറ്റാടൻ പാടം, മൂർക്കനാട് പാടം (തൃശൂർ) | 161.874 ഹെക്ടർ |
| 14 | വാണിയംകുളം, അമ്പലപ്പാറ, ഷൊർണ്ണൂർ (പാലക്കാട്) | 61.5 ഹെക്ടർ |
| 15 | എടപ്പാൾ, പെരിന്തൽമണ്ണ (മലപ്പുറം) | 130 ഹെക്ടർ |
| 16 | പനമരം (വയനാട്) | 15 ഹെക്ടർ |
| 17 | മുണ്ടേരി, ചക്കരക്കല്ല്, തളിപ്പറമ്പ് മൊറാഴ, കടന്നപ്പള്ളി, മയ്യിൽ, കീഴളം പാടശേഖരം (കണ്ണൂർ) | 305 ഹെക്ടർ |

| | | |
|---|---|---|
| 18 | അജാനൂർ ബേഡകം, കാഞ്ഞങ്ങാട് (കാസർഗോഡ്) | 151 ഹെക്ടർ |

## നെൽകൃഷി വ്യാപനത്തിന്റെ ഭാഗമായി നടന്ന അധിക പ്രവർത്തനങ്ങൾ

### തരിശ് രഹിത ഗ്രാമം

സംസ്ഥാനത്തെ ഓരോ ബ്ലോക്കിലും ചുരുങ്ങിയത് ഒരു ഗ്രാമപഞ്ചായത്തെങ്കിലും തരിശ് രഹിത പഞ്ചായത്താക്കുന്നതിന്റെ കാമ്പയിനാണിത്. ഇതിനായി തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തിലെ തരിശ് കിടക്കുന്ന നെൽപാടങ്ങൾ ഉൾപ്പെടെ കൃഷിക്ക് അനുയോജ്യമായ എല്ലാ ഭൂമിയിലെയും ജനകീയ പങ്കാളിത്തത്തോടെ കണ്ടെത്തി എല്ലാ ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിച്ചുകൊണ്ട് ഇങ്ങനെ തരിശായി കിടക്കുന്ന കൃഷി യോഗ്യമായ ഭൂമിയിൽ കൃഷിയിറക്കി ആ പ്രദേശത്തെ തരിശ് രഹിതമാക്കുക എന്നതാണ് ഇതിന്റെ ഭൗതികലക്ഷ്യം. ഓരോ ഇഞ്ച് ഭൂമിയും കൃഷിക്ക് ഉപയോഗിക്കുന്നതും അതിലൂടെ ഉദ്പാദന വർദ്ധനവും വരുമാന വർദ്ധനവും സാധാരണ ജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുക എന്നതും ഈ കാമ്പയിന്റെ പരോക്ഷ ലക്ഷ്യങ്ങളിൽപ്പെടുന്നു.

### കൃഷി-ജലസേചന സംയുക്ത പദ്ധതി രൂപീകരണം

ജലസേചന വകുപ്പും കൃഷി വകുപ്പും സംയുക്തമായി തദ്ദേശഭരണ സ്ഥാപന തലത്തിൽ പഠനം നടത്തി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 2560 പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയുടെ മുൻഗണന നിശ്ചയിച്ച് ധനസ്രോതസ്സുകൾ കണ്ടെത്തി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

പത്തനംതിട്ട ജില്ലാ മിഷൻ നേതൃത്വം നൽകിയ ഏകോപന പ്രവർത്തനത്തിന്റെ ഫലമാണ് കവിയൂർ പുഞ്ചയിലെ 245 ഹെക്ടർ തരിശ് നിലകൃഷി, ജില്ലാ പഞ്ചായത്ത്,



# ചവറുപാടം എന്ന മാലിന്യകൂമ്പാരം ഉല്ലാസകേന്ദ്രമായ കൃഷി സ്ഥലമായി

എറണാകുളം ജില്ലയിലെ ചൂർണിക്കര പഞ്ചായത്തിലെ ചവറുപാടം എന്ന 30 ഏക്കർ സ്ഥലം വർഷങ്ങളായി മാലിന്യകൂമ്പാരമാണ്. എന്നാൽ ഈ 30 ഏക്കർ സ്ഥലം അവിടുത്തെ ജനകീയനായ കൃഷി ഓഫീസറുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും നേതൃത്വത്തിൽ വൃത്തിയാക്കി അവിടെ കൃഷി വകുപ്പിന്റെ ATMA പദ്ധതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി സംയോജിപ്പിച്ച് സ്ഥലത്തെ പുരുഷ സ്വയം സഹായ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൃഷിയിറക്കി. വർഷങ്ങളായി കിടന്ന മാലിന്യകൂമ്പാരം നീക്കം ചെയ്ത് മണ്ണ് പരിശോധന നടത്തി.



നല്ല കൃഷി മുറകൾ പാലിച്ച് കൃഷിയിറക്കിയതിൽ റെക്കോർഡ് വിളവാണ് (10 ടൺ/ഹെ) ലഭ്യമായത്. കൃഷി വകുപ്പിന്റെ തന്നെ നെല്ല് ഇന്നവേഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി ബന്ദിപ്പൂക്കളും കുറ്റിപ്പയറും ചെയ്ത് പാരിസ്ഥിതിക എഞ്ചിനീയറിംഗ് നടപ്പിലാക്കി കീടനാശിനി പ്രയോഗം പരമാവധി കുറയ്ക്കാനും സാധിച്ചു. ലഭിച്ച വിളവ് ചൂർണ്ണിക്കര കുത്തരി എന്ന പേരിൽ ബഹു.മുഖ്യമന്ത്രിയാണ് വിപണിയിലിറക്കിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രതിഭാ പുരസ്കാരം നേടിയ ശ്രീ. ജോൺ ഷെറി എന്ന കൃഷി ഓഫീസറുടെ നേതൃത്വത്തിൽ നടത്തിയ ഈ പ്രവർത്തനം മാലിന്യ കൂമ്പാരമായ ചവറുപാടത്തെ ഇന്ന് ജനങ്ങളുടെ ഉല്ലാസ കേന്ദ്രമായ കൃഷി സ്ഥലം ആക്കി മാറ്റിയിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തുകൾ തിരുവല്ല നഗരസഭാ പാടശേഖരവുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ, കൃഷി വകുപ്പ്, ജലവിഭവ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി പദ്ധതി എന്നിവയുടെ ഏകോപനം ഫലപ്രദമായി സംഘടിപ്പിക്കാനായതിന്റെ ഫലമാണ് ഈ നേട്ടത്തിന് കാരണം. കോട്ടയം ജില്ലയിലെ മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ എന്നിവയുടെ പുനസംയോജനത്തിന്റെ തുടർച്ചയായി തരിശുകിടന്ന പാടങ്ങളിൽ വീണ്ടും കൃഷിയിറക്കാനായതും ഇത്തരത്തിലുള്ള ഫലപ്രദമായ ഏകോപനത്തിന്റെ മറ്റൊരു ഉദാഹരണമാണ്. ഈ പ്രവർത്തനത്തിന്റെ തുടർച്ചയായും ചില നിയമസഭാംഗങ്ങളുടെ നേതൃത്വത്തിൽ മണ്ഡലത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും തരിശുഭൂമി കണ്ടെത്തി കൃഷി യിറക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

**പട്ടിക 6.3**

**വിവിധ മണ്ഡലങ്ങളിലെ തരിശുഭൂമിയിലുള്ള കാർഷിക പദ്ധതികൾ**

| ക്രമ നം | പേര് | നിയമസഭാ മണ്ലം |
|---|---|---|
| 1 | തളിര് | പാറശ്ശാല |
| 2 | ജൈവ സമൃദ്ധി | കാട്ടാക്കട |
| 3 | നാട്ടു പച്ചപ്പ് | വാമനപുരം |
| 4 | ഉറവ് | ചിറയിൻകീഴ് |
| 5 | പുനർജ്ജനി | ചാത്തന്നൂർ |
| 6 | സമൃദ്ധി | തളിപ്പറമ്പ് |
| 7 | ഗ്രീഷ്മം | കൊട്ടാരക്കര |

**തൊഴിലുറപ്പ് പദ്ധതിയുമായുള്ള ഏകോപനം**

തരിശ് രഹിതഗ്രാമം എന്ന ലക്ഷ്യത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളിൽ കണ്ടെത്തിയ തരിശ് ഭൂമിയുടെ നിലമൊരുക്കൽ പ്രവർത്തനങ്ങൾ ഏറിയ പങ്കും തൊഴിലുറപ്പ് പദ്ധതിയുമായുള്ള ഏകോപനത്തിലൂടെയാണ് സാധ്യമാക്കിയത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും മറ്റു വകുപ്പുകളുടെയും നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതി സംസ്ഥാനത്താകമാനം നടപ്പിലാക്കി.

**പട്ടിക 6.4**

**2017-18 ൽ വച്ചുപിടിപ്പിച്ച വൃക്ഷത്തൈകളുടെ എണ്ണം**

| പദ്ധതി | തൈകൾ (എണ്ണം) |
|---|---|
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 181.55 ലക്ഷം |
| കൃഷി വകുപ്പ് | 14.54 ലക്ഷം |
| സോഷ്യൽ ഫോറസ്ട്രി | 81 ലക്ഷം |
| കശുമാവ് വികസന ഏജൻസി | 10 ലക്ഷം |

# തരിശ്ഭൂമിയിലെ കാർഷിക വിപ്ലവം

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ പഞ്ചായത്തിലെ വീട്ടമ്മ സിമി ഷാജിയുടെ അനുഭവമാണ് പങ്കിടുന്നത്. ശ്രീമതി സിമി ഷാജിക്ക് ആകെ 30 സെന്റ് ഭൂമിയും അതിൽ ഒരു വീടുമാണുള്ളത്. ആ വീടിന്റെ ടെറസ്സിലും നിലത്തുമായി എന്തൊക്കെ കൃഷി ചെയ്യാൻ സാധിക്കും എന്ന പരീക്ഷണം നടത്തിയ ഒരു പാഠശാലയാണിത്. സിമിയുടെ വീടിന്റെ ടെറസ്സിൽ എല്ലാവിധ പച്ചക്കറികളും കൃഷി ചെയ്തിരിക്കുന്നു. പാഴായ ബക്കറ്റിൽ 150 ഓളം ഫലവൃക്ഷങ്ങൾ നട്ടു വളർത്തുന്നു. കൂടാതെ കോഴി വളർത്തൽ (150), താറാവ് (35), മുയൽ വളർത്തൽ, മത്സ്യകൃഷി, തേനീച്ച വളർത്തൽ, തേനീച്ചകൃഷി, അലങ്കാര പക്ഷി വളർത്തൽ, അലങ്കാര മത്സ്യകൃഷി, ഔഷധ സസ്യ കൃഷി, ആടു വളർത്തൽ, പശുവളർത്തൽ, പോത്തുകുട്ടി പരിപാലനം എന്നിവയും ചെയ്തുവരുന്നു. പൂർണ്ണമായും വീട്ടിലുള്ള ജൈവ



വളങ്ങളും ജൈവ കീടനാശിനികളും മാത്രം ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന ഈ ഓർഗാനിക് ഉൽപ്പന്നങ്ങൾ ഗാന്ധിഭവന്റെ ജൈവകർഷക മാർക്കറ്റിൽ ലാഭകരമായി വിറ്റഴിക്കുന്ന ഈ കർഷക വീട്ടമ്മയുടെ കൃഷിരീതി മറ്റുള്ളവർക്കും അനുകരിക്കാവുന്ന മാതൃകയാണ്.

## ശിൽപ്പശാലകൾ

1. കൃഷി ഉപമിഷൻ പ്രവർത്തന മാർഗ്ഗരേഖ ശിൽപ്പശാല കൃഷി ഉപമിഷൻ തയ്യാറാക്കിയ സുജലം സുഫലത്തിന്റെ പ്രവർത്തന മാർഗ്ഗരേഖ വിശദമായി ചർച്ച ചെയ്ത് കുറ്റമറ്റതാക്കുന്നതിന് വേണ്ടിയുള്ള സംസ്ഥാനതല ശിൽപ്പശാല സംഘടിപ്പിച്ചു.
2. നവമാധ്യമ കൂട്ടായ്മകളുടെ ശിൽപ്പശാല:നവമാധ്യമ കൂട്ടായ്മകൾക്ക് ജൈവ കാർഷിക പ്രചാരണ മേഖലയെ എങ്ങനെ സഹായിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി.
3. പച്ചത്തുരുത്ത്- ശിൽപ്പശാല: പച്ചത്തുരുത്ത് സംബന്ധിച്ച കൈപുസ്തകം തയ്യാറാക്കുന്നതിനുവേണ്ടി സംസ്ഥാന തല ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി.
4. ഐ.ടി.ഐ ഹരിതക്യാമ്പസ് ശിൽപ്പശാല: കേരളത്തിലെ മുഴുവൻ ഐ.ടി.ഐ. ക്യാമ്പസുകളും ഹരിത ക്യാമ്പസുകളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള രണ്ട് മേഖലാതല ശിൽപ്പശാലകൾ സംഘടിപ്പിച്ചു. പരിശീലനത്തിൽ ഐ. ടി. ഐ. കളിലെ ഇൻസ്ട്രക്ടർമാരും ട്രെയ്നികളും ഉൾപ്പെടെ 351 പേർ പങ്കെടുത്തു.
5. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ജൈവഗ്രാമം അനുഭവംപങ്കുവയ്ക്കൽ ശിൽപ്പ

### നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്: ജൈവഗ്രാമം മാതൃക

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്-കാർഷിക മേഖല വികസനത്തിന് ഒരു ബ്ലോക്ക് പഞ്ചായത്തിന് എന്ത് ചെയ്യാൻ സാധിക്കും എന്നുള്ളതിന്റെ തെളിവാണ് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ജൈവഗ്രാമം പദ്ധതി. ഈ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് (2.5 ഏക്കർ) ഒരു സംയോജിത കൃഷി മോഡൽ ഫാം ഒരുക്കിയിരിക്കുന്നു. (വാഴ, പച്ചക്കറികൾ, ഇഞ്ചി, ധാന്യവർഗ്ഗ വിളകൾ, ഫലവർഗ്ഗവിളകൾ, വെച്ചൂർ പശു, നല്ലയിനം ആടുകൾ, മത്സ്യ




കൃഷി, മുട്ടക്കോഴി വളർത്തൽ, തേനീച്ച കൃഷി എന്നിങ്ങനെ വിവിധ പദ്ധതികളുടെ സംയോജനം സാധ്യമാക്കി ജൈവകൃഷി രീതി കേരളത്തിന്റെ പരിതസ്ഥിതിയിൽ എങ്ങനെ ലാഭകരമാക്കാം എന്ന് തെളിയിച്ച മാതൃകയാണ് ഇത്.

ഇന്ന് ഈ മാതൃക കേരളത്തിലങ്ങോളമിങ്ങോളമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് കണ്ട് പഠിക്കാവുന്ന ഒരു പരിശീലന കേന്ദ്രം കൂടിയാണ്.

ശാല തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ജൈവഗ്രാമം സമ്പൂർണ്ണ ജൈവ പച്ചക്കറികൃഷി ബ്ലോക്ക് പഞ്ചായത്തുകൾക്ക് പരിചയപ്പെടുത്തുന്നതിനുള്ള ശിൽപ്പശാല 2 ബാച്ചുകളിലായി നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലും കരകുളം ഗ്രാമീണ പഠന കേന്ദ്രത്തിലുമായി നടക്കുകയുണ്ടായി.

**പച്ചക്കറികൃഷി സ്വയംപര്യാപ്തതാ കൈവരിക്കൽ**
**ഹരിത സമൃദ്ധി വാർഡുകൾ**

പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത എന്നത് സുജലം-സുഫലം ഉപ മിഷന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നിങ്ങനെ വ്യത്യസ്ത ഏജൻസികളിലൂടെ ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. 2017-18 ലെ ഉൽപ്പാദനം 10.01 ലക്ഷം ടൺ ആയിരുന്നു. ഈ വർഷം 12.71 ലക്ഷം ടൺ ഉൽപ്പാദനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പച്ചക്കറി വിത്ത് കിറ്റുകൾ, പച്ചക്കറി തൈകൾ എന്നിവയുടെ വിതരണത്തിലൂടെയാണ് പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങൾക്കിടയിലേക്ക് എത്തിച്ചേരുന്നത്. കൃഷി വകുപ്പിന്റെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി നടന്നുവരുന്നു. ലഭ്യമായ തരിശുഭൂമിയിൽ പച്ചക്കറി കൃഷി നടന്നുവരുന്നു. ലഭ്യമായ തരിശുഭൂമിയിൽ പച്ചക്കറികൃഷി ചെയ്യുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ട്. നഗരങ്ങളിൽ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന് തുള്ളിനന/തിരിനന സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് നിലവിലുള്ള ഗ്രോബാഗ് പച്ചക്കറി കൃഷിയിലൂടെയുള്ള മട്ടുപ്പാവിലെ പച്ചക്കറി കൃഷി വ്യാപന പ്രവർത്തനങ്ങൾ വിപുലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ/സ്വകാര്യ/വ്യവസായ സ്ഥാപനങ്ങളുമായി ചേർന്നു കിടക്കുന്ന തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്തുകൊണ്ട് സ്ഥാപനതല പച്ചക്കറി കൃഷിയും, കൃഷി വകുപ്പിന്റെ സഹായത്തോടെ നടന്നുവരുന്നു.

**സഹകരണ സംഘങ്ങൾ ഉൾപ്പെട്ട ഏകോപിത പ്രവർത്തനങ്ങൾ**

സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ പല ജില്ലകളിലും കാർഷികരംഗത്ത് മാതൃകാപരമായ ഇടപെടലുകൾ നടത്തുന്നു. എറണാകുളം ജില്ലയിലെ പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക്, തൃശ്ശൂർ ജില്ലയിലെ പെരിങ്ങന്നൂർ സർവ്വീസ് സഹകരണ ബാങ്ക്, തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്ക് എന്നിവയുടെ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതാണ്.

പള്ളിയാക്കൽ സഹകരണ സംഘം സംയോജിത കൃഷി രംഗത്ത് സംസ്ഥാനത്തിന് ഒട്ടാകെ മാതൃകയാക്കാവുന്ന പ്രവർത്തനങ്ങളാണ്/ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. നെൽ കൃഷി (പൊക്കാളി), പച്ചക്കറി, മുല്ലമൊട്ടുൽപ്പാദനം, മത്സ്യകൃഷി, കോഴി/താറാവ് കൃഷി, ഔഷധസസ്യകൃഷി, പാലുൽപ്പാദനം എന്നിവയെല്ലാം സ്വയം സഹായ സംഘങ്ങൾ മുഖേന ബാങ്കിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. എറണാകുളം ജില്ലയിലെ തന്നെ ഒക്കൽ സർവ്വീസ് സഹകരണ ബാങ്കും കാർഷിക വൃത്തിയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് മുൻകൈയെടുത്തിട്ടുണ്ട്. പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്കിനും തൃശൂർ ജില്ലയിലെ പെരിങ്ങന്നൂർ സർവ്വീസ് സഹ



കരണ ബാങ്കിനും ഒരുപോലെയുള്ള പ്രവർത്തനമേഖലയാണ്. കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഗ്രീൻ ആർമി ഇതിൽ ഉൾപ്പെടുന്ന അംഗങ്ങൾ വിവിധ കാർഷിക പ്രവർത്തനങ്ങളിൽ പ്രത്യേകം പരിശീലനം നേടിയിട്ടുണ്ട്. അതുപോലെ, ഈ രണ്ടു സംഘങ്ങൾക്കും പൊതുവായിട്ടുള്ള മറ്റൊരു പ്രവർത്തനമാണ് കർഷകരിൽ നിന്നും ന്യായവില നൽകി ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുക എന്നതും. തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്ക്, ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന്റെ ഒരു ഹെക്ടറിൽ അധികം വരുന്ന തരിശു ഭൂമി ഏറ്റെടുത്ത് കൃഷിക്ക് അനുയോജ്യമാക്കി പൂർണ്ണമായും ജൈവരീതി അവലംബിച്ചുകൊണ്ട് പച്ചക്കറി, വാഴ എന്നിവ കൃഷി ചെയ്യുന്നു. സർക്കാർ/വ്യവസായ സ്ഥാപനങ്ങളുടെ ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി കൃഷിക്ക് ഉപയോഗിക്കാം എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണിത്.

### ഐ.ടി.ഐ ഹരിതക്യാമ്പസ് പദ്ധതി

സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐകളെയും ഹരിതക്യാമ്പസ് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി മുഴുവൻ ഐ.ടി.ഐകളിലും തെരഞ്ഞെടുക്കപ്പെട്ട ഇൻസ്ട്രക്ടർമാരെയും പരിശീലനാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് ശിൽപ്പശാല സംഘടിപ്പിച്ചു. ഐ.ടി.ഐ ഹരിതക്യാമ്പസ് എന്ന ഈ കാമ്പയിനിന്റെ ഉദ്ഘാടനം ബഹു. മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തുകൊണ്ട് തുടക്കം കുറിച്ചു.

ഹരിതക്യാമ്പസുകളായി മാറ്റുന്നതിനായി എന്തൊക്കെ നടപടികൾ വേണ്ടി വരും എന്നതു സംബന്ധിച്ച് ധാരണയും അതിനായുള്ള ഒരു പ്രവർത്തന പരിപാടിയും തയ്യാറാക്കി ഇതിന്റെ തുടർച്ചയായി ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ ഏകോ



പിപ്പിക്കുന്നതിന് ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്ററും ഐ.ടി.ഐ. ജില്ലാതല നോഡൽ ഓഫീസറും യോജിച്ച് പ്രവർ ത്തിച്ചു വരുന്നു. ഓരോ ജില്ലയിലും തെര ഞ്ഞെടുക്കപ്പെട്ട ഐ.ടി.ഐ. കളെ 2019 മാർച്ച് 31 ന് മുമ്പ് ഹരിതക്യാമ്പസ് ആയി പ്ര ഖ്യാപിക്കുക എന്നതാണ് ലക്ഷ്യം.

**നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ജൈവഗ്രാമ പദ്ധതി അനുഭവം പങ്കുവയ്ക്കൽ പരിപാടി**

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പച്ചക്കറി കൃഷി വ്യാപന രംഗത്ത് മാതൃകാപരമായ നവീന ആശയങ്ങൾ പ്രാവർത്തികമാക്കി യിട്ടുണ്ട്. ഇത് സംസ്ഥാനത്തെ മറ്റു ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികൾക്കും



## നെൽകൃഷി - ആദായകരം-ഉപജീവനമാർഗ്ഗം



റിട്ടയർമെന്റ് ജീവിതം നെൽകൃഷിയിലൂടെ ആരോഗ്യകരവും ഉപജീവനമാർഗ്ഗവും ആക്കി മാറ്റിയ റിട്ടയേർഡ് കൃഷി ഉദ്യോഗസ്ഥനായ ശ്രീ.ബാബുവിന്റെ (നൂറനാട് പഞ്ചായത്ത്) അനുഭവം വളരെയധികം പ്രോത്സാഹനജനകമാണ്.

ആലപ്പുഴ ജില്ലയിലെ നൂറനാട് പഞ്ചായത്തിൽ കരിങ്ങാലിപുഞ്ചയുടെ പള്ളിമുക്കം സൗത്ത്-എ പാടശേഖരത്തിൽ സ്വന്തമായുള്ള 8 ഏക്കർ അടക്കം 22 ഏക്കറിലാണ് അദ്ദേഹം കൃഷിയിറക്കുന്നത്. അച്ചൻ കോവിലാറിന്റെ വെള്ളം കേറിക്കിടക്കുന്ന സ്ഥലമാണ് കരിങ്ങാലി പുഞ്ച. അതുകൊണ്ട് തന്നെ വെള്ളമിറങ്ങുന്ന പുഞ്ച സീസണിൽ മാത്രമാണ് കൃഷിയിറക്കാൻ സാധിക്കുകയുള്ളൂ. രാവിലെ 6 മുതൽ വൈകിട്ട് 6 വരെ പാടത്ത് പണിയെടുക്കുന്ന ബാബുവേട്ടന് കൂട്ടായി ട്രാക്ടറും ട്രില്ലറും കുറച്ച് സഹായികളും മാത്രമാണുള്ളത്. നിലം ഉഴലും വിതയും ഉൾപ്പെടെ മിക്കവാറും എല്ലാ കൃഷിപ്പണികളും സ്വന്തമായി ചെയ്യുന്ന അദ്ദേഹം ആ പാടശേഖരസമിതി പ്രസിഡന്റ് കൂടിയാണ്. പൂർണ്ണമായും ജൈവരീതിയിൽ കൃഷിചെയ്ത് ഹെക്ടറിന് 3.5 മുതൽ 4.5 ടൺ വരെ ഉൽപ്പാദനം ഉണ്ടാക്കുകവഴി നെൽകൃഷി ആദായകരമാണെന്നും സാങ്കേതിക ജ്ഞാനവും അധ്വാനിക്കാനുള്ള മനസ്സും ഉണ്ടെങ്കിൽ കൃഷി ഉപജീവനമാർഗ്ഗമാക്കാമെന്ന് തെളിയിച്ചു തന്നിരിക്കുന്നു.

ഉദ്യോഗസ്ഥർക്കും പരിചയപ്പെടുത്തുന്നതിനായി അനുഭവം പങ്കുവയ്ക്കൽ എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചു. സംസ്ഥാനത്തെ മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകൾക്കും ഈ പരിപാടിയെ സംബന്ധിച്ച് അറിയിപ്പ് നൽകുകയും അതിൽ താത്പര്യം പ്രകടിപ്പിച്ച 30 ബ്ലോക്ക് പഞ്ചായത്തുകളിലെ പ്രതിനിധികളെയാണ് ഇതിൽ പങ്കെടുത്തത്. ബ്ലോക്ക് പഞ്ചാ യത്ത് പ്രസിഡന്റ്, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവരെയാണ് ഇതിലേക്ക് ക്ഷണിച്ചിരുന്നത്. രണ്ടു ഘട്ടങ്ങളിലായി നവംബർ 23, 24 ഡിസംബർ 13, 14 എന്നീ തീയതികളിൽ ദ്വിദിന പരിപാടിയായിട്ടാണ് അനുഭവം പങ്കുവയ്ക്കൽ സംഘടിപ്പിച്ചത്.

# കേരളത്തിലെ ആദ്യ മാതൃകാ തരിശുരഹിത ഗ്രാമപഞ്ചായത്ത് – ചെങ്കൽ

ഹരിതകേരളം മിഷൻ രൂപീകൃതമായതിനു ശേഷം, ഒരു ബ്ലോക്കിൽ ഒരു പഞ്ചായത്തെങ്കിലും തരിശ് രഹിതമാക്കണമെന്നുള്ള ലക്ഷ്യം സാക്ഷാത്ക്കരിച്ച കേരളത്തിലെ ആദ്യ മാതൃകാ തരിശ് രഹിത ഗ്രാമപഞ്ചായത്തായി തിരുവനന്തപുരം നെയ്യാറ്റിൻകരയിലെ 'ചെങ്കൽ' ഗ്രാമ പഞ്ചായത്ത് മാറിയിരിക്കുന്നു. 6 പാടശേഖരങ്ങളിലായി 130 ഏക്കർ സ്ഥലത്ത് നെൽകൃഷി, 6 ജൈവ പച്ചക്കറി ക്ലസ്റ്ററുകളിലായി 200 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി, 750 ഏക്കർ സ്ഥലത്ത് വാഴക്കൃഷി, 1250 ഏക്കർ സ്ഥലത്ത് നാളികേര കൃഷി. ഒരു വാർഡിൽ 5 ഏക്കർ സ്ഥലം പാട്ടത്തിനെടുത്ത് വനിതാ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ 21 വാർഡുകളിലായി 100 ഏക്കർ സ്ഥലത്ത് പുതുതായി നെൽകൃഷിയും ആരംഭിച്ചു. പഞ്ചായത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും പച്ചക്കറി കൃഷിയും, 4500 വീടുകളിൽ ഗ്രോബാഗ് കൃഷിയും നടപ്പിലാക്കി. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെയും കൃഷി വകുപ്പിന്റെയും സഹകരണത്തോടെ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെയും മറ്റു വിവിധ വകുപ്പുകളുടെയും കൂട്ടായ പ്രവർത്തനത്തോടെയാണ് ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കാനായത്. 2019 ഫെബ്രുവരി 8-ാം തീയതി ബഹു. തുറമുഖ വകുപ്പ് മന്ത്രി ശ്രീ.കടന്നപ്പള്ളി രാമചന്ദ്രൻ അവർകൾ ചെങ്കൽ ഗ്രാമപഞ്ചായത്തിനെ കേരളത്തിലെ ആദ്യ മാതൃകാ തരിശ് രഹിത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിച്ചു. കാർഷിക മേഖലയിൽ പുത്തൻ ഉണർവ്വ് കാഴ്ചവച്ച ചെങ്കൽ ഗ്രാമ പഞ്ചായത്ത് കേരളത്തിലെ മറ്റു പഞ്ചായത്തുകൾക്കും മാതൃകയായി മാറിയിരിക്കുന്നു.





പരിപാടിയിൽ പങ്കെടുത്തവർക്ക് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ പച്ചക്കറി കൃഷിയിലെ നൂതന പദ്ധതികളുടെ സംഘാടനവും നിർവഹണവും സംബന്ധിച്ച വിശദാംശങ്ങൾ ഈ പരിപാടിയിൽ പങ്കുവച്ചു. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് പച്ചക്കറികൃഷി നടത്തുന്ന കൃഷിയിടങ്ങളും മറ്റു പച്ചക്കറികൃഷിയിൽ ഉൾപ്പെട്ട പ്രദേശങ്ങളും ബ്ലോക്ക് പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് തയ്യാറാക്കിയ സംയോജിത കൃഷി യൂണിറ്റും മറ്റു ബ്ലോക്കുകളിലെ പ്രതിനിധികൾക്ക് പരിചയപ്പെടുത്തി അവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട നേട്ടങ്ങളും പ്രശ്നങ്ങളും വിശകലനം ചെയ്യുകയും ചെയ്തു.

## ഐ.ടി.ഐ ഹരിതക്യാമ്പസ് പ്രഖ്യാപനം

കേരളത്തിലെ 140 ഐ.ടി.ഐ കളെയും ഹരിതക്യാമ്പസുകളാക്കാൻ തൊഴിൽ വകുപ്പും ഹരിതകേരളം മിഷനും സംയുക്തമായി തീരുമാനിക്കുകയുണ്ടായി. എല്ലാ ഐ.ടി.ഐ ക്യാമ്പസുകളിലും അത്തരം പ്രവർത്തനങ്ങൾ നടന്നുവരുന്നു. കണ്ണൂർ വനിതാ ഐ.ടി.ഐ, പത്തനംതിട്ട ജില്ലയിലെ പന്തളം, കൊടുമൺ ഐ.ടി.ഐ. കൾ, കൊല്ലം ജില്ലയിലെ മുഴുവൻ ഐ.ടി.ഐകളും ഇതിനോടകം തന്നെ ഹരിതകേരളത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളായ മാലിന്യ സംരക്ഷണം, ജലസംരക്ഷണം, കൃഷി വികസനം മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി ഹരിത ക്യാമ്പസുകളായി പ്രഖ്യാപനം നടത്തിക്കഴിഞ്ഞു.

**സാധ്യതകൾ, പരിമിതികൾ**

- കാർഷിക രംഗവുമായി ബന്ധപ്പെട്ട വിവിധ ഏജൻസികളുടെ താഴെത്തട്ടിലുള്ള ഏകോപിതമായ പ്രവർത്തനങ്ങൾ, കാർഷികരംഗത്ത് കൃത്യമായ ഫലം ഉണ്ടാക്കുന്നതിന് ഇടയാക്കും
- കൃഷി വകുപ്പിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും കൂടി നടത്തുന്ന കാർഷിക



പദ്ധതികളുടെ ഫലമായി ഉണ്ടാകുന്ന ഉത്പാദന/ഉത്പാദനക്ഷമത വർദ്ധനവ് കൃത്യമായി വിശകലനം ചെയ്യാനാവുന്നില്ല എന്നത് വലിയൊരു പരിമിതിയാണ്.

- വിവിധ പദ്ധതികളിലൂടെ കർഷകർക്ക് നൽകുന്ന ധനസഹായം കാർഷിക കർമ്മ സേന, അഗ്രോസർവ്വീസ് സെന്ററുകൾ മുതലായ ഏജൻസികൾ മുഖേന പ്രവർത്തനങ്ങളായി ലഭ്യമാക്കുകയാണെങ്കിൽ ഭൗതിക നേട്ടങ്ങൾ വർദ്ധിപ്പിക്കാനും മേൽ സൂചിപ്പിച്ച പരിമിതി ഒരു പരിധിവരേയും ഒഴിവാക്കാൻ സാധിക്കും.
- തദ്ദേശഭരണ സ്ഥാപനതലത്തിലുള്ള ഹരിതകേരളം മിഷൻ സംഘടനാ സംവിധാനം വേണ്ടവിധം ഉപയോഗപ്രദമാക്കാൻ സാധിക്കുകയാണെങ്കിൽ പ്രാദേശികമായ ഏകോപനവും തുടർ പ്രവർത്തനങ്ങളും ഫലപ്രദമാക്കാൻ സാധിക്കും.

## ചാത്തന്നൂർ ഹരിതതീരം മാതൃക

കൊല്ലം ജില്ലയിലെ തരിശ് കൃഷി പ്രോത്സാഹന പദ്ധതിയാണ് ഹരിത തീരം. ജില്ലയിലെ തരിശായി കിടക്കുന്ന 5 ഏക്കർ മുതൽ 20 ഏക്കർ വരെയുള്ള തരിശ് ഭൂമികൾ ഹരിതകേരളം ജില്ലാ മിഷന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കി കൃഷി ചെയ്യുകയെന്നതാണ് ഹരിത തീരം പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ചാത്തന്നൂർ പഞ്ചായത്തിലെ 7 ഏക്കർ തരിശ് ഭൂമി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത നന്നായി പ്രയോജനപ്പെടുത്തി അതുവഴി ഭൂമി ഒരുക്കൽ സൗജന്യമായി ചെയ്യുന്നു. അവിടെ ജലസേചന സൗകര്യം ഒരുക്കുന്നത് മൈനർ ഇറിഗേഷൻ വകുപ്പാണ്. കൃഷി ചെയ്യുന്നത് കുടുംബശ്രീ അംഗങ്ങളും പുരുഷ സ്വയം സഹായസംഘങ്ങളുമാണ്. കൃഷിയ്ക്കാവശ്യമായ ഉൽപ്പാദനോപാധികളും സാങ്കേതിക സഹായവും സാമ്പത്തിക സഹായവും മറ്റും ലഭ്യമാക്കുന്നത് കൃഷി വകുപ്പാണ്. ഇത്തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ വർഷങ്ങളായി തരിശായി കിടന്ന സ്ഥലം കൃഷി ഭൂമിയാക്കുന്ന മാതൃക ഏറ്റവും അനുകരണീയമായ ഹരിതകേരളം മാതൃകയാണ്.



## കവിയൂർ പുഞ്ചയ്ക്ക് പുതുജീവൻ

പത്തനംതിട്ടയിൽ തരിശുകിടന്ന കവിയൂർ പുഞ്ചയിൽ നെൽകൃഷി പുനരാരംഭിച്ചു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജനകീയ മുന്നേറ്റത്തോടെയാണ് ഇത് സാധ്യമായത്. കൃഷിയിറക്കുന്നതിന് മുന്നോടിയായി രണ്ടു ദിവസങ്ങളിൽ വയൽ പഠന യാത്രയും സംഘടിപ്പിച്ചു. 1000 ഏക്കറിൽ നെൽക്കൃഷിയിറക്കുവാനാണ് നഗരസഭയിൽ ചേർന്ന ജോയിന്റ് കമ്മിറ്റി യോഗം തീരുമാനിച്ചിരുന്നത്. നിലവിൽ കൃഷി ചെയ്യുന്ന 150 ഏക്കർ കൂടാതെയാണ് 1000 ഏക്കറിൽ കൂടി കൃഷിയിറക്കാൻ തീരുമാനിച്ചത്. തിരുവല്ലയിൽ 500 ഏക്കർ, കവിയൂരിൽ 440 ഏക്കർ, കുന്നന്താനത്ത് 63 ഏക്കർ എന്നിവ ഇതിൽ ഉൾപ്പെടുന്നു. നടപ്പുവർഷം വിവിധ കാരണങ്ങളാൽ മുഴുവൻ ഭാഗത്തും കൃഷി വ്യാപിപ്പിക്കാൻ സാധിച്ചിട്ടില്ലെങ്കിലും 612 ഏക്കർ സ്ഥലത്ത് വിളവിറക്കാൻ സാധിച്ചു. സ്വന്തമായി കൃഷിയിറക്കിയവർ, നാട്ടുകാരായ കർഷകർ, കുടുംബശ്രീ പ്രവർത്തകർ സന്നദ്ധസംഘടനകൾ തുടങ്ങിയവരുടെ സജീവ പങ്കാളിത്തവും ശ്രമഫലവുമാണ് കവിയൂർ പുഞ്ചയിൽ വീണ്ടുമുള്ള നെൽകൃഷി സാധ്യമാക്കിയത്.



കവിയൂർ, കുന്നന്താനം പഞ്ചായത്തുകളിലും തിരുവല്ല മുനിസിപ്പാലിറ്റിയിലുമായാണ് കവിയൂർ പുഞ്ച വ്യാപിച്ച് കിടക്കുന്നത്. ഒരു കാലത്ത് സമ്പന്നമായിരുന്ന കവിയൂർ പുഞ്ച മാലിന്യ നിക്ഷേപം മൂലം കൃഷി യോഗ്യമല്ലാതായി. പുഞ്ചയ്ക്ക് ഒപ്പം സമൃദ്ധമായിരുന്ന വലിയതോട് മാലിന്യവാഹിനിയായി മാറി. വലിയ തോട്ടിലെ നീരൊഴുക്ക് നിലച്ചത് കൃഷിയെ ബുദ്ധിമുട്ടിലാക്കി. കവിയൂരിനെ കതിരണിയിക്കാനുള്ള പ്രവർത്തനങ്ങൾ വരട്ടാർ, കോലറയാർ, പള്ളിക്കലാർ തുടങ്ങിയ നദികളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കു ശേഷം ഹരിതകേരളം മിഷൻ ഏറ്റെടുക്കുകയായിരുന്നു. പാടശേഖര സമിതിയാണ് കൃഷിയ്ക്ക് നേതൃത്വം നൽകുന്നത്. ജൈവ രീതിയിലാണ് കൃഷിയിറക്കുന്നത്. 1800 ഏക്കറിലേക്ക് കൃഷി വ്യാപിപ്പിക്കുകയാണ് അടുത്ത ഘട്ടം.



## വട്ടക്കായലിൽ കൃഷി പുനരാരംഭിച്ചു

അസാധ്യം എന്ന് വിധിയെഴുതിയ കൊല്ലം ജില്ലയിലെ തഴവ വട്ടക്കായൽ ഏലായിലെ 1000 ഏക്കറിലെ കൃഷിയുടെ വിജയം നാട്ടിലാകെ പുതിയൊരു കാർഷിക മുന്നേറ്റത്തിനാണ് തുടക്കം കുറിച്ചത്. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഫലമാണ് ഇത് സാധ്യമായത്. പഞ്ചായത്തും നാട്ടുകാരുമെല്ലാം ഒരേ മനസ്സോടെ ഇതിനായി പരിശ്രമിച്ചു. കൃഷിമന്ത്രി ശ്രീ. വി.എസ്. സുനിൽ കുമാറും നിയമസഭാ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനും വട്ടക്കായലിലെ കൃഷി വിലയിരുത്താനെത്തി. ഗ്രാമോത്സവമായാണ് വട്ടക്കായലിൽ കൊയ്ത്തുത്സവം നടന്നത്. ഇനിയും മുടക്കമുണ്ടാകാതെ കൃഷിചെയ്ത് ഓണാട്ടുകരയെയും വട്ടക്കായലിനെയും നിലനിർത്താനാണ് സർക്കാരിന്റെയും കർഷകരുടെയും കൂട്ടായശ്രമം.

**ഭാവി പ്രവർത്തനങ്ങൾ**

- സംസ്ഥാനത്തെ ഓരോ ബ്ലോക്കിലും ചുരുങ്ങിയത് ഒരു ഗ്രാമപഞ്ചായത്തെങ്കിലും തരിശ് രഹിതമാക്കുക.
- ഓരോ കൃഷിഭവന്റെ കീഴിലും ചുരുങ്ങിയത് ഒരു വാർഡിലെങ്കിലും എല്ലാ വീടുകളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള കാമ്പയിൻ
- നഗര പച്ചക്കറി കൃഷിയിൽ ജലത്തിന്റെ ഉപയോഗം പരിമിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും മട്ടുപ്പാവ് കൃഷിക്കുള്ള പദ്ധതികളിൽ തിരിനന/തുള്ളിനന സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി നിർവഹണം.
- ഓരോ ബ്ലോക്കിലും തുറസ്സായ കൃത്യതാ കൃഷി സമ്പ്രദായമാതൃകകൾ.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാലിന്യസംസ്കരണ പ്രക്രിയയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവവളം, തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും പദ്ധതികളിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കൽ
- മത്സ്യകൃഷി, ഔഷധസസ്യ കൃഷി എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംയോജിത കൃഷി പ്രോത്സാഹനം.
- സർക്കാരിന്റെ നാളികേര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാമ്പയിൻ.
- കേരളത്തിലെ എല്ലാ ഐ.ടി.ഐ.കളേയും ഹരിതക്യാമ്പസുകളായി പരിവർത്തനപ്പെടുത്താനുള്ള നടപടികൾ.
- സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനതലത്തിൽ ലഭ്യമായ പൊതു/സ്വകാര്യ ഭൂമിയിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് ചെറുവനങ്ങളുടെ പച്ചത്തുരുത്തുകൾ രൂപപ്പെടുത്തി എടുക്കുക.
- ജൈവകൃഷി, ഉറവിടമാലിന്യസംസ്കരണം, ജലസംരക്ഷണം, ഊർജ്ജസംരക്ഷണം എന്നീ സുസ്ഥിര വികസന മാതൃകകൾ സമന്വയിപ്പിച്ചുകൊണ്ടുള്ള ഹരിതഭവനങ്ങൾ സൃഷ്ടിക്കുക.

# 7

# പ്രളയവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ

**2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ**

കേരളം നേരിട്ട സമാനതകളില്ലാത്ത പ്രളയത്തിലും അനുബന്ധ ദുരന്തങ്ങളിലും രക്ഷാ, ദുരിതാശ്വാസ, ശുചീകരണ പ്രവർത്തനങ്ങളിൽ ഹരിതകേരളം മിഷൻ സജീവമായി രംഗത്തിറങ്ങുകയുണ്ടായി. മഴ തീവ്രമായിരുന്ന ആദ്യ ദിവസങ്ങളിൽ പ്രധാനമായും രക്ഷാ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകിയത്. അതത് ജില്ലാ ഭരണകൂടങ്ങളോടൊപ്പം ചേർന്നു കൊണ്ടാണ് ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർമാരും അനുബന്ധ സംവിധാനങ്ങളും പ്രവർത്തിച്ചത്. ആഗസ്റ്റ് 16 മുതൽ 18 വരെയുണ്ടായ പ്രളയജലം താഴ്ന്നു തുടങ്ങിയതനുസരിച്ച് ആഗസ്റ്റ് 19 മുതൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് പ്രധാന പരിഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രളയം ബാധിച്ച എല്ലാ ജില്ലകളിലെയും വിവിധ പ്രദേശങ്ങളിൽ ഹരിതകേരളം മിഷന്റെ സേവനവും പങ്കാളിത്തവും എത്തിക്കാൻ സാധിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ പ്രധാനമായും നടത്തിയത്:

1. ശുചീകരണവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ഏകോപനം
2. ശുചീകരണ പ്രവർത്തനത്തിനു വേണ്ടി സന്നദ്ധപ്രവർത്തകരുടെയും സന്നദ്ധ സ്ഥാപനങ്ങളുടെയും ഏകോപനം
3. വ്യാവസായിക പരിശീലന വകുപ്പിന്റെ നേതൃത്വത്തിൽ നൈപുണ്യ കർമ്മസേനയെ ഉപയോഗിച്ച് നടത്തിയ റിപ്പയറിംഗ് പ്രവർത്തനങ്ങൾ
4. ശുചീകരണ സാധന സാമഗ്രികളുടെ ശേഖരണവും വിതരണവും
5. പ്രളയബാധിത പ്രദേശങ്ങളിലെ കിണറുകളിൽ കുടിവെള്ള ഗുണനിലവാര പരിശോധന പ്രളയാനന്തരമുണ്ടായ വലിയ തോതിലുള്ള മാലിന്യങ്ങൾ നീക്കം



ചെയ്യാനായി വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് നടത്തിയ പ്രവർത്തനം

6. പ്രളയാനന്തര പ്രവർത്തനങ്ങൾ സംബന്ധിച്ച വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ച ഹരിതകർമ്മസേന മിക്ക പഞ്ചായത്തു പ്രദേശങ്ങളിലെയും രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ദുരിതാശ്വാസ ക്യാമ്പുകളിലും കർമ്മനിരതരായിരുന്നു.

കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശാനുസരണം ബുൾഡോസറുകൾ, ജനറേറ്ററുകൾ, ലൈറ്റുകൾ എന്നിവ സംഘടിപ്പിച്ചു നൽകി. പല ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നുമുള്ള മാലിന്യ ശേഖരണവും സംസ്കരണവും പൂർണ്ണമായും നിർവഹിച്ചത് ഹരിതകർമ്മസേനയാണ്.

**വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഏകോപനം**

പ്രളയ ദുരന്ത മേഖലകളിൽ ദുരിതാശ്വാസ ശുചീകരണ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിക്കുകയും വിവിധ പ്രവർത്തന മേഖലകളിൽ അവരെ വിന്യസിക്കുകയും ചെയ്യുന്നതിൽ ഹരിതകേരളം മിഷൻ സുപ്രധാന പങ്കു വഹിച്ചു. ജില്ലാ ഭരണസംവിധാനങ്ങൾക്കൊപ്പം നിന്നാണ് ഇത് നിർവഹിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, വ്യാവസായിക പരിശീലന വകുപ്പ്, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേന, ഹരിത സഹായ സ്ഥാപനങ്ങൾ, സ്ക്രാപ് ഡീലേഴ്സ് അസോസിയേഷൻ, ഇലക്ട്രോണിക്സ് ടെക്നീഷ്യൻസ് അസോസിയേഷൻ, കേരള സ്റ്റേറ്റ് ഐ.ടി. ഡീലേഴ്സ് അസോസി

യേഷൻ, വിവിധ എൻ.എസ്.എസ് ഗ്രൂപ്പുകൾ, കുടുംബശ്രീ, എഞ്ചിനീയറിംഗ് കോളേജ്/പോളിടെക്നിക് വിദ്യാർത്ഥി-അധ്യാപക ടീമുകൾ തുടങ്ങിയവരെ ഏകോപിപ്പിക്കുകയും അവരെ വിവിധതരം പ്രളയാനന്തര പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്തു. ആദ്യ ഘട്ടത്തിൽ വീടുകളും സ്ഥാപനങ്ങളും ഉപയോഗ യോഗ്യമാക്കി മാറ്റുന്നതിലും രണ്ടാംഘട്ടത്തിൽ പൊതു സ്ഥലങ്ങളിൽ നിന്ന് മാലിന്യങ്ങൾ സുരക്ഷിതമായി നീക്കം ചെയ്യുന്നതിലും തുടർന്ന് കുടിവെള്ള പരിശുദ്ധി പരിശോധനയിലും ഇലക്ട്രോണിക് ഉപകരണങ്ങൾ റിപ്പയർ ചെയ്തു നൽകുന്നതിലും വിവിധ വകുപ്പുകളെയും ഏജൻസികളെയും തദ്ദേശഭരണ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് നടത്തിയ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായി സംഘടിപ്പിച്ചു.

**2. സന്നദ്ധ പ്രവർത്തകരെ ഏകോപിപ്പിച്ച് നടത്തിയ ശുചീകരണ പ്രവർത്തനങ്ങൾ**

പ്രളയ ബാധിത പ്രദേശങ്ങളിൽ വെള്ളം താഴുന്ന മുറയ്ക്ക് വീടുകളും പൊതു സ്ഥാപനങ്ങളും കച്ചവട സ്ഥാപനങ്ങളും പൊതു സ്ഥലങ്ങളും ശുചീകരിച്ച് ഉപയോഗ യോഗ്യമാക്കി മാറ്റുക എന്നത് വലിയ വെല്ലുവിളി ആയിരുന്നു. പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ പല ഭാഗങ്ങളിലും വലിയ തോതിൽ ചെളിയും എക്കലും അടിഞ്ഞതും കിണർ ജലത്തിൽ കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ളവ കലർന്നതും ശുചീകരണ പ്രവർത്തനത്തെ സങ്കീർണ്ണമാക്കി. പ്രാദേശികമായി ലഭിക്കുന്ന സന്നദ്ധ പ്രവർത്തകരെ കൂടാതെ വലിയ തോതിൽ മറ്റു ജില്ലകളിലുള്ള സന്നദ്ധ പ്രവർത്തകരുടെ സേവനം ലഭ്യമാക്കിയാലേ ശുചീകരണ പ്രവർത്തനം സമയബന്ധിതമായി തീർക്കാൻ കഴിയു എന്നതിന്റെ അടിസ്ഥാനത്തിൽ പരമാവധി സന്നദ്ധ പ്രവർത്തകരെ ഏകോപിപ്പിച്ച് പ്രളയബാധിത പ്രദേശങ്ങളിലേയ്ക്ക് അയയ്ക്കാൻ തീരുമാനിക്കുകയായിരുന്നു. വ്യക്തികളും സംഘടനകളും സ്വന്തം നിലയ്ക്കും വിവിധ ഏജൻസികളുമായി ബന്ധപ്പെട്ടും പോകുന്നതോടൊപ്പം ഹരിതകേരളം മിഷനിൽ രജിസ്റ്റർ ചെയ്ത് ശുചീകരണ പ്രവർത്തനത്തിന് പോകുന്നതിനുള്ള സംവിധാനം ഒരുക്കി. ഓൺലൈൻ ആയും ഫോൺ വഴിയും വാട്സ് ആപ്പ് വഴിയും വ്യക്തികൾക്കും സംഘ






ങ്ങൾക്കും രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഒരുക്കുകയും അവരെ മുഴുവൻ ഏകോപി പ്പിച്ച് ശുചീകരണ പ്രവർത്തനങ്ങളിൽ വിനിയോഗിക്കുകയും ചെയ്തു. ഓൺലൈൻ ആയി 915 വ്യക്തികളും 97 സംഘങ്ങളും ഫോൺ വഴി 228 പേരും രജിസ്റ്റർ ചെയ്തി രുന്നു. ഇവയിലൂടെ 4484 സന്നദ്ധ പ്രവർത്തകരെ ശുചീകരണ പ്രവർത്തനങ്ങൾക്കാ യി അയച്ചു. ഇതുകൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്ന് 3520 പേരും കണ്ണൂർ ജില്ലയിൽ നിന്ന് 380 പേരും, വിവിധ സാമൂഹ്യ പ്രസ്ഥാനങ്ങളുടേയും യുവജന പ്രസ്ഥാനങ്ങളുടെയും നേതൃത്വ ത്തിലുള്ള സംഘങ്ങളും ഉൾപ്പെടെ ആയിരക്കണക്കിന് സന്നദ്ധ പ്രവർത്തകരാണ് ശുചീകരണ പ്രവർത്തനത്തിൽ ഏർപ്പെട്ടത്. ഇതിന് നേതൃത്വം നൽകാനും ഏകോ പനം നടത്താനുമായി പ്രളയബാധിത പഞ്ചായത്തുകളിലും നഗരസഭകളിലും റിസോഴ്സ് പേഴ്സൺമാരേയും സന്നദ്ധ പ്രവർത്തകരേയും കോർഡിനേറ്റർമാ രായി ചുമതലപ്പെടുത്തി നിയമിച്ചു. 52 കോർഡിനേറ്റർമാരെയാണ് ഹരിതകേരളം മിഷൻ ഇപ്രകാരം ചുമതലപ്പെടുത്തിയത്. കോസ്റ്റ് ഫോർഡ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, ബ്രഹ്മോസ്, പ്രതിധ്വനി, ടെക്നോപാർക്ക്, സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ, റബ്കോ, എ.എം.ഒ.എസ്. നെയ്യാറ്റിൻകര, കര കുളം ഗ്രാമീണ പഠന കേന്ദ്രം തുടങ്ങി വിവിധ ഏജൻസികളും സംഘടനകളും എൻ.ജി.ഒ. കളും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു

**നൈപുണ്യ കർമ്മസേന**

പ്രളയബാധിത പ്രദേശങ്ങളിലെ വീടുകളും സ്ഥാപനങ്ങളും വൃത്തിയാക്കി കഴി ഞ്ഞപ്പോൾ ഉണ്ടായ മറ്റൊരു പ്രശ്നം അവിടങ്ങളിലെ വൈദ്യുത വയറിംഗ്, പ്ലംബിംഗ്, കാർപ്പന്ററി എന്നിവയുടെ അറ്റകുറ്റ പണികൾ നടത്തി കെട്ടിടങ്ങളെ ഉപയോഗയോ ഗ്യമാക്കി മാറ്റുക എന്നുള്ളതായിരുന്നു. ഈ ഘട്ടത്തിൽ ഹരിതകേരളം മിഷന്റെ അഭ്യർത്ഥന പ്രകാരം വ്യാവസായിക പരിശീലന വകുപ്പിലെ വിദ്യാർത്ഥികളും, പൂർവ്വ വിദ്യാർത്ഥികളും, ഇൻസ്ട്രക്ടർമാരും ചേർന്ന് രൂപീകരിച്ച നൈപുണ്യകർമ്മ

സേന ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ പ്രത്യേകം എടുത്തു പറയേണ്ടതാണ്. പ്രധാനമായും കാർപ്പന്റർ, ഇലക്ട്രീഷ്യൻ, വെൽഡർ, ഫിറ്റർ, പ്ലംബർ തുടങ്ങിയ ട്രേഡുകളിലെ വിദ്യാർത്ഥികളും പൂർവ്വവിദ്യാർത്ഥികളും ഇൻസ്ട്രക്ടർമാരുമാണ് നൈപുണ്യ കർമ്മസേനയിൽ അണിനിരന്നത്. 6,568 പേരുടെ മനുഷ്യാധ്വാനം വഴി 5,003 വീടുകൾ വാസയോഗ്യമാക്കി മാറ്റാൻ ഇതിലൂടെ സാധിച്ചു. വിശദമായ കണക്ക് ചുവടെ ചേർക്കുന്നു.

**പട്ടിക 7.1**

| | മനുഷ്യ വിഭവ ശേഷി | | | | ജോലിയുടെ തരം | | | |
|---|---|---|---|---|---|---|---|---|
| തീയതി | സ്റ്റാഫ് | ട്രെയ്നി | ആകെ | ആകെ റിപ്പയർ ചെയ്ത വീടുകൾ | ഇലക്ട്രിക്കൽ വയറിംഗ് | പ്ലംബിംഗ് | ഇലക്ട്രോണിക് റിപ്പയർ | കാർപ്പന്ററി |
| 23.08.18 | 88 | 182 | 270 | 144 | 128 | 83 | 70 | 11 |
| 24.08.18 | 221 | 518 | 738 | 393 | 353 | 225 | 28 | 27 |
| 25.08.18 | 9 | 15 | 24 | 15 | 15 | 4 | | |
| 26.08.18 | 130 | 288 | 418 | 235 | 205 | 94 | 17 | 79 |
| 27.0818 | 257 | 674 | 931 | 785 | 643 | 258 | 87 | 55 |
| 28.08.18 | 331 | 1105 | 1411 | 1101 | 863 | 264 | 146 | 179 |
| 29.08.18 | 221 | 783 | 1004 | 733 | 718 | 102 | 195 | 53 |
| 30.08.18 | 142 | 559 | 701 | 652 | 552 | 105 | 130 | 104 |
| 31.08.18 | 122 | 530 | 650 | 627 | 552 | 77 | 152 | 45 |
| 01.09.18 | 81 | 312 | 403 | 312 | 263 | 28 | 50 | 15 |
| 02.09.18 | 6 | 12 | 18 | 6 | 3 | 5 | 0 | 0 |
| ആകെ | 1608 | 4978 | 6568 | 5003 | 4295 | 1245 | 875 | 568 |

### ശുചീകരണ സാധനസാമഗ്രികളുടെ ശേഖരണവും വിതരണവും

ശുചീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ സാധന സാമഗ്രികളുടെ കുറവ് അനുഭവപ്പെട്ടപ്പോൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ശുചീകരണാനുബന്ധ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കുകയും അവ സംഭരണ കേന്ദ്രങ്ങളിൽ ലഭ്യമാക്കുവാൻ വേണ്ട വ്യാപക പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. തുടർന്ന് തിരുവനന്തപുരത്തെ വിവിധ കേന്ദ്രങ്ങളിൽ സജ്ജമാക്കിയ സംഭരണ കേന്ദ്രങ്ങളിൽ ലഭിച്ച സാധന സാമഗ്രികൾ വിവിധ ദുരിതാശ്വാസ കേന്ദ്രങ്ങളിലേയ്ക്ക് തരംതിരിച്ച് ലോറികളിൽ കയറ്റി അയക്കുന്നതിൽ ഹരിതകേരളം മിഷൻ സജീവമായ പങ്കുവഹിച്ചു. ഇതിനുപുറമേ ഹരിതകേരളംമിഷൻ ഏർപ്പെടുത്തിയ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനത്തിലൂടെയും അല്ലാതെ നേരിട്ടും ലഭിച്ച ശുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മൺവെട്ടി, മൺകോരി, ചൂൽ, ഇരുമ്പ് ചട്ടി, റബ്ബർകുട്ട,



ഗ്ലൗസ്, ഗംബൂട്ട്സ്, കൈയുറകൾ, മാസ്ക്കുകൾ, ഡിറ്റർജന്റ്സ്, അണുനാശിനികൾ, സ്ക്രബ്ബർ, ലോഷൻ, പ്രഥമ ശുശ്രൂഷ ഔഷധങ്ങൾ തുടങ്ങിയവ ആവശ്യാനുസരണം വിവിധ മേഖലകളിൽ എത്തിച്ചു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന വിവിധ സംഘങ്ങൾക്ക് പ്രവർത്തിക്കാനാവശ്യമായ ഉപകരണങ്ങളും ഇപ്രകാരം നൽകുകയുണ്ടായി.

വീടുകളിൽ നിന്ന് ചെളി കലർന്ന മാലിന്യം നീക്കം ചെയ്യുന്നതിനായി റെയ്ഡ്കോയിൽ നിന്നും ഹരിതകേരളം മിഷൻ 50 ഹൈപ്രഷർ വാട്ടർ പമ്പുകൾ ലഭ്യമാക്കി. ഇത് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പ്രളയ ദുരന്തബാധിത പ്രദേശങ്ങളിലെ വിവിധ ഇടങ്ങളിൽ ഇപ്പോഴും ഉപയോഗിച്ചു വരുന്നു. ഒപ്പം വിവിധ വ്യക്തികളും ഏജൻസികളും സംഭാവനയായി നൽകിയതുൾപ്പെടെ 160 പ്രഷർ പമ്പുകളും 69 മോട്ടോർ പമ്പുകളും വിവിധ ജില്ലകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കി.

### കുടിവെള്ള ഗുണനിലവാര പരിശോധന

പ്രളയബാധിത പ്രദേശങ്ങളിലെ കിണറുകളിൽ മുഴുവൻ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ ഏജൻസികളുടെ സഹായത്തോടെ ക്ലോറിനേഷൻ നടത്തി. എന്നാൽ വിശദമായ ഗുണനിലവാര പരിശോധന നടത്താതെ പ്രസ്തുത കിണറുകളിലെ ജലം കുടിക്കാനായി ഉപയോഗിക്കാൻ കഴിയുമായിരുന്നില്ല. ഈ സാഹചര്യത്തിൽ ഹരിതകേരളം മിഷൻ മുൻകൈയ്യെടുത്ത് ബഹു.തദ്ദേശഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ്, കേരള സ്റ്റേറ്റ് റിമോട്ട്

സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ, സ്റ്റേറ്റ് നാഷണൽ സർവ്വീസ് സ്കീം, തദ്ദേശഭരണ സ്ഥാപനങ്ങൾ, ഭക്ഷ്യ സുരക്ഷാ വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവയെ സംയോജിപ്പിച്ച് കുടിവെള്ള ഗുണനിലവാര പരിശോധനയ്ക്കായുള്ള സംവിധാനം ഒരുക്കാൻ തീരുമാനിച്ചു. ആദ്യഘട്ടമായി രൂക്ഷമായ പ്രളയം ബാധിച്ച 6 ജില്ലകളിലെ 12 തദ്ദേശഭരണ സ്ഥാപനങ്ങളിൽ (6 ഗ്രാമപഞ്ചായത്തുകൾ + 6 മുനിസിപ്പാലിറ്റികൾ) പൈലറ്റ് അടിസ്ഥാനത്തിൽ പരിശോധന നടത്താനും അതിന്റെ ഫലം വിലയിരുത്തി തുടർന്ന് മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും പ്രളയ ബാധിത പ്രദേശങ്ങളിലെ കിണറുകളിലെല്ലാം കുടിവെള്ള ഗുണനിലവാര പരിശോധന നടത്താനും തീരുമാനിക്കുകയായിരുന്നു. സെപ്തംബർ 8, 9 തീയതികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടത്തിയ കുടിവെള്ള ഗുണനിലവാര പരിശോധന 96 ശതമാനം കിണറുകളിൽ പൂർത്തിയാക്കി. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തിയാണ് പരിശോധനാ വിവരങ്ങളുടെ ഡാറ്റാബേസ് തയ്യാറാക്കിയത്. ഭാവിയിൽ ഉപയോഗിക്കാവുന്നവിധത്തിൽ കിണറുകളുടെ ചിത്രം, ലൊക്കേഷൻ തുടങ്ങിയവയും ഈ ആപ്ലിക്കേഷനിൽ ശേഖരിക്കുന്നുണ്ട്. സംസ്ഥാന എൻ.എസ്.എസ്. സെല്ലിന്റെ നേതൃത്വത്തിൽ വിവിധ കോളേജുകളിലെ എൻ.എസ്.എസ്. വോളണ്ടിയർമാരാണ് കിണറുകൾ സന്ദർശിച്ച് സാമ്പിളുകൾ ശേഖരിക്കുകയും ഡാറ്റാബേസ് തയ്യാറാക്കുകയും ചെയ്തത്. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റും കേരള വാട്ടർ അതോറിറ്റിയും സംരംഭത്തിൽ പങ്കാളികളായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫീൽഡ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, വയനാട്, ജില്ലകളിൽ 6 ഗ്രാമ പഞ്ചായത്തുകളുടെയും ആറ് നഗരസഭകളുടെയും പരിധിയിൽ വരുന്ന ശുചീകരിച്ച കിണറുകളിലെ വെള്ളമാണ് പൈലറ്റ് പ്രവർത്തനത്തിൽ പരിശോധനയ്ക്ക് വിധേയമാക്കിയത്. റാന്നി-അങ്ങാടി, തിരുവാർപ്പ്, കാലടി, മാള, പടിഞ്ഞാറേത്തറ ഗ്രാമപഞ്ചായത്തുകളിലും തിരുവല്ല, ചെങ്ങന്നൂർ, വൈക്കം, നോർത്ത് പറവൂർ, ചാലക്കുടി, കൽപ്പറ്റ നഗരസഭകളിലുമുള്ള പ്രദേശങ്ങളിലെ 16,232 കിണറുകളിലെ വെള്ളം പരിശോധിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. അതിൽ 15,631 കിണറുകളുടെ പരിശോധനയാണ് നടത്തിയത്. പരിശീലനം നേടിയ എൻ.എസ്.എസ് വോളണ്ടിയർമാർ കിണറുകൾ സന്ദർശിച്ച് ശേഖരിച്ച വെള്ളത്തിന്റെ സാമ്പിൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകമായി സജ്ജീകരിച്ച ബൂത്തുകളിലെ ലാബുകളിലെത്തിച്ചാണ് പരിശോധന നടത്തിയത്.

**പ്രളയാനന്തരമുണ്ടായ മാലിന്യം നീക്കം ചെയ്യാൻ ഉണ്ടായ ഇടപെടലുകൾ**

പ്രളയാനന്തരമുണ്ടായ മാലിന്യങ്ങളിൽ മൃഗങ്ങളുടെയും പക്ഷികളുടെയും ശവശരീരങ്ങൾ മറവ് ചെയ്യുന്നതിനാണ് പ്രഥമ പരിഗണന നൽകിയത്. നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് ശവശരീരങ്ങൾ മറവ് ചെയ്യുന്നതെന്ന് ഉറപ്പുവരുത്താൻ പഞ്ചായത്തുതല ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും പരമാവധി ഇടപെടൽ നടത്തുകയും ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകളിലെ ജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ശുചിത്വമിഷന്റെ നേതൃത്വത്തിൽ താത്ക്കാലിക തുമ്പൂർമുഴി പ്ലാന്റുകൾ, കമ്പോസ്റ്റ് പിറ്റുകൾ എന്നിവ നിർമ്മിച്ചു

നൽകി. ഇതോടൊപ്പം ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ച സ്കൂളുകളിലെയും കോളേജുകളിലെയും കക്കൂസുകളുടെ സെപ്ടിക് ടാങ്കുകൾ വൃത്തിയാക്കുന്നതിനായി മൊബൈൽ സെപ്ടേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ സേവനം ലഭ്യമാക്കി.

ശുചീകരണത്തിന്റെ ഭാഗമായി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പുറം തള്ളപ്പെടുന്ന ഖരമാലിന്യം പൊതുസ്ഥലത്ത് ശേഖരിക്കണമെന്ന ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശം യഥാസമയം നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാനായി ജില്ലകളിൽ ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, ക്ലീൻ കേരള കമ്പനി, പഞ്ചായത്ത്/നഗരകാര്യ വകുപ്പ് എന്നിവരുടെ ഏകോപന പ്രവർത്തനങ്ങളുടെ ഫലമായി പ്രത്യേക സംവിധാനം പ്രവർത്തിച്ചു. സംസ്ഥാന മിഷനിൽ നിന്നുള്ളവർ വിവിധ ജില്ലകളിലെ ഈ പ്രവർത്തനങ്ങളുടെ ഏകോപനം നിർവഹിച്ചു.

അപകടകരമായ മാലിന്യങ്ങൾ, ഇ-വേസ്റ്റ് തുടങ്ങിയവ സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാനുമായി ചർച്ച നടത്തുകയും അനുബന്ധ ഏകോപന പ്രവർത്തനങ്ങൾക്ക് ഹരിതകേരളം മിഷൻ തുടക്കമിടുകയും ചെയ്തു. സംസ്ഥാനതലത്തിൽ മലിനീകരണ നിയന്ത്രണബോർഡിലെ സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ ഡോ. ഷീലയ്ക്ക് ഇതിനായുള്ള പ്രത്യേക ചുമതല നൽകുകയുണ്ടായി. പ്രളയബാധിത പ്രദേശങ്ങളിലെ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ക്ലീൻകേരള കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ വർദ്ധിച്ച തോതിൽ മാലിന്യം അടിഞ്ഞുകൂടിയിട്ടുള്ളതിനാലും വളരെ വേഗം ഇവ നീക്കം ചെയ്യേണ്ടതിനാലും കൂടുതൽ മാലിന്യം ശേഖരിക്കേണ്ട വയനാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഇത്തരം സേവനത്തിന് സന്നദ്ധത അറിയിച്ചിട്ടുള്ള 5 സ്ഥാപനങ്ങളെ നിയോഗിച്ചു. ഇതിനുപുറമേ സ്ക്രാപ്പ് മെർച്ചന്റ്സ് അസോസിയേഷന്റെ വയനാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ജില്ലകളിലെ ഘടകങ്ങളെയും പ്രസ്തുത സേവനത്തിനായി ഏർപ്പെടുത്തി. നീക്കം ചെയ്യുന്ന മാലിന്യങ്ങൾ പൊതുവായ ഡംമ്പിംഗ് യാർഡുകളിലെത്തിക്കുകയും അവിടെ നിന്ന് തരംതിരിച്ച് ക്ലീൻകേരള കമ്പനിയുടെ നേതൃത്വത്തിൽ സംസ്കരിക്കാനായി കൈമാറുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. മറവ് ചെയ്ത മൃഗങ്ങളുടെയും പക്ഷികളുടെയും എണ്ണവും ഓരോ ജില്ലയിലെയും നീക്കം ചെയ്ത മാലിന്യങ്ങളുടെ അളവും താഴെച്ചേർക്കുന്നു.

**പ്രളയബാധിത ജില്ലകളിൽ മറവ് ചെയ്ത മൃഗങ്ങളുടെയും പക്ഷികളുടെയും ശവശരീരങ്ങൾ സംബന്ധിച്ച വിവരം**

**പട്ടിക 7.2**

| ക്രമ നമ്പർ | ജില്ല | മറവ് ചെയ്ത മൃഗ ശവശരീരങ്ങൾ (എണ്ണം) | മറവ് ചെയ്ത പക്ഷികളുടെ ശവ ശരീരങ്ങൾ (എണ്ണം) |
|---|---|---|---|
| 1 | പത്തനംതിട്ട | 193 | 74,297 |
| 2 | ആലപ്പുഴ | 1006 | 11,350 |
| 3 | കോട്ടയം | 608 | 61,246 |
| 4 | എറണാകുളം | 4807 | 1,44,293 |
| 5 | തൃശ്ശൂർ | 5220 | 3,38,799 |
| 6 | കോഴിക്കോട് | 558 | 1,500 |
| | ആകെ | 12393 | 6,31,485 |

**പ്രളയബാധിത ജില്ലകളിൽ നിന്നും നീക്കം ചെയ്ത മാലിന്യത്തിന്റെ പട്ടിക**

| ജില്ല | ജൈവം (ടൺ) | അജൈവം (ടൺ) | ആകെ |
|---|---|---|---|
| പത്തനംതിട്ട | 393.93 | 103.084 | 497.014 |
| ആലപ്പുഴ | 89.05 | 22.67 | 111.72 |
| കോട്ടയം | 56.47 | 12.14 | 68.61 |
| എറണാകുളം | 1466.07 | 2615.67 | 4081.74 |
| തൃശ്ശൂർ | 474.25 | 339.01 | 813.26 |
| മലപ്പുറം | 50.00 | 243.00 | 293.00 |
| കോഴിക്കോട് | 1020.00 | 51.533 | 1071.533 |
| വയനാട് | 89.434 | 513 | 602.434 |
| ആകെ | 3639.204 | 3894.463 | 7533.667 |

**7. പ്രളയാനന്തര പ്രവർത്തനങ്ങൾ സംബന്ധിച്ച വിവര വിജ്ഞാന വ്യാപനം**

പ്രളയബാധിത പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് പോകുന്നവർ സ്വീകരിക്കേണ്ട മുൻകരുതലുകൾ, പ്രളയബാധിത പ്രദേശങ്ങളിലെ വീടുകളിൽ പ്രവേശിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ ശുചീകരണത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച് ചെറുവീഡിയോകൾ, കൈപുസ്തകം പോസ്റ്ററുകൾ എന്നിവ തയ്യാറാക്കുകയും നവ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. സി-ഡിറ്റ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് - യുവസമിതി എന്നിവയാണ് ഇതിനുവേണ്ട സാങ്കേതിക സഹായം ലഭ്യമാക്കിയത്.

## അനുബന്ധ പ്രവർത്തനങ്ങൾ

### ദുരിതാശ്വാസ കേന്ദ്രങ്ങളിലേയ്ക്ക് അവശ്യ സാധനങ്ങളുടെ സംഭരണം, ശേഖരണം

തിരുവനന്തപുരം ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ പ്രളയബാധിത ജില്ലകളിലേയ്ക്കും വിവിധ ദുരിതാശ്വാസ കേന്ദ്രങ്ങളിലേയ്ക്കും അടിയന്തരമായി ആവശ്യം വന്ന വിവിധ സാധന സാമഗ്രികൾ ശേഖരിക്കുവാനുള്ള സംഭരണ കേന്ദ്രങ്ങൾ തുറന്നു പ്രവർത്തനമാരംഭിച്ചപ്പോൾ മുതൽ തന്നെ ഹരിതകേരളം മിഷൻ ഒപ്പം നിന്നു പ്രവർത്തിച്ചു. തിരുവനന്തപുരം എസ്.എം.വി ബോയ്സ് എച്ച്.എസ്.എസ്, കോട്ടൺഹിൽ ഗേൾസ് എച്ച്.എസ്.എസ്, നിശാഗന്ധി ഓഡിറ്റോറിയം, പ്രിയദർശിനി ഹാൾ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഓഫീസ് എന്നിവിടങ്ങളിൽ ഹരിതകേരളം മിഷന്റെ സംസ്ഥാന ഓഫീസിൽ നിന്നുള്ളവർ 2018 ആഗസ്റ്റ് 19 മുതൽ കേന്ദ്രങ്ങളുടെ പ്രവർത്തനം അവസാനിക്കും വരെ സേവനം നൽകി. വിവിധ വസ്തുക്കൾ തരംതിരിച്ച് ആവശ്യാനുസരണം വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ അയയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും വിവിധ ജില്ലകളിലേയ്ക്ക് വാഹനങ്ങൾ ഏർപ്പാടാക്കുന്നതിലും ഏർപ്പെട്ടു.

### കോൾ സെന്ററും, ഓൺലൈൻ രജിസ്ട്രേഷനും

തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 19.08.2018 ലെ 2286-ാം ഉത്തരവ് പ്രകാരം ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ എന്നിവ ചേർന്ന് നടപ്പാക്കുമെന്ന് വ്യക്തമാക്കിയി



രുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ശുചീകരണ പ്രവർത്തനങ്ങളിൽ വ്യക്തികൾ, സ്ഥാപനങ്ങൾ, സന്നദ്ധ സാമൂഹിക സംഘടനകൾ വിദ്യാർത്ഥി യുവജന സംഘടനകൾ, എൻ.എസ്.എസ്, എൻ.സി.സി, യൂത്ത് ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് തുടങ്ങിയവരുടെ പങ്കാളിത്തത്തിനായി 20.08.2018 ൽ ഹരിത കേരളം മിഷൻ ഓൺലൈൻ രജിസ്ട്രേഷനും ടെലിഫോണിൽ കൂടിയുള്ള രജിസ്ട്രേഷനും ആരം



ഭിച്ചു. ഇതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക സെൽ ഹരിതകേരളം മിഷനിൽ പ്രവർത്തനം ആരംഭിച്ചു. ശുചീകരണത്തിനാവശ്യമായ സാധനസാമഗ്രികൾ ലഭ്യമാക്കുവാനും രജിസ്ട്രേഷൻ സംവിധാനം സജ്ജമാക്കി. രജിസ്ട്രേഷനനിൽ മികച്ച പ്രതികരണമാണുണ്ടായത്. മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് ഹരിതകേരളം മിഷനിൽ പ്രവർത്തിക്കുന്നവർ ഒരു മാസത്തെ ശമ്പളം നൽകി. ഈ തുകയുടെ ചെക്ക് മുഖ്യമന്ത്രിക്ക് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ കൈമാറി.

# 8
# ശേഷി വികസനം, വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

ശുചിത്വ-മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി എന്നീ മൂന്ന് ഉപ മിഷനുകളിലും ശ്രദ്ധേയമായ ശേഷി വികസന, വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളാണ് നടന്നത്. കിലയുടെ നേതൃത്വത്തിലാണ് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചത്. ഹരിത കർമ്മസേന, ജാഗ്രതോത്സവം എന്നീ പരിശീലനങ്ങൾ കുടുംബശ്രീയുടെ പങ്കാളിത്തത്തോടെയും നടത്തി. ജലസംരക്ഷണവുമായി ബന്ധപ്പെട്ട് നടത്തിയ പരിശീലനങ്ങൾ ജലസേചന വകുപ്പിന്റെ സഹകരണത്തോടെയാണ് സംഘടിപ്പിച്ചത്.

സ്കൂളുകളെ ഹരിതവിദ്യാലയമാക്കി മാറ്റുന്നതിന് സഹായകമായ 'ഹരിതോത്സവം' കൈപ്പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും വിദ്യാഭ്യാസ വകുപ്പിന്റെ പരിശീലനത്തിൽ ഉൾപ്പെടുത്തുകയും മുഴുവൻ അധ്യാപകർക്കും ഇത് സംബന്ധിച്ച് പരിശീലനം നൽകുകയും ചെയ്തു. സ്കൂളുകളിൽ ഈ പരിപാടി നടപ്പാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് പ്രത്യേകം സർക്കുലറും പുറത്തിറക്കി.

**പട്ടിക 8.1**

**നടത്തിയ പ്രധാന പരിശീലനങ്ങൾ**

| ക്രമ നം. | പരിശീലനം | പങ്കെടുത്തവരുടെ എണ്ണം | പരിശീലനം നടത്തിയ ഏജൻസി |
|---|---|---|---|
| 1. | ഹരിതകർമ്മസേന അംഗങ്ങൾക്കുള്ള പരിശീലനം | 28172 | കുടുംബശ്രീ |
| 2. | ഗ്രീൻ പ്രോട്ടോകോൾ | 1486 | കില, ശുചിത്വമിഷൻ |

| | | | |
|---|---|---|---|
| 3. | ജാഗ്രതോത്സവം | 96827 | കില, കുടുംബശ്രീ |
| 4. | സംയോജിത നീർത്തട പരിപാലനം | 82 | ഐ.എം.ജി., ജലസേചന വകുപ്പ് |
| 5. | ജല ഉപമിഷൻ – മാർഗ്ഗരേഖാ പരിശീലനം | 5780 | കില |
| 6. | വരട്ടാർ, പള്ളിക്കലാർ, കാനാമ്പുഴ വൃഷ്ടി പ്രദേശത്തെ സാങ്കേതിക സമിതി അംഗങ്ങൾക്കുള്ള പരിശീലനം | 674 | ഐ.ഡബ്ല്യു.ഡി.എം.കെ. |

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന് ഇന്റേൺഷിപ്പിനായി എല്ലാ ജില്ലകളിലും ട്രെയിനിമാരെ തെരഞ്ഞെടുക്കുകയും അവരെ വിവിധ ജില്ലകളിലും സംസ്ഥാന മിഷൻ ഓഫീസിലും നിയോഗിക്കുകയും ചെയ്തു. ഇവർക്കുള്ള പരിശീലനം 2018 ഏപ്രിൽ 4, 5 തീയതികളിൽ ഐ.എം.ജി.യിലും രണ്ടാമത് ബാച്ച് പരിശീലനം കരകുളം ഗ്രാമീണ പഠന കേന്ദ്രത്തിൽ 2019 ജനുവരി 4, 5, 6 തീയതികളിലും സംഘടിപ്പിച്ചു.

ഈ പരിശീലനങ്ങൾക്ക് പുറമേ വരട്ടാർ, കാനാമ്പുഴ നദികളുടെ പുനരുജ്ജീവനത്തിനായി തയ്യാറാക്കിയ മാസ്റ്റർപ്ലാൻ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതിനും ഭേദഗതികൾ നിർദ്ദേശിക്കുന്നതിനുമായി പ്രത്യേക ശില്പശാലകളും സംഘടിപ്പിച്ചു.

ഹരിത കേരളം മിഷന്റെ 2018–19 വർഷത്തെ വിവര വിജ്ഞാന വ്യാപനത്തിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി മെയ് 8 ന് ശില്പശാല സംഘടിപ്പിച്ചു. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, ഫാം ഇൻഫർമേഷൻ ബ്യൂറോ, കുടുംബശ്രീ, ജലസേചന വകുപ്പ്, ആരോഗ്യവകുപ്പ്, ശുചിത്വമിഷൻ, അനർട്ട്, പോലീസ് വകുപ്പ്, സി–ഡിറ്റ്, എന്നീ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നുമായി 42 പേർ ശില്പശാലയിൽ പങ്കെടുത്തു. അടുത്ത ഒരു വർഷത്തെ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശില്പശാലയിൽവച്ച് ആസൂത്രണം ചെയ്തു.

ഹരിത കേരളം മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും പ്രചരിപ്പിക്കുന്നതിനായി വിവിധ പ്രദർശനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഈ പ്രദർശനങ്ങളിൽ, പഞ്ചായത്ത് ദിനാ ഘോഷത്തിൽ പെരിന്തൽമണ്ണ നടന്ന പ്രദർശനത്തിനും സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷിക സമാപനത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് നടത്തിയ പ്രദർശനത്തിലും ഹരിതകേരളം മിഷന് മികച്ച സ്റ്റാളിനുള്ള പുരസ്കാരം ലഭിക്കുകയുണ്ടായി.

ഹരിതകേരളം മിഷന്റെ ഓൺലൈൻ മാഗസിൻ ആറ് ലക്കം പ്രസിദ്ധീകരിച്ചു. ജലസംരക്ഷണവുമായി ബന്ധപ്പെട്ട് 'ഞങ്ങൾ പറയും' എന്ന പേരിൽ അനിമേഷൻ സീരീസ് പ്രസിദ്ധീകരണം ആരംഭിച്ചു. ഇതിന്റെ പ്രകാശനം 2018 ജൂൺ 5 ന് പരിസ്ഥിതി ദിന പരിപാടിയിൽ ബഹു. മുഖ്യമന്ത്രി നിർവഹിച്ചു. നടത്തിയ പ്രധാന പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷനും ചെയ്തിട്ടുണ്ട്. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംസ്ഥാന തലത്തിൽ ഫോട്ടോഗ്രാഫി മത്സരവും സംഘടിപ്പിച്ചു.

ഹരിത കേരളം വെബ്സൈറ്റിലും ഫെയ്സ്ബുക്കിലും ദിനംപ്രതി നടക്കുന്ന പ്രവർത്തനങ്ങളും അറിയിപ്പുകളും നിർദ്ദേശങ്ങളും പ്രസിദ്ധീകരിക്കുന്നുണ്ട്.

### പട്ടിക 8.2

## ഹരിതകേരളം മിഷൻ - നടത്തിയ പ്രദർശനങ്ങൾ

| ക്രമ നം. | പ്രദർശനം |
|---|---|
| 1. | വസന്തോത്സവം 2018 - ലോക കേരള സഭയോടനുബന്ധിച്ച് നടന്ന പ്രദർശനം |
| 2. | പഞ്ചായത്ത് ദിനാഘോഷം - പെരിന്തൽമണ്ണ |
| 3. | ചരിത്ര വിദ്യാഭ്യാസ ശാസ്ത്ര സാങ്കേതിക വ്യവസായ പ്രദർശനം - തൃശൂർ |
| 4. | ലാറി ബേക്കർ ജന്മശതാബ്ദി ആഘോഷം - തിരുവനന്തപുരം |
| 5. | പൂരം പ്രദർശനം - തൃശൂർ |
| 6. | പേരാമ്പ്ര ഫെസ്റ്റ് - കാർഷിക വിദ്യാഭ്യാസ ആരോഗ്യ വ്യാപാര-വ്യവസായ പ്രദർശനം |
| 7. | കടത്തനാട് ഫെസ്റ്റ് - പുറമേരി, കോഴിക്കോട് |
| 8. | വിഷുക്കണി - 2018 - ജൈവ കാർഷിക പ്രദർശനം - ചെങ്ങന്നൂർ |
| 9. | ഗ്ലോബൽ ഓർഗാനിക് മീറ്റ് - മഹാത്മാഗാന്ധി സർവ്വകലാശാല |
| 10. | സർക്കാരിന്റെ രണ്ടാം വാർഷികത്തോട് അനുബന്ധിച്ച് ആലപ്പുഴ ഒഴികെ 13 ജില്ലകളിൽ നടന്ന പ്രദർശനങ്ങൾ |
| 11. | പരിസ്ഥിതി ദിനാഘോഷം - പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് - തിരുവനന്തപുരം |
| 12. | ഹരിതോത്സവം - സംസ്ഥാനതല ഉദ്ഘാടനം, തിരുവനന്തപുരം |
| 13 | വസന്തോത്സവം 2019 ജനുവരി |
| 14 | മന്ത്രിസഭയുടെ 1000 ദിനങ്ങൾ : എല്ലാ ജില്ലയിലും പ്രദർശനം |

## ഹരിതകേരളം മിഷൻ പ്രസിദ്ധീകരണങ്ങൾ

1. ഹരിതകേരളം മിഷൻ-എന്ത് എന്തിന് എങ്ങനെ
2. ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്ക്കരണ ഉപമിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ
3. ഹരിതകേരളം മിഷൻ- ജലസംരക്ഷണ ഉപദൗത്യം- മാർഗ്ഗരേഖ
4. ഉറവിട ജൈവ മാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങൾ-ലഘുലേഖ
5. ഹരിതോത്സവം-കൈപുസ്തകം
6. ജലമാണ് ജീവൻ - ഹരിതവീടുകളിലെ ജലസംരക്ഷണം
7. ഹരിതകേരളം വാർഷിക റിപ്പോർട്ട് 2017
8. ജലസംരക്ഷണവും പരിപാലനവും - പ്രവർത്തന സഹായി
9. ജാഗ്രതോത്സവം 2018
10. ഹരിത ഓഫീസ് - ഗ്രീൻ പ്രോട്ടോക്കോൾ-മാർഗ്ഗരേഖ
11. സുജലം-സുഫലം - പ്രവർത്തന മാർഗ്ഗരേഖ


പുഴ
പുനരുജ്ജീവനം
പ്രവർത്തനരേഖ
ഹരിതനിയമങ്ങൾ
നദി പുനരുജ്ജീവന ശിൽപശാല
ഹരിതോത്സവം
ഹരിതകേരളം മിഷൻ
ജലസംരക്ഷണ ഉപദൗത്യം
ജലസംരക്ഷണവും പരിപാലനവും
സുജലം സുഫലം-പ്രവർത്തന മാർഗ്ഗരേഖ
ഹരിതകേരളം മിഷൻ
കേരള സർക്കാർ
ഹരിതകേരളം മിഷൻ
വാർഷിക
റിപ്പോർട്ട്
2017
എല്ലാവരും ജലാശയങ്ങളിലേക്ക്

12. ഹരിത നിയമങ്ങൾ
13. നദീ പുനരുജ്ജീവന ശിൽപ്പശാല
14. എല്ലാവരും ജലാശയങ്ങളിലേക്ക്
15. പുഴ പുനരുജ്ജീവനം - പ്രവർത്തനരേഖ
16. തദ്ദേശഭരണ സ്ഥാപനത്തിലെ കോർഡിനേറ്റർമാർക്കുള്ള കൈപുസ്തകം.

## ഫേസ്ബുക്ക് പേജ്

ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ, നേട്ടങ്ങൾ, ദൈനംദിന വാർത്തകൾ, അനുബന്ധ ചിത്രങ്ങൾ എന്നീ ഉള്ളടക്കം ഉൾപ്പെടുത്തി ഫേസ്ബുക്ക് പേജ് കാലാനുസരണം പരിഷ്ക്കരിച്ച് പരിപാലിക്കുന്നുണ്ട്. 81189 ഫോളോവേഴ്സ് (മാർച്ച് 2018) ഈ പേജിനുണ്ട്.

## വെബ്സൈറ്റ്

www.haritham.kerala.gov.in എന്ന ഡൊമൈൻ നാമത്തിലാണ് ഹരിതകേരളം മിഷന്റെ വെബ്സൈറ്റ്. ജില്ലാതല പ്രവർത്തനങ്ങൾ സംബന്ധിച്ച വാർത്തകൾ, സംസ്ഥാനതല വാർത്തകൾ, പത്രക്കുറിപ്പുകൾ, വീഡിയോകൾ, പരിശീലനത്തിനുള്ള കുറിപ്പുകൾ, ഹരിതകേരളം മിഷന്റെ പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ ഉൾപ്പെടെ സമഗ്രമായ വിവരം ഉൾപ്പെടുത്തിയുള്ള സൈറ്റിൽ പ്രതിദിനം ആയിരത്തിൽപ്പരം സന്ദർശകർ ഉള്ളതായി സെർവ്വർ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

## വീഡിയോചിത്രങ്ങൾ

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷനും അവ ഉപയോഗിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടന്നുവരുന്നു. സി-ഡിറ്റിന്റെ സാങ്കേതിക സഹായത്തോടെയാണ് വീഡിയോ ഡോക്യുമെന്റേഷൻ നിർവഹിച്ചുവരുന്നത്. മീനച്ചിലാർ - മീനന്തറയാർ - കൊടൂരാർ പുനർ സംയോജന പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള ഡോക്യു - ഫിക്ഷൻ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഇതുവരെ ചെറുതും വലുതുമായ 41 വീഡിയോ ഡോക്യുമെന്റേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

## എഫ്.എം/ഡിജിറ്റൽ വാൾ പരസ്യങ്ങൾ

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളും ബോധവൽക്കരണ സന്ദേശങ്ങളും ഉൾപ്പെടുത്തി ആകാശവാണിയിലും മറ്റ് എഫ്.എം നിലയങ്ങളിലും പ്രക്ഷേപണ പരസ്യങ്ങൾ നൽകിയിട്ടുണ്ട്. 2018 ഒക്ടോബറിൽ നടന്ന ശുചീകരണ യജ്ഞം 2018 ഡിസംബറിൽ നടന്ന 'എല്ലാവരും ജലാശയങ്ങളിലേക്ക്' പുഴ ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ ആധാരമാക്കി നൽകിയ പരസ്യങ്ങൾക്ക് മികച്ച പ്രതികരണമാണ് ലഭിച്ചത്. ഇതിനു പുറമേ റയിൽവേ സ്റ്റേഷനുകളിലും അനുബന്ധ സ്ഥലങ്ങളിലും സജ്ജമാക്കിയിട്ടുള്ള ഡിജിറ്റൽ വാളുകളിലും പരസ്യങ്ങളും ബോധവൽക്കരണ സന്ദേശങ്ങളും നൽകി.

## ഹരിതായനം

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളും ആശയങ്ങളും ബോധവൽക്കരണ സന്ദേശങ്ങളും ഉൾപ്പെടുത്തി സജ്ജമാക്കിയ പ്രചാരണ വാഹനം - ഹരിതായനം 2019 - സംസ്ഥാനത്ത് 2019 ജനുവരി 3 ന് യാത്ര തുടങ്ങി. കൊല്ലം ആസ്ഥാനമായുള്ള മിഡാസ് ക്രിയേറ്റീവ് സൊല്യൂഷന്റെ സഹകരണത്തോടെയാണ് പ്രചാരണ പരിപാടി സംഘടിപ്പിച്ചത്. തിരുവനന്തപുരത്ത് നിന്ന് വടക്കോട്ടും കാസർഗോഡ് നിന്ന് തെക്കോട്ടും രണ്ട് വാഹനങ്ങളാണ് സംസ്ഥാനമൊട്ടാകെ പ്രചാരണ പര്യടനം നടത്തിയത്. ഇരുവശത്തും ഡിജിറ്റൽ സ്ക്രീൻ ഘടിപ്പിച്ചിട്ടുള്ള വാഹനം പ്രധാന കവലകളിലും ജനം കൂടി നിൽക്കുന്ന സ്ഥലങ്ങളിലും സ്ഥാപനങ്ങൾക്കു മുന്നിലും എത്തി



വീഡിയോ പ്രദർശനം നടത്തി. തിരുവനന്തപുരത്ത് കരകുളം പഞ്ചായത്ത് ജംഗ്ഷനിൽ നവകേരളം കർമ്മപദ്ധതി ചീഫ് കോർഡിനേറ്റർ ശ്രീ.ചെറിയാൻ ഫിലിപ്പ് ഹരിതായനത്തിന്റെ ഫ്ളാഗ് ഓഫ് നിർവഹിച്ചു. കാസർഗോഡ് ജില്ലയിൽ നിന്നുള്ള വാഹനം കാസർഗോഡ് ടൗണിൽ ശ്രീ. എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ. ഫ്ളാഗ് ഓഫ് ചെയ്തു. ഹരിതകേരളം മിഷനെക്കുറിച്ചും ഹരിതപെരുമാറ്റച്ചട്ടം, ശുചിത്വം - മാലിന്യ സംസ്കരണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ച ഹരിത കർമ്മസേന, സുരക്ഷിത ഭക്ഷ്യോൽപ്പാദനം, അധിക നെൽക്കൃഷി വ്യാപനം, ജല സംരക്ഷണ പ്രവർത്തനങ്ങൾ, പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചുള്ള വീഡിയോകളും മറ്റ് ബോധവൽക്കരണ സന്ദേശങ്ങളുമാണ് ഹരിതായനത്തിലൂടെ പ്രദർശിപ്പിച്ചത്.

## മറ്റ് പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷന്റെ വിവരവിജ്ഞാന പ്രവർത്തനങ്ങൾക്കാവശ്യമായ ബ്രോഷറുകൾ, ബുക്ക്‌ലറ്റുകൾ, റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിച്ചു വരുന്നു. വാട്ട്സ്ആപ്പ് ഉൾപ്പെടെയുള്ള നവമാധ്യമങ്ങളിലും ഹരിതകേരളം മിഷൻ സന്ദേശങ്ങൾ ഉചിതമായി രൂപകൽപ്പന ചെയ്ത് പ്രചരിപ്പിക്കുന്നുണ്ട്. അനിമേഷൻ രൂപത്തിലും, ശബ്ദസന്ദേശങ്ങളായും, എസ്.എം.എസ് ആയും ഇത് ചെയ്തുവരുന്നു.

# 9

# മിഷൻ പ്രവർത്തനങ്ങൾ ജില്ലകളിലൂടെ

## തിരുവനന്തപുരം






## കൊല്ലം






## പത്തനംതിട്ട









## കോട്ടയം














## ഇടുക്കി






## ആലപ്പുഴ













## എറണാകുളം














## തൃശൂർ









## പാലക്കാട്






## മലപ്പുറം















## കോഴിക്കോട്










## വയനാട്






## കണ്ണൂർ






# കാസറഗോഡ്










## കൂടുതൽ ചിത്രങ്ങൾ




























TATA












# 10

# ഉപസംഹാരം

## ഹരിതസമൃദ്ധിയുടെ വീണ്ടെടുപ്പ്

കേരളത്തിന്റെ ഹരിതാഭയും കാർഷിക സമൃദ്ധിയും അന്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് സംസ്ഥാനത്ത് ഹരിതകേരളം മിഷൻ സ്ഥാപിതമാകുന്നത്. നഷ്ടമായി ക്കൊണ്ടിരിക്കുന്ന ഹരിതസമൃദ്ധി വീണ്ടെടുക്കുകയും അത് സുസ്ഥിര മായി നിലനിർത്തുകയും ചെയ്യണമെന്ന ലക്ഷ്യത്തോടെ മിഷൻ പ്രവർത്തനമാരംഭി ച്ചിട്ട് രണ്ടു വർഷം പിന്നിടുന്നു. വ്യവസ്ഥാപിതമായി നിലനിന്നു പോരുന്ന പരിമിതി കളെ അതി ജീവിച്ചാണ് ഇക്കഴിഞ്ഞ രണ്ടുവർഷങ്ങളിലും ഹരിതകേരളം മിഷൻ പ്ര വർത്തിച്ചത്. എന്നാൽ ശുചിത്വം - മാലിന്യ സംസ്കരണം, ജലസുരക്ഷ, സുരക്ഷിത ഭക്ഷ്യോൽപാദനം മുൻനിർത്തിയുള്ള കൃഷി വികസനം എന്നീ മേഖലകളിൽ ഇതിന കം തന്നെ സംസ്ഥാനത്ത് ശ്രദ്ധേയമാറ്റങ്ങൾക്ക് വഴിയൊരുക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്.



പുതിയൊരു ശുചിത്വ സംസ്കാരവും ജലവിനിയോഗ സംസ്കാരവും കാർഷിക സംസ്കാരവും കൊണ്ടുവരാൻ നാം ഇതുവരെ അനുവർത്തിച്ചു വന്ന ശീലങ്ങളിൽ മാറ്റം കൊണ്ടുവരേണ്ടതുണ്ട്. അതിനായുള്ള വിപുലമായ ജനകീയ വിദ്യാഭ്യാസ പരിപാടികളാണ് തുടക്കം മുതൽ തന്നെ ഹരിതകേരളം മിഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. മിഷൻ നേതൃത്വം നൽകിയ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം, ജാഗ്രതോത്സവം, പുഴനടത്തം, പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ, സ്കൂളുക ളിലെ ഹരിതോത്സവം തുടങ്ങിയ പരിപാടികൾ ഇതിനുദാഹരണങ്ങളാണ്. പ്രളയ ത്തിനു ശേഷമുള്ള പുനർ നിർമ്മിതി പ്രകൃതിക്കും പരിസ്ഥിതിക്കും ഇണങ്ങുംവിധമാ കണമെന്ന ബോധ്യം ജനങ്ങൾ സൃഷ്ടിക്കുന്നതിന് ഹരിതകേരളം മിഷൻ നടത്തിയ ഇത്തരം ജനകീയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സഹായകമായി. കേരളത്തിന്റെ വികസന കാഴ്ചപ്പാടിൽ ഹരിതകേരളം മിഷൻ മുന്നോട്ട് വയ്ക്കുന്ന കാഴ്ചപ്പാടും അത്തരം വികസനം സുസ്ഥിരമായി നിലനിർത്തുന്നതിനും വിപുലമായ ജനകീയ പങ്കാളിത്തം കൂടിയേ തീരൂ. ജനകീയ പങ്കാളിത്തം ഉറപ്പാക്കിയാൽ കേരളത്തിൽ ഹരി തസമൃദ്ധിയുടെ വീണ്ടെടുപ്പ് സാധ്യമാണെന്ന കാര്യം നിസ്തർക്കമാണ്.



സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജനകീയ പുഴ സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചുകൊണ്ടാണ് രണ്ടാം വാർഷിക പ്രവർത്തന ങ്ങൾക്ക് മിഷൻ തുടക്കം കുറിച്ചത്. കാർഷിക സമൃദ്ധിക്ക് അവിഭാജ്യ ഘടകമായ ജലസമൃദ്ധിക്ക് ലക്ഷ്യമിട്ട് ‘എല്ലാവരും ജലാശയങ്ങളിലേക്ക്’ എന്ന സന്ദേശവുമായാണ് പരിപാടികൾ സംഘ ടിപ്പിച്ചിത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ജനകീയ കൂട്ടായ്മകളുടെയും നേതൃത്വത്തിലാണ് പുഴ ശുചീകരണ സംരക്ഷണ പ്രവർത്ത നങ്ങൾ നടന്നത്. കഴിഞ്ഞ വർഷം ആരംഭിച്ച മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം കാമ്പയിൻ സംസ്ഥാനത്ത് ശുചിത്വ മാലിന്യ പ്രവർത്തനങ്ങൾക്ക് ശക്തമായ അടി ത്തറ ഒരുക്കി. ഈ കാമ്പയിന്റെ രണ്ടാംഘട്ടമാരംഭിച്ചു കഴിഞ്ഞു. ഹരിതകർമസേന, ഗാർഹിക ഉറവിട മാലിന്യ സംസ്കരണോപാധികൾ, കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് ഉപാ ധികൾ എന്നീ സംവിധാനങ്ങളിലൂടെ മാലിന്യ സംസ്കരണത്തിനുള്ള ശൃംഖല സംസ്ഥാനത്ത് യാഥാർത്ഥ്യമായിത്തുടങ്ങി.

ഗ്രീൻ പ്രോട്ടോക്കോൾ സാമൂഹിക ജീവിതത്തിന്റെ ഭാഗമായി. സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ഏറെയും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കാനായി. ഉത്സവങ്ങളിലും ആഘോഷങ്ങളിലും മേളകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കിത്തുടങ്ങി. പൗരവിദ്യാഭ്യാസ ത്തിന്റെ ശക്തമായ ഉപാധിയായി ഗ്രീൻ പ്രോട്ടോക്കോൾ മാറിക്കഴിഞ്ഞു. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഹരിതചട്ടപാലനം സംസ്ഥാന വ്യാപകമായി പ്രാവർത്തികമാക്കുന്നതിൽ ഹരിതകേരളം മിഷൻ കാതലായ പങ്കു വഹിച്ചിട്ടുണ്ട്. സംസ്ഥാന തെരഞ്ഞെടുപ്പ് ഓഫീസറുടെ നിർദ്ദേശാനുസരണമാണ് ഇതിനുവേണ്ട മുന്നൊരുക്കങ്ങൾ നടത്തിയത്. ലോക്സഭാ തെരഞ്ഞെടുപ്പ് 2019 ഹരിതചട്ടപാലനം - സംശയങ്ങളും മറുപടികളും എന്ന പേരിൽ ഹരിതചട്ടം പാലിച്ച് തെരഞ്ഞെടുപ്പ് നടത്താൻ സഹായകരമായ കൈപുസ്തകം അച്ചടിച്ച് സംസ്ഥാനമൊട്ടാകെ വിതരണം ചെയ്തു. എല്ലാ സ്ഥാനാർത്ഥികൾക്കും നാമനിർദ്ദേശ പത്രിക സമർപ്പണ വേളയിൽ ഈ മാർഗ്ഗരേഖ നൽകി. ഹരിതചട്ടപാലനം തെരഞ്ഞെടുപ്പിൽ ഉറപ്പ് വരുത്താനായി വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും എല്ലാ ജില്ലകളിലും സഹായ കേന്ദ്രങ്ങൾ സജ്ജമാക്കുകയും ചെയ്തു.

ജലസ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, നഷ്ടപ്പെട്ട ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിനുള്ള കർമ്മപദ്ധതിയും അനുബന്ധ പ്രവർത്തനങ്ങളും, കിണർ റീചാർജ്ജിംഗ്, മഴവെള്ള സംഭരണം തുടങ്ങിയ മേഖലകളിൽ ഹരിതകേരളം മിഷൻ നടത്തിയ സുപ്രധാന പ്രവർത്തനങ്ങൾ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. വരൾച്ചാ പ്രതിരോധത്തിനുള്ള ശക്തമായ നടപടികളാണ് ഇതിലൂടെ സാധ്യമായത്. ഇതിനു പുറമേ ജലമാണ് ജീവൻ എന്ന പേരിൽ ജലസംരക്ഷണ ബോധവൽക്കരണ



സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് വിപുലമായ കാമ്പയിൻ സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ചു. സംസ്ഥാനത്തെ എല്ലാ നദീതടങ്ങളെയും ചെറുനീർത്തടങ്ങളായി തിരിച്ച് യഥാർത്ഥ നീർത്തടനടത്തത്തിലൂടെ ജലസംരക്ഷണ ഇടപെടലുകൾക്കുള്ള പദ്ധതികൾ ജനകീയമായി തീരുമാനിക്കപ്പെടുകയാണ്. നമ്മുടെ പുഴ കളിൽ പ്രളയത്തിന്റെ ഭാഗമായി വന്നിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ് എന്നതിനെ സംബന്ധിച്ച് ശാസ്ത്രീയ പഠനവും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി.

ഹരിതകേരളം മിഷൻ മുന്നോട്ടുവച്ച ലക്ഷ്യങ്ങളിൽ തത്പരരായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പുഴ പുനരുജ്ജീവനത്തിനുള്ള അനുകരണീയ ജനകീയ മാതൃകകൾ അനവധി നടപ്പിലാക്കിയിട്ടുണ്ട്. ഇവ ഓരോന്നും അവയുടെ സംഘാടനം, പ്രവർത്തനരീതി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മറ്റ് ജനപ്രതിനിധികളുടെയും നേതൃത്വം ജനകീയ പങ്കാളിത്തം സർക്കാർ വകുപ്പുകളുടെ ഏകോപനം എന്നീ കാര്യങ്ങളിൽ വ്യത്യസ്തവും തനത് മാതൃകകളുമാണ്. ഇത്തരം പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി പുഴ പുനരുജ്ജീവനത്തിൽ തത്പരരായി ജനകീയ സംഘങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മുന്നോട്ട് വരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ ഫലപ്രദമായി ഏകോപിപ്പിച്ചു വരികയാണ്.

പച്ചക്കറികൃഷി വ്യാപനം, തരിശുനില കൃഷി പ്രോത്സാഹനം, ജൈവ വൈവിധ്യ സംരക്ഷണം, ജൈവകൃഷി പ്രോത്സാഹനം എന്നിവ മുൻനിർത്തി സുരക്ഷിത ഭക്ഷ്യോൽപ്പാദനത്തിനാണ് പ്രധാനമായും കാർഷിക മേഖലയിൽ ഹരിതകേരളം മിഷൻ ശ്രദ്ധ വച്ചത്. പ്രാദേശിക ജൈവ വൈവിധ്യത്തിന്റെ പച്ചത്തുരുത്തുകൾ സൃഷ്ടിക്കുന്നതിലും ജൈവ മാലിന്യസംസ്കരണത്തെ കൃഷിയുമായി ബന്ധിപ്പിക്കു



ന്നതിലും സ്കൂളുകളിലും സ്ഥാപന ങ്ങളിലും പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിലും മിഷൻ ഇപ്പോൾ കൂടുതൽ ശ്രദ്ധ നൽകി വരികയാണ്. ഇതിനുപുറമേ തരിശുനിലങ്ങളിലെ കൃഷി വ്യാപനം വൻതോതിൽ സംസ്ഥാനത്ത് നടന്നുവരികയാണ്.

ഹരിതകേരള സൃഷ്ടിക്കും നിലനിൽപ്പിനും ആധാരമായ ജനകീയ വിദ്യാഭ്യാസ

ത്തിന് ഉതകുംവിധം നിരവധി നൂതന പഠന പരിശീലനപരിപാടികളും മിഷൻ സംഘടിപ്പിച്ചു വരികയാണ്. പകർച്ചാവ്യാധി പ്രതിരോധത്തിനായി കുട്ടികളെ സംഘടിപ്പിച്ച് നടത്തിയ ജാഗ്രതോത്സവം, ഇതിനായി 2018-19 ൽ നടപ്പാക്കുന്ന 'പെൻസിൽ' കാമ്പയിൻ, സ്കൂളുകളിലെ ഹരിതോത്സവം, ഗ്രീൻ പ്രോട്ടോക്കോൾ കാമ്പയിൻ, ഐ.ടി.ഐ. ഹരിതക്യാമ്പസ് എന്നിവ ഇതിനുദാഹരണങ്ങളാണ്.

പ്രളയകാലത്തിന്റെ രൂക്ഷമായ ദുരിതങ്ങളെയും തീക്ഷ്ണമായ അനുഭവങ്ങളുടെ ഓർമ്മകളെയും അതിജീവിച്ചുകൊണ്ട് ഒരു പുതിയ ജീവിതം കെട്ടിപ്പടുക്കുന്നതിന്റെ വലിയ ഉത്തരവാദിത്വമാണ് ഇന്നുള്ളത്. പരിസ്ഥിതിക്കിണങ്ങുന്നതാകണം താഴേത്തട്ട് മുതൽ സംസ്ഥാനതലം വരെ ഏറ്റെടുക്കുന്ന പുനർ നിർമ്മാണ വികസന പ്രവർത്തനങ്ങളെന്നുള്ള കാഴ്ചപ്പാടാണ് സർക്കാർ മുന്നോട്ടു വെച്ചിട്ടുള്ളത്. സുസ്ഥിരവും സ്ഥായിയുമായ പരിസ്ഥിതി പുനസ്ഥാപനമാണ് ഹരിതകേരളം മിഷന്റെ പ്രഖ്യാപിത ലക്ഷ്യമെന്നത് ഈ ദൗത്യത്തിന് പിന്നിലുള്ള ദീർഘ വീക്ഷണത്തെ ഉയർത്തിക്കാട്ടുന്നതാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവ ബന്ധത്തെ ശക്തമാക്കിക്കൊണ്ടും പരിസ്ഥിതിയെ അറിഞ്ഞും ആദരിച്ചും കൊണ്ടുമുള്ള വികസനമാണ് നാടിന് ഇന്നാവശ്യം. ഇത് പരിസ്ഥിതി മൗലികവാദമല്ല, മറിച്ച് മനുഷ്യ വംശത്തെ നിലനിർത്തുന്നതിന് അനിവാര്യമായ കരുതലാണ്. പച്ചയിലൂടെ വൃത്തിയിലേക്ക് സഞ്ചരിച്ചു കൊണ്ട് എല്ലാ അർത്ഥത്തിലും ഹരിതാഭമായ നാടായി കേരളത്തെ നമുക്ക് മാറ്റാം. നമ്മുടെ നീരൊഴുക്കുകളെ പുനരുജ്ജീവിപ്പിച്ചു കൊണ്ട് കടുത്ത വേനലുകളെയും വെള്ളപ്പൊക്കങ്ങളെയും അതിജീവിക്കണം. ഓരോ തുണ്ട് ഭൂമിയിലും പ്രകൃതി ഒളിപ്പിച്ചു വെച്ചിരിക്കുന്ന പച്ചപ്പിനെ വീണ്ടെടുത്ത് മണ്ണിന്റെയും മനുഷ്യന്റെയും ആരോഗ്യം സംരക്ഷിക്കണം. അപ്പോൾ മാത്രമേ ഹരിതകേരളം എന്ന ലക്ഷ്യത്തിലേക്ക് നാം എത്തിച്ചേരുകയുള്ളൂ.

# അനുബന്ധം

# അനുബന്ധം 1

ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ

| | |
|---|---|
| House hold | 84,218 - Biogas plant<br>31,74,286 - composting plant |
| Industrial | 1320 - Biogas plant<br>29,755 - composting plant |
| Community | 97 - Community biogas plant<br>2020 - Community composting plant |

# അനുബന്ധം-2

**ഹരിത കർമ്മസേന as on 01.03.2019**

| ക്രമ. നം. | ജില്ല | ഹരിത കർമ്മസേന രൂപീകരിച്ച തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം | | | ഗ്രൂപ്പുകളുടെ എണ്ണം | | | അംഗങ്ങളുടെ എണ്ണം | | | ഹരിത കർമ്മസേന രൂപീകരിച്ച് സേനയുടെ പ്രവർത്തനം ആരംഭിച്ച തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം | | | പരിശീലനം നൽകിയ തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം | | | പരിശീലനം നൽകിയ ഗ്രൂപ്പുകളിലെ അംഗങ്ങളുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ | ആകെ | ഗ്രാമ പഞ്ചായത്ത് | നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ | ആകെ | ഗ്രാമ പഞ്ചായത്ത് | നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ | ആകെ | ഗ്രാമ പഞ്ചായത്ത് | നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ | ആകെ | ഗ്രാമ പഞ്ചായത്ത് | നഗര സഭ/ മുനിസിപ്പൽ കോർപ്പറേഷൻ | ആകെ | ഗ്രാമ പഞ്ചായത്ത് | നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ | ആകെ |
| 1 | തിരുവനന്തപുരം | 73 | 5 | 78 | 400 | 5 | 405 | 2356 | 196 | 2552 | 41 | 4 | 45 | 73 | 5 | 78 | 2356 | 196 | 2552 |
| 2 | കൊല്ലം | 68 | 5 | 73 | 68 | 5 | 73 | 2545 | 332 | 2877 | 51 | 4 | 55 | 68 | 4 | 72 | 1668 | 262 | 1930 |
| 3 | പത്തനംതിട്ട | 53 | 4 | 57 | 53 | 4 | 57 | 1418 | 179 | 1597 | 50 | 2 | 52 | 52 | 2 | 54 | 1150 | 86 | 1236 |
| 4 | ആലപ്പുഴ | 72 | 6 | 78 | 72 | 5 | 77 | 2027 | 152 | 2179 | 20 | 3 | 23 | 71 | 1 | 72 | 1693 | 54 | 1747 |
| 5 | കോട്ടയം | 71 | 6 | 77 | 71 | 6 | 77 | 1700 | 296 | 1996 | 41 | 5 | 46 | 71 | 6 | 77 | 1688 | 292 | 1980 |
| 6 | ഇടുക്കി | 52 | 2 | 54 | 52 | 2 | 54 | 1569 | 138 | 1707 | 16 | 1 | 17 | 49 | 2 | 51 | 1475 | 138 | 1613 |
| 7 | എറണാകുളം | 82 | 13 | 95 | 82 | 13 | 95 | 2132 | 512 | 2644 | 34 | 6 | 40 | 40 | 13 | 53 | 1522 | 512 | 2034 |
| 8 | തൃശ്ശൂർ | 86 | 8 | 94 | 84 | 8 | 92 | 1992 | 586 | 2578 | 22 | 4 | 26 | 54 | 11 | 65 | 2045 | 372 | 2417 |
| 9 | പാലക്കാട് | 88 | 7 | 95 | 91 | 30 | 121 | 2561 | 376 | 2937 | 31 | 6 | 37 | 88 | 7 | 95 | 2520 | 288 | 2808 |
| 10 | മലപ്പുറം | 94 | 12 | 106 | 486 | 94 | 580 | 2509 | 584 | 3093 | 22 | 7 | 29 | 78 | 10 | 88 | **2477** | **603** | **3080** |
| 11 | കോഴിക്കോട് | 70 | 8 | 78 | 72 | 11 | 83 | 2672 | 406 | 3078 | 70 | 8 | 78 | 70 | 8 | 78 | 1643 | 310 | 1953 |
| 12 | വയനാട് | 23 | 2 | 25 | 23 | 2 | 25 | 826 | 128 | 954 | 10 | 1 | 11 | 23 | 2 | 25 | 536 | 128 | 664 |
| 13 | കണ്ണൂർ | 71 | 10 | 81 | 71 | 10 | 81 | 1235 | 464 | 1699 | 66 | 10 | 76 | 71 | 10 | 81 | 1235 | 464 | 1699 |
| 14 | കാസറഗോഡ് | 38 | 3 | 41 | 38 | 3 | 41 | 1404 | 110 | 1514 | 10 | 1 | 11 | 38 | 3 | 41 | 1348 | 98 | 1446 |
| | **ആകെ** | **941** | **91** | **1032** | **1663** | **198** | **1861** | **26946** | **4459** | **31405** | **484** | **62** | **546** | **846** | **84** | **930** | **23356** | **3803** | **27159** |

# അനുബന്ധം-3

## മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

| ക്രമ. നം. | ജില്ല | നിർമ്മാണം പൂർത്തീകരിച്ച എം.സി.എഫ് കളുടെ എണ്ണം | | | നിർമ്മണഘട്ടത്തിൽ ഉള്ളവ | | | 31-03-2019-ന് പൂർത്തിയാകുന്നവ (പൂർത്തിയാക്കിയവ + നിർമ്മാണം പൂർത്തീകരിക്കാൻ സാധ്യതയുള്ളത്) (3+4) | | | പ്രവർത്തനം ആരംഭിച്ചവ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ | ആകെ | ഗ്രാമ പഞ്ചായത്ത് | നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ | ആകെ | ഗ്രാമ പഞ്ചായത്ത് | നഗരസഭ/ മുനിസിപ്പൽ കോർപ്പറേ ഷൻ | ആകെ | ഗ്രാമ പഞ്ചായത്ത് | നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ | ആകെ |
| 1 | 2 | 3 | | | 4 | | | 5 | | | 6 | | |
| 1 | തിരുവനന്തപുരം | 37 | 41 | 78 | 5 | 0 | 5 | 0 | 0 | 0 | 23 | 41 | 64 |
| 2 | കൊല്ലം | 39 | 5 | 44 | 9 | 0 | 9 | 49 | 5 | 54 | 39 | 4 | 43 |
| 3 | പത്തനംതിട്ട | 13 | 4 | 17 | 7 | 0 | 7 | 20 | 4 | 24 | 45 | 4 | 49 |
| 4 | ആലപ്പുഴ | 23 | 13 | 36 | 21 | 2 | 23 | 44 | 15 | 59 | 20 | 12 | 32 |
| 5 | കോട്ടയം | 8 | 4 | 12 | 8 | 0 | 8 | 21 | 6 | 27 | 25 | 6 | 31 |
| 6 | ഇടുക്കി | 15 | 2 | 17 | 9 | 0 | 9 | 24 | 2 | 26 | 10 | 2 | 12 |
| 7 | എറണാകുളം | 30 | 12 | 42 | 6 | 3 | 9 | 36 | 15 | 50 | 17 | 11 | 28 |
| 8 | തൃശ്ശൂർ | 20 | 10 | 30 | 17 | 4 | 21 | 37 | 14 | 51 | 17 | 8 | 25 |
| 9 | പാലക്കാട് | 30 | 6 | 36 | 10 | 0 | 10 | 40 | 6 | 46 | 18 | 6 | 24 |
| 10 | മലപ്പുറം | 20 | 5 | 25 | 6 | 7 | 13 | 0 | 0 | 0 | 11 | 3 | 14 |
| 11 | കോഴിക്കോട് | 21 | 6 | 27 | 6 | 0 | 6 | 23 | 6 | 29 | 20 | 4 | 24 |
| 12 | വയനാട് | 9 | 0 | 9 | 8 | 1 | 9 | 8 | 1 | 9 | 14 | 1 | 15 |
| | കണ്ണൂർ | 50 | 9 | 59 | 7 | 0 | 7 | 57 | 9 | 66 | 50 | 9 | 59 |
| 14 | കാസറഗോഡ് | 14 | 2 | 16 | 8 | 0 | 8 | 17 | 0 | 17 | 8 | 2 | 10 |
| | ആകെ | **329** | **119** | **448** | **127** | **17** | **144** | **376** | **83** | **458** | **317** | **113** | **430** |

# അനുബന്ധം-4

| ക്രമ. നം. | ജില്ല | റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ. ആർ.എഫ്) | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | നിർമ്മാണം പൂർത്തീകരിച്ച ആർ. ആർ.എഫ് കളുടെ എണ്ണം | | | | നിർമ്മണഘട്ടത്തിൽ ഉള്ളവ | | | | 31-03-2019-ന് പൂർത്തിയാകുന്നവ (2+3) (പൂർത്തീകരിച്ചത് + നിർമ്മാണം പൂർത്തീകരിക്കാൻ സാധ്യതയുള്ളത്) | | | | പ്രവർത്തനം ആരംഭിച്ചവ | | | |
| | | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ | ആകെ | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ | ആകെ | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ | ആകെ | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ | ആകെ |
| 1 | 1 | 2 | | | | 3 | | | | 4 | | | | 5 | | | |
| 2 | തിരുവനന്തപുരം | 0 | 8 | 4 | 12 | 0 | 0 | 1 | 1 | 0 | 0 | 0 | 0 | 0 | 2 | 4 | 6 |
| 3 | കൊല്ലം | 7 | 1 | 4 | 12 | 0 | 0 | 1 | 1 | 7 | 1 | 5 | 13 | 7 | 1 | 4 | 12 |
| 4 | പത്തനംതിട്ട | 3 | 0 | 3 | 6 | 3 | 1 | 1 | 5 | 0 | 0 | 0 | 0 | 3 | 0 | 3 | 6 |
| 5 | ആലപ്പുഴ | 1 | 1 | 3 | 5 | 3 | 5 | 2 | 10 | 4 | 6 | 5 | 15 | 2 | 1 | 3 | 6 |
| 6 | കോട്ടയം | 4 | 5 | 0 | 9 | 1 | 2 | 4 | 7 | 5 | 7 | 4 | 16 | 4 | 6 | 1 | 11 |
| 7 | ഇടുക്കി | 3 | 1 | 2 | 6 | 0 | 1 | 0 | 1 | 3 | 2 | 2 | 7 | 3 | 1 | 2 | 6 |
| 8 | എറണാകുളം | 8 | 1 | 10 | 19 | 0 | 1 | 2 | 3 | 8 | 2 | 12 | 22 | 5 | 0 | 5 | 10 |
| 9 | തൃശ്ശൂർ | 14 | 4 | 6 | 24 | 6 | 3 | 3 | 12 | 20 | 7 | 9 | 36 | 6 | 3 | 3 | 12 |
| 10 | പാലക്കാട് | 4 | 0 | 6 | 10 | 0 | 3 | 0 | 3 | 4 | 3 | 6 | 13 | 4 | 0 | 5 | 9 |
| 11 | മലപ്പുറം | 0 | 3 | 2 | 5 | 7 | 6 | 9 | 22 | 1 | 1 | 0 | 2 | 0 | 2 | 2 | 4 |
| 12 | കോഴിക്കോട് | 0 | 3 | 3 | 6 | 0 | 1 | 2 | 3 | 0 | 3 | 3 | 6 | 2 | 0 | 2 | 4 |
| 13 | വയനാട് | 2 | 0 | 0 | 2 | 6 | 0 | 2 | 8 | 6 | 0 | 2 | 8 | 2 | 0 | 0 | 2 |
| 14 | കണ്ണൂർ | 2 | 5 | 6 | 13 | 3 | 4 | 2 | 9 | 5 | 9 | 8 | 22 | 2 | 2 | 5 | 9 |
| 15 | കാസറഗോഡ് | 1 | 0 | 1 | 2 | 6 | 0 | 1 | 7 | 3 | 0 | 1 | 4 | 1 | 0 | 1 | 2 |
| | ആകെ | **49** | **32** | **50** | **131** | **35** | **27** | **30** | **92** | **66** | **41** | **57** | **164** | **41** | **18** | **40** | **99** |

# അനുബന്ധം-5

## ഹരിത സഹായ സ്ഥാപനങ്ങൾ

| | |
|---|---|
| 1 | Vivesty green F6, NM Complex, CH Cross road, West Nadakkavu, Calicut-673011 |
| 2 | Oisca-International,OISCA Youth Centre, UKS Road, Calicut-673001 |
| 3 | Green Worms Eco Solutions LLP 2/21, Nambeeshan colony, West hill Chungam, West hill P.O, Kozhikode-05 |
| 4 | Rajagiri Out Reach Rajagiri College of Social SciencesRajagiri.P.O, Kalamassery-683104 |
| 5 | Integrated Rural Technology Centre (IRTC) Mundur,Palakkad-678592 |
| 6 | Jyothi Jeeva Poorna Trust Archana Woment's Centre ,Post Box No. 53. Ettumanoor P.O ,Punnathura Kavala Kottayam-686631 |
| 7 | Pelican Foundation 1/77, NC John Estate, Kuthiathode ,Cherthala 688533 |
| 8 | Plan@Earth XII/457A, Near Kolbe Ashramam ,U.C.College.P.O, Aluva-683102 |
| 9 | Chris Global Traders Vengal, Alamthuruthy P.O,Thiruvalla-689113 |
| 10 | Welfare Services Eranakulam Anchumurry, Ponnurunni,Vyttila.P.O, Kochi,Ernakulam-682019 |
| 11 | Apex Voluntary Agency for Rural Devlopment (AVARD) AVARD Bhavan, Chalakkudy.P.O, Thrissur Dist-680307 |
| 12 | Youth Social Service Organization Social Service Centre,M.A.College.P.O, Kothamangalam,Ernakulam-686666 |
| 13 | Thanal OD-3, Jawaharnagar,Kowdiar.P.O,Thiruvananthapuram |
| 14 | Orgind Agricultural Innovations Vattaloor P.O, Makkarapparamb, Malappuram-676507 |
| 15 | Prowins Agri System TC7/768-3, Souparnika ,Maruthamkuzhy, Kanjirampara.P.O ,Thiruvananthapuram-30 |
| 16 | Socio Economic Unit Foundation PMRA A-8, T.C 17/652,Near Milma Bhavan,Pattom Palace.P.O,Thiruvananthapuram-695004 |
| 17 | Green Village Mymoon, P-67,Pullenkkonam Lane II,Sasthamangalam, Thiruvananthapuram-695 |
| 18 | All India Institute of Local Government Pinnac Memories, Phase II Bldg-L,Near Kothrud Stand, Tothrud,Pune-411038 |
| 19 | Oleena Mahila Samajam 9oms Westhill P.O, Calicut-673005 |
| 20 | Northamps Env Solutions Naduvileveettil Building ,Irumpanam, Tripunithura,Eranakulam-682309 |
| 21 | Environmental Resource Development Co-Operative Society E.R.D Co-Operative Society,Polayathodu,Kollam |
| 22 | NEO ENRGY Raj Bhavan Quarters Gate, Jawahar Nagar, Kowdiar P O, Thiruvananthapuram 695 003 Ph. 0471 2400099, 9400068999, E – mail : neoenergyin@gmail.com |

| | |
|---|---|
| 23 | M- WAY CONSULTANTS & DEVELOPERS PRIVATE LIMITED Hiba Annexe, Pada North, Karunagapally, Kollam-690 518 , Ph. 0476 2621388, 9387733562 E – mail : mwayconsultants@gmail.com |
| 24 | ROYAL ASSOCIATES Panamattam PO, Koorali, Kottayam 686 522, Ph. 9447367680, E – mail : sajithvarmatk@yahoo.com |
| 25 | NIRAVU ZERO WASTE MANAGEMENT Niravu Farmers Producer Co. Ltd., Vengeri PO, Kozhikode 673 010 Ph. 0495 2371301, 9447276177, E – mail : niravuvengerikzd@gmail.com, babuvengeri@gmail.com |
| 26 | SUN TECH BIO GAS AGENCY Thirukad PO, Malappuram Dist 679 321 Ph. 9846998800, 8592997711, E – mail :suntechbiogas@gmail.com |
| 27 | HITECH BIOFERTILIZERS INDIA 34/1841 A1, Edappally, Ernakulam 682 024 Ph. 0484 253361, 9446590333, E – mail : hitech@cleancity.in |
| 28 | RAM BIOLOGICALS 8/528 – 1 , Near Kuttiady Irrigation Project Office, Kakkodi PO, Kozhikode 673 611 Ph. 0495 4025433 9446042333, E – mail : rambiol@rediffmail.com |
| 29 | SIMI FIBRE PRODUCTS Menemkottukonam, Kuthirakulam PO, Vembayam , Thiruvananthapuram 695 615 Ph. 8547612090,8893852692, E – mail :shahulnisa77@gmail.com |
| 30 | UNIVERSAL BIOGAS Sarada Mandiram PO, Kolathara , Calicut 673 655 Ph. 0495 2486020 9656060307, E–mail: universalbiogasplant@gmail.com |
| 31 | GANDHIJI STUDY CENTRE Reg No. K 376/83 Matha Arcade, Thodupuzha, Idukki 685 584, Ph. 04862 224326 ,228060,220144,9446132544, E – mail : gsctdpa@gmail.com |
| 32 | GRAMEENA PATANA KENDRAM Enikkara, Karakulam PO, Thiruvananthapuram 695 564 Ph. 9447961677, E–mail :infogrameena@gmail.com |
| 33 | GREENTECH TC 17/520 (6), Padma Tower, Kanjirampara PO, Maruthankuzhy, Sasthamagalam, Thiruvananthapuram Ph. 0471 2367755 9446462999, E – mail : greentechrec@gmail.com |
| 34 | GREEN SPACE SOLUTION Near Manjeshwar Block Panchayat PO, Manjeshwar, Kasaragod 671 323 |
| 35 | CENTRE FOR SOCIAL AND RESOURCE DEVELOPMENT 2nd Floor, Pulikkal HyperBazar Puthukkad PO, Thrissur 680 301 Ph. 0480 2756221 9048435153, E – mail :csrdtcr@gmail.com |
| 36 | KERALA GRAMA NIRMANA SAMITHY Sevamandiram ,Ramanattukara, Kozhikode–673 633 Ph. 0495 2442815 9495083959, E – mail :sevamandir_kgns@yahoo.com |
| 37 | Vadakara Nagarasabha Hariyali Haritha Karma Sena Beach Road P.O., Vadakara, Kozhikkode -673 101 Ph. 9446683307, E – mail : hariyalivatakara@gmail.com |

# അനുബന്ധം-6

Green protocol Activities -2018- 2019 Fyr (up to 31.08.2018)
State Level
1. Green Events & Campaigns

| Sl No. | Total Number of Green Protocol Events& campaigns | Total No. of Participants | Approximate quantity of waste reduction in Kg |
|---|---|---|---|
| 1 | 8 | 41,89,800 | 31,10,325 |

2. Green Office – Progress Report

| Sl No. | Category | Total Number of Government offices | No. of Offices nominated State Level Nodal Officer | No. o f Nodal Officers Participated in the State Level Training | No. of Offices completed the first level of Green Office Activities |
|---|---|---|---|---|---|
| 1 | Departments | 83 | 78 | 48 | 48 |
| 2 | Public sector Under takings | 90 | 24 | 30 ( One more persons participated from few offices) | 30 |
| 3 | Commissions | 33 | 8 | 7 | 7 |
| 4 | Welfare Fund Boards | 33 | 9 | 8 | 8 |
| 5 | Other Government Institutions | 160 | 57 | 52 | 52 |
| | Total | 399 | 178 | 145 | 145 |

I. Green protocol Activities- District Level 2018-2019 Fyr
(up to 30.06.2018)
a. Green Events & campaigns

| Sl No. | Name of Districts | Total no. of Green Events | Total no of participants | Approximate waste reduction in Kg |
|---|---|---|---|---|
| 1 | Trivandrum | 3 | 1700 | 380kg |
| 2 | Kollam | 10 | 7,61,130 | |
| 3 | Pathanamthitta | 2 | 7,51,500 | 345 kg |
| 4 | Alappuzha | 5 | 1,02,100 | - |
| 5 | Kottayam | 7 | 58,500 | 5250 |
| 6 | Idukki | 5 | - | 462kg |
| 7 | Ernakulam | 11 | 10,04,160 | 30,718kg |
| 8 | Thrissur | - | - | - |
| 9 | Palakkad | 15 | 2,00,750 | 2930 kg |
| 10 | Malappuram | 6 | 48,437 | 7475kg |
| 11 | Kozhikode | 18 | 1757 | 5509 kg |
| 12 | Wayanad | 4 | 6515 | 578 kg |
| 13 | Kannur | 10 | 129041 | - |
| 14 | Kasargod | 3 | 187 | - |
| | Grand Total | 99 | 30,65,777 | |

b. Green Offices- Progress Report 2018- 2019 Fyr ( upto 30.06.2018)

| Sl. No. | Name of the Districts | Total no. of District level offices | Total no. of offices nominated District Level Nodal Officer | Total No. of district level nodal officers were trained | No. of offices completed first level of Green Office activities |
|---|---|---|---|---|---|
| 1 | Trivandrum | 51 | 49 | 46 | 46 |
| 2 | Kollam | 65 | 65 | 60 | 60 |
| 3 | Pathanamthitta | 72 | 72 | 60 | 60 |
| 4 | Alappuzha | 49 | 40 | 38 | 38 |
| 5 | Kottayam | 65 | 57 | 57 | 57 |
| 6 | Idukki | 69 | 39 | 35 | 35 |
| 7 | Ernakulam | 117 | 45 | 64 | 64 |
| 8 | Thrissur | 127 | 50 | 50 | 50 |
| 9 | Palakkad | 70 | 68 | 63 | 63 |
| 10 | Malappuram | 52 | 48 | 42 | 42 |
| 11 | Kozhikode | 120 | 100 | 88 | 88 |
| 12 | Wayanad | 94 | 57 | 45 | 45 |
| 13 | Kannur | 121 | 105 | 67 | 67 |
| 14 | Kasargod | 42 | 41 | 41 | 41 |
| | Total | 1114 | 836 | 756 | 756 |

source-Suchitwa Mission

# അനുബന്ധം–7

| Sl No | Name of District | No: of Trained Haritha Karma Sena Members | Bio phar-macy | Clothbag | Palm Prod-ucts | Plant Nursery | Bamboo Products | Clay & Pottery Units | Paper Bag | Broom units |
|---|---|---|---|---|---|---|---|---|---|---|
| 1 | THIRUVANAN-THAPURAM | 2436 | 1 | 17 | 4 | 3 | 8 | 4 | 19 | 2 |
| 2 | KOLLAM | 2467 | 2 | 8 | | 3 | 2 | | 3 | 12 |
| 3 | PATHANA-MTHITTA | 1208 | | 1 | 1 | | | | | |
| | ALAPPEY | 2394 | 4 | 8 | | 3 | 2 | 2 | 4 | 2 |
| | KOTTAYAM | 2031 | | 5 | | 1 | 1 | 5 | 4 | 1 |
| | IDUKKI | 2698 | 1 | 4 | | 1 | 2 | 1 | 1 | |
| | ERNAKULAM | 1629 | 3 | 5 | 1 | 2 | 13 | 7 | 6 | 2 |
| | THRISSUR | 1826 | | 8 | | | 1 | 5 | 2 | |
| | PALAKKAD | 2814 | 1 | 18 | | 4 | 11 | 19 | 6 | |
| | MALAPPUR-AM | 2856 | 3 | 16 | 1 | 1 | 4 | 17 | 14 | |
| | CALICUT | 1834 | 1 | 9 | | 3 | | 14 | 2 | |
| | WAYANAD | 925 | | 1 | | 1 | 7 | 6 | | |
| | KANNUR | 1382 | 3 | 2 | | 1 | | 1 | 1 | 1 |
| | KASARGOD | 1488 | | 9 | 2 | 1 | | 3 | | |
| | Total | 27988 | 19 | 111 | 9 | 24 | 54 | 85 | 63 | 21 |

# അനുബന്ധം-8

| ക്രമ നം. | ജില്ല | മാലിന്യത്തിന്റെ അളവ്(മെട്രിക് ടൺ) |
|---|---|---|
| 1 | തൃശൂർ | 5450.87 |
| 2 | എറണാകുളം | 4177.19 |
| 3 | പത്തനംതിട്ട | 1865.00 |
| 4 | ആലപ്പുഴ | 1342.50 |
| 5 | കോഴിക്കോട് | 905.00 |
| 6 | കോട്ടയം | 687.14 |
| 7 | വയനാട് | 627.51 |
| 8 | മലപ്പുറം | 283.00 |
| 9 | ഇടുക്കി | 221.23 |
| 10 | പാലക്കാട് | 115.36 |
| | ആകെ | 15674.80 |

# അനുബന്ധം-9

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾക്ക് ഊർജ്ജവും ചാലകശക്തിയുമായി വർത്തിച്ചത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വവും പൊതുജനങ്ങളുടെ സജീവ പങ്കാളിത്തവും സഹകരണവുമാണ്. നിരവധി സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും സംവിധാനങ്ങളും സർക്കാരിതര സംഘടനകളും പരിസ്ഥിതി സ്നേഹികളും ഹരിത കേരളം ഉദ്യമത്തിൽ പങ്കാളികളായി. ഹരിതകേരളം മിഷൻ ലക്ഷ്യമിട്ട വിവിധ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിൽ താഴെപ്പറയുന്ന സംവിധാനങ്ങൾ നേതൃപരമായ പങ്ക് വഹിച്ചു.

ശുചിത്വമിഷൻ
ജലസേചന വകുപ്പ്
കൃഷി ഡയറക്ടറേറ്റ്
മണ്ണ് പര്യവേക്ഷണ സംരക്ഷണ ഡയറക്ടറേറ്റ്
സെൻട്രൽ പ്ലാൻ മോണിട്ടറിംഗ് യൂണിറ്റ്
ഗ്രാമപഞ്ചായത്തുകൾ
ബ്ലോക്ക് പഞ്ചായത്തുകൾ
ജില്ലാ പഞ്ചായത്തുകൾ
മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ
മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി
കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ)
സി-ഡിറ്റ് (സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി)
കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
ക്ലീൻ കേരള കമ്പനി
ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് ഡെവലപ്മെന്റ് മാനേജ്മെന്റ് കേരള
(ഐ.ഡബ്ല്യു.ഡി.എം.കെ)
കുടുംബശ്രീ മിഷൻ
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണവകുപ്പ്
കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
ജല വിഭവ വകുപ്പ്
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്
സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ക്& എൻവയോൺമെന്റ് സെന്റർ
സ്റ്റേറ്റ് നാഷണൽ സർവ്വീസ് സ്കീം
അനുബന്ധ വകുപ്പുകൾ, സ്ഥാപനങ്ങൾ